# ലോഗോസ് ക്വിസ് 2015 സഹായി

സംഖ്യ 1–10; യോഹന്നാൻ 1–12; സുഭാഷിതങ്ങൾ 1–9; യൂദാസിന്റെ ലേഖനം

## സംഖ്യ 1–12

### അധ്യായം 1   അധ്യായം 1ൽ 54 വാക്യങ്ങൾ

1 സംഖ്യാപ്പുസ്തകത്തിലെ വിഷയം: **ഉ:** ഇസ്രായേൽസമൂഹത്തിലെ ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള സകല പുരുഷന്മാരുടെയും കണക്ക്

ജനസംഖ്യ

**1,1–4 [1]ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാംവർഷം രണ്ടാം മാസം ഒന്നാം ദിവസം സീനായ്മരുഭൂമിയിൽ സമാഗമകൂടാരത്തിൽവച്ച് കർത്താവ് മോശയോടു കല്പിച്ചു. [2]ഗോത്രവും കുടുംബവും തിരിച്ച് ഇസ്രായേൽസമൂഹത്തിലെ സകല പുരുഷന്മാരുടെയും കണക്കെടുക്കുക. [3]ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള ഇസ്രായേലിലെ സകലരെയും ഗണം തിരിച്ചെണ്ണുക. നീയും അഹറോനുംകൂടിയാണ് കണക്കെടുക്കേണ്ടത്. [4]ഓരോ ഗോത്രത്തിലുംനിന്ന് ഒരു തലവനെക്കൂടെ കൊണ്ടുപോകണം.**

2 ഇസ്രായേൽസമൂഹത്തിലെ ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള സകല പുരുഷന്മാരുടെയും കണക്കെടുക്കാൻ കർത്താവ് മോശയോടു കല്പിച്ചത് എന്ന്? **ഉ:** ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം രണ്ടാം മാസം ഒന്നാം ദിവസം (1,1).

3 ഇസ്രായേൽസമൂഹത്തിലെ സകല പുരുഷന്മാരുടെയും കണക്കെടുക്കാൻ കർത്താവ് മോശയോടു കല്പിച്ചത് എവിടെവച്ച്? **ഉ:** സീനായ്മരുഭൂമിയിൽ സമാഗമകൂടാരത്തിൽവച്ച് (1,1).

4 ഇസ്രായേൽസമൂഹത്തിലെ സകല പുരുഷന്മാരുടെയും കണക്ക് എന്തു തിരിച്ച് എടുക്കുക എന്ന് കർത്താവ് മോശയോടു കല്പിച്ചു? **ഉ:** ഗോത്രവും കുടുംബവും തിരിച്ച് (1,2).

5 ഇസ്രായേൽസമൂഹത്തിലെ എന്തുള്ള സകലരെയും എണ്ണണം? **ഉ:** ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള സകലരെയും (1,3). (ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള സകല പുരുഷന്മാരെയുമാണ് ജനസംഖ്യാക്കണക്കിൽ ഉൾപ്പെടുത്തിയത്)

6 ആരെ ഗണം തിരിച്ചെണ്ണുക എന്ന് കർത്താവ് മോശയോടു കല്പിച്ചു? **ഉ:** ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുമുള്ള ഇസ്രായേലിലെ സകലരെയും (1,3).

7 ആരാണ് കണക്കെടുക്കേണ്ടതെന്ന് കർത്താവ് മോശയോടു കല്പിച്ചു? **ഉ:** നീയും (മോശയും) അഹറോനുംകൂടി (1,3).

8 ആരെക്കൂടെ കൊണ്ടുപോകണം എന്ന് കർത്താവ് മോശയോടു കല്പിച്ചു?
**ഉ:** ഓരോ ഗോത്രത്തിലുംനിന്ന് ഒരു തലവനെക്കൂടെ **(1,4).**

**1,5–16 [5]നിങ്ങളെ സഹായിക്കാൻ വരേണ്ടവർ ഇവരാണ്. റൂബനിൽനിന്ന് ഷെദെയൂറിന്റെ പുത്രൻ എലിസൂർ. [6]ശിമയോനിൽനിന്ന് സുരിഷദായിയുടെ പുത്രൻ ഷെലുമിയേൽ. [7]യൂദായിൽനിന്ന് അമീനാദാബിന്റെ പുത്രൻ നഹ്ഷോൻ [8]ഇസാക്കറിൽനിന്ന് സുവാറിന്റെ പുത്രൻ നെത്താനേൽ. [9]സെബുലൂണിൽനിന്ന് ഹേലോനിന്റെ പുത്രൻ എലിയാബ്. [10]ജോസഫിന്റെ പുത്രന്മാരായ എഫ്രായിം, മനാസ്സെ എന്നിവരിൽനിന്ന് യഥാക്രമം അമ്മിഹൂദിന്റെ പുത്രൻ എലിഷാമാ, പെദെഹ്സൂറിന്റെ പുത്രൻ ഗമാലിയേൽ; [11]ബഞ്ചമിനിൽനിന്ന് ഗിദയോന്റെ പുത്രൻ അബിദാൻ; [12]ദാനിൽനിന്ന് അമ്മിഷദ്ദായിയുടെ പുത്രൻ അഹിയേസെർ; [13]ആഷേറിൽനിന്ന് ഒക്രാന്റെ പുത്രൻ പഗിയേൽ; [14]ഗാദിൽനിന്ന് റവുവേലിന്റെ പുത്രൻ എലിയാസാഫ്; [15]നഫ്താലിയിൽനിന്ന് ഏതാനിന്റെ പുത്രൻ അഹിറാ. [16]ഇവരാണ് ഇസ്രായേൽവംശത്തിന്റെ നേതാക്കന്മാരായി തിരഞ്ഞെടുക്കപ്പെട്ട ഗോത്രതലവന്മാർ.** (ഇതേ ക്രമത്തിൽ മനഃപാഠമാക്കുക)

**പ്രത്യേകം ശ്രദ്ധിക്കുക**: അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവർ പൂർവപിതാക്കന്മാരാണ്. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരാണ് ഗോത്രപിതാക്കന്മാർ (ഉത്പ 35,23–26;സംഖ്യ 1,10–16). ഇവരുടെ ഗോത്രത്തിൽപ്പെട്ട ശാഖോപശാഖക്കുടുംബങ്ങളിൽപ്പെട്ടവയിൽനിന്ന് ഒരു കുടുംബപിതാവിന്റെ ഒരു പുത്രനെ എന്ന രീതിയിൽ ജനസംഖ്യാകണക്കെടുപ്പിന് ഇസ്രായേൽവംശത്തിന്റെ നേതാക്കന്മാരായി തിരഞ്ഞെടുക്കപ്പെട്ടവരാണ് ഗോത്രത്തലവന്മാർ. ഓരോ ഗോത്രത്തലവനും ഏതു ഗോത്രത്തിലെ ആരുടെ പുത്രൻ എന്ന് പഠിക്കണം.

9 കണക്കെടുപ്പിൽ മോശയെയും അഹറോനെയും സഹായിക്കാൻ ഇസ്രായേൽവംശത്തിന്റെ നേതാക്കന്മാരായി തിരഞ്ഞെടുക്കപ്പെട്ട ഗോത്രത്തലവന്മാരുടെ (ഗോത്രനേതാക്കന്മാരുടെ) മാത്രം പേരുകൾ (ഗോത്രപിതാക്കന്മാരുടെയും ഗോത്രത്തലവന്മാരുടെ കുടുംബപിതാക്കന്മാരുടെയും പേരുകൾ ഒഴിവാക്കി ഗോത്രത്തലവ/നേതാക്കന്മാരുടെ മാത്രം പേരുകൾ) **ഉ:** എലിസൂർ. [6]ഷെലുമിയേൽ. [7]നഹ്ഷോൻ [8]നെത്താനേൽ. [9]എലിയാബ്. [10]എലിഷാമാ, ഗമാലിയേൽ; [11]അബിദാൻ; [12]അഹിയേസെർ; [13]പഗിയേൽ; [14]എലിയാസാഫ്; [15]അഹിറാ.

10 കണക്കെടുപ്പിൽ മോശയും അഹറോനും കൂടെ കൊണ്ടുപോകേണ്ട ഇസ്രായേൽവംശത്തിന്റെ നേതാക്കന്മാരായി തിരഞ്ഞെടുക്കപ്പെട്ട ഗോത്രത്തലവന്മാരുടെ പേരുകൾ, ഗോത്രപിതാക്കന്മാർ – കുടുംബപിതാക്കന്മാർ – ഗോത്രത്തലവന്മാർ എന്ന ക്രമത്തിൽ നല്കുന്നു; [5]റൂബൻ – ഷെദെയൂർ – എലിസൂർ; [6]ശിമയോൻ – സുരിഷദായി – ഷെലുമിയേൽ; [7]യൂദാ – അമീനാദാബ് – നഹ്ഷോൻ. [8]ഇസാക്കർ – സുവാർ – നെത്താനേൽ. [9]സെബുലൂൺ – ഹേലോൻ – എലിയാബ്; [10]ജോസഫിന്റെ പുത്രനായ എഫ്രായിം – അമ്മിഹൂദ് – എലിഷാമാ; ജോസഫിന്റെ പുത്രനായ മനാസ്സെ – പെദെഹ്സൂർ – ഗമാലിയേൽ; [11]ബഞ്ചമിൻ – ഗിദയോൻ – അബിദാൻ; [12]ദാൻ – അമ്മിഷദ്ദായി – അഹിയേസെർ; [13]ആഷേർ – ഒക്രാൻ – പഗിയേൽ; [14]ഗാദ് – റവുവേൽ – എലിയാസാഫ്; [15]നഫ്താലി – ഏതാൻ – അഹിറാ.

11 അഹിറാ ആരുടെ പുത്രൻ? **ഉ:** ഏതാന്റെ (1,15).

12 അഹിറാ ആരിൽനിന്ന്? **ഉ:** നഫ്താലിയിൽനിന്ന് (1,15). നഫ്താലി ഗോത്രപിതാവ്)

**1,17 മോശയും അഹറോനും ഇവരെ സ്വീകരിച്ചു.**

**1,18 രണ്ടാംമാസം ഒന്നാം ദിവസം അവർ ജനത്തെ മുഴുവൻ ഒരുമിച്ചുകൂട്ടി. ഓരോരുത്തരുടെയും കുടുംബം, ഗോത്രം ഇവയനുസരിച്ച് ഇരുപതും അതിൽക്കൂടുതലും വയസ്സുള്ളവരെ ആളാംപ്രതിപട്ടികയിൽ ചേർത്തു.**

13 ജനസംഖ്യാക്കണക്കെടുപ്പിന് ജനത്തെ മുഴുവൻ ഒരുമിച്ചുകൂട്ടി ആളാംപ്രതിപട്ടികയിൽ ചേർത്തത് എന്ന്? **ഉ:** ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാംവർഷം രണ്ടാം മാസം ഒന്നാം ദിവസം (1,18).

**1,19 അങ്ങനെ കർത്താവ് കല്പിച്ചതുപോലെ സീനായ്മരുഭൂമിയിൽ വച്ച് മോശ ഇസ്രായേൽജനത്തിന്റെ കണക്കെടുത്തു.**

14 കർത്താവ് കല്പിച്ചതുപോലെ സീനായ്മരുഭൂമിയിൽ വച്ച് ഇസ്രായേൽജനത്തിന്റെ കണക്കെടുത്തത് ആര്? **ഉ:** മോശ (1,19).

**1,20–21ഇസ്രായേലിന്റെ ആദ്യജാതനായ റൂബന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ നാല്പത്താറായിരത്തിയഞ്ഞൂറ്.**

15 ഇസ്രായേലിന്റെ ആദ്യജാതൻ? **ഉ:** റൂബൻ (1,20).

16 ജനസംഖ്യാക്കണക്കെടുപ്പിൽ പുരുഷന്മാരെ എന്തനുസരിച്ചു തിട്ടപ്പെടുത്തി?
**ഉ:** തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ച് (1,20).

17 റൂബന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേര്? **ഉ:** നാല്പത്താറായിരത്തിയഞ്ഞൂറ് (1,21). (46500)

**1,22–23ശിമയോന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ അമ്പത്തൊമ്പതിനായിരത്തിമുന്നൂറ്.**

18 ശിമയോന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** അമ്പത്തൊമ്പതിനായിരത്തിമുന്നൂറ് (1,22–23). (59300)

**1,24–25ഗാദിന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ നാല്പത്തയ്യായിരിയറുനൂറ്റമ്പത്.**

19 ഗാദിന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** നാല്പത്തയ്യായിരിയറുനൂറ്റമ്പത് (1,24–25). (45650)

**1,26–27യൂദായുടെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ എഴുപത്തിനാലായിരത്തിഅറുനൂറ്.**

20 യൂദായുടെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** എഴുപത്തിനാലായിരത്തിഅറുനൂറ് (1,26–27). (74600)

**1,28–29ഇസാക്കറിന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ അമ്പത്തിനാലായിരത്തിനാനൂറ്.**

21 ഇസാക്കറിന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** അമ്പത്തിനാലായിരത്തിനാനൂറ് (1,28–29). (54400)

**1,30–31സെബുലൂൺ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ അമ്പത്തേഴായിരത്തിനാനൂറ്.**

22 സെബുലൂൺ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** അമ്പത്തേഴായിരത്തിനാനൂറ് (1,30–31). (57400)

**1,32–35ജോസഫിന്റെ മക്കളായ എഫ്രായിമിന്റെയും മനാസ്സെയുടെയും ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ യഥാക്രമം നാല്പതിനായിരത്തിയഞ്ഞൂറും മുപ്പത്തീരായിരത്തിയിരുനൂറും.** (ശ്രദ്ധിക്കുക: ജോസഫിന്റെ രണ്ടു മക്കൾക്കും ഗോത്രം ഒന്നാണ്).

23 ജോസഫിന്റെ മക്കളായ എഫ്രായിമിന്റെയും മനാസ്സെയുടെയും ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ യഥാക്രമം എത്ര പേർ? **ഉ:** നാല്പതിനായിരത്തിയഞ്ഞൂറും മുപ്പത്തീരായിരത്തിയിരുനൂറും (1,32–35). (എഫ്രായിമിന്റെ 40500; മനാസ്സെയുടെ 32200).

**1,36–37ബെഞ്ചമിന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ മുപ്പത്തയ്യായിരത്തിനാനൂറ്.**

24 ബെഞ്ചമിന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** മുപ്പത്തയ്യായിരത്തിനാനൂറ് (1,36–37). (35400)

**1,38–39ദാനിന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ അറുപത്തീരായിരത്തിഎഴുനൂറ്.**

25 ദാനിന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** അറുപത്തീരായിരത്തിഎഴുനൂറ് (1,38–39). (62700)

**1,40–41ആഷേറിന്റെ ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ളവർ നാല്പത്തോരായിരത്തിയഞ്ഞൂറ്.**

26 ആഷേറിന്റെ ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** നാല്പത്തോരായിരത്തിയഞ്ഞൂറ് (1,40–41). (41500)

**1,42–43നഫ്താലി ഗോത്രത്തിൽപ്പെട്ടവർ തലമുറ, വംശം, കുടുംബം, പേര് ഇവയനുസരിച്ചു തിട്ടപ്പെടുത്തിയപ്പോൾ ഇരുപതും അതിനുമേലും വയസ്സും യുദ്ധ**



**ശേഷിയുമുള്ളവർ അമ്പത്തിമൂവായിരത്തിനാനൂറ്.**

27 നഫ്താലി ഗോത്രത്തിൽപ്പെട്ടവർ ഇരുപതും അതിനുമേലും വയസ്സും യുദ്ധശേഷിയുമുള്ള എത്ര പേർ? **ഉ:** അമ്പത്തിമൂവായിരത്തിനാനൂറ് (1,42–43). (53400)

28 ഇസ്രായേലിലെ ഗോത്രപ്രതിനിധികളായ പന്ത്രണ്ടു നേതാക്കളും മോശയും അഹറോനും ചേർന്നെടുത്ത കണക്കിൽപ്പെട്ടവർ ഏറ്റവും കൂടുതൽ ആരുടെ ഗോത്രത്തിൽപ്പെട്ടവർ? **ഉ:** യൂദായുടെ (എഴുപത്തിനാലായിരത്തിഅറുനൂറ് – 74600).

29 ഏറ്റവും കുറവ് ജോസഫിന്റെ മകനായ മനാസ്സേയുടേത് – മുപ്പത്തീരായിരത്തിയിരുനൂറ് (32200). (എന്നാൽ, ജോസഫിന്റെ രണ്ടു മക്കളുടേയുംകൂടി എഴുപത്തീരായിരത്തിയെഴുനൂറ് – 72700– ഉണ്ട്). അപ്പോൾ ഏറ്റവും കുറച്ചുപേർ ബഞ്ചമിൻഗോത്രത്തിൽനിന്ന് – മുപ്പത്തയ്യായിരത്തിനാനൂറ് (35400).

**1,45–46 [45]ഗോത്രംഗോത്രമായി ഇരുപതും അതിനുമേലും വയസ്സു പ്രായത്തിൽ ഇസ്രായേലിലെ യുദ്ധശേഷിയുള്ള പുരുഷന്മാർ [46]ആകെ ആറുലക്ഷത്തിമൂവായിരത്തഞ്ഞൂറ്റമ്പത് ആയിരുന്നു.**

30 ഗോത്രംഗോത്രമായി ഇരുപതും അതിനുമേലും വയസ്സു പ്രായത്തിൽ ഇസ്രായേലിലെ യുദ്ധശേഷിയുള്ള പുരുഷന്മാർ ആകെ എത്രയായിരുന്നു? **ഉ:** ആറുലക്ഷത്തിമൂവായിരത്തഞ്ഞൂറ്റമ്പത് – 603550 (1,46).

31 ഇസ്രായേലിലെ ഗോത്രപിതാക്കന്മാർ ആരെല്ലാം? **ഉ:** റൂബൻ, ശിമയോൻ, ലേവി, ഗാദ്, യൂദാ, ഇസാക്കർ, സെബുലൂൺ, ദാൻ, ആഷേർ, നഫ്താലി, ജോസഫ്, ബെഞ്ചമിൻ.

32 ഇസ്രായേൽഗോത്രങ്ങളിലെ മുദ്രിതരായവരെപ്പറ്റി സംഖ്യ 1,20–46ന് സമാനമായി പുതിയ നിയമത്തിൽ എവിടെ വിവരിക്കുന്നു? **ഉ:** വെളി 7,4–8.

**1,47–49 [47]ലേവിഗോത്രത്തെ ജനസംഖ്യയിൽപെടുത്തിയില്ല. [48]കാരണം, കർത്താവ് മോശയോട് അരുൾചെയ്തിരുന്നു. [49]ലേവ്യരെ നീ എണ്ണരുത്; ഇസ്രായേല്യരുടെ സംഖ്യയിൽ അവരുടെ എണ്ണം ചേർക്കയുമരുത്.**

33 ജനസംഖ്യയിൽപെടുത്താത്ത ഗോത്രം? **ഉ:** ലേവിഗോത്രം (1,47).

34 ലേവ്യരെ ജനസംഖ്യയിൽപെടുത്താത്തതിനു കാരണം? **ഉ:** കാരണം, കർത്താവ് മോശയോട് അരുൾചെയ്തിരുന്നു. [49]ലേവ്യരെ നീ എണ്ണരുത്; ഇസ്രായേല്യരുടെ സംഖ്യയിൽ അവരുടെ എണ്ണം ചേർക്കയുമരുത് (1,48–49).

**1.50–53 [50]എന്നാൽ, സാക്ഷ്യകൂടാരവും അതിലെ ഉപകരണങ്ങളും അതുമായി ബന്ധപ്പെട്ട സകലതും ലേവ്യരുടെ മേൽനോട്ടത്തിലായിരിക്കണം; അവർ കൂടാരവും അതിലെ ഉപകരണങ്ങളും വഹിക്കുകയും അതിൽ ശുശ്രൂഷ ചെയ്യുകയും വേണം. കൂടാരത്തിനു ചുറ്റും അവർ താവളമടിക്കട്ടെ. [51]കൂടാരവുമായി പുറപ്പെടേണ്ടിവരുമ്പോൾ ലേവ്യർ അത് അഴിച്ചിറക്കുകയും കൂടാരമടിക്കേണ്ടിവരുമ്പോൾ അവർതന്നെ അതു സ്ഥാപിക്കുകയും വേണം. മറ്റാരെങ്കിലും അതിനെ സമീപിച്ചാൽ അവനെ വധിക്കണം.[52]ഇസ്രായേൽജനം ഗണങ്ങളായിത്തിരിഞ്ഞ് ഓരോരുത്തരും താന്താങ്ങളുടെ പാളയത്തിലും സ്വന്തം കൊടിക്കീഴിലും താവളമടിക്കണം. [53]ഇസ്രയേൽസമൂഹത്തിന്റെ നേരേ ദൈവകോപം ഉണ്ടാകാതിരിക്കേണ്ടതിന് ലേവ്യർ സാക്ഷ്യകൂടാരത്തിനുചുറ്റും പാളയമടിക്കണം. സാക്ഷ്യകൂടാരത്തിന്റെ ചുമതല അവർ വഹിക്കുകയും വേണം.**

35 സാക്ഷ്യകൂടാരവും അതിലെ ഉപകരണങ്ങളും അതുമായി ബന്ധപ്പെട്ട സകലതും ലേവ്യരുടെ മേൽനോട്ടത്തിലായിരിക്കണം എന്ന് ആര് ആരോട് അരുൾചെയ്തിരുന്നു? **ഉ:** കർത്താവ് മോശയോട് (1,48.50).

36 കൂടാരവും അതിലെ ഉപകരണങ്ങളും വഹിക്കുകയും അതിൽ ശുശ്രൂഷ ചെയ്യുകയും വേണ്ടത്? **ഉ:** ലേവ്യഗോത്രം (1,50).

37 ലേവ്യഗോത്രം എവിടെ താവളമടിക്കട്ടെ? **ഉ:** കൂടാരത്തിനു ചുറ്റും (1,50).

88 കൂടാരവുമായി പുറപ്പെടേണ്ടിവരുമ്പോൾ ആര് അത് അഴിച്ചിറക്കുകയും കൂടാരമടിക്കേണ്ടിവരുമ്പോൾ അതു സ്ഥാപിക്കുകയും വേണം? **ഉ:** ലേവ്യർ (1,51).

39 മറ്റാരെങ്കിലും സാക്ഷ്യകൂടാരത്തെ സമീപിച്ചാൽ അവനെ എന്തു ചെയ്യണം? **ഉ:** വധിക്കണം (1,51).

40 ഇസ്രായേൽജനം എപ്രകാരം താവളമടിക്കണം? **ഉ:** ഗണങ്ങളായിത്തിരിഞ്ഞ് ഓരോരുത്തരും താന്താങ്ങളുടെ പാളയത്തിലും സ്വന്തം കൊടിക്കീഴിലും (1,52).

41 എന്തുകൊണ്ട് ലേവ്യർ സാക്ഷ്യകൂടാരത്തിനുചുറ്റും പാളയമടിക്കണം? **ഉ:** ഇസ്രയേൽസമൂഹത്തിന്റെ നേരേ ദൈവകോപം ഉണ്ടാകാതിരിക്കേണ്ടതിന് (1,53).

42 ആരുടെ നേരേ ദൈവകോപം ഉണ്ടാകാതിരിക്കേണ്ടതിന് ലേവ്യർ സാക്ഷ്യകൂടാരത്തിന്റെ ചുമതല അവർ വഹിക്കുകയും വേണം? **ഉ:** ഇസ്രയേൽസമൂഹത്തിന്റെ നേരേ (1,53).

**1,54 ഇസ്രായേൽജനം അപ്രകാരം ചെയ്തു. കർത്താവ് മോശയോടു കൽപിച്ചതുപോലെ അവർ പ്രവർത്തിച്ചു.**

43 സാക്ഷ്യകൂടാരത്തെ സംബന്ധിച്ച് ഇസ്രായേൽജനം എപ്രകാരം പ്രവർത്തിച്ചു? **ഉ:** കർത്താവ് മോശയോടു കൽപിച്ചതുപോലെ (1,54).

## അധ്യായം 2 അധ്യായം 2ൽ 34 വാക്യങ്ങൾ

പാളയമടിക്കേണ്ട ക്രമം

**2,1 കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തു:**

44 ഇസ്രായേൽജനം പാളയമടിക്കേണ്ട ക്രമം കർത്താവ് ആരോട് അരുൾചെയ്തു? **ഉ:** മോശയോടും അഹറോനോടും (2,1).

**2,2 ഇസ്രായേൽജനം അവരവരുടെ ഗോത്രമുദ്രയോടുകൂടിയ പതാകകൾക്കു കീഴിൽ പാളയമടിക്കണം. സമാഗമകൂടാരത്തിനഭിമുഖമായി ചുറ്റും താവളമുറപ്പിക്കുകയും വേണം.**

45 ഇസ്രായേൽജനം എന്തിനു കീഴിൽ പാളയമടിക്കണമെന്ന് കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തു? **ഉ:** അവരവരുടെ ഗോത്രമുദ്രയോടുകൂടിയ പതാകകൾക്കു കീഴിൽ (2,2).

46 ഇസ്രായേൽജനം എന്തിനു ചുറ്റും താവളമുറപ്പിക്കണം? **ഉ:** സമാഗമകൂടാരത്തിനഭിമുഖമായി ചുറ്റും (2,2)

**2,3–4 [3]അമ്മിനാദാബിന്റെ മകൻ നഹ്ഷോന്റെ നേതൃത്വത്തിലുള്ള യൂദാഗോത്രം സൂര്യനുദിക്കുന്ന കിഴക്കുദിക്കിൽ സ്വന്തം പതാകയ്ക്കുകീഴിൽ പാളയമടിക്കണം. [4]അവന്റെ സൈന്യത്തിൽ എഴുപത്തിനാലായിരത്തിയറുനൂറുപേർ.**

47 യൂദാഗോത്രം പാളയമടിക്കേണ്ടത് എവിടെ? **ഉ:** സൂര്യനുദിക്കുന്ന കിഴക്കുദിക്കിൽ (2,3).

48 കിഴക്കുദിക്കിൽ താവളമടിക്കേണ്ട ഗോത്രം? **ഉ:** യൂദാഗോത്രം (2,3). (ഇതുപോലെ ഓരോ ഗോത്രത്തെക്കുറിച്ചും അതാതിടങ്ങളിൽ തിരിച്ചു ചോദിച്ചും പഠിക്കണം)

49 കിഴക്കുദിക്കിന്റെ പ്രത്യേകത? **ഉ:** സൂര്യനുദിക്കുന്നത് (2,3)

50 യൂദായുടെ സൈന്യത്തിൽ എത്രപേർ? **ഉ:** എഴുപത്തിനാലായിരത്തിയറുനൂറുപേർ (2,4). (74600)

**2,5–6 [5]അതിനടുത്ത് സുവാറിന്റെ മകൻ നെത്താനേലിന്റെ നേതൃത്വത്തിലുള്ള ഇസാക്കർഗോത്രം. [6]അവന്റെ സൈന്യത്തിൽ അൻപത്തിനാലായിരത്തിനാനൂറുപേർ.**

51 ഇസാക്കർഗോത്രം പാളയമടിക്കേണ്ടത് എവിടെ? **ഉ:** യൂദാഗോത്രത്തിനടുത്ത് (2,5).

52 ഇസാക്കറിന്റെ സൈന്യത്തിൽ എത്രപേർ? **ഉ:** അൻപത്തിനാലായിരത്തിനാനൂറുപേർ (2,6). (54400)

**2,7–8 [5]അതിനപ്പുറം ഹേലോന്റെ പുത്രൻ എലിയാബിന്റെ നേതൃത്വത്തിലുള്ള സെബുലൂൺഗോത്രം. [6]അവന്റെ സൈന്യത്തിൽ അൻപത്തേഴായിരത്തിനാനൂറുപേർ.**

53 സെബുലൂൺഗോത്രം പാളയമടിക്കേണ്ടത് എവിടെ? **ഉ:** ഇസാക്കർഗോത്രത്തിനപ്പുറം (2,7).

54 സെബുലൂണിന്റെ സൈന്യത്തിൽ എത്രപേർ? **ഉ:** അൻപത്തേഴായിരത്തിനാനൂറുപേർ (2,8). (57400)

**2,9 യൂദായുടെ പാളയത്തിലെ സൈന്യത്തിൽ ആകെ ഒരുലക്ഷത്തിയെൺപത്താറായിരത്തിനാനൂറുപേർ. അവരാണ് ആദ്യം പുറപ്പെടേണ്ടത്.**

55 യൂദായുടെ പാളയത്തിലെ സൈന്യത്തിൽ ആകെ എത്രപേർ? **ഉ:** ഒരുലക്ഷത്തിയെൺപത്താറായിരത്തിനാനൂറുപേർ. (2,9). (186400)



56 യൂദായുടെ പാളയത്തിൽ ഉൾപ്പെട്ട ഗോത്രങ്ങൾ (സൈന്യങ്ങൾ)? **ഉ:** യൂദാ, ഇസാക്കർ, സെബുലൂൺ.

57 (സീനായിൽനിന്ന്) ആദ്യം പുറപ്പെടേണ്ട ഗോത്രം? **ഉ:** യൂദായുടെ (2,9).

**2,10 [10]ഷെദയൂറിന്റെ മകൻ എലിസൂറിന്റെ നേതൃത്വത്തിലുള്ള റൂബൻഗോത്രം ഗണങ്ങളായി തങ്ങളുടെ പതാകയ്ക്കു കീഴിൽ തെക്കുഭാഗത്തു പാളയമടിക്കണം. [11]അവന്റെ സൈന്യത്തിൽ നാൽപത്താറായിരത്തിയഞ്ഞൂറുപേർ.**

58 റൂബൻഗോത്രം ഗണങ്ങളായി തങ്ങളുടെ പതാകയ്ക്കു കീഴിൽ എവിടെ പാളയമടിക്കണം? **ഉ:** തെക്കുഭാത്ത് (2,10).

59 റൂബന്റെ സൈന്യത്തിൽ എത്രപേർ? **ഉ:** നാൽപത്താറായിരത്തിയഞ്ഞൂറുപേർ (2,11). 46500.

**2,12–13 [12]അതിനടുത്ത് സുരിഷദായിയുടെ പുത്രൻ ഷെലൂമിയേലിന്റെ നേതൃത്വത്തിലുള്ള ശിമയോൻഗോത്രം. [13]അവന്റെ സൈന്യത്തിൽ അമ്പത്തൊമ്പതിനായിരത്തിമുന്നൂറുപേർ.**

60 ശിമയോൻഗോത്രം എവിടെ പാളയമടിക്കണം? **ഉ:** റൂബൻഗോത്രത്തിനടുത്ത് (2,12).

61 ശിമയോന്റെ സൈന്യത്തിൽ എത്രപേർ? **ഉ:** അമ്പത്തൊമ്പതിനായിരത്തിമുന്നൂറുപേർ (2,13). 59300.

**2,14–15 [14]അതിനപ്പുറം റവുവേലിന്റെ പുത്രൻ എലിയാസാഫിന്റെ നേതൃത്വത്തിലുള്ള ഗാദ്ഗോത്രം. [15]അവന്റെ സൈന്യത്തിൽ നാല്പത്തയ്യായിരത്തിയറുനൂറ്റമ്പതുപേർ.**

62 ഗാദ്ഗോത്രം എവിടെ പാളയമടിക്കണം? **ഉ:** ശിമയോൻഗോത്രത്തിനപ്പുറം (2,14).

63 ഗാദിന്റെ സൈന്യത്തിൽ എത്രപേർ? **ഉ:** നാല്പത്തയ്യായിരത്തിയറുനൂറ്റമ്പതുപേർ (2,15). 45650

**2,16 റൂബൻപാളയത്തിൽ ആകെ ഒരു ലക്ഷത്തിയെൺപത്തോരായിരത്തിനാനൂറ്റിയമ്പതുപേർ. അവരാണ് രണ്ടാമതു പുറപ്പെടേണ്ടത്.**

64 ആകെ ഒരു ലക്ഷത്തിയെൺപത്തോരായിരത്തിനാനൂറ്റിയമ്പതുപേർ ഉള്ളത് ആരുടെ പാളയത്തിൽ? **ഉ:** റൂബൻപാളയത്തിൽ(2,16) 181450

65 റൂബൻപാളയത്തിൽ ഉൾപ്പെട്ട ഗോത്രങ്ങൾ (സൈന്യങ്ങൾ)? **ഉ:** റൂബൻ, ശിമയോൻ, ഗാദ്. (ഇവ മൂന്നുംകൂട്ടുമ്പോൾ 181450)

66 (സീനായിൽനിന്ന്) രണ്ടാമതു പുറപ്പെടേണ്ട ഗോത്രം? **ഉ:** റൂബൻഗോത്രം (2,16).

**2,17 അനന്തരം, പാളയങ്ങളുടെ മധ്യത്തിലായി ലേവ്യരുടെ പാളയത്തോടൊപ്പം സമാഗമകൂടാരം കൊണ്ടുപോകണം. കൂടാരമടിക്കുമ്പോഴെന്നപോലെതന്നെ പതാകയോടൊത്ത് ക്രമമനുസരിച്ച് ഓരോരുത്തരും പുറപ്പെടണം.**

67 ലേവ്യരുടെ പാളയം എവിടെ? **ഉ:** പാളയങ്ങളുടെ മധ്യത്തിൽ (2,17).

68 പാളയങ്ങളുടെ മധ്യത്തിലായി ലേവ്യരുടെ പാളയത്തോടൊപ്പം എന്തു കൊണ്ടുപോകണം? **ഉ:** സമാഗമകൂടാരം (2,17). (1,50നോടുള്ള സാമ്യവ്യത്യാസങ്ങൾ ശ്രദ്ധിക്കുക).

69 പുറപ്പെടുമ്പോൾ എപ്പോഴെന്നപോലെതന്നെ പതാകയോടൊത്ത് ക്രമമനുസരിച്ച് ഓരോരുത്തരും പുറപ്പെടണം? **ഉ:** കൂടാരമടിക്കുമ്പോഴെന്നപോലെതന്നെ (2,17).

**2,18–19 [18]അമ്മിഹൂദിന്റെ മകൻ എലിഷാമായുടെ നേതൃത്വത്തിലുള്ള എഫ്രായിംഗോത്രം ഗണങ്ങളായി തങ്ങളുടെ പതാകയ്ക്കുകീഴിൽ പടിഞ്ഞാറുഭാഗത്തു താവളമടിക്കണം. [19]അവന്റെ സൈന്യത്തിൽ നാൽപതിനായിരത്തിയഞ്ഞൂറുപേർ.**

70 എഫ്രായിംഗോത്രം എങ്ങനെ തങ്ങളുടെ പതാകയ്ക്കുകീഴിൽ താവളമടിക്കണം? **ഉ:** ഗണങ്ങളായി (2,18).

71 എഫ്രായിംഗോത്രം എവിടെ താവളമടിക്കണം? **ഉ:** പടിഞ്ഞാറുഭാഗത്ത് (2,18)

72 പടിഞ്ഞാറുഭാഗത്തു താവളമടിക്കേണ്ട ഗോത്രം? **ഉ:** എഫ്രായിംഗോത്രം (2,18).

73 എഫ്രായിംസൈന്യത്തിൽ എത്രപേർ? **ഉ:** നാൽപതിനായിരത്തിയഞ്ഞൂറുപേർ (2,19). 40500

**2,20–21 [20]അതിനടുത്ത് പെദഹ്സൂറിന്റെ പുത്രൻ ഗമാലിയേലിന്റെ നേതൃത്വത്തിലുള്ള മനാസ്സെഗോത്രം. [21]അവന്റെ സൈന്യത്തിൽ മുപ്പത്തീരായിരത്തിയറുനൂറുപേർ.**

74 മനാസ്സെഗോത്രം എവിടെ താവളമടിക്കണം? **ഉ:** എഫ്രായിംഗോത്രത്തിനടുത്ത് (2,20).
75 മനാസ്സെഗോത്രത്തിന്റെ നേതാവ്? **ഉ:** പെദഹ്സൂറിന്റെ പുത്രൻ ഗമാലിയേൽ (2,20).
76 മനാസ്സെസൈന്യത്തിൽ എത്രപേർ? **ഉ:** മുപ്പത്തീരായിരത്തിയറുനൂറുപേർ (2,19). 32200

**2,22–23** 22 **അതിനപ്പുറം ഗിദയോനിയുടെ പുത്രൻ അബിദാന്റെ നേതൃത്വത്തിലുള്ള ബഞ്ചമിൻഗോത്രം.** 23 **അവന്റെ സൈന്യത്തിൽ മുപ്പത്തയ്യായിരത്തിനാനൂറുപേർ.**

77 മനാസ്സെഗോത്രത്തിനപ്പുറം പാളയമടിക്കേണ്ടത് ഏത് ഗോത്രം? **ഉ:** ബഞ്ചമിൻ ഗോത്രം (2,22).
78 ബഞ്ചമിൻഗോത്രനേതാവ്? **ഉ:** ഗിദയോനിയുടെ (= ഗിദയോന്റെ) പുത്രൻ അബിദാൻ (2,22).
79 ബഞ്ചമിൻസൈന്യത്തിൽ എത്രപേർ? **ഉ:** മുപ്പത്തയ്യായിരത്തിനാനൂറുപേർ (2,23).

**2,24, എഫ്രായിംപാളയത്തിൽ ആകെ ഒരുലക്ഷത്തിയെണ്ണായിരത്തിയൊരുനൂറുപേർ. അവരാണ് മൂന്നാമതു പുറപ്പെടേണ്ടത്.** 108100

80 ഒരുലക്ഷത്തിയെണ്ണായിരത്തിയൊരുനൂറുപേർ ആരുടെ പാളയത്തിൽ? **ഉ:** എഫ്രായിംപാളയത്തിൽ (2,24).
81 മൂന്നാമതു പുറപ്പെടേണ്ടത് ആരുടെ പാളയം? **ഉ:** എഫ്രായിംപാളയം (2,24).
82 എഫ്രായിംപാളയത്തിൽ ഉൾപ്പെട്ട ഗോത്രങ്ങൾ / സൈന്യങ്ങൾ? **ഉ:** എഫ്രായിം, മനാസ്സെ, ബഞ്ചമിൻ. (ഇവ മൂന്നുംകൂട്ടുമ്പോൾ 108100)

**2,2526** 25 **അമ്മിഷദ്ദായിയുടെ മകൻ അഹിയേസറിന്റെ നേതൃത്വത്തിലുള്ള ദാൻഗോത്രം ഗണങ്ങളായി തങ്ങളുടെ പതാകയ്ക്കു കീഴിൽ വടക്കുഭാഗത്തു പാളയമടിക്കണം.** 26 **അവന്റെ സൈന്യത്തിൽ അറുപത്തീരായിരത്തിയെഴുനൂറുപേർ.** 62700

83 ദാൻഗോത്രനേതാവ്? **ഉ:** അമ്മിഷദ്ദായിയുടെ മകൻ അഹിയേസർ (2,25).
84 വടക്കുഭാഗത്തു പാളയമടിക്കേണ്ടത്? **ഉ:** ദാൻഗോത്രം (2,25).
85 ദാൻസൈന്യത്തിൽ എത്രപേർ? **ഉ:** അറുപത്തീരായിരത്തിയെഴുനൂറുപേർ (62700) (2,26).

**2,27–28** 27 **അതിനടുത്ത് ഒക്രാന്റെ മകൻ പഗിയേലിന്റെ നേതൃത്വത്തിലുള്ള ആഷേർഗോത്രം.** 28 **അവന്റെ സൈന്യത്തിൽ നാല്പത്തോരായിരത്തിയഞ്ഞൂറുപേർ.** 41500

86 ആഷേർഗോത്രനേതാവ്? **ഉ:** ഒക്രാന്റെ മകൻ പഗിയേൽ (2,27).
87 ആഷേർഗോത്രം പാളയമടിക്കേണ്ടത് എവിടെ? **ഉ:** ദാൻഗോത്രത്തിനടുത്ത് (2,27).
88 ആഷേർസൈന്യത്തിൽ എത്രപേർ? **ഉ:** നാല്പത്തോരായിരത്തിയഞ്ഞൂറുപേർ (2,28).

**2,29–30** 29 **അതിനപ്പുറം ഏനാന്റെ മകൻ അഹീറയുടെ നേതൃത്വത്തിലുള്ള നഫ്താലിഗോത്രം.** 30 **അവന്റെ സൈന്യത്തിൽ അമ്പത്തിമൂവായിരത്തിനാനൂറുപേർ.** 53400

89 നഫ്താലിഗോത്രം പാളയമടിക്കേണ്ടത് എവിടെ? **ഉ:** ആഷേർഗോത്രത്തിനപ്പുറം (2,29).
90 നഫ്താലിയുടെ സൈന്യത്തിൽ എത്രപേർ? **ഉ:** അമ്പത്തിമൂവായിരത്തിനാനൂറ് (2,30).

**2,31 ദാനിന്റെ പാളയത്തിൽ ആകെ ഒരുലക്ഷത്തിയമ്പത്തിയേഴായിരത്തിയറുനൂറുപേർ. സ്വന്തം പതാകകളോടുകൂടി അവരാണ് ഏറ്റവും അവസാനം പുറപ്പെടേണ്ടത്.**

91 ഒരുലക്ഷത്തിയമ്പത്തിയേഴായിരത്തിയറുനൂറുപേർ ആരുടെ പാളയത്തിൽ? **ഉ:** ദാനിന്റെ (2,31) 157600.
92 ഏറ്റവും അവസാനം പുറപ്പെടേണ്ട പാളയം? **ഉ:** ദാനിന്റെ (2,31).
93 ദാനിന്റെ പാളയത്തിൽപ്പെട്ടവർ എന്തോടുകൂടി പുറപ്പെടണം? ഉ: സ്വന്തം പതാകകളോടുകൂടി (2,31).
94 ദാനിന്റെ പാളയത്തിൽ ഉൾപ്പെട്ട ഗോത്രങ്ങൾ / സൈന്യങ്ങൾ? **ഉ:** ദാൻ, ആഷേർ നഫ്താലി. (ഇവ മൂന്നും കൂട്ടുമ്പോൾ 157600).

**2,32 ഗോത്രക്രമമനുസരിച്ചു ജനസംഖ്യയിൽപ്പെട്ട ഇസ്രായേൽജനം ഇവരാണ്. പാളയത്തിലുണ്ടായിരുന്നവരും ഗണമനുസരിച്ചു കണക്കെടുക്കപ്പെട്ടവരുമായ ആളുകൾ ആകെ ആറുലക്ഷത്തിമൂവായിരത്തിയഞ്ഞൂറ്റമ്പത്.** (603550)

95 ഗോത്രക്രമമനുസരിച്ചു ജനസംഖ്യയിൽപ്പെട്ട ഇസ്രായേൽജനം എത്ര? **ഉ:** ആറുലക്ഷത്തിമൂവായിരത്തിയഞ്ഞൂറ്റമ്പത്. (603550) (2,32).
96 പാളയത്തിലുണ്ടായിരുന്നവരും ഗണമനുസരിച്ചു കണക്കെടുക്കപ്പെട്ടവരുമായ ആളുകൾ ആകെ എത്ര? **ഉ:** ആറുലക്ഷത്തിമൂവായിരത്തിയഞ്ഞൂറ്റമ്പത്. (603550) (2,32).



**2,33 കർത്താവ് കല്പിച്ചതനുസരിച്ച് ഇസ്രായേൽജനത്തിന്റെകൂടെ ലേവ്യരെ എണ്ണിയില്ല.**

97 ഇസ്രായേൽജനത്തിന്റെകൂടെ എണ്ണാത്തവർ? **ഉ:** ലേവ്യർ (2,32).
98 ഇസ്രായേൽജനത്തിന്റെകൂടെ എണ്ണാത്തതിനു കാരണം? ഉ: കർത്താവ് കല്പിച്ചതനുസരിച്ച് (2,33).

**2,34 കർത്താവ് മോശയോടു കല്പിച്ചപ്രകാരം ഇസ്രായേൽ പ്രവർത്തിച്ചു. അവർ സ്വന്തം പതാകകൾക്കുകീഴേ പാളയമടിക്കുകയും ഗോത്രവും കുടുംബവുമനുസരിച്ചു യാത്ര പുറപ്പെടുകയും ചെയ്തു.**

99 ഇസ്രായേൽ പാളയമടിച്ചത്? **ഉ:** സ്വന്തം പതാകകൾക്കുകീഴേ (2,34).
100 ഇസ്രായേൽ യാത്ര പുറപ്പെട്ടത്? **ഉ:** ഗോത്രവും കുടുംബവുമനുസരിച്ച് (2,34).

## **അധ്യായം 3** അധ്യായം 3ൽ 51 വാക്യങ്ങൾ

അഹറോന്റെ പുത്രന്മാർ

**3,1 സീനായ് മലമുകളിൽവച്ച് ദൈവം മോശയോടു സംസാരിക്കുമ്പോൾ അഹറോന്റെയും മോശയുടെയും വംശാവലി ഇപ്രകാരമായിരുന്നു.** (ഇനി വരുന്ന ഭാഗത്ത് അഹറോന്റെ വംശാവലി മാത്രമേ നല്കുന്നുള്ളു. മോശയുടെ വംശാവലി നല്കുന്നില്ല).

101 സംഖ്യ അധ്യായം 3,2–4ൽ നല്കിയിട്ടുള്ള അഹറോന്റെ വംശാവലി എപ്പോഴത്തേത്? **ഉ:** സീനായ് മലമുകളിൽവച്ച് ദൈവം മോശയോടു സംസാരിക്കുമ്പോഴത്തേത്.

**3,2 അഹറോന്റെ പുത്രന്മാരുടെ പേരുകൾ: ആദ്യജാതനായ നാദാബും അബിഹു, എലെയാസർ, ഇത്താമർ എന്നിവരും**

102 അഹറോന്റെ ആദ്യജാതൻ? **ഉ:** നാദാബ് (3,2).

**3,3 ഇവർ പൗരോഹിത്യശുശ്രൂഷ ചെയ്യാൻ അഭിഷിക്തരായ അഹറോന്റെ പുത്രന്മാരാണ്.**

103 പൗരോഹിത്യശുശ്രൂഷ ചെയ്യാൻ അഭിഷിക്തരായ അഹറോന്റെ പുത്രന്മാർ? **ഉ:** നാദാബ്, അബിഹു, എലെയാസർ, ഇത്താമർ.

**3,4 ഇവരിൽ നാദാബും അബിഹുവും സീനായ്മരുഭൂമിയിൽ കർത്താവിന്റെ മുമ്പിൽ അവിശുദ്ധമായ അഗ്നി അർപ്പിച്ചപ്പോൾ അവിടെവച്ചു മരിച്ചു. അവർക്കു മക്കളില്ലായിരുന്നു. അതിനാൽ, എലെയാസറും ഇത്താമറും തങ്ങളുടെ പിതാവായ അഹറോന്റെ ജീവിതകാലത്തുതന്നെ പുരോഹിതന്മാരായി സേവനമനുഷ്ഠിച്ചു.**

104 അഹറോന്റെ പുത്രന്മാരിൽ ആര് സീനായ്മരുഭൂമിയിൽ കർത്താവിന്റെ മുമ്പിൽ അവിശുദ്ധമായ അഗ്നി അർപ്പിച്ചപ്പോൾ അവിടെവച്ചു മരിച്ചു? **ഉ:** നാദാബും അബിഹുവും (3,4).
105 അഹറോന്റെ പുത്രന്മാരിൽ നാദാബും അബിഹുവും എവിടെവച്ചു മരിച്ചു? **ഉ:** സീനായ്മരുഭൂമിയിൽ (3,4).
106 അഹറോന്റെ പുത്രന്മാരിൽ നാദാബും അബിഹുവും സീനായ്മരുഭൂമിയിൽവച്ച് എപ്പോൾ മരിച്ചു? **ഉ:** കർത്താവിന്റെ മുമ്പിൽ അവിശുദ്ധമായ അഗ്നി അർപ്പിച്ചപ്പോൾ (3,4).
107 അഹറോന്റെ പുത്രന്മാരിൽ നാദാബും അബിഹുവും സീനായ്മരുഭൂമിയിൽ കർത്താവിന്റെ മുമ്പിൽ അവിശുദ്ധമായ അഗ്നി അർപ്പിച്ചപ്പോൾ അവിടെവച്ചു മരിച്ച കാര്യം ബൈബിളിൽ മറ്റെവിടെ? **ഉ:** ലേവ്യ 10,1–2.
108 അഹറോന്റെ പുത്രന്മാരിൽ മക്കളില്ലാതിരുന്നത്? **ഉ:** നാദാബും അബിഹുവും (3,4)
109 തങ്ങളുടെ പിതാവായ അഹറോന്റെ ജീവിതകാലത്തുതന്നെ പുരോഹിതന്മാരായി സേവനമനുഷ്ഠിച്ച പുത്രന്മാർ? **ഉ:** എലെയാസറും ഇത്താമറും (3,4).
110 അഹറോന്റെ ഇളയ പുത്രന്മാരായ എലെയാസറും ഇത്താമറും തങ്ങളുടെ പിതാവായ അഹറോന്റെ ജീവിതകാലത്തുതന്നെ പുരോഹിതന്മാരായി സേവനമനുഷ്ഠിക്കാൻ കാരണം? **ഉ:** അഹറോന്റെ ആദ്യജാതനായ നാദാബും അബിഹുവും സീനായ്മരുഭൂമിയിൽവച്ചു മരിച്ചതിനാൽ (3,4).

ലേവ്യരുടെ കടമകൾ

**3,5 [5]കർത്താവ് മോശയോട് അരുൾചെയ്തു: [6]ലേവിഗോത്രത്തെ കൊണ്ടുവന്ന് അഹറോന്റെ ശുശ്രൂഷയ്ക്ക നിയോഗിക്കുക.**

111 ലേവിഗോത്രത്തെ കൊണ്ടുവന്ന് ആരുടെ ശുശ്രൂഷയ്ക്ക നിയോഗിക്കുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** അഹറോന്റെ (3,6).

**3,7-8 [7]അവർ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം സമാഗമകൂടാരത്തിനുമുമ്പിൽ അഹറോനും സമൂഹത്തിനുംവേണ്ടി സേവനമനുഷ്ഠിക്കട്ടെ. [8]സമാഗമകൂടാരത്തിലെ വസ്തുക്കളുടെ മേൽനോട്ടവും അവർക്കായിരിക്കും. കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം ഇസ്രായേൽജനത്തിനും അവർ ശുശ്രൂഷ ചെയ്യണം.**

112 ലേവിഗോത്രം എന്തിൽ ശുശ്രൂഷ ചെയ്യണം? **ഉ:** കൂടാരത്തിൽ (3,7).

113 അവർ കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം എന്തിനുമുമ്പിൽ സേവനമനുഷ്ഠിക്കട്ടെ? **ഉ:** സമാഗമകൂടാരത്തിനുമുമ്പിൽ (3,7).

114 ലേവിഗോത്രം സമാഗമകൂടാരത്തിനുമുമ്പിൽ ആർക്കുവേണ്ടി സേവനമനുഷ്ഠിക്കട്ടെ? **ഉ:** അഹറോനും സമൂഹത്തിനുംവേണ്ടി (3,7).

115 അവർ (ലേവിഗോത്രം) മേൽനോട്ടം വഹിക്കേണ്ടത്? **ഉ:** സമാഗമകൂടാരത്തിലെ വസ്തുക്കളുടെ (3,8).

116 കൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം ആർക്കും അവർ ശുശ്രൂഷ ചെയ്യണം? **ഉ:** ഇസ്രായേൽജനത്തിനും (3,8).

**3,9 ലേവ്യരെ അഹറോനും പുത്രന്മാർക്കുംവേണ്ടി നിയോഗിക്കുക. ഇസ്രായേൽജനത്തിൽനിന്ന് അഹറോന് പൂർണമായും നല്കപ്പെട്ടവരാണവർ.**

117 ലേവ്യരെ ആർക്കുവേണ്ടി നിയോഗിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** അഹറോനും പുത്രന്മാർക്കുംവേണ്ടി (3,9).

118 ഇസ്രായേൽജനത്തിൽനിന്ന് ലേവ്യർ ആർക്ക് പൂർണമായും നല്കപ്പെട്ടവരാണ്? **ഉ:** അഹറോന് (3,9).

119 ഇസ്രായേൽജനത്തിൽനിന്ന് ലേവ്യർ അഹറോനു പൂർണമായും നല്കപ്പെട്ടവരാണെന്നു പറഞ്ഞത്? **ഉ:** കർത്താവ് മോശയോട് (3,5).

**3,10 നീ അഹറോനെയും പുത്രന്മാരെയും പൗരോഹിത്യശുശ്രൂഷയ്ക്കായി അധികാരപ്പെടുത്തുകയും അവർ അത് അനുഷ്ഠിക്കുകയും ചെയ്യണം. മറ്റാരെങ്കിലും വിശുദ്ധവസ്തുക്കളെ സമീപിച്ചാൽ അവരെ വധിക്കണം.**

120 അഹറോനെയും പുത്രന്മാരെയും പൗരോഹിത്യശുശ്രൂഷയ്ക്കായി അധികാരപ്പെടുത്തിയത്? **ഉ:** മോശ (കർത്താവ് അരുൾചെയ്തതനുസരിച്ച്, 3,10).

121 വിശുദ്ധവസ്തുക്കളെ മറ്റാരെങ്കിലവും സമീപിച്ചാൽ ശിക്ഷ? **ഉ:** അവരെ വധിക്കണം (3,10).

3,11-13 [11]കർത്താവ് മോശയോട് അരുൾചെയ്തു: [12]ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ഞാൻ ലേവ്യരെ തിരഞ്ഞെടുത്തിരിക്കുന്നു. അവർ എനിക്കുള്ളവരാണ്. [13]എന്തെന്നാൽ, കടിഞ്ഞൂൽപുത്രന്മാരെല്ലാം എന്റേതാണ്. ഈജിപ്തുകാരുടെ ആദ്യജാതന്മാരെ നിഗ്രഹിച്ചപ്പോൾ ഇസ്രായേലിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂൽസന്താനങ്ങളെ എനിക്കായി ഞാൻ മാറ്റിനിർത്തി; അവർ എന്റെ സ്വന്തമാണ്; ഞാനാണ് കർത്താവ്.

122 ഇസ്രായേലിലെ ആർക്കു പകരം കർത്താവ് ലേവ്യരെ തിരഞ്ഞെടുത്തു? **ഉ:** ആദ്യജാതന്മാർക്കു പകരം (3,12).

123 അവർ എനിക്കുള്ളവരാണ് എന്ന് സംഖ്യ 3,12ൽ കർത്താവ് ആരെക്കുറിച്ച് അരുൾചെയ്തിരിക്കുന്നു? **ഉ:** ലേവ്യരെക്കുറിച്ച്.

124 എന്റേതാണ് എന്ന് സംഖ്യ 3,13ൽ കർത്താവ് അരുൾചെയ്തിട്ടുള്ളത്? **ഉ:** കടിഞ്ഞൂൽപുത്രന്മാരെല്ലാം.

125 എനിക്കായി ഞാൻ മാറ്റിനിർത്തി എന്ന് സംഖ്യ 3,13ൽ കർത്താവ് അരുൾചെയ്തിട്ടുള്ളത്? **ഉ:** ഇസ്രായേലിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂൽസന്താനങ്ങളെ.

126 അവർ എന്റെ സ്വന്തമാണ് എന്ന് സംഖ്യ 3,13ൽ കർത്താവ് അരുൾചെയ്തിട്ടുള്ളത്? **ഉ:** ഇസ്രായേലിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂൽസന്താനങ്ങളെ.

127 ഇസ്രായേലിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകൾ എനിക്കുള്ളതാണ് എന്ന് ഇതിനു(സംഖ്യ3,13നി)മുമ്പ് ബൈബിളിൽ എവിടെ? **ഉ:** പുറ 13,2.

128 ഇസ്രായേലിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂൽസന്താനങ്ങളെ തനിക്കായി കർത്താവ് മാറ്റിനിർത്തിയത് എപ്പോൾ? **ഉ:** ഈജിപ്തുകാരുടെ ആദ്യജാതന്മാരെ നിഗ്രഹിച്ചപ്പോൾ (3,13).

129 അവർ എനിക്കുള്ളവരാണ് എന്ന് ലേവ്യരെക്കുറിച്ചു കർത്താവ് പറയാൻ കാരണം? **ഉ:** എന്റേതാണ് എന്ന് സംഖ്യ 3,13ൽ കർത്താവ് അരുൾചെയ്തിട്ടുള്ള കടിഞ്ഞൂൽപുത്രന്മാർക്കു പകരം അവിടന്നു തിരഞ്ഞെടുത്തവരാണ് ലേവ്യർ (3,12).

ലേവ്യരുടെ ജനസംഖ്യ

3,14-15 [14]സീനായ്മരുഭൂമിയിൽവച്ചു കർത്താവ് മോശയോട് അരുൾചെയ്തു: [15]ഒരു മാസവും അതിനുമേലും പ്രായമുള്ള ലേവിപുത്രന്മാരുടെ കണക്ക് ഗോത്രവും കുടുംബവും അനുസരിച്ച് എടുക്കുക.

130 എത്ര പ്രായമുള്ള ലേവിപുത്രന്മാരുടെ കണക്ക് എടുക്കുക എന്ന് സീനായ്മരുഭൂമിയിൽവച്ചു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഒരു മാസവും അതിനുമേലും പ്രായമുള്ള (3,15).

131 ലേവിപുത്രന്മാരുടെ കണക്ക് എന്ത് അനുസരിച്ച് എടുക്കുക എന്ന് സീനായ്മരുഭൂമിയിൽവച്ചു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഗോത്രവും കുടുംബവും അനുസരിച്ച് (3,15).

**3,16 കർത്താവ് കല്പിച്ചതുപോലെ മോശ അവരുടെ കണക്കെടുത്തു.**

**3,17 ലേവിയുടെ പുത്രന്മാർ ഇവരായിരുന്നു: ഗർഷോൻ, കൊഹാത്ത്, മെറാറി.**

132 ഗോത്രവും കുടുംബവും അനുസരിച്ച് ലേവിയുടെ പുത്രന്മാർ? **ഉ:** ഗർഷോൻ, കൊഹാത്ത്, മെറാറി (3,17).

**3,18 കുടുംബമനുസരിച്ച് ഗർഷോന്റെ പുത്രന്മാരുടെ പേരുകൾ: ലിബ്നി, ഷിമെയി.**

133 ലിബ്നി, ഷിമെയി എന്നീ പേരുകൾ കുടുംബമനുസരിച്ച് ആരുടെ പുത്രന്മാരുടെ? **ഉ:** ഗർഷോന്റെ (3,18).

**3,19 കുടുംബമനുസരിച്ച് കൊഹാത്തിന്റെ പുത്രന്മാർ ഇവരാണ്: അമ്രാം, യിസ്ഹാർ, ഹെബ്രോൺ, ഉസ്സിയേൽ.**

134 കുടുംബമനുസരിച്ച് കൊഹാത്തിന്റെ പുത്രന്മാർ: **ഉ:** അമ്രാം, യിസ്ഹാർ, ഹെബ്രോൺ, ഉസ്സിയേൽ (3,19).

**3,20 കുടുംബമനുസരിച്ച് മെറാറിയുടെ പുത്രന്മാർ: മഹ്‌ലി മൂഷി, ഇവയാണ് പിതൃഗോത്രപ്രകാരം ലേവിയുടെ കുടുംബങ്ങൾ.**

135 കുടുംബമനുസരിച്ച് മഹ്‌ലി, മൂഷി എന്നിവർ ആരുടെ പുത്രന്മാർ? **ഉ:** മെറാറിയുടെ(3,20).

136 ലേവ്യർ 3,17-20ൽ ഉള്ള ലേവിയുടെ കുടുംബങ്ങൾ എന്തുപ്രകാരമുള്ളത്? **ഉ:** പിതൃഗോത്രപ്രകാരം (3,20).

ഇനി പിതൃഗോത്രങ്ങളിൽനിന്നുള്ള കുടുംബങ്ങളുടെ കണക്കും കുടുംബങ്ങൾ പാളയമടിക്കേണ്ടിടങ്ങളും

**3,21 ലിബ്നിയുടെയും ഷിമെയിയരുടെയും കുടുംബങ്ങളുടെ ഉദ്ഭവം ഗർഷോനിൽനിന്നാണ്. ഇവയാണ് ഗർഷോന്യകുടുംബങ്ങൾ.**

137 ഗർഷോന്യകുടുംബങ്ങൾ ഏവ? **ഉ:** ലിബ്നിയുടെയും ഷിമെയിയരുടെയും കുടുംബങ്ങൾ 93,21).

**3,22 ഒരു മാസവും അതിൽക്കൂടുതലും പ്രായമുള്ള പുരുഷന്മാർ ഏഴായിരത്തിയഞ്ഞൂറ്.**

138 ഒരു മാസവും അതിൽക്കൂടുതലും പ്രായമുള്ള ഏഴായിരത്തിയഞ്ഞൂറ് പുരുഷന്മാർ ആരുടെ കുടുംബത്തിൽ? **ഉ:** ഗർഷോന്യകുടുംബത്തിൽ (3,22).

**3,23-24 [23]ഗർഷോൻകുടുംബക്കാർ കൂടാരത്തിന്റെ [24]പിറകിൽ പടിഞ്ഞാറുവശത്ത് ലായേലിന്റെ മകൻ എലിഹാസിന്റെ നേതൃത്വത്തിൽ പാളയമടിക്കണം.**

139 ഗർഷോൻകുടുംബക്കാർ എവിടെ പാളയമടിക്കണം? **ഉ:** കൂടാരത്തിന്റെ പിറകിൽ പടിഞ്ഞാറുവശത്ത് (3,23-24).

140 കൂടാരത്തിന്റെ പിറകിൽ പടിഞ്ഞാറുവശത്ത് പാളയമടിക്കേണ്ടത് ഏതു കുടുംബക്കാർ? **ഉ:** ഗർഷോൻകുടുബക്കാർ (3,23–24).

141 ഗർഷോൻകുടുംബക്കാർ ആരുടെ നേതൃത്വത്തിൽ **ഉ:** ലായേലിന്റെ മകൻ എലിഫാസിന്റെ (3,24).

142 ലായേലിന്റെ മകൻ എലിഫാസ് നേതാവായിരിക്കുന്ന കുടുംബക്കാർ?
**ഉ:** ഗർഷോൻകുടുംബക്കാർ (3,24).

**3,25–26 [25]ഗർഷോൻകുടുംബക്കാർ സമാഗമകൂടാരത്തിൽ പേടകം, കൂടാരം, അതിന്റെ [26]ആവരണം, വാതിലിന്റെ തിരശ്ശീല, കൂടാരത്തിനും ബലിപീഠത്തിനും ചുറ്റുമുള്ള അങ്കണത്തിന്റെ വിരികൾ, അങ്കണവാതിലിന്റെ യവനിക, അവയുടെ ചരടുകൾ എന്നിവയുമായി ബന്ധപ്പെട്ട സകല ജോലികളും ചെയ്യണം.**

143 ഗർഷോൻകുടുംബക്കാർ ഏവയുമായി ബന്ധപ്പെട്ട സകല ജോലികളും ചെയ്യണം? **ഉ:** സമാഗമകൂടാരത്തിൽ പേടകം, കൂടാരം, അതിന്റെ [26]ആവരണം, വാതിലിന്റെ തിരശ്ശീല, കൂടാരത്തിനും ബലിപീഠത്തിനും ചുറ്റുമുള്ള അങ്കണത്തിന്റെ വിരികൾ, അങ്കണവാതിലിന്റെ യവനിക, അവയുടെ ചരടുകൾ എന്നിവയുമായി (7 കാര്യങ്ങളോടു ബന്ധപ്പെട്ട സകല ജോലികളും).

**3,27 അമ്രാമ്യർ, യിസ്ഹാര്യർ, ഹെബ്രോണ്യർ, ഉസ്സിയേല്യർ എന്നിവർ കൊഹാത്തിൽനിന്നു ജനിച്ച കുടുംബങ്ങളാകുന്നു.**

144 കൊഹാത്തിൽനിന്നു ജനിച്ച കുടുംബങ്ങൾ? **ഉ:** അമ്രാമ്യർ, യിസ്ഹാര്യർ, ഹെബ്രോണ്യർ, ഉസ്സിയേല്യർ എന്നിവർ.

145 ഹെബ്രോണ്യർ ആരിൽനിന്നു ജനിച്ച കുടുംബമാകുന്നു? **ഉ:** കൊഹാത്തിൽനിന്നു (3,27). (ഇതുപോലെ ഓരോരുത്തരെയും ആസ്പദമാക്കി സ്വയം ചോദിച്ചു പഠിക്കുക)

**3,28 ഒരു മാസവും അതിനുമേലും പ്രായമുള്ള പുരുഷന്മാർ എണ്ണായിരത്തിയറുനൂറ്. വിശുദ്ധസ്ഥലത്തു ശുശ്രൂഷ ചെയ്യാനുള്ള കടമ അവരുടേതാണ്.**

146 കൊഹാത്തിൽനിന്നു ജനിച്ച കുടുംബങ്ങളിൽ ഒരു മാസവും അതിൽക്കൂടുതലും പ്രായമുള്ള പുരുഷന്മാർ എത്ര? **ഉ:** എണ്ണായിരത്തിയറുനൂറ് (3,28).

147 കൊഹാത്തിൽനിന്നു ജനിച്ച കുടുംബങ്ങളിലെ പുരുഷന്മാർക്ക് എവിടെ ശുശ്രൂഷ ചെയ്യാൻ കടമ? **ഉ:** വിശുദ്ധസ്ഥലത്ത് (3,28).

**3,29 കൊഹാത്തുകുടുംബങ്ങൾ കൂടാരത്തിന്റെ തെക്കുവശത്താണ് പാളയമടിക്കേണ്ടത്.**

148 കൂടാരത്തിന്റെ തെക്കുവശത്ത് പാളയമടിക്കേണ്ട കുടുംബങ്ങൾ? **ഉ;** കൊഹാത്തു കുടുംബങ്ങൾ (3,29).

**3,30 അവരുടെ നേതാവ് ഉസ്സിയേലിന്റെ മകൻ എലിസാഫാൻ ആണ്.**

149 കൊഹാത്തുകുടുംബങ്ങളുടെ നേതാവ്? **ഉ:** എലിസാഫാൻ (3,30).

**2,31 പേടകം, മേശ, വിളക്കുകാൽ, ബലിപീഠങ്ങൾ, വിശുദ്ധസ്ഥലത്തു പുരോഹിതൻ ശുശ്രൂഷയ്ക്കുപയോഗിക്കുന്ന പാത്രങ്ങൾ, തിരശ്ശീല എന്നിവയും അവയെ സംബന്ധിക്കുന്ന ജോലികളും ഇവരുടെ ചുമതലയാണ്.**

150 കൊഹാത്തുകുടുംബങ്ങളുടെ ചുമതല? **ഉ:** പേടകം, മേശ, വിളക്കുകാല്, ബലിപീഠങ്ങൾ, വിശുദ്ധസ്ഥലത്തു പുരോഹിതൻ ശുശ്രൂഷയ്ക്കുപയോഗിക്കുന്ന പാത്രങ്ങൾ, തിരശ്ശീല എന്നിവയും അവയെ സംബന്ധിക്കുന്ന ജോലികളും (7 കാര്യങ്ങൾ)

151 വിശുദ്ധസ്ഥലത്തു പുരോഹിതൻ ശുശ്രൂഷയ്ക്കുപയോഗിക്കുന്ന പാത്രങ്ങളുടെ ചുമതല ആർക്ക്? **ഉ:** കൊഹാത്തുകുടുംബങ്ങളുടെ (3,31).

**3,32 പുരോഹിതനായ അഹറോന്റെ പുത്രൻ എലെയാസറിന് ലേവ്യരുടെ നേതാക്കളുടെ നേതൃത്വവും വിശുദ്ധസ്ഥലവിചാരിപ്പുകാരുടെ മേൽനോട്ടവും ഉണ്ടായിരിക്കും.**

152 ലേവ്യരുടെ നേതാക്കളുടെ നേതൃത്വം ആർക്ക്? ഉ: പുരോഹിതനായ അഹറോന്റെ പുത്രൻ എലെയാസറിന് (3,32).

153 പുരോഹിതനായ അഹറോന്റെ പുത്രൻ എലെയാസറിന് ആരുടെ മേൽനോട്ടം?
**ഉ:** വിശുദ്ധസ്ഥലവിചാരിപ്പുകാരുടെ (3,32).

**3,33 മഹാലി, മൂഷി എന്നീ കുടുംബങ്ങൾ മെറാറിയിൽനിന്നുണ്ടായി.**

154 മഹാലി, മൂഷി എന്നീ കുടുംബങ്ങൾ ഉണ്ടായത്? **ഉ:** മെറാറിയിൽനിന്ന് (3,33).



**3,34 ഇവയാണ് മെറാറിക്കുടുംബങ്ങൾ. അവയിൽ ഒരു മാസവും അതിൽക്കൂടുതലും പ്രായമുള്ള പുരുഷന്മാർ ആറായിരത്തിയിരുനൂറ്.**

155 മെറാറിക്കുടുംബങ്ങൾ ഏവ? **ഉ:** മഹാലി, മൂഷി എന്നീ കുടുംബങ്ങൾ (3,34).

156 മെറാറിക്കുടുംബങ്ങളിൽ ഒരു മാസവും അതിൽക്കൂടുതലും പ്രായമുള്ള പുരുഷന്മാർ എത്ര? **ഉ:** ആറായിരത്തിയിരുനൂറ് (3,34).

**3,35 മെറാറിഗോത്രത്തിന്റെ തലവൻ അബിഹയിലിന്റെ മകൻ സൂരിയേൽ ആയിരുന്നു. കൂടാരത്തിനു വടക്കുഭാഗത്താണ് അവർ പാളയമടിക്കേണ്ടത്.**

157 മെറാറിഗോത്രത്തിന്റെ തലവൻ? **ഉ:** സൂരിയേൽ (3,35).

158 മെറാറിഗോത്രത്തിന്റെ തലവൻ സൂരിയേൽ ആരുടെ മകൻ ആയിരുന്നു?
**ഉ:** അബിഹയിലിന്റെ (3,35).

159 മെറാറിഗോത്രം പാളയമടിക്കേണ്ടത്? **ഉ** കൂടാരത്തിനു വടക്കുഭാഗത്ത് (3,35).

**3,36 മെറാറിയുടെ പുത്രന്മാർ കൂടാരത്തിന്റെ ചട്ടക്കൂട്, അഴികൾ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, മറ്റുപകരണങ്ങൾ ഇവയുമായി ബന്ധപ്പെടുന്ന എല്ലാ ജോലികളും ചെയ്യണം.**

160 മെറാറിയുടെ പുത്രന്മാർ ഏവയുമായി ബന്ധപ്പെടുന്ന എല്ലാ ജോലികളും ചെയ്യണം? **ഉ:** കൂടാരത്തിന്റെ ചട്ടക്കൂട്, അഴികൾ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, മറ്റുപകരണങ്ങൾ (3,36). (അഞ്ചിനങ്ങൾ)

161 ഏതാണ് മെറാറിയുടെ പുത്രന്മാർ ചെയ്യേണ്ട ജോലിയുമായി ബന്ധപ്പെടാത്തത്? കൂടാരത്തിന്റെ ചട്ടക്കൂട്, അഴികൾ, വിളക്കുകാൽ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, മറ്റുപകരണങ്ങൾ. **ഉ:** വിളക്കുകാൽ (2,31 കാണുക).

**3,37 അങ്കണത്തിന്റെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കുറ്റികൾ, ചരടുകൾ ഇവയുടെ മേൽനോട്ടവും അവർ വഹിക്കണം.**

162 മെറാറിയുടെ പുത്രന്മാർ മേൽനോട്ടം വഹിക്കേണ്ടവ? **ഉ;** അങ്കണത്തിന്റെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കുറ്റികൾ, ചരടുകൾ ഇവയുടെ (3,37).

163 അങ്കണത്തിന്റെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കുറ്റികൾ, ചരടുകൾ ഇവയുടെ മേൽനോട്ടം വഹിക്കേണ്ടവർ? **ഉ:** മെറാറിയുടെ പുത്രന്മാർ (3,37).

**3,38 സമാഗമകൂടാരത്തിനു മുമ്പിൽ കിഴക്കുവശത്ത് പാളയമടിക്കേണ്ടത് മോശയും, അഹറോനും അവന്റെ പുത്രന്മാരുമാണ്. വിശുദ്ധസ്ഥലത്ത് ഇസ്രായേൽജനത്തിനുവേണ്ടി നിർവഹിക്കേണ്ട എല്ലാ ആരാധനയുടെയും ചുമതല അവർക്കാണ്. മറ്റാരെങ്കിലും അതിനു മുതിർന്നാൽ അവനെ വധിക്കണം.**

163 സമാഗമകൂടാരത്തിനു മുമ്പിൽ കിഴക്കുവശത്ത് പാളയമടിക്കേണ്ടത്? **ഉ:** മോശയും, അഹറോനും അവന്റെ പുത്രന്മാരുമാണ് (3,38).

164 ഇസ്രായേൽജനത്തിനുവേണ്ടി നിർവഹിക്കേണ്ട എല്ലാ ആരാധനയുടെയും ചുമതല ആർക്ക്? **ഉ:** അഹറോനും അവന്റെ പുത്രന്മാർക്കും.

165 അഹറോനും അവന്റെ പുത്രന്മാരും ഇസ്രായേൽജനത്തിനുവേണ്ടി ആരാധന നിർവഹിക്കേണ്ടത് എവിടെ? **ഉ:** വിശുദ്ധസ്ഥലത്ത് (3,38).

166 വിശുദ്ധസ്ഥലത്ത് ഇസ്രായേൽജനത്തിനുവേണ്ടി മറ്റാരെങ്കിലും ആരാധന നിർവഹിക്കാൻ മുതിർന്നാൽ ശിക്ഷ? **ഉ:** അവനെ വധിക്കണം (3,38).

**3,39 കർത്താവ് കല്പിച്ചതനുസരിച്ച് മോശയും അഹറോനും കൂടി ഒരു മാസവും അതിനുമേലും പ്രായമുള്ള ലേവ്യരുടെ എണ്ണമെടുത്തപ്പോൾ സംഖ്യ ഇരുപത്തീരായിരമായിരുന്നു.**

167 ലേവ്യരുടെ എണ്ണമെടുത്തത് ആര്? **ഉ;** മോശയും അഹറോനും കൂടി (3,39).

168 മോശയും അഹറോനും കൂടി ഒരു മാസവും അതിനുമേലും പ്രായമുള്ള ലേവ്യരുടെ എണ്ണമെടുത്തപ്പോൾ സംഖ്യ എത്രയായിരുന്നു? **ഉ:** ഇരുപത്തീരായിരം (3,39).

ലേവ്യർ ആദ്യജാതർക്കു പകരം

**3,40 കർത്താവ് മോശയോട് അരുൾചെയ്തു: ഇസ്രായേൽജനങ്ങളിൽ ഒരു മാസവും അതിനുമേലും പ്രായമുള്ള എല്ലാ കടിഞ്ഞൂൽപുത്രന്മാരെയും പേർ വിളിച്ച് എണ്ണുക.**

169 ഇസ്രായേൽജനങ്ങളിൽ ഒരു മാസവും അതിനുമേലും പ്രായമുള്ള എല്ലാ കടിഞ്ഞൂൽപുത്രന്മാരെയും പേർ വിളിച്ച് എണ്ണുക എന്നു കർത്താവ് ആരോട് അരുൾചെയ്തു?

ഉ: മോശയോട് (3,40).

170 ഇസ്രായേൽജനങ്ങളിൽ ഒരു മാസവും അതിനുമേലും പ്രായമുള്ള ആരെ പേർവിളിച്ച് എണ്ണുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** എല്ലാ കടിഞ്ഞൂൽപുത്രന്മാരെയും (3,40).

171 ഇസ്രായേൽജനങ്ങളിൽ ഒരു മാസവും അതിനുമേലും പ്രായമുള്ള എല്ലാ കടിഞ്ഞൂൽപുത്രന്മാരെയും എങ്ങനെ എണ്ണുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** പേർ വിളിച്ച് **(3,40).**

**3,41 ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ എനിക്കായി മാറ്റിനിർത്തുക. അതുപോലെ, ഇസ്രായേല്യരുടെ മൃഗങ്ങളുടെ കടിഞ്ഞൂലുകൾക്കു പകരം ലേവ്യരുടെ മൃഗങ്ങളെയും എനിക്കായി മാറ്റിനിർത്തുക. ഞാനാണ് കർത്താവ്.**

172 ലേവ്യർ ആർക്കായി മാറ്റിനിർത്തപ്പെട്ടവർ? **ഉ:** കർത്താവിനായി (3,41).

173 ലേവ്യരെ ആർക്കു പകരം എനിക്കായി മാറ്റിനിർത്തുക എന്നു കർത്താവ് മോശയോടു പറഞ്ഞു? **ഉ:** ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം (3,41).

174 ഇസ്രായേല്യരുടെ മൃഗങ്ങളുടെ കടിഞ്ഞൂലുകൾക്കു പകരം കർത്താവിനായി മാറ്റിനിർത്തപ്പെട്ടവ? **ഉ:** ലേവ്യരുടെ മൃഗങ്ങളെ (3,41).

175 പൂരിപ്പിക്കുക: ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ എനിക്കായി മാറ്റിനിർത്തുക. അതുപോലെ, ഇസ്രായേല്യരുടെ മൃഗങ്ങളുടെ കടിഞ്ഞൂലുകൾക്കു പകരം ലേവ്യരുടെ മൃഗങ്ങളെയും എനിക്കായി മാറ്റിനിർത്തുക. ... (3,41).
**ഉ:** ഞാനാണ് കർത്താവ്.

**3,42 കർത്താവ് കല്പിച്ചതുപോലെ മോശ ഇസ്രായേല്യരുടെ ആദ്യജാതന്മാരെയെല്ലാം എണ്ണിത്തിട്ടപ്പെടുത്തി.**

176 കർത്താവ് കല്പിച്ചതുപോലെ മോശ എണ്ണിത്തിട്ടപ്പെടുത്തിയത് ആരെ? **ഉ:** ഇസ്രായേല്യരുടെ ആദ്യജാതന്മാരെയെല്ലാം (3,42).

**3,43 ഒരു മാസവും അതിനുമേലും പ്രായമുള്ള ആദ്യജാതരായ എല്ലാ പുരുഷസന്താനങ്ങളെയും വേർതിരിച്ച് എണ്ണിയപ്പോൾ ഇരുപത്തീരായിരത്തിയിരുന്നൂറ്റിയെഴുപത്തിമൂന്നു പേർ ഉണ്ടായിരുന്നു.** (ആദ്യജാതരായ പുരുഷന്മാർ – 22273)

177 ഒരു മാസവും അതിനുമേലും പ്രായമുള്ള ആദ്യജാതരായ എല്ലാ പുരുഷസന്താനങ്ങളെയും വേർതിരിച്ച് മോശ എണ്ണിയപ്പോൾ എത്രപേർ ഉണ്ടായിരുന്നു?
**ഉ:** ഇരുപത്തീരായിരത്തിയിരുന്നൂറ്റിയെഴുപത്തിമൂന്നു പേർ (3,43). – 22273

**3,44–45 [44]കർത്താവ് മോശയോട് അരുൾചെയ്തു: [45]ഇസ്രായേല്യരുടെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ എടുക്കുക; അവരുടെ കന്നുകാലികൾക്കു പകരം ലേവ്യരുടെ കന്നുകാലികളെയും.** (3,41ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).

178 ആർക്കു പകരം ലേവ്യരെ എടുക്കുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഇസ്രായേല്യരുടെ ആദ്യജാതന്മാർക്കു പകരം (3,45).

179 ആരുടെ കന്നുകാലികൾക്കു പകരം ലേവ്യരുടെ കന്നുകാലികളെ എടുക്കുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഇസ്രായേല്യരുടെ (3,45).

**3,46–47 [46]ലേവ്യർ എനിക്കുള്ളവരാണ്. [47]ഞാനാണ് കർത്താവ്.**

180 എനിക്കുള്ളവരാണ് എന്ന് കർത്താവ് ആരെക്കുറിച്ച് മോശയോട് അരുൾചെയ്തെന്ന് സംഖ്യ 3,46? **ഉ:** ലേവ്യരെക്കുറിച്ച്.

**3,48 ലേവ്യപുരുഷന്മാരുടെ എണ്ണത്തിൽ കവിഞ്ഞുള്ള ഇരുനൂറ്റിയെഴുപത്തിമൂന്ന് ഇസ്രായേൽആദ്യജാതന്മാരുടെ വീണ്ടെടുപ്പിന്, ആളൊന്നിന് അഞ്ചു ഷെക്കൽവീതം എടുത്ത് അധികം വരുന്നവരുടെ വീണ്ടെടുപ്പിനുവേണ്ടി അഹറോനെയും മക്കളെയും ഏല്പിക്കുക. വിശുദ്ധസ്ഥലത്തെ നിരക്കനുസരിച്ച് ഇരുപതു ഗേരായാണ് ഒരു ഷെക്കൽ.**

181 ലേവ്യപുരുഷന്മാരുടെ എണ്ണത്തിൽ കവിഞ്ഞുള്ള ഇസ്രായേൽആദ്യജാതന്മാർ എത്ര? **ഉ:** ഇരുനൂറ്റിയെഴുപത്തിമൂന്ന് (3,48).

182 ഇരുനൂറ്റിയെഴുപത്തിമൂന്ന് ഇസ്രായേൽആദ്യജാതന്മാർ ആര്? **ഉ** ലേവ്യപുരുഷന്മാരുടെ എണ്ണത്തിൽ കവിഞ്ഞുള്ളവർ (3,48)



183 ലേവ്യപുരുഷന്മാരുടെ എണ്ണത്തിൽ കവിഞ്ഞുള്ള ഇരുനൂറ്റിയെഴുപത്തിമൂന്ന് ഇസ്രായേൽആദ്യജാതന്മാരുടെ എന്തിന്, ആളൊന്നിന് അഞ്ചു ഷെക്കൽവീതം എടുത്ത് അധികം വരുന്നവരുടെ വീണ്ടെടുപ്പിനുവേണ്ടി അഹറോനെയും മക്കളെയും ഏല്പിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** വീണ്ടെടുപ്പിന് (3,48).

184 ആളൊന്നിന് അഞ്ചു ഷെക്കൽവീതം എടുത്ത് അധികം വരുന്നവരുടെ വീണ്ടെടുപ്പിനുവേണ്ടി ആരെ ഏല്പിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു?
**ഉ:** അഹറോനെയും മക്കളെയും (3,48).

185 വിശുദ്ധസ്ഥലത്തെ നിരക്കനുസരിച്ച് ഒരു ഷെക്കൽ എത്ര ഗേരാ? **ഉ:** ഇരുപത് (3,48)
(ഒരു ഗേരാ 6 ഗ്രാം: പി.ഒ.സി ബൈബിൾ)

**3,49 ലേവ്യരാൽ വീണ്ടെടുക്കപ്പെടാതെ അവശേഷിച്ചവരുടെ വീണ്ടെടുപ്പുവില മോശ ശേഖരിച്ചു.**

186 ആരുടെ വീണ്ടെടുപ്പുവില മോശ ശേഖരിച്ചു? **ഉ:** ലേവ്യരാൽ വീണ്ടെടുക്കപ്പെടാതെ അവശേഷിച്ചവരുടെ (3,49).

**3,50 ഇസ്രായേലിലെ ആദ്യജാതരിൽനിന്ന് വിശുദ്ധസ്ഥലത്തെ ഷെക്കലിന്റെ കണക്കനുസരിച്ച് ആയിരത്തിമുന്നൂറ്ററുപത്തഞ്ചു ഷെക്കൽ മോശ പിരിച്ചെടുത്തു.** 1365

187 വിശുദ്ധസ്ഥലത്തെ ഷെക്കലിന്റെ കണക്കനുസരിച്ച് ആയിരത്തിമുന്നൂറ്ററുപത്തഞ്ചു ഷെക്കൽ മോശ പിരിച്ചെടുത്തത് ആരിൽനിന്ന്? **ഉ:** ഇസ്രായേലിലെ ആദ്യജാതരിൽനിന്ന് (3,50).

**3,51 കർത്താവിന്റെ കല്പനയനുസരിച്ച് മോശ വീണ്ടെടുപ്പുവില അഹറോനെയും മക്കളെയും ഏല്പിച്ചു.**

188 ഇസ്രായേലിലെ ആദ്യജാതരിൽനിന്ന് പിരിച്ചെടുത്ത വീണ്ടെടുപ്പുവില മോശ ആരെ ഏല്പിച്ചു? **ഉ:** അഹറോനെയും മക്കളെയും (3,51).

189 ഞാനാണ് കർത്താവ് എന്ന് സംഖ്യ 3ൽ എത്ര പ്രാവശ്യം? **ഉ:** രണ്ട് (3,41.47; രണ്ടും ആദ്യജാതന്മാരെപ്പരാമർശിക്കുമ്പോൾ).
(കൂടാതെ, ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാണ് എന്ന് 10,10ൽ)

## അധ്യായം 4 അധ്യായം 4ൽ 49 വാക്യങ്ങൾ

കൊഹാത്യരുടെ കടമകൾ

**4,1–2 [1]കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തു: [2]കുലവും കുടുംബവുമനുസരിച്ച് ലേവിഗോത്രത്തിലെ കൊഹാത്യരുടെ കണക്കെടുക്കുക.**

190 കൊഹാത്യർ ഏതു ഗോത്രത്തിലെ? **ഉ:** ലേവിഗോത്രത്തിലെ.

191 എന്തനുസരിച്ച് ലേവിഗോത്രത്തിലെ കൊഹാത്യരുടെ കണക്കെടുക്കുക എന്ന് കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തു? **ഉ:** കുലവും കുടുംബവുമനുസരിച്ച് (4,1).

**4,3 മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ കണക്കാണ് എടുക്കേണ്ടത്.**

192 കൊഹാത്യരുടെ കണക്കെടുപ്പിൽ ഉൾപ്പെടുത്തേണ്ട പ്രായക്കാർ? **ഉ:** മുപ്പതു മുതൽ അമ്പതുവരെ വയസ്സുവരെ പ്രായക്കാർ (4,3).

193 കണക്കെടുപ്പിൽ ഉൾപ്പെടുത്തേണ്ട കൊഹാത്യരുടെ യോഗ്യത? **ഉ:** മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവർ (4,3).

**ശ്രദ്ധിക്കുക:** സമാഗമകൂടാരത്തിലെ സാധനങ്ങൾ വഹിക്കുകയാണ് കൊഹാത്യരുടെ ചുമതല. അഹറോനും പുത്രന്മാരും കൂടാരത്തിൽ പ്രവേശിച്ച് ചില കാര്യങ്ങൾ ചെയ്തതിനുശേഷമാണ് കൊഹാത്യർ തങ്ങളുടെ ചുമതല ചെയ്യേണ്ടത്. അഹറോനും പുത്രന്മാരും കൂടാരത്തിൽ പ്രവേശിച്ച് ചെയ്യേണ്ട കാര്യങ്ങൾ 5 – 14 വാക്യങ്ങളിൽ വിവരിക്കുന്നു. 15 മുതലുള്ള വാക്യങ്ങൾ കൊഹാത്യരുടെ ചുമതല വിവരിക്കുന്നു.

**4,4 സമാഗമകൂടാരത്തിൽ അതിവിശുദ്ധ വസ്തുക്കൾ സംബന്ധിച്ച് കൊഹാത്യർ അനുഷ്ഠിക്കേണ്ട ശുശ്രൂഷ ഇതാണ്:**

കൊഹാത്യർ അനുഷ്ഠിക്കേണ്ട ശുശ്രൂഷയ്ക്കു മുമ്പ് അഹറോനും പുത്രന്മാരും ചെയ്യേ

ണ്ടവ:

**4,5 സമൂഹം പുറപ്പെടാനുള്ള സമയമാകുമ്പോൾ അഹറോനും പുത്രന്മാരും അകത്തു പ്രവേശിച്ച് തിരശ്ശീല അഴിച്ച്, അതുകൊണ്ടു സാക്ഷ്യപേടകം മൂടണം.**

194 സമൂഹം പുറപ്പെടാനുള്ള സമയമാകുമ്പോൾ അകത്തു പ്രവേശിച്ച് തിരശ്ശീല അഴിക്കേണ്ടത് ആര്? **ഉ:** അഹറോനും പുത്രന്മാരും (4,5).

195 സമൂഹം പുറപ്പെടാനുള്ള സമയമാകുമ്പോൾ അഹറോനും പുത്രന്മാരും അകത്തു പ്രവേശിച്ച് തിരശ്ശീല അഴിച്ച്, അതുകൊണ്ട് എന്തു മൂടണം? **ഉ:** സാക്ഷ്യപേടകം

196 സമൂഹം പുറപ്പെടാനുള്ള സമയമാകുമ്പോൾ അഹറോനും പുത്രന്മാരും അകത്തു പ്രവേശിച്ച് എന്തുകൊണ്ടു സാക്ഷ്യപേടകം മൂടണം? **ഉ:** തിരശ്ശീലകൊണ്ട് (4,5).

**4,6 അതിനുമീതേ ആട്ടിൻതോലുകൊണ്ടുള്ള ആവരണവും നീലനിറത്തിലുള്ള മറ്റൊരാവരണവും ഇടണം. പേടകം വഹിക്കാനുള്ള തണ്ടുകൾ ഉറപ്പിക്കണം.**

197 സാക്ഷ്യപേടകം മൂടിയ തിരശ്ശീലയ്ക്കുമീതേ ഇടേണ്ടത്? **ഉ:** ആട്ടിൻതോലുകൊണ്ടുള്ള ആവരണവും നീലനിറത്തിലുള്ള മറ്റൊരാവരണവും (4,6).

199 പേടകം വഹിക്കാനുള്ള തണ്ടുകൾ ഉറപ്പിക്കേണ്ടത്? **ഉ:** അഹറോനും പുത്രന്മാരും, സമാഗമകൂടാരത്തിനകത്തുവച്ച് (4,5-6).

**4,7 തിരുസന്നിധാനമേശയിൽ നീലത്തുണി വിരിച്ച്, താലങ്ങളും തട്ടങ്ങളും കലശങ്ങളും പാനീയബലിക്കുള്ള ചഷകങ്ങളും അതിന്മേൽ വയ്ക്കണം. ദിനംതോറും സമർപ്പിക്കുന്ന അപ്പവും അതിന്മേൽ ഉണ്ടായിരിക്കണം.**

200 നീലത്തുണി വിരിക്കേണ്ടത്? **ഉ:** അഹറോനും പുത്രന്മാരും, തിരുസന്നിധാനമേശയിൽ (4,7).

201 തിരുസന്നിധാനമേശയിൽ നീലത്തുണി വിരിച്ച്, അതിന്മേൽ വയ്ക്കേണ്ടവ?
**ഉ:** താലങ്ങളും തട്ടങ്ങളും കലശങ്ങളും പാനീയബലിക്കുള്ള ചഷകങ്ങളും (4,7) (നാലിനങ്ങൾ)

202 തിരുസന്നിധാനമേശയിൽ എന്തും ഉണ്ടായിരിക്കണം? **ഉ:** ദിനംതോറും സമർപ്പിക്കുന്ന അപ്പവും (4,7).

**4,8 അവയുടെമേൽ ചെമന്ന തുണി വിരിച്ച് ആട്ടിൻതോലു പൊതിയണം. മേശ വഹിക്കാനുള്ള തണ്ടുകൾ ഉറപ്പിക്കണം.**

203 തിരുസന്നിധാനമേശയിൽ നീലത്തുണി വിരിച്ച്, അതിന്മേൽ വച്ച താലങ്ങൾ, തട്ടങ്ങൾ, കലശങ്ങൾ, പാനീയബലിക്കുള്ള ചഷകങ്ങൾ, അപ്പം എന്നിവയുടെമേൽ എന്തു വിരിച്ച് എന്തു പൊതിയണം? **ഉ:** ചെമന്ന തുണി വിരിച്ച് ആട്ടിൻതോലു പൊതിയണം. (4,8).

204 തിരുസന്നിധാനമേശയിൽ ഉറപ്പിക്കേണ്ടത്? **ഉ:** മേശ വഹിക്കാനുള്ള തണ്ടുകൾ (4,8).

**4,9 നീലത്തുണികൊണ്ട് വിളക്കുകാൽ, വിളക്കുകൾ, തിരി മുറിക്കാനുള്ള കത്രികകൾ, തട്ടങ്ങൾ എണ്ണപ്പാത്രങ്ങൾ ഇവ മൂടണം.**

205 വിളക്കുകാൽ, വിളക്കുകൾ, തിരി മുറിക്കാനുള്ള കത്രികകൾ, തട്ടങ്ങൾ എണ്ണപ്പാത്രങ്ങൾ എന്നിവ ഏതു തുണികൊണ്ടു മൂടണം? **ഉ:** നീലത്തുണികൊണ്ട് (4,9).

**4,10 അതിന്റെ സകല ഉപകരണങ്ങളും ആട്ടിൻതോൽ പൊതിഞ്ഞ് ചുമക്കാനുള്ള തണ്ടിൽ സ്ഥാപിക്കണം.**

206 വിളക്കുകാലിന്റെ സകല ഉപകരണങ്ങളും എന്തു പൊതിയണം? **ഉ:** ആട്ടിൻതോൽ (4,10).

207 വിളക്കുകാലിന്റെ സകല ഉപകരണങ്ങളും ആട്ടിൻതോൽ പൊതിഞ്ഞ് എന്തിൽ സ്ഥാപിക്കണം? **ഉ:** ചുമക്കാനുള്ള തണ്ടിൽ 94,10).

**4,11 സുവർണബലിപീഠത്തിന്മേൽ നീലത്തുണി വിരിച്ച്, ആട്ടിൻതോൽ പൊതിഞ്ഞ്, അതു വഹിക്കാനുള്ള ചട്ടക്കൂടിൽ സ്ഥാപിക്കണം.**

208 സുവർണബലിപീഠത്തിന്മേൽ വിരിക്കേണ്ടത്? **ഉ:** നീലത്തുണി (4,11).

209 സുവർണബലിപീഠത്തിന്മേൽ നീലത്തുണി പൊതിയേണ്ടത്? **ഉ:** ആട്ടിൻതോൽ (4,11).

210 സുവർണബലിപീഠത്തിന്മേൽ ഉറപ്പിക്കേണ്ടത്? **ഉ:** അതു വഹിക്കാനുള്ള തണ്ടുകൾ (4,11).

**4,12 വിശുദ്ധസ്ഥലത്ത് ഉപയോഗിക്കുന്ന പാത്രങ്ങളെല്ലാം നീലത്തുണിയിലാക്കി**



**ആട്ടിൻതോൽ പൊതിഞ്ഞ് അതു വഹിക്കാനുള്ള ചട്ടക്കൂടിൽ സ്ഥാപിക്കണം.**

211 വിശുദ്ധസ്ഥലത്ത് ഉപയോഗിക്കുന്ന പാത്രങ്ങളെല്ലാം എന്തിലാക്കി എന്തിൽ പൊതിയണം? **ഉ:** നീലത്തുണിയിലാക്കി ആട്ടിൻതോൽ പൊതിയണം (4,12).

212 വിശുദ്ധസ്ഥലത്ത് ഉപയോഗിക്കുന്ന പാത്രങ്ങളെല്ലാം നീലത്തുണിയിലാക്കി ആട്ടിൻതോൽ പൊതിഞ്ഞ് എവിടെ സ്ഥാപിക്കണം? **ഉ:** അതു വഹിക്കാനുള്ള ചട്ടക്കൂടിൽ (4,12).

**4,13 ബലിപീഠത്തിൽനിന്നു ചാരം നീക്കിയശേഷം അതിന്മേൽ ചെമന്ന തുണി വിരിക്കണം.**

213 ബലിപീഠത്തിൽനിന്നു നീക്കേണ്ടത്? **ഉ:** ചാരം (4,13).

214 ബലിപീഠത്തിൽനിന്നു ചാരം നീക്കിയശേഷം അതിന്മേൽ എന്തു വിരിക്കണം?
**ഉ:** ചെമന്ന തുണി (4,13).

**4,14 ബലിപീഠത്തിലെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളെല്ലാം – അഗ്നികലശങ്ങൾ, മുൾക്കരണ്ടികൾ, കോരികകൾ, തട്ടങ്ങൾ, എന്നിവ – അതിന്മേൽ വയ്ക്കണം. അതിനുമുകളിൽ ആട്ടിൻതോൽ വിരിച്ച് അതു വഹിക്കാനുള്ള തണ്ടുകൾ ഉറപ്പിക്കണം.** (4,7ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക)

215 ബലിപീഠത്തിലെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളെല്ലാം ഏവ?
**ഉ:** അഗ്നികലശങ്ങൾ, മുൾക്കരണ്ടികൾ, കോരികകൾ, തട്ടങ്ങൾ എന്നിവ (4,14).

216 ബലിപീഠത്തിലെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളെല്ലാം എവിടെ വയ്ക്കണം? **ഉ:** അതിന്മേൽ (ബലിപീഠത്തിന്മേൽ) (4,14).

217 അതിനുമുകളിൽ എന്തു വിരിക്കണം? **ഉ:** ആട്ടിൻതോൽ (4,14).

218 ബലിപീഠത്തിനുമുകളിൽ ആട്ടിൻതോൽ വിരിച്ച് എന്ത് ഉറപ്പിക്കണം? **ഉ:** അതു വഹിക്കാനുള്ള തണ്ടുകൾ (4,14).

**4,15 അഹറോനും പുത്രന്മാരുംകൂടി വിശുദ്ധസ്ഥലവും അതിലെ ഉപകരണങ്ങളും പൊതിഞ്ഞുകഴിഞ്ഞ് സമൂഹം പുറപ്പെടുമ്പോൾ വാഹകരായി കൊഹാത്യർ വരണം. എന്നാൽ അവർ വിശുദ്ധവസ്തുക്കളെ സ്പർശിക്കരുത്; സ്പർശിച്ചാൽ മരിക്കും. ഇവയെല്ലാമാണ് കൊഹാത്യർ വഹിക്കേണ്ട സമാഗമകൂടാരത്തിലെ സാധനങ്ങൾ.**

219 കൊഹാത്യർ ആരാണ്? **ഉ:** സമാഗമകൂടാരത്തിലെ സാധനങ്ങൾ വഹിക്കുന്നവർ (4,15).

220 അഹറോനും പുത്രന്മാരുംകൂടി വിശുദ്ധസ്ഥലവും അതിലെ ഉപകരണങ്ങളും പൊതിഞ്ഞുകഴിഞ്ഞ് സമൂഹം പുറപ്പെടുമ്പോൾ വാഹകരായി ആര് വരണം? **ഉ:** കൊഹാത്യർ (4,15).

221 അഹറോനും പുത്രന്മാരുംകൂടി വിശുദ്ധസ്ഥലവും അതിലെ ഉപകരണങ്ങളും പൊതിഞ്ഞുകഴിഞ്ഞ് എപ്പോൾ വാഹകരായി കൊഹാത്യർ വരണം? **ഉ:** സമൂഹം പുറപ്പെടുമ്പോൾ (4,15).

222 വിശുദ്ധസ്ഥലവും അതിലെ ഉപകരണങ്ങളും വഹിക്കുമെങ്കിലും വിശുദ്ധവസ്തുക്കളെ സ്പർശിക്കരുതാത്തവർ? **ഉ:** കൊഹാത്യർ (4,15).

**4,16 പുരോഹിതനായ അഹറോന്റെ മകൻ എലെയാസർ ദീപത്തിനുവേണ്ടി എണ്ണ, സുഗന്ധധൂപം, അനുദിനധാന്യബലിക്കുള്ള സാധനങ്ങൾ, അഭിഷേകതൈലം എന്നിവയുടെ മേൽനോട്ടം വഹിക്കണം. കൂടാരത്തിന്റെയും അതിലുള്ള സകല സാധനങ്ങളുടെയും വിശുദ്ധസ്ഥലത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും ചുമതലയും അവൻതന്നെ വഹിക്കണം.**

223 ദീപത്തിനുവേണ്ടി എണ്ണ, സുഗന്ധധൂപം, അനുദിനധാന്യബലിക്കുള്ള സാധനങ്ങൾ, അഭിഷേകതൈലം എന്നിവയുടെ മേൽനോട്ടം ആര് വഹിക്കണം?
**ഉ:** പുരോഹിതനായ അഹറോന്റെ മകൻ എലെയാസർ (4,16).

224 പുരോഹിതനായ അഹറോന്റെ മകൻ എലെയാസർ ഏവയുടെ മേൽനോട്ടം വഹിക്കണം? **ഉ:** ദീപത്തിനുവേണ്ടി എണ്ണ, സുഗന്ധധൂപം, അനുദിനധാന്യബലിക്കുള്ള സാധനങ്ങൾ, അഭിഷേകതൈലം എന്നിവയുടെ (4,16).

225 അവൻതന്നെ (പുരോഹിതനായ അഹറോന്റെ മകൻ എലെയാസർ) ചുമതല വഹിക്കേണ്ടവ? **ഉ:** കൂടാരത്തിന്റെയും അതിലുള്ള സകല സാധനങ്ങളുടെയും വിശുദ്ധസ്ഥലത്തിന്റെയും അതിലെ ഉപകരണങ്ങളുടെയും (4,16).

**4,17–20 [17]കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തു: [18]കൊഹാത്യ കുടുംബങ്ങളെ ലേവിഗോത്രത്തിൽനിന്നു നശിച്ചുപോകാൻ ഇടയാക്കരുത്. [19]അതിവിശുദ്ധവസ്തുക്കളെ സമീപിക്കുമ്പോൾ അവർ മരിക്കാതിരിക്കേണ്ടതിന്, അഹറോനും പുത്രന്മാരും അകത്തുകടന്ന് അവരിൽ ഓരോരുത്തരെയും അവരവരുടെ ജോലിക്കു നിയോഗിക്കണം. [20]എന്നാൽ, അവർ അകത്തു കടന്ന് ക്ഷണനേരത്തേക്കുപോലും വിശുദ്ധവസ്തുക്കളെ നോക്കരുത്; നോക്കിയാൽ അവർ മരിക്കും.**

226 കൊഹാത്യകുടുംബങ്ങളെ ലേവിഗോത്രത്തിൽനിന്നു നശിച്ചുപോകാൻ ഇടയാക്കരുത് എന്ന് കർത്താവ് ആരോട് അരുൾചെയ്തു? **ഉ:** മോശയോടും അഹറോനോടും (4,17–18).

227 കൊഹാത്യകുടുംബങ്ങൾ ഏതു ഗോത്രത്തിൽപ്പെട്ടവർ? **ഉ:** ലേവിഗോത്രത്തിൽ (4,18).

228 കൊഹാത്യകുടുംബങ്ങളിൽപ്പെട്ടവർ എപ്പോൾ മരിക്കാതിരിക്കേണ്ടതിന്, അഹറോനും പുത്രന്മാരും അകത്തുകടന്ന് അവരിൽ ഓരോരുത്തരെയും അവരവരുടെ ജോലിക്കു നിയോഗിക്കണം? **ഉ:** അതിവിശുദ്ധവസ്തുക്കളെ സമീപിക്കുമ്പോൾ (4,19).

229 കൊഹാത്യകുടുംബങ്ങളിൽപ്പെട്ടവരിൽ ഓരോരുത്തരെയും അവരവരുടെ ജോലിക്കു നിയോഗിക്കേണ്ടത്? **ഉ:** അഹറോനും പുത്രന്മാരും (4,19).

230 കൊഹാത്യകുടുംബങ്ങളിൽപ്പെട്ടവർ അകത്തു കടന്ന് ചെയ്യരുതാത്തത്? **ഉ:** ക്ഷണനേരത്തേക്കുപോലും വിശുദ്ധവസ്തുക്കളെ നോക്കരുത് (4,20).

231 കൊഹാത്യകുടുംബങ്ങളിൽപ്പെട്ടവർ അകത്തു കടന്ന് ക്ഷണനേരത്തേക്കുപോലും വിശുദ്ധവസ്തുക്കളെ നോക്കിയാൽ? **ഉ:** അവർ മരിക്കും (4,20).

ഗർഷോന്യരുടെ കടമകൾ (4,21–28)

**4,21–22 [21]കർത്താവ് മോശയോട് അരുൾചെയ്തു: [22]കുലവും കുടുംബവുമനുസരിച്ച് ഗർഷോന്യരുടെ കണക്കെടുക്കണം.**

232 കുലവും കുടുംബവുമനുസരിച്ച് ഗർഷോന്യരുടെ കണക്കെടുക്കണം എന്ന് കർത്താവ് ആരോട് അരുൾചെയ്തു? **ഉ:** മോശയോട് (4,21).

**4,23 മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ എണ്ണമെടുക്കുക.**

233 ഗർഷോന്യരിൽ ആരുടെ എണ്ണമെടുക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ (4,22).

**4,24–26 [24]ഗർഷോന്യകുടുംബങ്ങൾക്ക് ശുശ്രൂഷ ചെയ്യുന്നതിലും ഭാരം വഹിക്കുന്നതിലുമുള്ള പങ്ക് ഇതാണ്: [25]കൂടാരവിരികൾ, സമാഗമകൂടാരം, അതിന്റെ ആവരണം, കൂടാരവാതിലിന്റെ തിരശ്ശീല, [26]കൂടാരത്തിനും ബലിപീഠത്തിനും ചുറ്റുമുള്ള അങ്കണത്തിന്റെ വിരികൾ, അങ്കണകവാടത്തിലെ യവനിക, അവയുടെ ചരടുകൾ, അവിടെ ശുശ്രൂഷ ചെയ്യാനുള്ള ഉപകരണങ്ങൾ എന്നിവ അവർ വഹിക്കണം. ഇതു സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളും അവർ ചെയ്യണം.**

234 ഗർഷോന്യകുടുംബങ്ങൾ വഹിക്കേണ്ടവ? **ഉ:** കൂടാരവിരികൾ, സമാഗമകൂടാരം, അതിന്റെ ആവരണം, കൂടാരവാതിലിന്റെ തിരശ്ശീല, [26]കൂടാരത്തിനും ബലിപീഠത്തിനും ചുറ്റുമുള്ള അങ്കണത്തിന്റെ വിരികൾ, അങ്കണകവാടത്തിലെ യവനിക, അവയുടെ ചരടുകൾ, അവിടെ ശുശ്രൂഷ ചെയ്യാനുള്ള ഉപകരണങ്ങൾ എന്നിവ (4,25–26: 8 ഇനങ്ങൾ. ഇവ അതേപടി മനപ്പാഠമാക്കുക).

235 ഗർഷോന്യകുടുംബങ്ങൾ ശുശ്രൂഷ ചെയ്യേണ്ടവ? **ഉ:** (നമ്പർ 234ൽ നല്കിയിട്ടുള്ളവ സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളും).

**4,27 ഭാരം വഹിക്കലും ഇതരസേവനങ്ങളുമടക്കം തങ്ങൾ ചെയ്യേണ്ട എല്ലാ ജോലികളിലും ഗർഷോന്യർ അഹറോന്റെയും പുത്രന്മാരുടെയും നിർദ്ദേശങ്ങൾ അനുസരിക്കണം. അവരുടെ കർത്തവ്യങ്ങൾ നീ ഏല്പിച്ചുകൊടുക്കണം.**

236 ഭാരം വഹിക്കലും ഇതരസേവനങ്ങളുമടക്കം തങ്ങൾ ചെയ്യേണ്ട എല്ലാ ജോലികളിലും ഗർഷോന്യർ ആരുടെ നിർദ്ദേശങ്ങൾ അനുസരിക്കണം? **ഉ:** അഹറോന്റെയും പുത്രന്മാരുടെയും (4,27).



237 ഗർഷോന്യരുടെ കർത്തവ്യങ്ങൾ ആര് ഏല്പിച്ചുകൊടുക്കണം? **ഉ:** മോശ (4,27).

**4,28 ഇതാണ് സമാഗമകൂടാരത്തിൽ ഗർഷോന്യർ ചെയ്യേണ്ട ജോലികൾ. പുരോഹിതനായ അഹറോന്റെ പുത്രൻ ഇത്താമറിന്റെ മേല്നോട്ടത്തിലായിരിക്കണം അവരുടെ ജോലി.**

238 സമാഗമകൂടാരത്തിൽ ഗർഷോന്യരുടെ ജോലി ആരുടെ മേല്നോട്ടത്തിലായിരിക്കണം? **ഉ:** പുരോഹിതനായ അഹറോന്റെ പുത്രൻ ഇത്താമറിന്റെ (4,28). (+4,33)

മെറാര്യരുടെ കടമകൾ (4,29–33)

**4,29–30 [29]കുലവും കുടുംബവുമനുസരിച്ച് മെറാര്യരുടെ എണ്ണമെടുക്കണം. [30]മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ എണ്ണമെടുക്കണം.**

239 മെറാര്യരിൽ ആരുടെ എണ്ണമെടുക്കണം എന്ന് കർത്താവ് (മോശയോട്) അരുൾചെയ്തു? **ഉ:** മുപ്പതു മുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ (4,22).

**4,31–32 [31]സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ അവർ ചുമക്കേണ്ട സാധനങ്ങൾ ഇവയാണ്: കൂടാരത്തിന്റെ ചട്ടങ്ങൾ, അഴികൾ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, [32]ചുറ്റുമുള്ള അങ്കണത്തിലെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കൊളുത്തുകൾ, ചരടുകൾ, ഇവയോടനുബന്ധിച്ചുള്ള മറ്റു സാമഗ്രികൾ. അവർ വഹിക്കേണ്ട സാധനങ്ങൾ ഇനംതിരിച്ച് അവരെ ഏല്പിക്കണം.**

240 കൂടാരത്തിന്റെ ചട്ടങ്ങൾ, അഴികൾ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, [32]ചുറ്റുമുള്ള അങ്കണത്തിലെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കൊളുത്തുകൾ, ചരടുകൾ, ഇവയോടനുബന്ധിച്ചുള്ള മറ്റു സാമഗ്രികൾ എന്നിവ ചുമക്കേണ്ടത് ആര്? **ഉ:** മെറാര്യർ (4,31–31).

249 അഴികൾ, തൂണുകൾ, അവയുടെ പാദകൂടങ്ങൾ, [32]ചുറ്റുമുള്ള അങ്കണത്തിലെ തൂണുകൾ, അവയുടെ പാദകൂടങ്ങൾ, കൊളുത്തുകൾ, ചരടുകൾ, ഇവയോടനുബന്ധിച്ചുള്ള മറ്റു സാമഗ്രികൾ എന്നിവ മെറാര്യർ എന്തിൽ ചുമക്കേണ്ടത്? **ഉ:** സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ (4,31–32).

250 സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ മെറാര്യർ ചുമക്കേണ്ട സാധനങ്ങൾ 9 ഇനം. നമ്പർ 248ഉം 249ഉം നോക്കി പഠിക്കുക (4,31–32).

251 സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ മെറാര്യർ വഹിക്കേണ്ട സാധനങ്ങൾ ഇനംതിരിച്ച് അവരെ ഏല്പിക്കേണ്ടത് ആര്? **ഉ:** മോശ (4,21).

**4,33 ഇവയെല്ലാമാണ് മെറാര്യർ പുരോഹിതനായ അഹറോന്റെ പുത്രൻ ഇത്താമറിന്റെ മേല്നോട്ടത്തിൽ സമാഗമകൂടാരത്തിൽ ചെയ്യേണ്ട ജോലികൾ.**

252 സമാഗമകൂടാരത്തിൽ മെറാര്യർ ആരുടെ മേല്നോട്ടത്തിൽ ജോലികൾ ചെയ്യണം? **ഉ:** പുരോഹിതനായ അഹറോന്റെ മകൻ ഇത്താമറിന്റെ (4,33). (+4,28)

253 പുരോഹിതനായ അഹറോന്റെ മകൻ ഇത്താമറിന്റെ മേല്നോട്ടത്തിൽ സമാഗമകൂടാരത്തിൽ ജോലി/ജോലികൾ ചെയ്യേണ്ട ലേവിഗോത്രത്തിൽപ്പെട്ട കുല-കുടുംബങ്ങൾ? **ഉ:** ഗർഷോന്യരും (4,21–28) മെറാര്യരും (4,29–33).

ലേവ്യരുടെ എണ്ണം (4,34–37ൽ കൊഹാത്യരുടെയും, 4,38–41ൽ ഗെർഷോന്യരുടെയും, 4,42–45ൽ മെറാര്യരുടെയും, 4,46–49ൽ ലേവ്യരുടെയാകെയും എണ്ണം)

**4,34–35 [34]സമാഗമകൂടാരത്തിൽ ജോലിചെയ്യാൻ [35]മുപ്പതു മുതൽ അമ്പതുവരെ വയസ്സും സേവനശേഷിയുമുള്ള കൊഹാത്യരെ കുലവും കുടുംബവുമനുസരിച്ച് മോശയും അഹറോനും സമൂഹനേതാക്കളുംകൂടി എണ്ണിത്തിട്ടപ്പെടുത്തി.**

254 സമാഗമകൂടാരത്തിൽ ജോലിചെയ്യാൻ യോഗ്യത? **ഉ:** [35]മുപ്പതു മുതൽ അമ്പതുവരെ വയസ്സും സേവനശേഷിയും.

255 സമാഗമകൂടാരത്തിൽ ജോലിചെയ്യാൻ മുപ്പതു മുതൽ അമ്പതുവരെ വയസ്സും സേവനശേഷിയുമുള്ള കൊഹാത്യരെ കുലവും കുടുംബവുമനുസരിച്ച് എണ്ണിത്തിട്ടപ്പെടുത്തിയത് ആര്? **ഉ:** മോശയും അഹറോനും സമൂഹനേതാക്കളുംകൂടി (4,35).

**4,36 കുടുംബമനുസരിച്ച് അവരുടെ എണ്ണം രണ്ടായിരത്തിയെഴുനൂറ്റമ്പത് ആയിരുന്നു.**

256 സമാഗമകൂടാരത്തിൽ ജോലിചെയ്യാൻ മുപ്പതു മുതൽ അമ്പതുവരെ വയസ്സും

സേവനശേഷിയുമുള്ള കൊഹാത്യരുടെ എണ്ണം കുടുംബമനുസരിച്ച് എത്രയായിരുന്നു? **ഉ:** രണ്ടായിരത്തിയെഴുനൂറ്റമ്പത് (4,36). (2750)

257 സമാഗമകൂടാരത്തിൽ ജോലിചെയ്യാൻ മുപ്പതു മുതൽ അമ്പതുവരെ വയസ്സും സേവനശേഷിയുമുള്ള കൊഹാത്യരുടെ എണ്ണം എന്തനുസരിച്ച് രണ്ടായിരത്തിയെഴുനൂറ്റമ്പത് ആയിരുന്നു? **ഉ:** കുടുംബമനുസരിച്ച് (4,36).

**4,37 മോശയോട് കർത്താവ് കല്പിച്ചതനുസരിച്ച് മോശയും അഹറോനുംകൂടി കൊഹാത്യകുടുംബങ്ങളിൽനിന്ന് സമാഗമകൂടാരത്തിൽ സേവനം ചെയ്യാനുള്ളവരുടെ കണക്കെടുത്തപ്പോൾ ലഭിച്ച സംഖ്യയാണിത്.**

258 മോശയോട് കർത്താവ് കല്പിച്ചതനുസരിച്ച് കൊഹാത്യകുടുംബങ്ങളിൽനിന്ന് സമാഗമകൂടാരത്തിൽ സേവനം ചെയ്യാനുള്ളവരുടെ കണക്കെടുത്തത് ആര്?
**ഉ:** മോശയും അഹറോനുംകൂടി (4,37)

259 മോശയോട് കർത്താവ് കല്പിച്ചതനുസരിച്ച് മോശയും അഹറോനുംകൂടി കൊഹാത്യകുടുംബങ്ങളിൽനിന്ന് സമാഗമകൂടാരത്തിൽ സേവനം ചെയ്യാനുള്ളവരുടെ കണക്കെടുത്തപ്പോൾ ലഭിച്ച സംഖ്യയെത്ര? **ഉ:** രണ്ടായിരത്തിയെഴുനൂറ്റമ്പത് (4,36).

**4,38–40 മുപ്പതുമുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ള ഗർഷോന്യരുടെ എണ്ണം അവരുടെ കുലവും കുടുംബവുമനുസരിച്ച് രണ്ടായിരത്തിയറുനൂറ്റിമുപ്പതായിരുന്നു.**

260 മുപ്പതുമുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ള ഗർഷോന്യരുടെ എണ്ണം അവരുടെ കുലവും കുടുംബവുമനുസരിച്ച് എത്രയായിരുന്നു? **ഉ:** രണ്ടായിരത്തിയറുനൂറ്റിമുപ്പത് (4,38–40) (2630)

**4,41 കർത്താവിന്റെ കല്പനയനുസരിച്ച് മോശയും അഹറോനുംകൂടി ഗർഷോൻകുടുംബങ്ങളിൽനിന്ന് സമാഗമകൂടാരത്തിൽ സേവനം ചെയ്യാനുള്ളവരുടെ കണക്കെടുത്തപ്പോൾ ലഭിച്ച സംഖ്യയാണിത്.**

261 ഗർഷോന്യരുടെ എണ്ണം അവരുടെ കുലവും കുടുംബവുമനുസരിച്ച് രണ്ടായിരത്തിയറുനൂറ്റിമുപ്പതായിരുന്നു എന്നത് എപ്പോൾ ലഭിച്ച സംഖ്യ? **ഉ:** കർത്താവിന്റെ കല്പനയനുസരിച്ച് മോശയും അഹറോനുംകൂടി ഗർഷോൻകുടുംബങ്ങളിൽനിന്ന് സമാഗമകൂടാരത്തിൽ സേവനം ചെയ്യാനുള്ളവരുടെ കണക്കെടുത്തപ്പോൾ (4,41)

**4,42–44 [42]മുപ്പതുമുതൽ അമ്പതുവരെ വയസ്സും [43]സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ള മെറാര്യരുടെ എണ്ണം [44]അവരുടെ കുടുംബമനുസരിച്ച് മൂവായിരത്തിയിരുനൂറായിരുന്നു.** (3200)

262 മുപ്പതുമുതൽ അമ്പതുവരെ വയസ്സും [43]സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ള മെറാര്യരുടെ എണ്ണം [44]അവരുടെ എന്തനുസരിച്ച് മൂവായിരത്തിയിരുനൂറായിരുന്നു? **ഉ:** കുടുംബമനുസരിച്ച് (4,44). (കുലത്തിന്റെ കാര്യമില്ല).

263 മുപ്പതുമുതൽ അമ്പതുവരെ വയസ്സും [43]സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ളവരുടെ എണ്ണം [44]അവരുടെ കുടുംബമനുസരിച്ച് മൂവായിരത്തിയിരുനൂറായിരുന്നത് ആരുടേത്? **ഉ:** മെറാര്യരുടെ (4,42–44).

**4,45 മോശയോട് കർത്താവ് കല്പിച്ചതനുസരിച്ച് മോശയും അഹറോനുംകൂടി എണ്ണിത്തിട്ടപ്പെടുത്തിയതാണിത്.**

264 മുപ്പതുമുതൽ അമ്പതുവരെ വയസ്സും [43]സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുമുള്ള മെറാര്യരുടെ എണ്ണം [44]അവരുടെ കുടുംബമനുസരിച്ച് മൂവായിരത്തിയിരു നൂറായിരുന്നെന്ന് എണ്ണിത്തിട്ടപ്പെടുത്തിയച് ആര്? **ഉ:** മോശയും അഹറോനുംകൂടി (4,45).

**4,46 [46]മുപ്പതുമുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ [47]ഭാരംവഹിക്കാനും ശുശ്രൂഷചെയ്യാനും [48]ശേഷിയുമുള്ള ലേവ്യരെ മോശയും അഹറോനും സമൂഹനേതാക്കളുംകൂടി എണ്ണിയപ്പോൾ അവർ എണ്ണായിരത്തിയഞ്ഞൂറ്റിയെൺപതുപേരുണ്ടായിരുന്നു.**

265 [46]മുപ്പതുമുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ [47]ഭാരംവഹിക്കാനും ശുശ്രൂഷചെയ്യാനും [48]ശേഷിയുമുള്ള ലേവ്യരെ മോശയും അഹറോനും സമൂഹ



നേതാക്കളുംകൂടി എണ്ണിയപ്പോൾ അവർ എത്ര പേരുണ്ടായിരുന്നു? **ഉ:** എണ്ണായിരത്തിയഞ്ഞൂറ്റിയെൺപത് (4,48). (8580)

266 [46]മുപ്പതുമുതൽ അമ്പതുവരെ വയസ്സും സമാഗമകൂടാരത്തിൽ [47]ഭാരംവഹിക്കാനും ശുശ്രൂഷചെയ്യാനും [48]ശേഷിയുമുള്ള ലേവ്യരെ എണ്ണിയത് ആര്? **ഉ:** മോശയും അഹറോനും സമൂഹനേതാക്കളുംകൂടി (4,4648).

267 എന്തിനു ശേഷിയുള്ള ലേവ്യരെ മോശയും അഹറോനും സമൂഹനേതാക്കളും കൂടി എണ്ണി? **ഉ:** സമാഗമകൂടാരത്തിൽ [47]ഭാരംവഹിക്കാനും ശുശ്രൂഷചെയ്യാനും (4,46–47).

**4,49 കർത്താവിന്റെ കല്പനപ്രകാരം മോശ ഓരോരുത്തർക്കും അവരവരുടെ ജോലികൾ ഏല്പിച്ചുകൊടുത്തു. അങ്ങനെ അവിടന്നു കല്പിച്ചതനുസരിച്ച് മോശ അവരുടെ കണക്കെടുത്തു.**

268 ലേവ്യരിൽ ഓരോരുത്തർക്കും അവരവരുടെ ജോലികൾ ആര് ഏല്പിച്ചുകൊടുത്തു? **ഉ:** മോശ (4,49).

269 കർത്താവ് കല്പിച്ചതനുസരിച്ച് ലേവ്യരുടെ കണക്കെടുത്തത് ആര്? **ഉ:** മോശ (4,49).

## അധ്യായം 5 അധ്യായം 5ൽ 31 വാക്യങ്ങൾ

### അശുദ്ധരെ അകറ്റുക

**5,1 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട് അശുദ്ധരായവരെയും പാളയത്തിൽനിന്നു പുറത്താക്കാൻ ഇസ്രായേൽജനത്തോടു കല്പിക്കുക.**

270 ആരെ പാളയത്തിൽനിന്നു പുറത്താക്കാൻ ഇസ്രായേൽജനത്തോടു കല്പിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട് അശുദ്ധരായവരെയും (5,2).

271 കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട് അശുദ്ധരായവരെയും പാളയത്തിൽനിന്നു പുറത്താക്കാൻ ആരോടു കല്പിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഇസ്രായേൽജനത്തോടു (5,2).

**5,3 ഞാൻ വസിക്കുന്ന പാളയം അശുദ്ധമാകാതിരിക്കാൻ നീ അവരെ, സ്ത്രീയായാലും പുരുഷനായാലും, പുറത്താക്കണം.**

272 കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട് അശുദ്ധരായവരെയും എന്തിനു മോശ പുറത്താക്കണം? **ഉ:** ഞാൻ (കർത്താവ്) വസിക്കുന്ന പാളയം അശുദ്ധമാകാതിരിക്കാൻ (5,3).

**5,4 ഇസ്രായേൽജനം അങ്ങനെ ചെയ്തു. കർത്താവ് മോശയോടു കല്പിച്ചതുപോലെ അവരെ തങ്ങളുടെ പാളയത്തിൽനിന്നു പുറത്താക്കി.**

273 കർത്താവ് മോശയോടു കല്പിച്ചതുപോലെ കുഷ്ഠരോഗികളെയും സ്രാവമുള്ളവരെയും മൃതശരീരം തൊട്ട് അശുദ്ധരായവരെയും തങ്ങളുടെ പാളയത്തിൽനിന്നു പുറത്താക്കിയത്? **ഉ:** ഇസ്രായേൽജനം (5,4).

### നഷ്ടപരിഹാരം

**5,5 [5]കർത്താവ് മോശയോട് അരുൾചെയ്തു: [6]ഒരു പുരുഷനോ സ്ത്രീയോ മനുഷ്യസഹജമായ ഏതെങ്കിലും തെറ്റുചെയ്ത് കർത്താവിനോടുള്ള വിശ്വസ്തത ലംഘിച്ചാൽ, തന്റെ തെറ്റ് ഏറ്റുപറയണം.**

274 ഒരു പുരുഷനോ സ്ത്രീയോ മനുഷ്യസഹജമായ ഏതെങ്കിലും തെറ്റുചെയ്ത് കർത്താവിനോടുള്ള വിശ്വസ്തത ലംഘിക്കുന്നത്? **ഉ:** കർത്താവിനോടുള്ള വിശ്വസ്തത (5,6).

**5,7 മുഴുവൻ മുതലും അതിന്റെ അഞ്ചിലൊന്നും കൂടി താൻ ദ്രോഹിച്ച വ്യക്തിക്കു തിരിച്ചുകൊടുത്ത് അവൻ പൂർണനഷ്ടപരിഹാരം ചെയ്യണം.**

275 താൻ ദ്രോഹിച്ച വ്യക്തിക്കു പൂർണനഷ്ടപരിഹാരം ചെയ്യാൻ തിരിച്ചുകൊടുക്കേണ്ടത്? **ഉ:** മുഴുവൻ മുതലും അതിന്റെ അഞ്ചിലൊന്നും കൂടി (5,7).

**5,8 നഷ്ടപരിഹാരം സ്വീകരിക്കാൻ ബന്ധുക്കളാരുമില്ലെങ്കിൽ അതു കർത്താവിനു സമർപ്പിക്കണം; അതു പുരോഹിതനുള്ളതായിരിക്കും. അവനുവേണ്ടി പാപപരിഹാരബലി അർപ്പിക്കാനുള്ള മുട്ടാടിനുപുറമേയാണിത്.**

276 നഷ്ടപരിഹാരം സ്വീകരിക്കാൻ ബന്ധുക്കളാരുമില്ലെങ്കിൽ അതു ആർക്കു സമർപ്പിക്കണം? **ഉ:** കർത്താവിനു (5,8).

277 കർത്താവിനു സമർപ്പിക്കുന്ന നഷ്ടപരിഹാരം ആർക്കുള്ളതായിരിക്കും? **ഉ:** പുരോഹിതന് (5,8).

278 എന്തിനുപുറമേയാണിത്? **ഉ:** പുരോഹിതനുവേണ്ടി പാപപരിഹാരബലി അർപ്പിക്കാനുള്ള മുട്ടാടിനുപുറമേ (5,8).

**5,9 ഇസ്രായേൽജനം പുരോഹിതന്റെ മുമ്പിൽ കൊണ്ടുവരുന്ന സമർപ്പിതവസ്തുക്കളെല്ലാം അവനുള്ളതായിരിക്കും.**

279 ഇസ്രായേൽജനം ആരുടെ മുമ്പിൽ കൊണ്ടുവരുന്ന സമർപ്പിതവസ്തുക്കളെല്ലാം പുരോഹിതനുള്ളതായിരിക്കും? **ഉ:** പുരോഹിതന്റെ (5,9).

280 ഇസ്രായേൽജനം പുരോഹിതന്റെ മുമ്പിൽ കൊണ്ടുവരുന്ന എന്ത് അവനുള്ളതായിരിക്കും? **ഉ:** സമർപ്പിതവസ്തുക്കളെല്ലാം (5,9).

**5,10 ജനം കൊണ്ടുവരുന്ന വിശുദ്ധവസ്തുക്കൾ അവനുള്ളതായിരിക്കും. പുരോഹിതനെ ഏല്പിക്കുന്നതെന്തും അവനുള്ളതായിരിക്കും.**

281 ജനം കൊണ്ടുവരുന്ന വിശുദ്ധവസ്തുക്കൾ ആർക്കുള്ളതായിരിക്കും? **ഉ:** പുരോഹിതന് (5,10).

282 പുരോഹിതനെ ഏല്പിക്കുന്നതെന്തും ആർക്കുള്ളതായിരിക്കും? **ഉ:** പുരോഹിതന് (5,10).

283 സംഖ്യ 5,9-10 അനുസരിച്ച് പുരോഹീതനുള്ളുവ? **ഉ:** ഇസ്രായേൽജനം പുരോഹിതന്റെ മുമ്പിൽ കൊണ്ടുവരുന്ന സമർപ്പിതവസ്തുക്കളെല്ലാം; ജനം കൊണ്ടുവരുന്ന വിശുദ്ധവസ്തുക്കൾ; പുരോഹിതനെ ഏല്പിക്കുന്നതെന്തും.

284 സംഖ്യ 5,1-10ലെ നിയമങ്ങൾ ബൈബിളിൽ മറ്റെവിടെ? **ഉ:** ലേവ്യ 5,14-6,7.

ഭാര്യയെ സംശയിച്ചാൽ

**5,11-15 [11]കർത്താവ് മോശയോട് അരുൾചെയ്തു: [12]ഇസ്രായേൽജനത്തോടു പറയുക: ഒരാളുടെ ഭാര്യ വഴിപിഴച്ച് അവിശ്വസ്തയായി പ്രവർത്തിക്കുകയും [13]അന്യപുരുഷൻ അവളോടൊത്തു ശയിക്കുകയും അതു ഭർത്താവിന്റെ ദൃഷ്ടിയിൽപെടാതിരിക്കുകയും അവൾ അശുദ്ധയെങ്കിലും പ്രവൃത്തിമധ്യേ പിടിക്കപ്പെടാത്തതിനാൽ എതിർസാക്ഷി ഇല്ലാതിരിക്കുകയും ചെയ്തെന്നുവരാം. [14]ഭർത്താവിന് അസൂയ ജനിച്ച് അശുദ്ധയായ ഭാര്യയെ സംശയിക്കുകയോ അശുദ്ധയല്ലെങ്കിലും അസൂയ പൂണ്ട് സംശയിക്കുകയോ ചെയ്തെന്നുവരാം. [15]അപ്പോൾ ഭർത്താവ് ഭാര്യയെ പുരോഹിതന്റെ മുമ്പിൽ ഹാജരാക്കണം. അവൾക്കുവേണ്ടി കാഴ്ചയായി പത്തിലൊന്ന് എഫാ ബാർലിമാവും കൊണ്ടുവരണം. അതിന്മേൽ എണ്ണ ഒഴിക്കുകയോ കുന്തുരുക്കം ഇടുകയോ അരുത്. കാരണം, അത് സംശയനിവാരണത്തിനുള്ള ധാന്യബലിയാണ്; സത്യം വെളിപ്പെടുത്തുന്നതിനുള്ള ധാന്യബലി.**

284 ഭർത്താവിന് അസൂയ ജനിച്ച് അശുദ്ധയായ ഭാര്യയെ സംശയിക്കുകയോ അശുദ്ധയല്ലെങ്കിലും അസൂയപൂണ്ട് സംശയിക്കുകയോ ചെയ്തെന്നുവരാം. [15]അപ്പോൾ ഭർത്താവ് ഭാര്യയെ എവിടെ ഹാജരാക്കണം? **ഉ:** പുരോഹിതന്റെ മുമ്പിൽ (5,15).

285 അവൾക്കുവേണ്ടി കാഴ്ചയായി എന്ത് കൊണ്ടുവരണം? **ഉ:** പത്തിലൊന്ന് എഫാ ബാർലിമാവ് (5,15).

286 അതിന്മേൽ എണ്ണ ഒഴിക്കുകയോ കുന്തുരുക്കം ഇടുകയോ അരുത്. കാരണം? **ഉ:** അത് സംശയനിവാരണത്തിനുള്ള ധാന്യബലിയാണ്; സത്യം വെളിപ്പെടുത്തുന്നതിനുള്ള ധാന്യബലി (5,15).

287 ഭാര്യയുടെ അശുദ്ധതയെക്കുറിച്ചുള്ള സംശയനിവാരണത്തിനുള്ള ധാന്യബലി എന്തിനുള്ള ധാന്യബലിയാണ്? **ഉ:** സത്യം വെളിപ്പെടുത്തുന്നതിനുള്ള ധാന്യബലി

**5,16-17 [16]പുരോഹിതൻ അവളെ കർത്താവിന്റെ സന്നിധിയിൽ നിർത്തണം. [17]ഒരു മൺപാത്രത്തിൽ വിശുദ്ധജലം എടുത്ത് കൂടാരത്തിന്റെ തറയിൽനിന്നു കുറച്ചു പൊടി അതിലിടണം.**

288 അശുദ്ധയായവളെയോ അശുദ്ധയല്ലെങ്കിലും അശുദ്ധയെന്നു അസൂയകൊണ്ട് ഭർത്താവ് സംശയിക്കുകയോ ചെയ്തവളെ പുരോഹിതന്റെ മുമ്പിൽ കൊണ്ടുവരുമ്പോൾ പുരോഹിതൻ അവളെ നിർത്തേണ്ടത്? **ഉ:** കർത്താവിന്റെ സന്നിധിയിൽ (5,16).



289 പുരോഹിതൻ ഒരു മൺപാത്രത്തിൽ വിശുദ്ധജലം എടുത്ത് എന്ത്അതിലിടണം? **ഉ:** കൂടാരത്തിന്റെ തറയിൽനിന്നു കുറച്ചു പൊടി (5,17).

**5,18 പുരോഹിതൻ ആ സ്ത്രീയെ കർത്താവിന്റെ സന്നിധിയിൽ നിർത്തി, അവളുടെ ശിരോവസ്ത്രം മാറ്റിയതിനുശേഷം പാപത്തെ ഓർമിപ്പിക്കുന്ന വ്യഭിചാരശങ്കയുടെ ധാന്യബലിക്കുള്ള വസ്തുക്കൾ അവളുടെ കൈയിൽ വയ്ക്കണം. ശാപം വരുത്തുന്ന കൈയ്പുനീര് പുരോഹിതൻ കൈയിൽ വഹിക്കണം.**

290 പുരോഹിതൻ ആ സ്ത്രീയെ കർത്താവിന്റെ സന്നിധിയിൽ നിർത്തി, അവളുടെ കൈയിൽ എന്ത് വയ്ക്കണം? **ഉ:** പാപത്തെ ഓർമിപ്പിക്കുന്ന വ്യഭിചാരശങ്കയുടെ ധാന്യബലിക്കുള്ള വസ്തുക്കൾ (5,18).

291 പുരോഹിതൻ കൈയിൽ എന്തു വഹിക്കണം? **ഉ:** ശാപം വരുത്തുന്ന കൈയ്പുനീര് (5,18).

292 ശാപം വരുത്തുന്ന കൈയ്പുനീര് വഹിക്കേണ്ടത്? **ഉ:** പുരോഹിതൻ (5,18).

**5,19-22 [19]അനന്തരം, അവളെക്കൊണ്ട് സത്യം ചെയ്യിക്കാൻ ഇങ്ങനെ പറയണം: ഭർത്താവിന് അധീനയായിരിക്കേ അന്യപുരുഷൻ നിന്നോടൊത്തു ശയിച്ച് നീ അശുദ്ധയായിട്ടില്ലെങ്കിൽ ശാപം വരുത്തുന്ന ഈ കയ്പുനീര് നിനക്കു ദോഷം ചെയ്യാതിരിക്കട്ടെ. [20]എന്നാൽ, നീ ഭർത്താവിന്റെ കീഴിലായിരിക്കേ ദുശ്ചരിതയായി നിന്നെത്തന്നെ അശുദ്ധയാക്കുകയും അന്യപുരുഷൻ നിന്നോടൊത്തു ശയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, [21]കർത്താവ് നിന്റെ അര ശോഷിപ്പിച്ച് മഹോദരം വരുത്തി നിന്നെ ജനങ്ങളുടെ ഇടയിൽ മലിനവസ്തുവും ശാപജ്ഞാപകവും ആക്കിത്തീർക്കട്ടെ, എന്നു പറഞ്ഞ് അവളെക്കൊണ്ടു ശാപസത്യം ചെയ്യിക്കണം. [22]ശാപം വരുത്തുന്ന ഈ ജലം നിന്റെ കുടലുകളിൽ കടന്ന് മഹോദരം വരുത്തുകയും അര ശോഷിപ്പിക്കുകയും ചെയ്യട്ടെ. അപ്പോൾ സ്ത്രീ ആമ്മേൻ ആമ്മേൻ എന്നു പറയണം.**

293 (ഒരുവന്റെ) ഭാര്യ തന്നെത്തന്നെ അശുദ്ധയാക്കിയിട്ടുണ്ടെങ്കിൽ, കർത്താവ് നിന്നെ ജനങ്ങളുടെ ഇടയിൽ എന്ത് ആക്കിത്തീർക്കട്ടെ എന്നുപറഞ്ഞ് പുരോഹിതൻ അവളെക്കൊണ്ടു ശാപസത്യം ചെയ്യിക്കണം? **ഉ:** മലിനവസ്തുവും ശാപജ്ഞാപകവും (5,21).

294 തന്നെത്തന്നെ അശുദ്ധയാക്കിയിട്ടുണ്ടെന്നു സംശയിക്കപ്പെടുന്ന ഭാര്യയെ ഭർത്താവ് പുരോഹിതന്റെ മുമ്പിൽ ഹാജരാക്കി അവളെക്കൊണ്ടു പുരോഹിതൻ ശാപസത്യം ചെയ്യിക്കുമ്പോൾ ആ സ്ത്രീ എന്തു പറയണം? **ഉ:** ആമ്മേൻ ആമ്മേൻ എന്ന് (5,22).

**5,23-24 [23]പുരോഹിതൻ ഈ ശാപം ഒരു പുസ്തകത്തിലെഴുതി അത് കയ്പുവെള്ളത്തിലേക്കു കഴുകിക്കളയണം. [24]ശാപം വമിക്കുന്ന ആ കയ്പുനീര് അവളെ കുടിപ്പിക്കണം. അത് ഉള്ളിൽ കടന്ന് അവൾക്ക് കടുത്ത വേദന ഉളവാക്കും.**

295 പുരോഹിതൻ ഈ ശാപം എന്തിലെഴുതണം? **ഉ:** ഒരു പുസ്തകത്തിൽ (5,23).

296 പുരോഹിതൻ അവളെ എന്തു കുടിപ്പിക്കണം? **ഉ:** ശാപം വമിക്കുന്ന ആ കയ്പുനീര് (5,24).

297 അത് ഉള്ളിൽ കടന്ന് അവൾക്ക് എന്ത് ഉളവാക്കും? **ഉ:** കടുത്ത വേദന (5,24).

**5,25 പുരോഹിതൻ സ്ത്രീയുടെ കൈയിൽനിന്ന് വ്യഭിചാരശങ്കയുടെ നൈവേദ്യം വാങ്ങി കർത്താവിനു നീരാജനമായി ബലിപീഠത്തിൽ സമർപ്പിക്കണം.**

298 പുരോഹിതൻ ആരുടെ കൈയിൽനിന്ന് വ്യഭിചാരശങ്കയുടെ നൈവേദ്യം വാങ്ങണം? **ഉ:** സ്ത്രീയുടെ (5,25).

299 പുരോഹിതൻ സ്ത്രീയുടെ കൈയിൽനിന്ന് വാങ്ങേണ്ടത്? **ഉ:** വ്യഭിചാരശങ്കയുടെ നൈവേദ്യം (5,25).

300 പുരോഹിതൻ സ്ത്രീയുടെ കൈയിൽനിന്ന് വ്യഭിചാരശങ്കയുടെ നൈവേദ്യം വാങ്ങി എന്തു ചെയ്യണം? **ഉ:** കർത്താവിനു നീരാജനമായി ബലിപീഠത്തിൽ സമർപ്പിക്കണം (5,25).

**5,26 അതിനുശേഷം പുരോഹിതൻ ധാന്യബലിയിൽനിന്ന് സ്മരണാംശമായി ഒരുപിടി എടുത്ത് ബലിപീഠത്തിൽവച്ചു ദഹിപ്പിക്കുകയും സ്ത്രീയെക്കൊണ്ടു കയ്പുനീര് കുടിപ്പിക്കുകയും വേണം.**

301 പുരോഹിതൻ ധാന്യബലിയിൽനിന്ന് എടുക്കേണ്ടത്? **ഉ:** സ്മരണാംശമായി ഒരുപിടി (5,26).
302 അതിനുശേഷം പുരോഹിതൻ ധാന്യബലിയിൽനിന്ന് സ്മരണാംശമായി ഒരുപിടി എടുത്ത് എന്തു ചെയ്യണം? **ഉ:** ബലിപീഠത്തിൽവച്ചു ദഹിപ്പിക്കണം.
303 പുരോഹിതൻ സ്ത്രീയെക്കൊണ്ടു കുടിപ്പിക്കേണ്ടത്? **ഉ:** കയ്പുനീര് (5,26).
**5,27 അവൾ അശുദ്ധയായി ഭർത്താവിനോട് അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിൽ വെള്ളം കുടിച്ചുകഴിയുമ്പോൾ ആ ശാപജലം അവളിൽ കടന്ന് കടുത്ത വേദന ഉളവാക്കുകയും മഹോദരംവന്ന് അര ശോഷിച്ച് ജനങ്ങളുടെ ഇടയിൽ മലിനവസ്തുവായിത്തീരുകയും ചെയ്യും.**
304 അവൾ അശുദ്ധയായി ഭർത്താവിനോട് അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിൽ വെള്ളം കുടിച്ചുകഴിയുമ്പോൾ എന്ത് അവളിൽ കടന്ന് കടുത്ത വേദന ഉളവാക്കും? **ഉ:** ആ ശാപജലം (5,27).
305 അവൾ അശുദ്ധയായി ഭർത്താവിനോട് അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിൽ വെള്ളം കുടിച്ചുകഴിയുമ്പോൾ ആ ശാപജലം അവളിൽ കടന്ന് ഉളവാക്കുന്നത്? **ഉ:** കടുത്ത വേദന (5,27).
306 അവൾ അശുദ്ധയായി ഭർത്താവിനോട് അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിൽ വെള്ളം കുടിച്ചുകഴിയുമ്പോൾ ആ ശാപജലം അവളിൽ കടന്ന് കടുത്ത വേദന ഉളവാക്കുമ്പോൾ അവൾക്കു വരുന്നത്? **ഉ:** മഹോദരം (5,27)
307 അവൾ അശുദ്ധയായി ഭർത്താവിനോട് അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിൽ ആരുടെ ഇടയിൽ മലിനവസ്തുവായിത്തീരും? **ഉ:** ജനങ്ങളുടെ (5,27).
**5,28 എന്നാൽ, അശുദ്ധയാകാതെ നിർമലയാണ് എങ്കിൽ അവൾക്കു ശാപം ഏല്ക്കുകയില്ല; വന്ധ്യത്വം ഉണ്ടാവുകയുമില്ല.**
309 അശുദ്ധയാകാതെ നിർമലയാണ് എങ്കിൽ അവൾക്കു ഏല്ക്കുകയില്ലാത്തത്? **ഉ:** ശാപം (5,28).
310 അശുദ്ധയാകാതെ നിർമലയാണ് എങ്കിൽ അവൾക്കുണ്ടാവുകയില്ലാത്തത്? **ഉ:** വന്ധ്യത്വം (5,28).
**5,29 പാതിവ്രത്യശങ്കയുണ്ടാകുമ്പോൾ അനുഷ്ഠിക്കേണ്ട വിധിയാണിത്.**
310 സംഖ്യ 5,11-28ൽ വിവരിക്കുന്നത് എപ്പോൾ അനുഷ്ഠിക്കേണ്ട വിധിയാണെന്ന് സംഖ്യ 5,29പറയുന്നു? **ഉ:** പാതിവ്രത്യശങ്കയുണ്ടാകുമ്പോൾ.
**5,30 ഭർത്താവിന് അധീനയായിരിക്കേണ്ട ഭാര്യ വഴിപിഴച്ചു സ്വയം അശുദ്ധയായകുകയോ ഭർത്താവ് ശങ്കാധീനനായി ഭാര്യയുടെ വിശ്വസ്തതയിൽ സംശയിക്കുകയോ ചെയ്താൽ, അവൻ ഭാര്യയെ കർത്താവിന്റെ മുമ്പിൽ ഹാജരാക്കുകയും, പുരോഹിതൻ ഈ വിധികൾ അനുഷ്ഠിക്കുകയും വേണം.**
311 ഭർത്താവ് ഭാര്യയുടെ വിശ്വസ്തതയിൽ സംശയിച്ചാൽ അവൻ അവളെ ഹാജരാക്കേണ്ടത് ആരുടെ മുമ്പിൽ? **ഉ:** കർത്താവിന്റെ (5,30).
312 ഭർത്താവ് ഭാര്യയുടെ വിശ്വസ്തതയിൽ സംശയിച്ചാൽ പുരോഹിതൻ ചെയ്യേണ്ടത്? **ഉ:** (കർത്താവ് പറഞ്ഞിട്ടുള്ള) വിധികൾ അനുഷ്ഠിക്കുക (5,30).
**5,31 പുരുഷൻ അകൃത്യത്തിൽനിന്നു വിമുക്തനായിരിക്കും; സ്ത്രീ തന്റെ അകൃത്യത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും.**
313 പുരുഷൻ എന്തിൽനിന്നു വിമുക്തനായിരിക്കും? **ഉ:** (പാതിവ്രത്യശങ്കയുണ്ടായ ഭാര്യയുടെ) അകൃത്യത്തിൽനിന്ന് (5,31).
314 സ്ത്രീ അനുഭവിക്കുന്നത്? **ഉ:** തന്റെ അകൃത്യത്തിന്റെ ഫലം (5,31).

## അധ്യായം 6 അധ്യായം 6ൽ 27 വാക്യങ്ങൾ

### നാസീർവ്രതം

**6,1-2 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]ഇസ്രായേൽജനത്തോടു പറയുക, കർത്താവിനു സ്വയം സമർപ്പിക്കുന്നതിനു നാസീർവ്രതമെടുക്കുന്നയാൾ സ്ത്രീയായാലും പുരുഷനായാലും, ഇപ്രകാരം ചെയ്യണം.**
314 (ഇസ്രായേൽജനത്തിലുള്ളവർ) നാസീർവ്രതം എടുക്കുന്നതെന്തിന്? **ഉ:** കർത്താവിനു സ്വയം സമർപ്പിക്കുന്നതിന് (6,2).



**6,3-4 [3]വീഞ്ഞും ശക്തിയുള്ള ലഹരിപാനീയങ്ങളും വർജിക്കണം. അവയിൽനിന്നുണ്ടാക്കിയ വിനാഗിരി കുടിക്കരുത്; മുന്തിരിയിൽനിന്നുണ്ടാക്കിയ ഏതെങ്കിലും പാനീയം കുടിക്കുകയോ പഴുത്തതോ ഉണങ്ങിയതോ ആയ മുന്തിരിങ്ങ തിന്നുകയോ അരുത്. [4]വ്രതകാലം മുഴുവൻ മുന്തിരിയിൽനിന്നുള്ള ഒന്നും – കുരുവോ തൊലിപോലുമോ തിന്നരുത്.**
315 നാസീർവ്രതമെടുക്കുന്നയാൾ വർജിക്കേണ്ടത്? **ഉ:** വീഞ്ഞും ശക്തിയുള്ള ലഹരിപാനീയങ്ങളും (6,3).
316 നാസീർവ്രതമെടുക്കുന്നയാൾ കുടിക്കരുതാത്തത്? **ഉ:** വീഞ്ഞിൽനിന്നും ശക്തിയുള്ള ലഹരിപാനീയങ്ങളിൽനിന്നും ഉണ്ടാക്കിയ വിനാഗിരിയും മുന്തിരിയിൽനിന്നുണ്ടാക്കിയ ഏതെങ്കിലും പാനീയവും (6,3).
317 നാസീർവ്രതമെടുക്കുന്നയാൾ തിന്നരുതാത്തത്? **ഉ:** പഴുത്തതോ ഉണങ്ങിയതോ ആയ മുന്തിരിങ്ങ (6,3).
317[എ] 6,3ന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ളത് പുതിയ നിയമത്തിൽ എവിടെ ആരെക്കുറിച്ച്? **ഉ:** ലൂക്കാ 1,15 (സ്നാപക)യോഹന്നാനെക്കുറിച്ചു ഗബ്രിയേൽദൂതൻ സഖറിയായോട്.
318 (നാസീർ)വ്രതകാലം മുഴുവൻ കുരുവോ തൊലിപോലുമോ തിന്നരുതാത്തത്? **ഉ:** മുന്തിരിയിൽനിന്നുള്ളത് (6,4).
**6,5 ക്ഷൗരക്കത്തി വ്രതകാലത്ത് അവന്റെ തലയിൽ സ്പർശിക്കരുത്. കർത്താവിന്റെ മുമ്പിൽ വ്രതമനുഷ്ഠിക്കുന്ന കാലമത്രയും വിശുദ്ധി പാലിക്കണം; മുടി വളർത്തണം.**
319 വ്രതകാലത്ത് അവന്റെ തലയിൽ സ്പർശിക്കരുതാത്തത്? **ഉ:** ക്ഷൗരക്കത്തി (6,5).
320 കർത്താവിന്റെ മുമ്പിൽ വ്രതമനുഷ്ഠിക്കുന്ന കാലമത്രയും പാലിക്കേണ്ടത്? **ഉ:** വിശുദ്ധി (6,5).
321 കർത്താവിന്റെ മുമ്പിൽ വ്രതമനുഷ്ഠിക്കുന്ന കാലമത്രയും വളർത്തേണ്ടത്? **ഉ:** മുടി(6,5).
**6,6-8 [6]വ്രതകാലം തീരുവോളം ശവശരീരത്തെ സമീപിക്കരുത്. [7]പിതാവോ മാതാവോ സഹോദരനോ സഹോദരിയോ മരിച്ചാൽപ്പോലും അവരെ സ്പർശിച്ച് അവൻ സ്വയം അശുദ്ധനാകരുത്. എന്തെന്നാൽ, ദൈവത്തിന്റെ മുമ്പിലെടുത്ത വ്രതത്തിന്റെ ചിഹ്നം അവന്റെ ശിരസ്സിലുണ്ട്. [8]വ്രതകാലം മുഴുവൻ അവൻ കർത്താവിനു വിശുദ്ധനാണ്.**
322 നാസീർവ്രതമെടുക്കുന്നയാൾ എന്ന് ശവശരീരത്തെ സമീപിക്കരുത്? **ഉ:** വ്രതകാലം തീരുവോളം (6,6).
323 നാസീർവ്രതമെടുക്കുന്നയാൾ വ്രതകാലത്ത് പിതാവോ മാതാവോ സഹോദരനോ സഹോദരിയോ മരിച്ചാൽപ്പോലും അവരെ സ്പർശിച്ചാൽ? **ഉ:** അവൻ സ്വയം അശുദ്ധനാകും (6,7).
324 നാസീർവ്രതമെടുക്കുന്നയാൾ ദൈവത്തിന്റെ മുമ്പിലെടുത്ത വ്രതത്തിന്റെ ചിഹ്നം എവിടെ? **ഉ:** അവന്റെ ശിരസ്സിൽ (67).
325 വ്രതകാലം മുഴുവൻ അവൻ കർത്താവിനു ആരാണ്? **ഉ:** വിശുദ്ധനാണ് (6,8).
**6,9 ആരെങ്കിലും അവന്റെ അടുത്തുവച്ച് പെട്ടെന്നു മരിച്ചതുകൊണ്ട് അവന്റെ വ്രതശുദ്ധമായ ശിരസ്സ് അശുദ്ധമായാൽ, ശുദ്ധീകരണദിനത്തിൽ അവൻ മുണ്ഡനം ചെയ്യണം. ഏഴാം ദിവസമാണ് അങ്ങനെ ചെയ്യേണ്ടത്.**
326 ആരെങ്കിലും നാസീർവ്രതമെടുത്തവന്റെ അടുത്തുവച്ച് പെട്ടെന്നു മരിച്ചതുകൊണ്ട് അശുദ്ധമാകുന്നത്? **ഉ:** അവന്റെ വ്രതശുദ്ധമായ ശിരസ്സ് (6,9).
327 ആരെങ്കിലും അവന്റെ അടുത്തുവച്ച് പെട്ടെന്നു മരിച്ചതുകൊണ്ട് അവന്റെ വ്രതശുദ്ധമായ ശിരസ്സ് അശുദ്ധമായാൽ, അവൻ എന്തു ചെയ്യണം? **ഉ:** ശുദ്ധീകരണദിനത്തിൽ അവൻ മുണ്ഡനം ചെയ്യണം (6,9).
328 അവൻ എന്ന് മുണ്ഡനം ചെയ്യണം? **ഉ:** ശുദ്ധീകരണദിനത്തിൽ (6,9).
329 അങ്ങനെ ചെയ്യേണ്ടത് എത്രാം ദിവസമം? **ഉ:** ഏഴാം ദിവസം (6,9).
**6,10-12 [10]എട്ടാംദിവസം രണ്ടു ചെങ്ങാലികളെയോ പ്രാവിൻകുഞ്ഞുങ്ങളെയോ പുരോഹിതന്റെ അടുത്ത് സമാഗമകൂടാരവാതില്ക്കൽ കൊണ്ടുവരണം. [11]പുരോഹിതൻ അവയിലൊന്നിനെ പാപപരിഹാരബലിയായും മറ്റേതിനെ ദഹനബലിയായും അർപ്പിച്ച്, മൃതശരീരംമൂലം ഉണ്ടായ അശുദ്ധിക്കു പരിഹാരം ചെയ്യണം. അന്നുതന്നെ**

**അവന്റെ ശിരസ്സ് വീണ്ടും പ്രതിഷ്ഠിക്കുകയും വേണം. [12]വ്രതകാലം മുഴുവൻ തന്നെത്തന്നെ കർത്താവിനു പ്രതിഷ്ഠിക്കണം. അതോടൊപ്പം ഒരുവയസ്സുള്ള ചെമ്മരിയാടിനെ പ്രായശ്ചിത്തബലിയായി അർപ്പിക്കണം. അശുദ്ധമായിപ്പോയതുകൊണ്ട് മുൻദിവസങ്ങളിൽ അനുഷ്ഠിച്ച വ്രതം വ്യർഥമായിരിക്കും.** (എട്ടാം ദിവസത്തെ കാര്യങ്ങൾ ഓരോന്ന് കൃത്യമായി പഠിക്കുക).

330 ആരെങ്കിലും നാസീർവ്രതമെടുത്തവന്റെ അടുത്തുവച്ച് പെട്ടെന്നു മരിച്ചതുകൊണ്ട് അവന്റെ വ്രതശുദ്ധമായ ശിരസ്സ് അശുദ്ധമായാൽ, എട്ടാം ദീവസം അവൻ പുരോഹിതന്റെ അടുത്ത് സമാഗമ കൂടാരവാതില്ക്കൽ കൊണ്ടുവരേണ്ടത്? **ഉ:** രണ്ടു ചെങ്ങാലികളെയോ പ്രാവിൻകുഞ്ഞുങ്ങളെയോ (6,10).

331 എട്ടാംദിവസം രണ്ടു ചെങ്ങാലികളെയോ പ്രാവിൻകുഞ്ഞുങ്ങളെയോ അവൻ കൊണ്ടുവരേണ്ടത് എവിടെ? **ഉ:** പുരോഹിതന്റെ അടുത്ത് സമാഗമകൂടാരവാതില്ക്കൽ (6,10).

332 പുരോഹിതൻ അവയെ എന്തു ചെയ്യണം? **ഉ:** അവയിലൊന്നിനെ പാപപരിഹാരബലിയായും മറ്റേതിനെ ദഹനബലിയായും അർപ്പിച്ച്, മൃതശരീരംമൂലം ഉണ്ടായ അശുദ്ധിക്കു പരിഹാരം ചെയ്യണം (6,11).

334 പുരോഹിതൻ അവയെ അർപ്പിക്കുന്നത് എന്തിന്? **ഉ:** മൃതശരീരംമൂലം ഉണ്ടായ അശുദ്ധിക്കു പരിഹാരം ചെയ്യാൻ (6,11).

335 മൃതശരീരംമൂലം അശുദ്ധമായ നാസീർവ്രതക്കാരന്റെ ശിരസ്സ് പുരോഹിതൻ വീണ്ടും പ്രതിഷ്ഠിക്കേണ്ടത് എത്രാം ദിവസം? **ഉ:** എട്ടാം ദിവസം (6,10-11).

336 മൃതശരീരംമൂലം അശുദ്ധമായ നാസീർവ്രതക്കാരന്റെ ശിരസ്സ് എട്ടാം ദിവസം പുരോഹിതൻ വീണ്ടും പ്രതിഷ്ഠിക്കുമ്പോൾ അവൻ ചെയ്യേണ്ടത്? **ഉ:** വ്രതകാലം മുഴുവൻ തന്നെത്തന്നെ കർത്താവിനു പ്രതിഷ്ഠിക്കണം (6,12).

337 അതോടൊപ്പം എന്തർപ്പിക്കണം? **ഉ:** ഒരുവയസ്സുള്ള ചെമ്മരിയാടിനെ പ്രായശ്ചിത്തബലിയായി (6,12).

338 അശുദ്ധമായിപ്പോയതുകൊണ്ട് വ്യർഥമായിരിക്കുന്നത്? **ഉ:** മുൻദിവസങ്ങളിൽ അനുഷ്ഠിച്ച വ്രതം (6,12).

339 മൃതശരീരംമൂലം അശുദ്ധമായ നാസീർവ്രതക്കാരനുവേണ്ടി എട്ടാം ദിവസം അർപ്പിക്കേണ്ട ബലികൾ? **ഉ:** പാപപരിഹാരബലി, ദഹനബലി, പ്രായശ്ചിത്തബലി (6,11-12).

6,13-21ലുള്ളത് നാസീർവ്രതം മുഴുമിച്ചവരെ സംബന്ധിക്കുന്ന നിയമങ്ങളാണ്.

**6,13 നാസീർവ്രതം മുഴുമിച്ചവരെ സംബന്ധിക്കുന്ന നിയമമിതാണ്: സമാഗമകൂടാരത്തിന്റെ വാതിൽക്കൽ അവനെ കൊണ്ടുവരണം.**

340 നാസീർവ്രതം മുഴുമിച്ചവനെ എവിടെ കൊണ്ടുവരണം? **ഉ:** സമാഗമകൂടാരത്തിന്റെ വാതിൽക്കൽ (6,13).

നാസീർവ്രതം മുഴുമിച്ചവൻ സമർപ്പിക്കേണ്ട വിവിധ ബലിവസ്തുക്കൾ 14-17 വാക്യങ്ങളിൽ വിവരിക്കുന്നു. ഓരോ വാക്യത്തിലുമുള്ളത് പ്രത്യേകം പ്രത്യേകം പഠിക്കാം:

**6,14-15 [14]അവൻ ഒരു വയസ്സുള്ള ഊനമറ്റ ചെമ്മരിയാട്ടിൻമുട്ടനെ ദഹനബലിയായും ഒരു വയസ്സുള്ള ഊനമറ്റ പെണ്ണാടിനെ പാപപരിഹാരബലിയായും ഒരു വയസ്സുള്ള ഊനമറ്റ ഒരു മുട്ടാടിനെ സമാധാനബലിയായും കർത്താവിനു സമർപ്പിക്കണം. [15]പുളിപ്പില്ലാത്ത ഒരു കുട്ട അപ്പം, നേർത്ത മാവിൽ എണ്ണ ചേർത്തുണ്ടാക്കിയ അടകൾ, എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത നേർത്ത അപ്പം, അവയ്ക്കു ചേർന്ന ധാന്യബലി, പാനീയബലി എന്നിവയും കർത്താവിനു കാഴ്ചവയ്ക്കണം.**

341 നാസീർവ്രതം മുഴുമിച്ചവൻ ദഹനബലിയായി കർത്താവിനു സമർപ്പിക്കേണ്ടത്? **ഉ:** ഒരു വയസ്സുള്ള ഊനമറ്റ ചെമ്മരിയാട്ടിൻമുട്ടനെ (6,14).

342 അവൻ പാപപരിഹാരബലിയായി കർത്താവിനു സമർപ്പിക്കേണ്ടത്? **ഉ:** ഒരു വയസ്സുള്ള ഊനമറ്റ പെണ്ണാടിനെ (6,14).

343 അവൻ സമാധാനബലിയായി കർത്താവിനു സമർപ്പിക്കേണ്ടത്? **ഉ:** ഒരു വയസ്സുള്ള ഊനമറ്റ ഒരു മുട്ടാടിനെ (6,14).

344 നാസീർവ്രതം മുഴുമിച്ചവൻ കർത്താവിനു കാഴ്ചവയ്ക്കേണ്ടവ? **ഉ:** ഒരു കുട്ട അപ്പം, നേർത്ത മാവിൽ എണ്ണ ചേർത്തുണ്ടാക്കിയ അടകൾ, എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത നേർത്ത അപ്പം, അവയ്ക്കു ചേർന്ന ധാന്യബലി, പാനീയബലി എന്നിവ (5 ഇനങ്ങൾ)



345 തെറ്റോ ശരിയോ? നാസീർവ്രതം മുഴുമിച്ചവൻ എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത നേർത്ത അപ്പം കർത്താവിനു കാഴ്ചവയ്ക്കണം. (തെറ്റ്) ശരി: ഒരു കുട്ട അപ്പം,

**6,16-17 [16]പുരോഹിതൻ അവയെ കർത്താവിന്റെ മുമ്പിൽ കൊണ്ടുവന്നു വ്രതസ്ഥനുള്ള പാപപരിഹാരബലിയും ദഹനബലിയുമായി സമർപ്പിക്കണം. [17]മുട്ടാടിനെ കുട്ടയിലെ പുളിപ്പില്ലാത്ത അപ്പത്തോടൊന്നിച്ചു സമാധാനബലിയായി കർത്താവിനു സമർപ്പിക്കണം. ഭോജനബലിയും പാനീയബലിയും അർപ്പിക്കണം.**

346 പുരോഹിതൻ അവയെ എവിടെ കൊണ്ടുവന്നു വ്രതസ്ഥനുള്ള പാപപരിഹാരബലിയും ദഹനബലിയുമായി സമർപ്പിക്കണം? **ഉ:** കർത്താവിന്റെ മുമ്പിൽ (6,17).

347 പുരോഹിതൻ കുട്ടയിലെ പുളിപ്പില്ലാത്ത അപ്പത്തോടൊന്നിച്ചു സമാധാനബലിയായി കർത്താവിനു സമർപ്പിക്കേണ്ടത്? **ഉ:** മുട്ടാടിനെ (6,18).

**6,18 നാസീർവ്രതസ്ഥൻ വ്രതശുദ്ധമായ ശിരസ്സ് സമാഗമകൂടാരവാതിൽക്കൽവച്ച് മുണ്ഡനം ചെയ്ത് അതിൽനിന്നു മുടിയെടുത്ത് സമാധാനബലിയുടെ തീയിൽ അർപ്പിക്കണം.**

348 നാസീർവ്രതസ്ഥൻ വ്രതശുദ്ധമായ ശിരസ്സ് മുണ്ഡനം ചെയ്യേണ്ടത് എവിടെവച്ച്? **ഉ:** സമാഗമകൂടാരവാതിൽക്കൽവച്ച് (6,18).

349 നാസീർവ്രതസ്ഥൻ സമാധാനബലിയുടെ തീയിൽ അർപ്പിക്കേണ്ടത്? **ഉ:** മുടി (6,18).

**6,19-20 [19]അതു കഴിയുമ്പോൾ പുരോഹിതൻ മുട്ടാടിന്റെ വേവിച്ച കൈക്കുറകും കുട്ടയിൽനിന്നു പുളിപ്പില്ലാത്ത ഒരടയും നേർത്ത അപ്പവും എടുത്ത് അവന്റെ കൈയിൽ കൊടുക്കണം. [20]പുരോഹിതൻ അവയെ കർത്താവിനു നീരാജനമായി അർപ്പിക്കണം. അവയും നീരാജനം ചെയ്ത നെഞ്ചും അർപ്പിച്ച കാൽക്കുറകും പുരോഹിതനുള്ള വിശുദ്ധമായ പങ്കാണ്.**

350 നാസീർവ്രതസ്ഥൻ വ്രതശുദ്ധമായ ശിരസ്സ് മുണ്ഡനം ചെയ്തുകഴിയുമ്പോൾ പുരോഹിതൻ എടുത്ത് അവന്റെ കൈയിൽ കൊടുക്കേണ്ടവ? **ഉ:** മുട്ടാടിന്റെ വേവിച്ച കൈക്കുറകും കുട്ടയിൽനിന്നു പുളിപ്പില്ലാത്ത ഒരടയും നേർത്ത അപ്പവും (6,19).

351 നാസീർവ്രതം മുഴുമിച്ചവന്റെ ബലികളിൽ പുരോഹിതനുള്ള വിശുദ്ധമായ പങ്ക്? **ഉ:** മുട്ടാടിന്റെ വേവിച്ച കൈക്കുറകും പുളിപ്പില്ലാത്ത ഒരടയും നേർത്ത അപ്പവും നീരാജനം ചെയ്ത നെഞ്ചും അർപ്പിച്ച കാൽക്കുറകും (6,19-20). (5 ഇനങ്ങൾ).

**6,21 ഇതാണ് നാസീർവ്രതസ്ഥൻ അനുഷ്ഠിക്കേണ്ട നിയമം. തന്റെ കഴിവനുസരിച്ചു നൽകുന്നതിനുപുറമേ, നാസീർവ്രതത്തിന്റെ നിയമപ്രകാരമുള്ള കാഴ്ചകളും അവൻ കർത്താവിനു സമർപ്പിക്കണം. താൻ എടുത്തിരിക്കുന്ന നാസീർവ്രതത്തിന്റെ നിയമങ്ങൾ അവൻ നിറവേറ്റണം.**

352 നാസീർവ്രതസ്ഥൻ തന്റെ കഴിവനുസരിച്ചു നൽകുന്നതിനുപുറമേ, എന്തും അവൻ കർത്താവിനു സമർപ്പിക്കണം? **ഉ:** നാസീർവ്രതത്തിന്റെ നിയമപ്രകാരമുള്ള കാഴ്ചകളും (6,21).

353 നാസീർവ്രതസ്ഥൻ നിറവേറ്റേണ്ടത്? **ഉ:** നാസീർവ്രതത്തിന്റെ നിയമങ്ങൾ (6,21).

353[എ] 6,13-21ലേതിന് സമാനമായി നാസീർവ്രതസ്ഥരെക്കുറിച്ചു പുതിയ നിയമത്തിൽ എവിടെ ? **ഉ:** അപ്പ 21,23-28.

പുരോഹിതന്റെ ആശീർവാദം

**6,22-26 [22]കർത്താവ് മോശയോട് അരുൾചെയ്തു: അഹറോനോടും പുത്രന്മാരോടും പറയുക, [23]നിങ്ങൾ ഇങ്ങനെ പറഞ്ഞ് ഇസ്രായേൽജനത്തെ അനുഗ്രഹിക്കണം: [24]കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ; [25]അവിടന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ. [26]കർത്താവ് കരുണയോടെ കടാക്ഷിച്ചു നിനക്കു സമാധാനം നല്കട്ടെ.**

354 അഹറോനും പുത്രന്മാരും ഇസ്രായേൽജനത്തെ അനുഗ്രഹിക്കാനുള്ള വചനങ്ങൾ കർത്താവ് ആരോട് അരുൾചെയ്തു? **ഉ:** മോശയോട് (6,22).

355 അഹറോനും പുത്രന്മാരും ഇസ്രായേൽജനത്തെ അനുഗ്രഹിക്കാൻ കർത്താവ് മോശയോട് അരുൾചെയ്ത വചനങ്ങൾ? **ഉ:** കർത്താവ് നിന്നെ അനുഗ്രഹിക്കുകയും

പരിപാലിക്കുകയും ചെയ്യട്ടെ; അവിടന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ചു നിനക്കു സമാധാനം നല്കട്ടെ (6,24-26).

**6,27 ഇപ്രകാരം അവർ ഇസ്രായേൽമക്കളുടെമേൽ എന്റെ നാമം ഉറപ്പിക്കട്ടെ. അപ്പോൾ ഞാൻ അവരെ അനുഗ്രഹിക്കും.**

356 അഹറോനും പുത്രന്മാരും കർത്താവ് അരുൾചെയ്തപ്രകാരം ഇസ്രായേൽജനത്തെ അനുഗ്രഹിക്കുന്നതുവഴി അവർ എന്തു ചെയ്യുന്നു? **ഉ:** ഇസ്രായേൽമക്കളുടെ മേൽ എന്റെ (കർത്താവിന്റെ) നാമം ഉറപ്പിക്കുന്നു (6,27).

357 അഹറോനും പുത്രന്മാരും കർത്താവ് അരുൾചെയ്തപ്രകാരം ഇസ്രായേൽജനത്തെ അനുഗ്രഹിക്കുമ്പോൾ അവരെ അനുഗ്രഹിക്കുന്നത് ആര്? **ഉ:** കർത്താവ് (6,27).

അധ്യായം 7 അധ്യായം 7ൽ 89 വാക്യങ്ങൾ

**7,1 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചു.**

358 കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചത്? **ഉ:** മോശ (7,1).

359 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചവ? **ഉ:** അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും (7,1).

360 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും എങ്ങനെ വിശുദ്ധീകരിച്ചു? **ഉ:** അഭിഷേകം ചെയ്ത് (7,1).

**7,2-3 [2]അന്ന് ഇസ്രായേലിലെ കുലത്തലവന്മാരും ഗോത്രപ്രധാനരും കണക്കെടുപ്പിൽ മേല്നോട്ടം വഹിച്ചവരുമായ നേതാക്കന്മാർ കാഴ്ചകൾ കൊണ്ടുവന്നു കർത്താവിന്റെ മുമ്പിൽ സമർപ്പിച്ചു. [3]രണ്ടു നേതാക്കന്മാർക്ക് ഒരു വണ്ടിയും ഒരാൾക്ക് ഒരു കാളയും എന്ന കണക്കിനു മൂടിയുള്ള ആറു വണ്ടികളും പന്ത്രണ്ടു കാളകളും അവർ കൂടാരത്തിന്റെ മുമ്പിൽ സമർപ്പിച്ചു.**

361 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചന്ന് കാഴ്ചകൾ കൊണ്ടുവന്നു കർത്താവിന്റെ മുമ്പിൽ സമർപ്പിച്ചത് ആര്? **ഉ:** ഇസ്രായേലിലെ കുലത്തലവന്മാരും ഗോത്രപ്രധാനരും കണക്കെടുപ്പിൽ മേല്നോട്ടം വഹിച്ചവരുമായ നേതാക്കന്മാർ (7,2).

362 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചന്ന് ഇസ്രായേലിലെ കുലത്തലവന്മാരും ഗോത്രപ്രധാനരും കണക്കെടുപ്പിൽ മേല്നോട്ടം വഹിച്ചവരുമായ നേതാക്കന്മാർ കാഴ്ചകൾ കൊണ്ടുവന്നു എവിടെ സമർപ്പിച്ചു? **ഉ:** കർത്താവിന്റെ മുമ്പിൽ (7,2).

363 മോശ കൂടാരം സ്ഥാപിച്ചതിനുശേഷം അതും അതിന്റെ സാമഗ്രികളും ബലിപീഠവും, അതിന്റെ ഉപകരണങ്ങളും അഭിഷേകം ചെയ്തു വിശുദ്ധീകരിച്ചന്ന് കാഴ്ചകൾ കൊണ്ടുവന്നു കർത്താവിന്റെ മുമ്പിൽ സമർപ്പിച്ച നേതാക്കന്മാർ ആര്? **ഉ:** ഇസ്രായേലിലെ കുലത്തലവന്മാരും ഗോത്രപ്രധാനരും കണക്കെടുപ്പിൽ മേല്നോട്ടം വഹിച്ചവരും (7,2).

364 രണ്ടു നേതാക്കന്മാർക്ക് ഒരു വണ്ടിയും ഒരാൾക്ക് ഒരു കാളയും എന്ന കണക്കിനു മൂടിയുള്ള ആറു വണ്ടികളും പന്ത്രണ്ടു കാളകളും അവർ എവിടെ സമർപ്പിച്ചു? **ഉ:** കൂടാരത്തിന്റെ മുമ്പിൽ (7,3).

365 ഇസ്രായേലിലെ നേതാക്കന്മാർ ഏതു കണക്കിനു വണ്ടികളും കാളകളും കൂടാരത്തിന്റെ മുമ്പിൽ സമർപ്പിച്ചു? **ഉ:** രണ്ടു നേതാക്കന്മാർക്ക് ഒരു വണ്ടിയും ഒരാൾക്ക് ഒരു കാളയും എന്ന കണക്കിനു (7,3).

366 ഇസ്രായേലിലെ നേതാക്കന്മാർ മൂടിയുള്ള എത്ര വണ്ടികളും കാളകളും കൂടാരത്തിന്റെ മുമ്പിൽ സമർപ്പിച്ചു? **ഉ:** ആറു വണ്ടികളും പന്ത്രണ്ടു കാളകളും (7,3).

**7,4-5 [4]അപ്പോൾ കർത്താവ് മോശയോട് അരുൾചെയ്തു: [5]സമാഗമകൂടാരത്തിലെ**



**വേലയ്ക്ക് ഉപയോഗിക്കാൻ, അവരിൽനിന്ന് അവ സ്വീകരിച്ച്, ലേവ്യർക്ക് ഓരോരുത്തന്റെയും കർത്തവ്യമനുസരിച്ചു കൊടുക്കുക.**

367 അവരിൽനിന്ന് (നേതാക്കന്മാരിൽനിന്ന്) അവ സ്വീകരിച്ച്, ലേവ്യർക്ക് ഓരോരുത്തന്റെയും കർത്തവ്യമനുസരിച്ചു കൊടുക്കുക എന്ന് കർത്താവ് അരുൾചെയ്തത് ആരോട്? **ഉ:** മോശയോട് (7,4).

368 എന്തിന് അവരിൽനിന്ന് അവ സ്വീകരിച്ച്, ലേവ്യർക്ക് ഓരോരുത്തന്റെയും കർത്തവ്യമനുസരിച്ചു കൊടുക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** സമാഗമകൂടാരത്തിലെ വേലയ്ക്ക് ഉപയോഗിക്കാൻ (7,4).

369 സമാഗമകൂടാരത്തിലെ വേലയ്ക്ക് ഉപയോഗിക്കാൻ, അവരിൽനിന്ന് അവ സ്വീകരിച്ച്, ആർക്ക് എന്തനുസരിച്ചു കൊടുക്കുക എന്ന് കർത്താവ് അരുൾചെയ്തു? **ഉ:** ലേവ്യർക്ക് ഓരോരുത്തന്റെയും കർത്തവ്യമനുസരിച്ച് (7,5).

**7,6 മോശ വണ്ടികളെയും കാളകളെയും സ്വീകരിച്ച് ലേവ്യർക്കു കൊടുത്തു.**

370 മോശ സ്വീകരിച്ച് ലേവ്യർക്കു കൊടുത്തത്? **ഉ:** വണ്ടികളെയും കാളകളെയും (7,6).

**7,7 ഗർഷോന്റെ പുത്രന്മാർക്ക് അവരുടെ ജോലിക്കനുസരിച്ച് രണ്ടു വണ്ടികളും നാലു കാളകളും കൊടുത്തു.**

371 മോശ (സ്വീകരിച്ച്) ഗർഷോന്റെ പുത്രന്മാർക്ക് എന്തനുസരിച്ച് രണ്ടു വണ്ടികളും നാലു കാളകളും കൊടുത്തു? **ഉ:** അവരുടെ ജോലിക്കനുസരിച്ച് (7,7).

372 മോശ (സ്വീകരിച്ച്) ഗർഷോന്റെ പുത്രന്മാർക്ക് അവരുടെ ജോലിക്കനുസരിച്ച് കൊടുത്തത്? **ഉ:** രണ്ടു വണ്ടികളും നാലു കാളകളും (7,7).

**7,8 പുരോഹിതനായ അഹറോന്റെ മകൻ ഇത്താമറിന്റെ നേതൃത്വത്തിലുള്ള മെറാറിയുടെ പുത്രന്മാർക്ക് അവരുടെ ജോലിക്കനുസരിച്ച് നാലു വണ്ടികളും എട്ടു കാളകളും കൊടുത്തു.**

373 മോശ (സ്വീകരിച്ച്) നാലു വണ്ടികളും എട്ടു കാളകളും കൊടുത്തത് ആർക്ക്? **ഉ:** അഹറോന്റെ മകൻ ഇത്താമറിന്റെ നേതൃത്വത്തിലുള്ള മെറാറിയുടെ പുത്രന്മാർക്ക് (7,8).

374 മോശ (സ്വീകരിച്ച്) നാലു വണ്ടികളും എട്ടു കാളകളും കൊടുത്തത് ആരുടെ പുത്രന്മാർക്ക്? **ഉ:** മെറാറിയുടെ (7,8).

375 മോശ (സ്വീകരിച്ച്) അഹറോന്റെ മകൻ ഇത്താമറിന്റെ നേതൃത്വത്തിലുള്ള മെറാറിയുടെ പുത്രന്മാർക്ക് എന്തനുസരിച്ച് നാലു വണ്ടികളും എട്ടു കാളകളും കൊടുത്തു? **ഉ:** അവരുടെ ജോലിക്കനുസരിച്ച് (7,8).

**7,9 എന്നാൽ, കൊഹാത്തിന്റെ പുത്രന്മാർക്ക് ഒന്നും നല്കിയില്ല; കാരണം, വിശുദ്ധവസ്തുക്കളുടെ കാര്യം നോക്കാനാണ് അവരെ ചുമതലപ്പെടുത്തിയിരുന്നത്; അവ ചുമലിൽ വഹിക്കേണ്ടവയായിരുന്നു.**

376 നേതാക്കന്മാരിൽനിന്ന് സ്വീകരിച്ച വണ്ടികളും കാളകളും ഒന്നും മോശ ആർക്കു നല്കിയില്ല? **ഉ;** കൊഹാത്തിന്റെ പുത്രന്മാർക്ക് (7,9).

377 മോശ കൊഹാത്തിന്റെ പുത്രന്മാർക്ക് ഒന്നും നല്കിയില്ല; കാരണം? **ഉ:** വിശുദ്ധവസ്തുക്കളുടെ കാര്യം നോക്കാനാണ് അവരെ ചുമതലപ്പെടുത്തിയിരുന്നത്; അവ ചുമലിൽ വഹിക്കേണ്ടവയായിരുന്നു.

378 എന്തിന്റെ കാര്യം നോക്കാനാണ് കൊഹാത്തിന്റെ പുത്രന്മാരെ ചുമതലപ്പെടുത്തിയിരുന്നത്? **ഉ:** വിശുദ്ധവസ്തുക്കളുടെ (7,9).

**7,10-11 [10]ബലിപീഠം അഭിഷേകം ചെയ്ത ദിവസം പ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ നേതാക്കന്മാർ അതിന്റെ മുമ്പാകെ സമർപ്പിച്ചു..കർത്താവ് മോശയോട് അരുൾചെയ്തു: [11]നേതാക്കന്മാർ ഓരോരുത്തരായി ഓരോ ദിവസം ബലിപീഠത്തിന്റെ പ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ സമർപ്പിക്കണം.**

379 ബലിപീഠം അഭിഷേകം ചെയ്ത ദിവസം നേതാക്കന്മാർ അതിന്റെ മുമ്പാകെ സമർപ്പിച്ചത്? **ഉ:** പ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ (7,10).

380 ബലിപീഠം അഭിഷേകം ചെയ്ത ദിവസം പ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ അതിന്റെ മുമ്പാകെ സമർപ്പിച്ചത്? **ഉ:** നേതാക്കന്മാർ (7,10).

381 ബലിപീഠം അഭിഷേകം ചെയ്ത ദിവസം പ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ നേതാ

ക്കന്മാർ എവിടെ സമർപ്പിച്ചു? **ഉ:** അതിന്റെ (ബലിപീഠത്തിന്റെ) മുമ്പാകെ (7,10).

**7,12 ഒന്നാം ദിവസം യൂദാഗോത്രത്തിലെ അമ്മീനാദാബിന്റെ മകൻ നഹ്ഷോൻ കാഴ്ച സമർപ്പിച്ചു.**

382 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ ഒന്നാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** യൂദാഗോത്രത്തിലെ അമ്മീനാദാബിന്റെ മകൻ നഹ്ഷോൻ (7,12).

നഹ്ഷോൻ കാഴ്ച സമർപ്പിച്ചതിന്റെ വിശദവിവരങ്ങൾ

**7,13-17 [13]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേർത്ത മാവ്, [14] സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [15]ദഹന ബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [16]പാപപരിഹാരബലിക്കായി ഒരു ആൺകോലാട്, [17]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ. ഇതാണ് അമ്മീനാദാബിന്റെ മകൻ നഹ്ഷോൻ സമർപ്പിച്ച കാഴ്ച.**

383 അമ്മീനാദാബിന്റെ മകൻ നഹ്ഷോൻ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,13). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ

384 അവൻ (അ. മ. നഹ്ഷോൻ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,13). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

385 അവൻ (അ. മ. ഹ്ഷോൻ ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് കാഴ്ചവച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേർത്ത മാവ് (7,13).

386 അവൻ (അ. മ. നഹ്ഷോൻ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,14). പൊൻകലശതൂക്കം? - 10 ഷെക്കൽ

387 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,14).

388 അവൻ (അ. മ. നഹ്ഷോൻ) ദഹനബലിക്കായി കാഴ്ച വ്ച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,15).

389 അവൻ (അ. മ. നഹ്ഷോൻ) പാപപരിഹാരബലിക്കായി കാഴ്ച വ്ച്ചത്? **ഉ:** ഒരു ആൺകോലാട് (7,16).

390 അവൻ (അ. മ. നഹ്ഷോൻ) സമാധാനബലിക്കായി കാഴ്ച വ്ച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,17).

**7,18 രണ്ടാം ദിവസം ഇസാക്കർഗോത്രത്തിന്റെ നേതാവും സുവാറിന്റെ മകനുമായ നെത്തനേൽ കാഴ്ച സമർപ്പിച്ചു.**

391 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ രണ്ടാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** ഇസാക്കർഗോത്രത്തിന്റെ നേതാവും സുവാറിന്റെ മകനുമായ നെത്തനേൽ (7,18).

392 നെത്തനേൽ ആര്? **ഉ:** ഇസാക്കർഗോത്രത്തിന്റെ നേതാവും സുവാറിന്റെ മകനും (7,18).

**7,19-23 [19]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [20]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, ദഹനബലിക്കായി ഒരു കാളക്കുട്ടി, [21]ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [22] പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [23]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാണ്. ഇതാണ് സുവാറിന്റെ മകൻ നെത്തനേൽ സമർപ്പിച്ച കാഴ്ച.**

393 ഇസാക്കർഗോത്രത്തിന്റെ നേതാവും സുവാറിന്റെ മകനുമായ നെത്തനേൽ കാഴ്ച വച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,19). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ



394 അവൻ (ഇ. ഗോ. നേ. സു. മ. നെ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,19). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

395 അവൻ ഇ. ഗോ. നേ. സു. മ. നെ ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,19).

396 അവൻ (ഇ. ഗോ. നേ. സു. മ. നെ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,20). പൊൻകലശതൂക്കം? - 10 ഷെക്കൽ

397 387 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,20).

398 അവൻ (ഇ. ഗോ. നേ. സു. മ. നെ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,20-21).

399 അവൻ (ഇ. ഗോ. നേ. സു. മ. നെ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,22).

400 അവൻ (ഇ. ഗോ. നേ. സു. മ. നെ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,23).

**7,24 മൂന്നാം ദിവസം സെബുലൂൺഗോത്രത്തിന്റെ നേതാവും ഹേലോന്റെ മകനുമായ എലിയാബ് കാഴ്ച സമർപ്പിച്ചു.**

401 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ മൂന്നാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** സെബുലൂൺഗോത്രത്തിന്റെ നേതാവും ഹേലോന്റെ മകനുമായ എലിയാബ് (7,24).

402 സെബുലൂൺഗോത്രത്തിന്റെ നേതാവ്? **ഉ:** ഹേലോന്റെ മകനായ എലിയാബ് (7,24).

**7,25-29 [25]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [26]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [27]ദഹന ബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [28]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [29]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാണ്. ഇതാണ് ഹേലോന്റെ പുത്രൻ എലിയാബ് സമർപ്പിച്ച കാഴ്ച.**

403 സെബുലൂൺഗോത്രത്തിന്റെ നേതാവും ഹേലോന്റെ മകനുമായ എലിയാബ് കാഴ്ച വച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,25). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ

404 അവൻ (സെ. ഗോ. നേ. ഹേ. മ. എ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,25). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

405 അവൻ (സെ. ഗോ. നേ. ഹേ. മ. എ)കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,25).

406 അവൻ (സെ. ഗോ. നേ. ഹേ. മ. എ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,26). പൊൻകലശതൂക്കം? - 10 ഷെക്കൽ

407 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,26).

408 അവൻ (സെ. ഗോ. നേ. ഹേ. മ. എ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,27).

409 അവൻ (സെ. ഗോ. നേ. ഹേ. മ. എ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,28).

410 അവൻ (സെ. ഗോ. നേ. ഹേ. മ. എ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,29).

**7,30നാലാം ദിവസം റൂബൻഗോത്രത്തിന്റെ നേതാവും ഷെദേയൂറിന്റെ മകനുമായ എലിസൂർ കാഴ്ച സമർപ്പിച്ചു.**

411 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ നാലാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** റൂബൻഗോത്രത്തിന്റെ നേതാവും ഷെദെയൂറിന്റെ മകനുമായ എലിസൂർ (7,30).

412 റൂബൻഗോത്രത്തിന്റെ നേതാവ്? **ഉ:** ഷെദെയൂറിന്റെ മകനായ എലിസൂർ(7,30).

**7,31–35 [31]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [32]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [33]ദഹന ബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [34]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [35]സമാധാനബലിക്കായി രണ്ടു കാള കൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് ഷെദെയൂറിന്റെ മകൻ എലി സൂർ സമർപ്പിച്ച കാഴ്ച.**

413 റൂബൻഗോത്രത്തിന്റെ നേതാവും ഷെദെയൂറിന്റെ മകനുമായ എലിസൂർ കാഴ്ചവ ച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,31). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

414 അവൻ (റൂ. ഗോ. നേ. ഷെ. മ. എ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,31). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ

415 അവൻ (റൂ. ഗോ. നേ. ഷെ. മ. എ)കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,31).

416 അവൻ (റൂ. ഗോ. നേ. ഷെ. മ. എ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,32). പൊൻകലശതൂക്കം? – 10 ഷെക്കൽ

417 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,32).

418 അവൻ (റൂ. ഗോ. നേ. ഷെ മ. എ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാള ക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,33).

419 അവൻ (റൂ. ഗോ. നേ. ഷെ. മ. എ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,34).

420 അവൻ (റൂ. ഗോ. നേ. ഷെ മ. എ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയ സ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,35).

**7,36അഞ്ചാം ദിവസം ശിമയോൻഗോത്രത്തിന്റെ നേതാവും സുരിഷദ്ദായിയുടെ മക നുമായ ഷെലുമിയേൽ കാഴ്ച സമർപ്പിച്ചു.**

421 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ അഞ്ചാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** ശിമയോൻഗോത്രത്തിന്റെ നേതാവും സുരിഷദ്ദായിയുടെ മകനുമായ ഷെലുമി യേൽ (7,36).

422 ശിമയോൻഗോത്രത്തിന്റെ നേതാവ്? **ഉ:** സുരിഷദ്ദായിയുടെ മകനായ ഷെലുമി യേൽ (7,36).

**7,37–41 [37]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [38]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [39]ദഹന ബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [40]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [41]സമാധാനബലിക്കായി രണ്ടു കാള കൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് സുരിഷദ്ദായിയുടെ മകൻ ഷെലു മിയേൽ സമർപ്പിച്ച കാഴ്ച.**

423 ശിമയോൻഗോത്രത്തിന്റെ നേതാവും സുരിഷദ്ദായിയുടെ മകനുമായ ഷെലുമിയേൽ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,37). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

424 അവൻ (ശി. ഗോ. നേ. സു. മ. ഷെ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,37). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ



425 അവൻ (ശി. ഗോ. നേ. സു. മ. ഷെ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,37).

426 അവൻ (ശി. ഗോ. നേ. സു. മ. ഷെ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,38). പൊൻകലശതൂക്കം? – 10 ഷെക്കൽ

427 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,38).

428 അവൻ (ശി. ഗോ. നേ. സു. മ. ഷെ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,39).

429 അവൻ (ശി. ഗോ. നേ. സു. മ. ഷെ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,40).

430 അവൻ (ശി. ഗോ. നേ. സു. മ. ഷെ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയ സ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,41).

**7,42ആറാം ദിവസം ഗാദ്ഗോത്രത്തിലെ തലവനും റവുവേലിന്റെ മകനുമായ എലി യാസാഫ് കാഴ്ച സമർപ്പിച്ചു.**

431 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ ആറാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** ഗാദ്ഗോത്രത്തിലെ തലവനും റവുവേലിന്റെ മകനുമായ എലിയാസാഫ് (7,42).

432 ഗാദ്ഗോത്രത്തിലെ തലവൻ? **ഉ:** റവുവേലിന്റെ മകനായ എലിയാസാഫ് (7,42).

7,43–47 [43]അവൻ കാഴ്ചവച്ചതു വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [44]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [45]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [46]പാപപരിഹാരബലിക്ക് ഒരു ആൺകോ ലാട്, [47]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാ ടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് റവു വേലിന്റെ മകൻ എലിയാസാഫ് സമർപ്പിച്ച കാഴ്ച.

433 ഗാദ്ഗോത്രത്തിന്റെ തലവനും റവുവേലിന്റെ മകനുമായ എലിയാസാഫ് കാഴ്ച വച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,43). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

434 അവൻ (ഗാ. ഗോ. ത. റ. മ. എ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂ ക്കമുള്ളത്? **ഉ:** എഴുപതു (7,43). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ

435 അവൻ (ഗാ. ഗോ. ത. റ. മ. എ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,43).

436 അവൻ (ഗാ. ഗോ. ത. റ. മ. എ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ :** പത്തു ഷെക്കൽ (7,44). പൊൻകലശതൂക്കം? – 10 ഷെക്കൽ

437 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,44).

438 അവൻ (ഗാ. ഗോ. ത. റ. മ. എ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാള ക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,45).

439 അവൻ (ഗാ. ഗോ. ത. റ. മ. എ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,46).

440 അവൻ (ഗാ. ഗോ. ത. റ. മ. എ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയ സ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,47).

**7,48 ഏഴാം ദിവസം എഫ്രായിംഗോത്രത്തിന്റെ നേതാവും അമ്മിഹൂദിന്റെ മകനു മായ എലിഷാമ കാഴ്ചയർപ്പിച്ചു.**

441 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ ഏഴാം ദിവസം കാഴ്ചയർപ്പിച്ചത് ആര്? **ഉ:** എഫ്രായിംഗോത്രത്തിന്റെ നേതാവും അമ്മിഹൂദിന്റെ മകനുമായ എലിഷാമ(7,48).

442 എഫ്രായിംഗോത്രത്തിന്റെ നേതാവ്? **ഉ:** അമ്മിഹൂദിന്റെ മകനായ എലിഷാമ (7,48).

**7,49–53 [49]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു**

**വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [50]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [51]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [52]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [53]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് അമ്മിഹൂദിന്റെ മകൻ എലിഷാമ സമർപ്പിച്ച കാഴ്ച.**

443 എഫ്രായിംഗോത്രത്തിന്റെ നേതാവും അമ്മിഹൂദിന്റെ മകനുമായ എലിഷാമ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,49). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ

444 അവൻ (എ. ഗോ. നേ. അ. മ. എ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,49). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

445 അവൻ (എ. ഗോ. നേ. അ. മ. എ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,49).

446 അവൻ (എ. ഗോ. നേ. അ. മ. എ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,50). പൊൻകലശതൂക്കം? - 10 ഷെക്കൽ

447 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,50).

448 അവൻ (എ. ഗോ. നേ. അ. മ. എ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,51).

449 അവൻ (എ. ഗോ. നേ. അ. മ. എ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,52).

450 അവൻ (എ. ഗോ. നേ. അ. മ. എ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,53).

**7,54 എട്ടാം ദിവസം മനാസ്സെഗോത്രത്തിന്റെ നേതാവും പെദാഹ്സൂറിന്റെ മകനുമായ ഗമാലിയേൽ കാഴ്ച സമർപ്പിച്ചു.**

451 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ എട്ടാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** മനാസ്സെഗോത്രത്തിന്റെ നേതാവും പെദാഹ്സൂറിന്റെ മകനുമായ ഗമാലിയേൽ (7,54).

452 മനാസ്സെഗോത്രത്തിന്റെ നേതാവ്? **ഉ:** പെദാഹ്സൂറിന്റെ മകനായ ഗമാലിയേൽ (7,54).

**7,55-59 [55]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [56]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [57]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [58]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [59]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് പെദാഹ്സൂറിന്റെ മകൻ ഗമാലിയേൽ സമർപ്പിച്ച കാഴ്ച.**

453 മനാസ്സെഗോത്രത്തിന്റെ നേതാവും പെദാഹ്സൂറിന്റെ മകനുമായ ഗമാലിയേൽ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,55). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ

454 അവൻ (മ. ഗോ. നേ. പെ. മ. ഗ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,55). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

455 അവൻ (മ. ഗോ. നേ. പെ. മ. ഗ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,55).

456 അവൻ (മ. ഗോ. നേ. പെ. മ. ഗ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,56). പൊൻകലശതൂക്കം? - 10 ഷെക്കൽ

457 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,56).



458 അവൻ (മ. ഗോ. നേ. പെ. മ. ഗ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,57).

459 അവൻ (മ. ഗോ. നേ. പെ. മ. ഗ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,58).

460 അവൻ (മ. ഗോ. നേ. പെ. മ. ഗ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,59).

**7,60 ഒമ്പതാം ദിവസം ബഞ്ചമിൻഗോത്രത്തിന്റെ നേതാവും ഗിദെയോനിയുടെ മകനുമായ അബിദാൻ കാഴ്ചയർപ്പിച്ചു.**

461 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ ഒമ്പതാം ദിവസം കാഴ്ചയർപ്പിച്ചത് ആര്? **ഉ:** ബഞ്ചമിൻഗോത്രത്തിന്റെ നേതാവും ഗിദെയോനിയുടെ മകനുമായ അബിദാൻ (7,60).

462 ബഞ്ചമിൻഗോത്രത്തിന്റെ നേതാവ്? **ഉ:** ഗിദെയോനിയുടെ മകനായ അബിദാൻ (7,60).

**7,61-65 [61]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [62]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [63]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [64]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [65]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് ഗിദെയോനിയുടെ പുത്രൻ അബിദാൻ സമർപ്പിച്ച കാഴ്ച.**

463 ബഞ്ചമിൻഗോത്രത്തിന്റെ നേതാവും ഗിദെയോനിയുടെ മകനുമായ അബിദാൻ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,61). വെള്ളിത്തളിക തൂക്കം - 130 ഷെക്കൽ

464 അവൻ (ബ. ഗോ. നേ. ഗി. മ. അ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,61). വെള്ളിക്കിണ്ണം തൂക്കം - 70 ഷെക്കൽ

465 അവൻ (ബ. ഗോ. നേ. ഗി. മ. അ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,61).

466 അവൻ (ബ. ഗോ. നേ. ഗി. മ. അ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,62). പൊൻകലശതൂക്കം? - 10 ഷെക്കൽ

467 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,62).

468 അവൻ (ബ. ഗോ. നേ. ഗി. മ. അ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,63).

469 അവൻ (ബ. ഗോ. നേ. ഗി. മ. അ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,64).

470 അവൻ (ബ. ഗോ. നേ. ഗി. മ. അ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,65).

**7,66 പത്താം ദിവസം ദാൻഗോത്രത്തിന്റെ നേതാവും അമ്മിഷദ്ദായിയുടെ മകനുമായ അഹിയേസർ കാഴ്ച സമർപ്പിച്ചു.**

471 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ പത്താം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** ദാൻഗോത്രത്തിന്റെ നേതാവും അമ്മിഷദ്ദായിയുടെ മകനുമായ അഹിയേസർ (7,66).

472 ദാൻഗോത്രത്തിന്റെ നേതാവ്? **ഉ:** അമ്മിഷദ്ദായിയുടെ മകനായ അഹിയേസർ (7,66).?

**7,67-71 [67]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [68]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [69]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [70]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [71]സമാധാനബലിക്കായി രണ്ടു കാള**

**കൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് അമ്മിഷദ്ദായിയുടെ മകൻ അഹിയേസർ സമർപ്പിച്ച കാഴ്ച.**

473 ദാൻഗോത്രത്തിന്റെ നേതാവും അമ്മിഷദ്ദായിയുടെ മകനുമായ അഹിയേസർ കാഴ്ച വച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,67). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

474 അവൻ (ദാ. ഗോ. നേ. അ. മ. അ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,67). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ

475 അവൻ (ദാ. ഗോ. നേ. അ. മ. അ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,67).

476 അവൻ (ദാ. ഗോ. നേ. അ. മ. അ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,68). പൊൻകലശതൂക്കം? – 10 ഷെക്കൽ

477 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,68).

478 അവൻ (ദാ. ഗോ. നേ. അ. മ. അ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,69).

479 അവൻ (ദാ. ഗോ. നേ. അ. മ. അ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,70).

480 അവൻ (ദാ. ഗോ. നേ. അ. മ. അ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,71).

**7,72 പതിനൊന്നാം ദിവസം ആഷേർഗോത്രത്തിന്റെ നേതാവും ഒക്രാന്റെ മകനുമായ പഗിയേൽ കാഴ്ചയർപ്പിച്ചു.**

481 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ പതിനൊന്നാം ദിവസം കാഴ്ചയർപ്പിച്ചത് ആര്? **ഉ:** ആഷേർഗോത്രത്തിന്റെ നേതാവും ഒക്രാന്റെ മകനുമായ പഗിയേൽ (7,72).

482 ആഷേർഗോത്രത്തിന്റെ നേതാവ്? **ഉ:** ഒക്രാന്റെ മകനായ പഗിയേൽ (7,72).

**7,73–77 [73]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [74]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [75]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [76]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, [77]സമാധാനബലിക്കായി രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് ഒക്രാന്റെ മകൻ പഗിയേൽ സമർപ്പിച്ച കാഴ്ച.**

483 ആഷേർഗോത്രത്തിന്റെ നേതാവും ഒക്രാന്റെ മകനുമായ പഗിയേൽ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,73). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

484 അവൻ (ആ. ഗോ. നേ. ഒ. മ. പ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,73). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ

485 അവൻ (ആ. ഗോ. നേ. ഒ. മ. പ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,73).

486 അവൻ (ആ. ഗോ. നേ. ഒ. മ. പ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,74). പൊൻകലശതൂക്കം? – 10 ഷെക്കൽ

487 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,74).

488 അവൻ (ആ. ഗോ. നേ. ഒ. മ. പ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,75).

489 അവൻ (ആ. ഗോ. നേ. ഒ. മ. പ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,76).

490 അവൻ (ആ. ഗോ. നേ. ഒ. മ. പ) സമാധാനബലിക്കായി കാഴ്ചവച്ചത്?



**ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,77).

**7,78 പന്ത്രണ്ടാം ദിവസം നഫ്താലിഗോത്രത്തിന്റെ നേതാവും ഏനാന്റെ മകനുമായ അഹീറ കാഴ്ച സമർപ്പിച്ചു.**

491 മോശ ബലിപീഠം പ്രതിഷ്ഠിച്ചതിന്റെ പന്ത്രണ്ടാം ദിവസം കാഴ്ച സമർപ്പിച്ചത് ആര്? **ഉ:** നഫ്താലിഗോത്രത്തിന്റെ നേതാവും ഏനാന്റെ മകനുമായ അഹീറ (7,78).

492 ഏനാന്റെ ഗോത്രം? **ഉ:** നഫ്താലി (7,78).

493 ഏനാന്റെ മകൻ? **ഉ:** അഹീറ / അഹീറയുടെ പിതാവ്? **ഉ:** ഏനാൻ (7,78). (ചോദ്യം 492,493 പോലെ ഒന്നു മുതൽ പതിനൊന്നുവരെയുള്ള തലമുറകളുടേതും സ്വയം ചോദിച്ചു പഠിക്കുക)

494 നഫ്താലിഗോത്രത്തിന്റെ നേതാവ്? **ഉ:** ഏനാന്റെ മകനായ അഹീറ (7,78).

**7,79–83 [79]അവൻ കാഴ്ചവച്ചത് വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം നൂറ്റിമുപ്പതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിത്തളിക, എഴുപതു ഷെക്കൽ തൂക്കമുള്ള ഒരു വെള്ളിക്കിണ്ണം, അവ നിറയെ ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ്, [80]സുഗന്ധദ്രവ്യം നിറച്ച പത്തു ഷെക്കൽ തൂക്കമുള്ള ഒരു പൊൻകലശം, [81]ദഹനബലിക്കായി ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട്, [82]പാപപരിഹാരബലിക്ക് ഒരു ആൺകോലാട്, സമാധാനബലിക്കായി രണ്ടു കാളകൾ, [83]അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ എന്നിവയാകുന്നു. ഇതാണ് ഏനാന്റെ മകൻ അഹീറ സമർപ്പിച്ച കാഴ്ച.**

495 നഫ്താലിഗോത്രത്തിന്റെ നേതാവും ഏനാന്റെ മകനുമായ അഹീറ കാഴ്ചവച്ച ഒരു വെള്ളിത്തളിക വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** നൂറ്റിമുപ്പതു (7,79). വെള്ളിത്തളിക തൂക്കം – 130 ഷെക്കൽ

496 അവൻ (ന. ഗോ. നേ. ഏ. മ. അ) കാഴ്ചവച്ച ഒരു വെള്ളിക്കിണ്ണം എത്ര ഷെക്കൽ തൂക്കമുള്ളത്? **ഉ:** എഴുപതു (7,79). വെള്ളിക്കിണ്ണം തൂക്കം – 70 ഷെക്കൽ

497 അവൻ (ന. ഗോ. നേ. ഏ. മ. അ) കാഴ്ചവച്ച വെള്ളിത്തളികയും വെള്ളിക്കിണ്ണവും നിറയെ എന്ത് സമർപ്പിച്ചു? **ഉ:** ധാന്യബലിക്കുള്ള എണ്ണ ചേർത്ത നേരിയ മാവ് (7,79).

498 അവൻ (ന. ഗോ. നേ. ഏ. മ. അ) കാഴ്ചവച്ച പൊൻകലശത്തിന്റെ തൂക്കം? **ഉ:** പത്തു ഷെക്കൽ (7,80). പൊൻകലശതൂക്കം? – 10 ഷെക്കൽ

499 പൊൻകലശത്തിൽ നിറച്ചിരുന്നത്? **ഉ:** സുഗന്ധദ്രവ്യം (7,80).

500 അവൻ (ന. ഗോ. നേ. ഏ. മ. അ) ദഹനബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു കാളക്കുട്ടി, ഒരു മുട്ടാട്, ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാട് (7,781.

501 അവൻ (ന. ഗോ. നേ. ഏ. മ. അ) പാപപരിഹാരബലിക്കായി കാഴ്ചവച്ചത്? **ഉ:** ഒരു ആൺകോലാട് (7,82).

502 അവൻ (ന. ഗോ. നേ. ഏ. മ. അ) സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ (7,82–83).

503 മോശ ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേലിന്റെ ഓരോ ഗോത്രനേതാവും സുഗന്ധദ്രവ്യം നിറച്ചിരുന്നത് എന്തിൽ? **ഉ:** പൊൻകലശത്തിൽ.

504 ഒരു കാളക്കുട്ടിയെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** ദഹനബലിക്ക്.

505 ഒരു മുട്ടാടിനെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** ദഹനബലിക്ക്.

506 ഒരുവയസ്സുള്ള ഒരു ആൺചെമ്മരിയാടിനെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** ദഹനബലിക്ക്.

507 ഒരു ആൺകോലാടിനെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** പാപപരിഹാരബലിക്ക്.

508 ഓരോ ഗോത്രനേതാവും സമാധാനബലിക്കായി കാഴ്ചവച്ചത്? **ഉ:** രണ്ടു കാളകൾ, അഞ്ചു മുട്ടാടുകൾ, അഞ്ച് ആൺകോലാടുകൾ, ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകൾ

509 രണ്ടു കാളകളെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** സമാധാനബലിക്ക്.

510 അഞ്ചു മുട്ടാടുകളെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** സമാധാനബലിക്ക്.

511 അഞ്ച് ആൺകോലാടുകളെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** സമാധാനബലിക്ക്.

512 ഒരു വയസ്സുള്ള അഞ്ച് ആൺചെമ്മരിയാടുകളെ കാഴ്ചവച്ചത് ഏതു ബലിക്ക്? **ഉ:** സമാധാനബലിക്ക്.

7,84–88ൽ വിവരിക്കുന്നത് മോശ ബലിപീഠം അഭ്ഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെയും നേതാക്കന്മാർ സമർപ്പിച്ച കാഴ്ചകളിൽ ഓരോ ഇനത്തിന്റെയും ആകെ എണ്ണമാണ്.

**7,84 ബലിപീഠം അഭ്ഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമർപ്പിച്ച കാഴ്ചകൾ ഇവയാണ്:**

**7,85 പന്ത്രണ്ടു വെള്ളിത്തളികകൾ, പന്ത്രണ്ടു വെള്ളിക്കിണ്ണങ്ങൾ, പന്ത്രണ്ടു പൊൻകലശങ്ങൾ. ഓരോ വെള്ളിത്തളികയുടെയും തൂക്കം നൂറ്റിമുപ്പതു ഷെക്കൽ, ഓരോ വെള്ളിക്കിണ്ണത്തിന്റെയും തൂക്കം എഴുപതു ഷെക്കൽ. അങ്ങനെ വെള്ളിപ്പാത്രങ്ങളുടെ ആകെ തൂക്കം വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം രണ്ടായിരത്തിനാനൂറ് ഷെക്കൽ.**

513 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമർപ്പിച്ച വെള്ളിപ്പാത്രങ്ങളുടെ ആകെ തൂക്കം വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം എത്ര ഷെക്കൽ? **ഉ:** രണ്ടായിരത്തിനാനൂറ് ഷെക്കൽ (7,85).

**7,86 സുഗന്ധദ്രവ്യം നിറച്ച പന്ത്രണ്ടു പൊൻകലശങ്ങൾ, വിശുദ്ധ മന്ദിരത്തിലെ ഷെക്കൽപ്രകാരം ഓരോന്നിനും തൂക്കം പത്തു ഷെക്കൽ; കലശങ്ങളുടെ ആകെ തൂക്കം നൂറ്റിയിരുപതു ഷെക്കൽ.**

514 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമർപ്പിച്ച കലശങ്ങളുടെ ആകെ തൂക്കം? **ഉ:** നൂറ്റിയിരുപതു ഷെക്കൽ (7,86).

**7,87 ധാന്യബലിയോടുകൂടി ദഹനബലിക്കുള്ള കന്നുകാലികളെല്ലാംകൂടി പന്ത്രണ്ടു കാളകൾ, പന്ത്രണ്ടു മുട്ടാടുകൾ, ഒരു വയസ്സുള്ള പന്ത്രണ്ട് ആൺചെമ്മരിയാടുകൾ, പാപപരിഹാരബലിക്കുള്ള പന്ത്രണ്ട് ആൺകോലാടുകൾ**

515 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ പന്ത്രണ്ടുംകൂടി ദഹനബലിക്ക് ആകെ എത്ര കന്നുകാലികളെ സമർപ്പിച്ചു? **ഉ:** 12 X 3 ഇനം = 36 (7,87)

516 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ പന്ത്രണ്ടുംകൂടി സമർപ്പിച്ച പന്ത്രണ്ട് ആൺകോലാടുകൾ ഏതു ബലിക്ക്? **ഉ:** പാപപരിഹാരബലിക്കു (7,87).

**7,88 സമാധാനബലിക്കുള്ള കന്നുകാലികളെല്ലാംകൂടി ഇരുപത്തിനാലു കാളകൾ, അറുപതു മുട്ടാടുകൾ, അറുപത് ആൺകോലാടുകൾ, ഒരു വയസ്സുള്ള അറുപത് ആൺചെമ്മരിയാടുകൾ. ബലിപീഠം അഭിഷേകം ചെയ്തതിനുശേഷം അതിന്റെ പ്രതിഷ്ഠക്കായി സമർപ്പിച്ച കാഴ്ചകൾ ഇവയാകുന്നു.**

517 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമാധാനബലിക്കു സമർപ്പിച്ച കാളകൾ? **ഉ:** ഇരുപത്തിനാല് (7,88).

518 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമാധാനബലിക്കു സമർപ്പിച്ച മുട്ടാടുകൾ? **ഉ:** അറുപത് (7,88).

519 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമാധാനബലിക്കു സമർപ്പിച്ച ആൺകോലാടുകൾ? **ഉ:** അറുപത് (7,88).

520 ബലിപീഠം അഭിഷേകം ചെയ്ത ദിവസം അതിന്റെ പ്രതിഷ്ഠയ്ക്കുവേണ്ടി ഇസ്രായേൽനേതാക്കന്മാർ സമാധാനബലിക്കു സമർപ്പിച്ച ഒരു വയസ്സുള്ള ആൺചെമ്മരിയാടുകൾ? **ഉ:** അറുപത് (7,88).

**7,89 കർത്താവുമായി സംസാരിക്കാൻ സമാഗമകൂടാരത്തിൽ പ്രവേശിച്ചപ്പോൾ, സാക്ഷ്യപേടകത്തിന്റെ മുകളിൽ രണ്ടു കെരൂബുകളുടെ മധ്യത്തിലുള്ള കൃപാസനത്തിൽനിന്ന് ഒരു സ്വരം തന്നോടു സംസാരിക്കുന്നതു മോശ കേട്ടു.**

521 മോശ സമാഗമകൂടാരത്തിൽ പ്രവേശിച്ചത് എന്തിനെന്ന് സംഖ്യ 7,89? **ഉ:** കർത്താവുമായി സംസാരിക്കാൻ



522 കർത്താവുമായി സംസാരിക്കാൻ സമാഗമകൂടാരത്തിൽ പ്രവേശിച്ചപ്പോൾ, സാക്ഷ്യപേടകത്തിന്റെ മുകളിൽ രണ്ടു കെരൂബുകളുടെ മധ്യത്തിലുള്ള കൃപാസനത്തിൽനിന്ന് മോശ കേട്ടത്? **ഉ:** ഒരു സ്വരം തന്നോടു സംസാരിക്കുന്നതു (7,89)

## അധ്യായം 8 അധ്യായം 8ൽ 26 വാക്യങ്ങൾ

ദീപസജ്ജീകരണം

**8,1–2 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]ദീപം കൊളുത്തുമ്പോൾ വിളക്കുകാലിനു മുമ്പിൽ പ്രകാശം പരക്കത്തക്കവിധം ഏഴു വിളക്കുകളും ക്രമപ്പെടുത്തണമെന്ന് അഹറോനോട് പറയുക. അഹറോൻ അങ്ങനെ ചെയ്തു.**

523 എന്തു ചെയ്യുമ്പോൾ വിളക്കുകാലിനു മുമ്പിൽ പ്രകാശം പരക്കത്തക്കവിധം ഏഴു വിളക്കുകളും ക്രമപ്പെടുത്തണമെന്ന് അഹറോനോട് പറയുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ദീപം കൊളുത്തുമ്പോൾ (8,2).

524 ദീപം കൊളുത്തുമ്പോൾ എവിടെ പ്രകാശം പരക്കത്തക്കവിധം ഏഴു വിളക്കുകളും ക്രമപ്പെടുത്തണമെന്ന് അഹറോനോട് പറയുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** വിളക്കുകാലിനു മുമ്പിൽ (8,2).

525 വിളക്കുകാലിനു മുമ്പിൽഏഴു വിളക്കുകളും ആര് ക്രമപ്പെടുത്തി? **ഉ:** അഹറോൻ (8,2).

**8,3 കർത്താവ് മോശയോടു കല്പിച്ചതുപോലെ വിളക്കുകാലിന്റെ മുമ്പിൽ പ്രകാശം പരക്കുമാറ് വിളക്കുകൾ ക്രമപ്പെടുത്തി.**

526 ആര് ആരോടു കല്പിച്ചതുപോലെ വിളക്കുകാലിന്റെ മുമ്പിൽ പ്രകാശം പരക്കുമാറ് വിളക്കുകൾ ക്രമപ്പെടുത്തി? **ഉ:** കർത്താവ് മോശയോടു (8,3).

**8,4 ചുവടുമുതൽ ശിഖിരങ്ങൾവരെ സ്വർണം അടിച്ചു പരത്തി നിർമിച്ചതായിരുന്നു വിളക്കുകാൽ. കർത്താവ് മോശയ്ക്കു കാണിച്ചുകൊടുത്ത മാതൃകയിൽത്തന്നെയാണ് അതുണ്ടാക്കിയത്.**

527 ചുവടുമുതൽ ശിഖിരങ്ങൾവരെ സ്വർണം അടിച്ചു പരത്തി നിർമിച്ചത്? **ഉ:** വിളക്കുകാൽ.

528 ആര് ആർക്കു കാണിച്ചുകൊടുത്ത മാതൃകയിൽത്തന്നെയാണ് അതുണ്ടാക്കിയത്? **ഉ:** കർത്താവ് മോശയ്ക്കു (8,4).

527 വിളക്കുകാലിനെപ്പറ്റി സംഖ്യ 8,1–4നു സമാനമായ പഴയനിയമഭാഗം? **ഉ:** പുറ 25,31–40.

ലേവ്യരുടെ സമർപ്പണം

**8,5–6 [5]കർത്താവ് മോശയോട് അരുൾചെയ്തു: [6]ലേവ്യരെ ജനങ്ങളുടെ ഇടയിൽനിന്നു വേർതിരിച്ചു ശുദ്ധീകരിക്കുക.**

528 ലേവ്യരെ ആരുടെ ഇടയിൽനിന്നു വേർതിരിച്ചു ശുദ്ധീകരിക്കണമെന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ജനങ്ങളുടെ (8,5–6).

ലേവ്യരെ എങ്ങനെ ശുദ്ധീകരിക്കണമെന്ന് കർത്താവ് അരുൾചെയ്തത് 7–13ൽ വിവരിക്കുന്നു.

**8,7 അവരെ ശുദ്ധീകരിക്കേണ്ടത് ഇങ്ങനെയാണ്: പാപപരിഹാരജലം അവരുടെമേൽ തളിക്കുക; ശരീരം മുഴുവൻ ക്ഷൗരം ചെയ്ത്, വസ്ത്രങ്ങൾ അലക്കി, അവർ തങ്ങളെത്തന്നെ ശുദ്ധീകരിക്കുകയും വേണം.**

529 ലേവ്യരെ ശുദ്ധീകരിക്കാൻ അവരുടെമേൽ തളിക്കേണ്ടത്? **ഉ:** പാപപരിഹാരജലം (8,7).

530 ലേവ്യർ ശരീരം മുഴുവൻ ക്ഷൗരം ചെയ്ത്, വസ്ത്രങ്ങൾ അലക്കേണ്ടത്? **ഉ:** തങ്ങളെത്തന്നെ ശുദ്ധീകരിക്കാൻ (8,7).

**8,8 അനന്തരം ഒരു കാളക്കുട്ടിയെയും ധാന്യബലിക്കായി എണ്ണ ചേർത്ത നേരിയ മാവും അവർ എടുക്കട്ടെ. പാപപരിഹാരബലിക്കായി മറ്റൊരു കാളക്കുട്ടിയെയും എടുക്കണം.**

531 ലേവ്യർ തങ്ങളുടെ ശുദ്ധീകരണാനന്തരം എത്ര കാളക്കുട്ടികളെ എടുക്കണം? **ഉ:** രണ്ട് (8,8). (ഒന്ന് പാപപരിഹാരവലിക്കും മറ്റേത് ദഹനബലിക്കും: വാക്യം 12).

532 ലേവ്യർ തങ്ങളുടെ ശുദ്ധീകരണാനന്തരം പാപപരിഹാരബലിക്കായി എത്ര കാളക്കുട്ടിയെ എടുക്കണം? **ഉ:** ഒന്ന് (8,8).

533 ലേവ്യർ തങ്ങളുടെ ശുദ്ധീകരണാനന്തരം ധാന്യബലിക്കായി എടുക്കേണ്ടത്? **ഉ:** എണ്ണ ചേർത്ത നേരിയ മാവ് (8,8).

**8,9 ലേവ്യരെ സമാഗമകൂടാരത്തിന്റെ മുമ്പിൽ കൊണ്ടുവരുകയും ഇസ്രായേൽസമൂഹത്തെ മുഴുവൻ അവിടെ വിളിച്ചുകൂട്ടുകയും വേണം.**

534 ലേവ്യരെ (ശുദ്ധീകരണാനന്തരം) എവിടെ കൊണ്ടുവരണം? **ഉ:** സമാഗമകൂടാരത്തിന്റെ മുമ്പിൽ (8,9).

535 ആരെ അവിടെ വിളിച്ചുകൂട്ടുകയും വേണം? **ഉ:** ഇസ്രായേൽസമൂഹത്തെ മുഴുവൻ (8,9).

536 ലേവ്യരുടെ (ശുദ്ധീകരണാനന്തരം) ഇസ്രായേൽസമൂഹത്തെ മുഴുവൻ എവിടെ വിളിച്ചുകൂട്ടണം? **ഉ:** സമാഗമകൂടാരത്തിന്റെ മുമ്പിൽ (8,9).

**8,10 ലേവ്യരെ കർത്താവിന്റെ മുമ്പിൽ കൊണ്ടുവരുമ്പോൾ ഇസ്രായേൽജനം അവരുടെ തലയിൽ കൈവയ്ക്കണം.**

537 ലേവ്യരെ (ശുദ്ധീകരണാനന്തരം) എവിടെ കൊണ്ടുവരുമ്പോൾ ഇസ്രായേൽജനം അവരുടെ തലയിൽ കൈവയ്ക്കണം? **ഉ:** കർത്താവിന്റെ മുമ്പിൽ (8,10).

538 ലേവ്യരെ (ശുദ്ധീകരണാനന്തരം) കർത്താവിന്റെ മുമ്പിൽ കൊണ്ടുവരുമ്പോൾ ആര് അവരുടെ തലയിൽ കൈവയ്ക്കണം? **ഉ:** ഇസ്രായേൽജനം (8,10).

**8,11 ഇസ്രായേൽജനത്തിന്റെ നീരാജനമായി കർത്താവിനു ശുശ്രൂഷ ചെയ്യാൻ അഹറോൻ ലേവ്യരെ അവിടത്തേക്കു സമർപ്പിക്കണം.**

539 ലേവ്യർ ആരുടെ നീരാജനം? **ഉ:** ഇസ്രായേൽജനത്തിന്റെ (8,11).

540 ലേവ്യർ ഇസ്രായേൽജനത്തിന്റെ നീരാജനമായി ആർക്കു ശുശ്രൂഷ ചെയ്യാൻ? **ഉ:** കർത്താവിനു (8,11).

541 ഇസ്രായേൽജനത്തിന്റെ നീരാജനമായി കർത്താവിനു ശുശ്രൂഷ ചെയ്യാൻ ആര് ലേവ്യരെ അവിടത്തേക്കു സമർപ്പിക്കണം? **ഉ:** അഹറോൻ (8,11).

**8,12 ലേവ്യർ കാളക്കുട്ടികളുടെ തലയിൽ കൈവയ്ക്കണം. അവരുടെ പാപപരിഹാരത്തിനായി കാളക്കുട്ടികളിലൊന്നിനെ പാപപരിഹാരബലിയായും മറ്റേതിനെ ദഹനബലിയായും നീ കർത്താവിന് അർപ്പിക്കണം.**

542 ലേവ്യരെ കർത്താവിനു സമർപ്പിക്കുമ്പോൾ കാളക്കുട്ടികളുടെ തലയിൽ കൈവയ്ക്കേണ്ടത്? **ഉ:** ലേവ്യർ (8,12).

543 അവരുടെ പാപപരിഹാരത്തിനായി കാളക്കുട്ടികളിലൊന്നിനെ പാപപരിഹാരബലിയായും മറ്റേതിനെ ദഹനബലിയായും ആര് കർത്താവിന് അർപ്പിക്കണം? **ഉ:** മോശ (8,12).

**8,13 അഹറോന്റെയും പുത്രന്മാരുടെയും ശുശ്രൂഷയിൽ അവരെ സഹായിക്കാൻ ലേവ്യരെ കർത്താവിനു നീരാജനമായി അർപ്പിക്കുക.**

544 ലേവ്യർ ആരുടെ ശുശ്രൂഷയിൽ സഹായിക്കാൻ? **ഉ:** അഹറോന്റെയും പുത്രന്മാരുടെയും (8,13).

545 ലേവ്യർ അഹറോന്റെയും പുത്രന്മാരുടെയും ശുശ്രൂഷയിൽ ആരെ സഹായിക്കാൻ? **ഉ:** അവരെ (അഹറോനെയും പുത്രന്മാരെയും) (8,13).

546 ലേവ്യരെ ആർക്കു നീരാജനമായി അർപ്പിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** കർത്താവിനു (8,13).

**8,14 ഇപ്രകാരം ഇസ്രായേൽജനത്തിന്റെ ഇടയിൽനിന്നു ലേവ്യരെ നീ വേർതിരിക്കണം, അവർ എന്റേതായിരിക്കും.**

547 ആരുടെ ഇടയിൽനിന്നു ലേവ്യരെ വേർതിരിക്കണമെന്നാണ് കർത്താവ് മോശയോട് അരുൾചെയ്തത്? **ഉ:** ഇസ്രായേൽജനത്തിന്റെ (8,14).

548 ലേവ്യർ ആരുടേതായിരിക്കും എന്നാണ് കർത്താവ് മോശയോട് അരുൾചെയ്തത്? **ഉ:** എന്റേത് (കർത്താവിന്റേത്) (8,14).

**8,15 ശുദ്ധീകരിക്കുകയും നീരാജനമായി സമർപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യാൻ ലേവ്യർ അകത്തു പ്രവേശിക്കട്ടെ.**

549 തെറ്റോ ശരിയോ? ശുദ്ധീകരിക്കപ്പെട്ടുകഴിയുമ്പോൾ സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യാൻ ലേവ്യർ അകത്തു പ്രവേശിക്കട്ടെ. **ഉ:** തെറ്റ് (ശരി: ശുദ്ധീകരിക്കുകയും നീരാജനമായി സമർപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ).



550 സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യാൻ ലേവ്യർ എപ്പോൾ അകത്തു പ്രവേശിക്കട്ടെ. **ഉ:** ശുദ്ധീകരിക്കുകയും നീരാജനമായി സമർപ്പിക്കുകയും ചെയ്തുകഴിയുമ്പോൾ (8,15).

**8,16 ഇസ്രായേലിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട അവർ പൂർണമായും എനിക്കുള്ളവരാണ്. ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ഞാൻ അവരെ എനിക്കായി തിരഞ്ഞെടുത്തിരിക്കുന്നു.**

551 സംഖ്യ 8,16ൽ ലേവ്യർ തിരഞ്ഞെടുക്കപ്പെട്ടത്: (a) ഇസ്രായേലിൽനിന്ന് (b) ഇസ്രായേൽസമൂഹത്തിൽനിന്ന് (c) ഇസ്രായേൽജനത്തിൽനിന്ന് (d) ഇസ്രായേൽഗോത്രങ്ങളിൽനിന്ന്. ശരി (a) 8,16 (ഇസ്രായേൽജനത്തിൽനിന്ന് എന്ന് സംഖ്യ 8,19ൽ ഉണ്ട്)

552 ലേവ്യരെ കർത്താവ് തിരഞ്ഞെടുത്തത് ഇസ്രായേലിലെ ആർക്കു പകരം? **ഉ:** ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം (8,16).

553 അവർ (ലേവ്യർ) പൂർണമായും ആർക്കുള്ളവരാണെന്ന് കർത്താവ് മോശയോട് അരുൾചെയതു? **ഉ:** എനിക്കുള്ളവരാണ് (കർത്താവിനുള്ളവരാണ്) 8,16.

554 ഞാൻ അവരെ ആർക്കായി തിരഞ്ഞെടുത്തിരിക്കുന്നു എന്ന് കർത്താവ് മോശയോട് അരുൾചെയതു? **ഉ:** എനിക്കായി (8,16).

**8,17 ഇസ്രായേലിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളെല്ലാം എനിക്കുള്ളതാണ്. ഈജിപ്തിലെ കടിഞ്ഞൂലുകളെയെല്ലാം സംഹരിച്ചപ്പോൾ ഞാൻ അവരെ എനിക്കായി മാറ്റിവച്ചു.** (8,16നോടുള്ള സാമ്യവും വ്യത്യാസവും ശ്രദ്ധിക്കുക).

555 എനിക്കുള്ളതാണ് എന്ന് സംഖ്യ 8,17ൽ കർത്താവ് പറയുന്നത് ആരെക്കുറിച്ച്? **ഉ:** ഇസ്രായേലിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളെല്ലാം.

556 എപ്പോൾ ഞാൻ അവരെ എനിക്കായി മാറ്റിവച്ചു എന്നാണ് കർത്താവ് മോശയോടു പറഞ്ഞത്? **ഉ:** ഈജിപ്തിലെ കടിഞ്ഞൂലുകളെയെല്ലാം സംഹരിച്ചപ്പോൾ (8,17).

557 സംഖ്യ 8,17നു സമാനമായ ബൈബിൾഭാഗം? **ഉ:** പുറ 13,2.

**8,18 ഇസ്രായേലിലെ ആദ്യജാതന്മാർക്കു പകരം ലേവ്യരെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.** (8,16നോടുള്ള സാമ്യവും വ്യത്യാസവും ശ്രദ്ധിക്കുക).

**8,19 സമാഗമകൂടാരത്തിൽ ഇസ്രായേൽജനത്തിനുവേണ്ടി സേവനം ചെയ്യാനും, അവർക്കുവേണ്ടി പരിഹാരകർമങ്ങൾ അനുഷ്ഠിക്കാനും, ജനം വിശുദ്ധസ്ഥലത്തെ സമീപിച്ചാൽ അവരുടെയിടയിൽ മഹാമാരിയുണ്ടാകാതിരിക്കാനും ആയി അവരിൽനിന്നു ലേവ്യരെ ഞാൻ തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നു.**

558 ലേവ്യരെ ഞാൻ തിരഞ്ഞെടുത്ത് ആർക്ക് ഇഷ്ടദാനമായി കൊടുത്തിരിക്കുന്നു എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** അഹറോനും പുത്രന്മാർക്കും (8,19).

559 ലേവ്യരെ കർത്താവ് തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നതിന്റെ മൂന്ന് ഉദ്ദേശ്യങ്ങൾ സംഖ്യ 8,19ൽ? **ഉ:** സമാഗമകൂടാരത്തിൽ ഇസ്രായേൽജനത്തിനുവേണ്ടി സേവനം ചെയ്യാനും, അവർക്കുവേണ്ടി പരിഹാരകർമങ്ങൾ അനുഷ്ഠിക്കാനും, ജനം വിശുദ്ധസ്ഥലത്തെ സമീപിച്ചാൽ അവരുടെയിടയിൽ മഹാമാരിയുണ്ടാകാതിരിക്കാനും.

560 കർത്താവ് ലേവ്യരെ ഇസ്രായേൽജനത്തിൽനിന്നു തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നത് എവിടെ ആർക്കുവേണ്ടി സേവനം ചെയ്യാൻ? **ഉ:** സമാഗമകൂടാരത്തിൽ ഇസ്രായേൽജനത്തിനുവേണ്ടി (8,19).

561 കർത്താവ് ലേവ്യരെ ഇസ്രായേൽജനത്തിൽനിന്നു തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നത് അവർക്കുവേണ്ടി എന്ത് അനുഷ്ഠിക്കാൻ? **ഉ:** പരിഹാരകർമങ്ങൾ (8,19).

562 കർത്താവ് ലേവ്യരെ ഇസ്രായേൽജനത്തിൽനിന്നു തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നത് ആര് എന്തിനെ സമീപി

ച്ചാൽ അവരുടെയിടയിൽ മഹാമാരിയുണ്ടാകാതിരിക്കാനും? **ഉ:** ജനം വിശുദ്ധ സ്ഥലത്തെ (8,19).

563 ജനം വിശുദ്ധസ്ഥലത്തെ സമീപിച്ചാൽ അവരുടെയിടയിൽ മഹാമാരിയുണ്ടാകാതിരിക്കാൻ കർത്താവ് ഇസ്രായേൽജനത്തിൽനിന്നു തിരഞ്ഞെടുത്ത് അഹറോനും പുത്രന്മാർക്കും ഇഷ്ടദാനമായി കൊടുത്തിരിക്കുന്നത്? **ഉ:** ലേവ്യരെ (8,19).

**8,20 മോശയോടു കർത്താവ് കല്പിച്ചതനുസരിച്ചു മോശയും അഹറോനും ഇസ്രായേൽസമൂഹവും ചേർന്ന് ലേവ്യരെ കർത്താവിനു പ്രതിഷ്ഠിച്ചു.**

564 മോശയോടു കർത്താവ് കല്പിച്ചതനുസരിച്ചു ആര് ലേവ്യരെ കർത്താവിനു പ്രതിഷ്ഠിച്ചു? **ഉ:** മോശയും അഹറോനും ഇസ്രായേൽസമൂഹവും ചേർന്ന് (8,20).

**8,21–22 [21]ലേവ്യർ തങ്ങളെത്തന്നെ പാപത്തിൽനിന്നു ശുദ്ധീകരിച്ചു; വസ്ത്രമലക്കി. അഹറോൻ അവരെ നീരാജനമായി കർത്താവിനു സമർപ്പിച്ചു. അവരുടെ ശുദ്ധീകരണത്തിനായി അഹറോൻ പാപപരിഹാരബലി അർപ്പിക്കുകയും ചെയ്തു. [22]അനന്തരം സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ അഹറോനെയും പുത്രന്മാരെയും സഹായിക്കാൻ ലേവ്യർ അകത്തു പ്രവേശിച്ചു. കർത്താവ് മോശയോടു കല്പിച്ചതനുസരിച്ച് അവർ ലേവ്യരോടു പ്രവർത്തിച്ചു.**

565 ലേവ്യർ തങ്ങളെത്തന്നെ എന്തിൽനിന്നു ശുദ്ധീകരിച്ചു? **ഉ:** പാപത്തിൽനിന്നു (8,21).

566 ലേവ്യരെ നീരാജനമായി കർത്താവിനു സമർപ്പിച്ചത്? **ഉ:** അഹറോൻ (8,21).

567 അവരുടെ (ലേവ്യരുടെ) ശുദ്ധീകരണത്തിനായി പാപപരിഹാരബലി അർപ്പിച്ചത്? **ഉ:** അഹറോൻ (8,21).

568 അനന്തരം എന്തിന് ലേവ്യർ അകത്തു പ്രവേശിച്ചു? **ഉ:** സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ അഹറോനെയും പുത്രന്മാരെയും സഹായിക്കാൻ (8,22).

569 അഹറോനും പുത്രന്മാരും ലേവ്യരോട് എങ്ങനെ പ്രവർത്തിച്ചു? **ഉ:** കർത്താവ് മോശയോടു കല്പിച്ചതനുസരിച്ച് (8,22).

**8,23–26 [23]കർത്താവ് മോശയോട് അരുൾചെയ്തു: ലേവ്യരെ സംബന്ധിക്കുന്ന നിയമമിതാണ്: [24]ഇരുപത്തഞ്ചും അതിനുമേലും വയസ്സുള്ള ലേവ്യരെല്ലാം സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യണം. [25]അമ്പതു വയസ്സാകുമ്പോൾ ശുശ്രൂഷയിൽനിന്നു വിരമിക്കണം; പിന്നെ ശുശ്രൂഷ ചെയ്യേണ്ടതില്ല. [26]എന്നാൽ, സമാഗമകൂടാരത്തിൽ ജോലി ചെയ്യുന്ന സഹോദരന്മാരെ അവർക്കു സഹായിക്കാം. അവർ നേരിട്ടു ചുമതല വഹിക്കേണ്ടതില്ല. ലേവ്യരെ ചുമതല ഏല്പിക്കുമ്പോൾ നീ ഇങ്ങനെ ചെയ്യണം.**

570 ലേവ്യർ സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും ശുശ്രൂഷയിൽനിന്നു വിരമിക്കാനുമുള്ള വയസ്സ് കർത്താവ് ആരോട് അരുൾചെയ്തു? **ഉ:** മോശയോട് (8,23–25).

571 ലേവ്യരെല്ലാം സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യണ്ട വയസ്സ്? **ഉ:** ഇരുപത്തഞ്ചും അതിനുമേലും (8,24).

572 ലേവ്യരെല്ലാം സമാഗമകൂടാരത്തിൽ ശുശ്രൂഷയിൽനിന്നു വിരമിക്കേണ്ട വയസ്സ്? **ഉ:** അമ്പത് (8,25).

573 ശുശ്രൂഷയിൽനിന്നു വിരമിച്ചുകഴിഞ്ഞാലും ലേവ്യർക്ക് സമാഗമകൂടാരത്തിൽ എന്തു ചെയ്യാം? **ഉ:** സമാഗമകൂടാരത്തിൽ ജോലിചെയ്യുന്ന സഹോദരന്മാരെ അവർക്കു സഹായിക്കാം (8,26).

574 ശുശ്രൂഷയിൽനിന്നു വിരമിച്ചുകഴിഞ്ഞാലും ലേവ്യർ നേരിട്ടു വഹിക്കേണ്ടാത്തത്? **ഉ:** (സമാഗമകൂടാരത്തിലെ)ചുമതല (8,26).

## അധ്യായം 9 (അധ്യായം 9ൽ 23 വാക്യങ്ങൾ)

### രണ്ടാമത്തെ പെസഹാ

**9,1–3 [1]ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം ഒന്നാം മാസം സീനായ് മരുഭൂമിയിൽവച്ചു കർത്താവ് മോശയോട് അരുൾചെയ്തു: [2]ഇസ്രായേൽജനം നിശ്ചിതസമയത്തുതന്നെ പെസഹാ ആഘോഷിക്കണം. [3]ഈ മാസം പതിനാലാം ദിവസം വൈകുന്നേരം എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചു നിങ്ങൾ പെസഹാ ആചരിക്കണം.**

575 ഇസ്രായേൽജനം നിശ്ചിതസമയത്തുതന്നെ പെസഹാ ആഘോഷിക്കണമെന്ന് കർത്താവ് എന്ന് മോശയോട് അരുൾചെയ്തു? **ഉ:** ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം ഒന്നാം മാസം (9,1)



576 ഇസ്രായേൽജനം നിശ്ചിതസമയത്തുതന്നെ പെസഹാ ആഘോഷിക്കണമെന്ന് കർത്താവ് എവിടെവച്ച് മോശയോട് അരുൾചെയ്തു? **ഉ:** സീനായ് മരുഭൂമിയിൽവച്ചു (9,1).

577 ഇസ്രായേൽജനം ഏതുസമയത്തുതന്നെ പെസഹാ ആഘോഷിക്കണമെന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** നിശ്ചിതസമയത്തുതന്നെ (9,2).

578 ഇസ്രായേൽജനം എത്രാം മാസം എത്രാം ദിവസം എന്നേരം പെസഹാ ആചരിക്കണമെന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം (9,3).

579 ഇസ്രായേൽജനം ആദ്യമായി പെസഹാ ആചരിച്ചത് ഏതു വർഷം എത്രാം മാസം എത്രാം ദിവസം എന്നേരം? **ഉ:** ഇസ്രായേൽജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം (9,1–5).

580 ഇസ്രായേൽജനം ആദ്യമായി പെസഹാ ആചരിച്ചത് എവിടെവച്ച്? **ഉ:** സീനായ് മരുഭൂമിയിൽവച്ച്.

581 ഇസ്രായേൽജനം പെസഹാ ആഘോഷിക്കേണ്ട നിശ്ചിതസമയം? **ഉ:** ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം (9,3).

582 എന്തനുസരിച്ച് അവർ പെസഹാ ആചരിക്കണം? **ഉ:** എല്ലാ നിയമങ്ങളും ചട്ടങ്ങളും (9,3).

**9,4 പെസഹാ ആചരിക്കണമെന്ന് ഇസ്രായേൽജനത്തെ മോശ അറിയിച്ചു.**

583 പെസഹാ ആചരിക്കണമെന്ന് ഇസ്രായേൽജനത്തെ അറിയിച്ചത്? **ഉ:** മോശ (9,4).

**9,5 അങ്ങനെ അവർ ഒന്നാം മാസം പതിനാലാം ദിവസം വൈകുന്നേരം സീനായ് മരുഭൂമിയിൽവച്ചു പെസഹാ ആചരിച്ചു. കർത്താവ് മോശയോടു കല്പിച്ചതനുസരിച്ച് ഇസ്രായേൽ പ്രവർത്തിച്ചു.** (ചോദ്യം 580 കാണുക)

584 പെസഹാ ആചരിക്കേണ്ടതിനെപ്പറ്റി സംഖ്യ 9,1–5ലെപ്പോലെ കർത്താവിന്റെ വാക്കുകൾ പഴയ നിയമത്തിൽ മറ്റെവിടെ? **ഉ:** പുറ 12,1–13.

**9,6–8 [6]ശവശരീരം സ്പർശിച്ച് അശുദ്ധരായതുകൊണ്ട് ആ ദിവസം പെസഹാ ആചരിക്കാൻ കഴിയാത്ത ചിലരുണ്ടായിരുന്നു. [7]അവർ മോശയുടെയും അഹറോന്റെയും അടുത്തു ചെന്നു പറഞ്ഞു: ഞങ്ങൾ മൃതശരീരം സ്പർശിച്ച് അശുദ്ധരായി. എന്നാൽ, നിശ്ചിതസമയത്ത് ഇസ്രായേലിലെ മറ്റ് ആളുകളോടു ചേർന്ന് കർത്താവിനു കാഴ്ച സമർപ്പിക്കുന്നതിൽനിന്നു ഞങ്ങളെ തടയേണ്ടതുണ്ടോ? മോശ പറഞ്ഞു: [8]കർത്താവ് തന്റെ ഹിതം എന്നെ അറിയിക്കുന്നതുവരെ കാത്തിരിക്കുക.**

585 ആ ദിവസം പെസഹാ ആചരിക്കാൻ കഴിയാത്ത ചിലർ ആര്? ഉ: ശവശരീരം സ്പർശിച്ച് അശുദ്ധരായവർ (8,6).

586 ആ ദിവസം പെസഹാ ആചരിക്കാൻ കഴിയാത്ത ചിലരുണ്ടായിരുന്നു. എന്തുകൊണ്ട്? **ഉ:** ശവശരീരം സ്പർശിച്ച് അശുദ്ധരായതുകൊണ്ട് (9,6).

587 അവർ ചെന്നു ചോദിച്ചത് ആരുടെ അടുത്തു ചെന്ന്? **ഉ:** മോശയുടെയും അഹറോന്റെയും (9,7).

588 അവരോട് മറുപടി പറഞ്ഞത് ആര്? **ഉ:** മോശ (9,7).

589 മോശ അവരോടു പറഞ്ഞത്? **ഉ:** കർത്താവ് തന്റെ ഹിതം എന്നെ അറിയിക്കുന്നതുവരെ കാത്തിരിക്കുക (9,8).

**9,9–12 [9]കർത്താവ് മോശയോട് അരുൾചെയ്തു: ഇസ്രായേൽജനത്തോടു പറയുക, [10]നിങ്ങളോ നിങ്ങളുടെ മക്കളിൽ ആരെങ്കിലുമോ ശവശരീരം സ്പർശിച്ച് അശുദ്ധരാവുകയോ ദൂരയാത്രയിലായിരിക്കുകയോ ചെയ്താലും അവർ കർത്താവിനു പെസഹാ ആചരിക്കണം. [11]രണ്ടാം മാസം പതിനാലാം ദിവസം വൈകുന്നേരം അവർ അത് ആചരിക്കണം. പുളിപ്പില്ലാത്ത അപ്പവും കയ്പ്പുള്ള ഇലയുംകൂട്ടി പെസഹാ ഭക്ഷിക്കണം. [12]പ്രഭാതത്തിലേക്ക് ഒന്നും അവശേഷിക്കരുത്. മൃഗത്തിന്റെ അസ്ഥിയൊന്നും ഒടിക്കയുമരുത്. നിയമങ്ങളനുസരിച്ച് അവർ പെസഹാ ആചരിക്കണം.**

590 ഇസ്രായേൽജനമോ അവരുടെ മക്കളിൽ ആരെങ്കിലുമോ ശവശരീരം സ്പർശിച്ച്

അശുദ്ധരാവുകയോ ദൂരയാത്രയിലായിരിക്കുകയോ ചെയ്താലും അവർ കർത്താവിനു പെസഹാ ആചരിക്കണമോ? **ഉ:** ആചരിക്കണം (9,9-10).

591 ഇസ്രായേൽജനവും അവരുടെ മക്കളും പെസഹാ ആചരിക്കുന്നത് ആർക്ക്? **ഉ:** കർത്താവിന് (9,10).

592 ശവശരീരം സ്പർശിച്ച് അശുദ്ധരാവുകയോ ദൂരയാത്രയിലായിരിക്കുകയോ ചെയ്യുന്ന ഇസ്രായേൽജനവും അവരുടെ മക്കളും എന്ന് പെസഹാ ആചരിക്കണം? **ഉ:** രണ്ടാം മാസം പതിനാലാം ദിവസം വൈകുന്നേരം (9,11).

592 ഇസ്രായേൽജനവും അവരുടെ മക്കളും എന്തുകൂട്ടി പെസഹാ ഭക്ഷിക്കണം? **ഉ:** പുളിപ്പില്ലാത്ത അപ്പവും കയ്പ്പുള്ള ഇലയുംകൂട്ടി (9,11).

593 പെസഹാഭക്ഷണത്തെ സംബന്ധിച്ച് സംഖ്യ 9,12ൽ പറയുന്ന രണ്ടു നിയമങ്ങൾ? **ഉ:** പഭാതത്തിലേക്ക് ഒന്നും അവശേഷിക്കരുത്. മൃഗത്തിന്റെ അസ്ഥിയൊന്നും ഒടിക്കയുമരുത്.

594 മൃഗത്തിന്റെ അസ്ഥിയൊന്നും ഒടിക്കാത്തതിനെപ്പറ്റി പഴയ നിയമത്തിൽ മറ്റെവിടെ? **ഉ:** പുറ 12,46

595 മൃഗത്തിന്റെ അസ്ഥിയൊന്നും ഒടിക്കാത്തതിനെപ്പറ്റി പുതിയ നിയമത്തിൽ എവിടെ? **ഉ:** യോഹ 19,36 (യേശുവിനെക്കുറിച്ച്).

**9,13 എന്നാൽ, ഒരുവൻ അശുദ്ധനല്ല, യാത്രയിലുമല്ല, എങ്കിലും പെസഹാ ആചരിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറുന്നെങ്കിൽ അവൻ നിശ്ചിതസമയത്തു കർത്താവിനു കാഴ്ച നല്കാത്തതുകൊണ്ടു സ്വജനത്തിൽനിന്നു വിച്ഛേദിക്കപ്പെടണം; അവൻ തന്റെ പാപത്തിന്റെ ഫലം വഹിക്കണം.**

596 ഒരുവൻ അശുദ്ധനല്ല, യാത്രയിലുമല്ല, എങ്കിലും പെസഹാ ആചരിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറുന്നെങ്കിൽ അവൻ എന്തുകൊണ്ടു സ്വജനത്തിൽനിന്നു വിച്ഛേദിക്കപ്പെടണം **ഉ:** നിശ്ചിതസമയത്തു കർത്താവിനു കാഴ്ച നല്കാത്തതുകൊണ്ടു (9,13).

597 അവൻ എന്തു വഹിക്കണം? **ഉ:** തന്റെ പാപത്തിന്റെ ഫലം വഹിക്കണം (9,13).

**9,14 നിങ്ങളുടെ ഇടയിൽ വന്നു പാർക്കുന്ന പരദേശി കർത്താവിനു പെസഹാ ആചരിക്കുന്നെങ്കിൽ നിയമങ്ങളും വിധികളുമനുസരിച്ച് അവൻ അതു നിർവഹിക്കണം. പരദേശിക്കും സ്വദേശിക്കും ഒരേ നിയമംതന്നെ.**

598 നിങ്ങളുടെ ഇടയിൽ വന്നു പാർക്കുന്ന പരദേശി കർത്താവിനു പെസഹാ ആചരിക്കുന്നെങ്കിൽ എനംതനുസരിച്ച് അവൻ അതു നിർവഹിക്കണം? **ഉ:** നിയമങ്ങളും വിധികളുമനുസരിച്ച് (9,14).

കൂടാരമുകളിൽ മേഘം (പുറ 40,34-38)

**9,15-16 [15]സാക്ഷ്യകൂടാരം സ്ഥാപിച്ച ദിവസം മേഘം അതിനെ ആവരണം ചെയ്തു; അഗ്നിപോലെ പ്രകാശിച്ചുകൊണ്ടു സന്ധ്യ മുതൽ പ്രഭാതം വരെ അതു കൂടാരത്തിനു മുകളിൽ നിന്നു. [16]നിരന്തരമായി അത് അങ്ങനെ നിന്നു. പകൽ മേഘവും രാത്രി അഗ്നിരൂപവും കൂടാരത്തെ ആവരണം ചെയ്തിരുന്നു.**

599 സാക്ഷ്യകൂടാരം സ്ഥാപിച്ച ദിവസം അതിനെ ആവരണം ചെയ്തത്? **ഉ:** മേഘം (9,15).

600 മേഘം പ്രകാശിച്ചത് എന്തുപോലെ? **ഉ:** അഗ്നിപോലെ (9,15).

601 കൂടാരത്തെ ആവരണം ചെയ്തിരുന്നത്? **ഉ:** പകൽ മേഘവും രാത്രി അഗ്നിരൂപവും (9,16).

**9,17 മേഘം കൂടാരത്തിൽനിന്ന് ഉയരുമ്പോൾ ഇസ്രായേൽജനം യാത്രതിരിക്കും; മേഘം നില്ക്കുന്നിടത്ത് അവർ പാളയമടിക്കും.**

602 സീനായ് മരുഭൂമിയിൽ ഓരോ ദിവസവും ഇസ്രായേൽജനം എപ്പോൾ യാത്രതിരിക്കുമായിരുന്നു? **ഉ:** മേഘം കൂടാരത്തിൽനിന്ന് ഉയരുമ്പോൾ (9,17).

603 സീനായ് മരുഭൂമിയിൽ ഓരോ ദിവസവും ഇസ്രായേൽജനം എപ്പോൾ പാളയമടിക്കുമായിരുന്നു? **ഉ:** മേഘം നില്ക്കുന്നിടത്ത് (9,17).

**9,18 കർത്താവിന്റെ കല്പനയനുസരിച്ച് ഇസ്രായേൽജനം യാത്രപുറപ്പെട്ടു; അവിടത്തെ കല്പനപോലെ അവർ പാളയമടിച്ചു. മേഘം കൂടാരത്തിനുമുകളിൽ നിശ്ചലമായി നില്ക്കുന്നിടത്തോളം സമയം അവർ പാളയത്തിൽത്തന്നെ കഴിച്ചുകൂട്ടി.**

604 ഇസ്രായേൽജനം യാത്രപുറപ്പെട്ടത്? **ഉ:** കർത്താവിന്റെ കല്പനയനുസരിച്ച് (9,18).

605 അവർ പാളയമടിച്ചത്? **ഉ:** അവിടത്തെ കല്പനപോലെ (9,18).



606 അവർ പാളയത്തിൽത്തന്നെ കഴിച്ചുകൂട്ടിയത്? **ഉ:** മേഘം കൂടാരത്തിനുമുകളിൽ നിശ്ചലമായി നില്ക്കുന്നിടത്തോളം സമയം (9,18).

**9,19 മേഘം ദീർഘനാൾ കൂടാരത്തിനുമുകളിൽ നിന്നപ്പോഴും ഇസ്രായേൽ കർത്താവിന്റെ കല്പന അനുസരിക്കുകയും യാത്ര പുറപ്പെടാതിരിക്കുകയും ചെയ്തു.**

607 മേഘം ദീർഘനാൾ കൂടാരത്തിനുമുകളിൽ നിന്നപ്പോഴും ഇസ്രായേൽ എന്തു ചെയ്തു? **ഉ:** കർത്താവിന്റെ കല്പന അനുസരിക്കുകയും യാത്ര പുറപ്പെടാതിരിക്കുകയും ചെയ്തു (9,19).

**9,20 ചിലപ്പോൾ ഏതാനും ദിവസം മാത്രം മേഘം കൂടാരത്തിനുമുകളിൽ നിന്നു. അപ്പോഴും കർത്താവിന്റെ കല്പനയനുസരിച്ച് അവർ പാളയത്തിൽത്തന്നെ വസിച്ചു. അവിടത്തെ കല്പനയനുസരിച്ചു മാത്രമേ അവർ യാത്ര പുറപ്പെട്ടുള്ളു.**

608 ചിലപ്പോൾ ഏതാനും ദിവസം മാത്രം മേഘം കൂടാരത്തിനുമുകളിൽ നിന്നു. അപ്പോഴും ഇസ്രായേൽ എന്തു ചെയ്തു? **ഉ:** കർത്താവിന്റെ കല്പനയനുസരിച്ച് അവർ പാളയത്തിൽത്തന്നെ വസിച്ചു (9,20).

609 മരുഭൂമിയിൽ എന്തനുസരിച്ചു മാത്രമേ അവർ (ഇസ്രായേൽ) യാത്ര പുറപ്പെട്ടുള്ളു? **ഉ:** കർത്താവിന്റെ കല്പനയനുസരിച്ചു മാത്രമേ (9,20).

**9,21 ചിലപ്പോൾ മേഘം സന്ധ്യ മുതൽ പുലർച്ചവരെ മാത്രം നില്ക്കും. പ്രഭാതത്തിൽ മേഘം ഉയരുമ്പോൾ അവർ യാത്ര പുറപ്പെടും. പകലോ രാത്രിയോ ആയാലും മേഘം ഉയരുമ്പോൾ അവർ പുറപ്പെടും.**

610 ചിലപ്പോൾ മേഘം സന്ധ്യ മുതൽ പുലർച്ചവരെ മാത്രം നില്ക്കും. അവർ (ഇസ്രായേൽ) എപ്പോൾ അവർ യാത്ര പുറപ്പെടും? **ഉ:** മേഘം ഉയരുമ്പോൾ (9,21).

611 പകലോ രാത്രിയോ ആയാലും അവർ (ഇസ്രായേൽ) യാത്ര പുറപ്പെട്ടിരുന്നത്? **ഉ:** മേഘം ഉയരുമ്പോൾ (9,21).

**9,22 മേഘം രണ്ടു ദിവസമോ ഒരു മാസമോ അതിൽ കൂടുതലോ കൂടാരത്തിനുമുകളിൽ നിന്നാലും അവർ യാത്ര തുടരാതെ പാളയത്തിൽത്തന്നെ വസിക്കും. മേഘം ഉയരുമ്പോൾ അവർ യാത്ര തുടരും.**

**9,23 കർത്താവിന്റെ കല്പനയനുസരിച്ചാണ് അവർ പാളയമടിക്കുകയും യാത്ര പുറപ്പെടുകയും ചെയ്തിരുന്നത്. അവിടന്നു മോശവഴി നല്കിയ കർത്താവിന്റെ കല്പനയനുസരിച്ച് അവർ പ്രവർത്തിച്ചു.**

612 എന്തനുസരിച്ചാണ് അവർ (ഇസ്രായേൽ) പാളയമടിക്കുകയും യാത്ര പുറപ്പെടുകയും ചെയ്തിരുന്നത്? **ഉ:** കർത്താവിന്റെ കല്പനയനുസരിച്ചാണ് (9,23).

## അധ്യായം 10 അധ്യായം 10ൽ 36 വാക്യങ്ങൾ

കാഹളം

**10,1-2 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]അടിച്ചുപരത്തിയ വെള്ളികൊണ്ട് രണ്ടു കാഹളം നിർമിക്കുക. സമൂഹത്തെ വിളിച്ചുകൂട്ടാനും പാളയത്തിൽനിന്നു പുറപ്പെടാനും അവ മുഴക്കണം.**

612 എന്തുകൊണ്ടു രണ്ടു കാഹളം നിർമിക്കുക എന്ന് കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** അടിച്ചുപരത്തിയ വെള്ളികൊണ്ട് (10,2).

613 എന്തിന് അവ മുഴക്കണം? **ഉ:** സമൂഹത്തെ വിളിച്ചുകൂട്ടാനും പാളയത്തിൽനിന്നു പുറപ്പെടാനും (10,2).

614 കാഹളം മുഴക്കി വിളിച്ചുകൂട്ടേണ്ടത്? **ഉ:** സമൂഹത്തെ (10,2).

**10,3 അവരണ്ടും ഒന്നിച്ചു മുഴക്കുമ്പോൾ സമൂഹം മുഴുവനും സമാഗമകൂടാരവാതില്ക്കൽ നിന്റെ മുമ്പിൽ സമ്മേളിക്കണം.**

615 കാഹളം രണ്ടും ഒന്നിച്ചു മുഴക്കുമ്പോൾ ആര് സമാഗമകൂടാരവാതില്ക്കൽ നിന്റെ (മോശയുടെ) മുമ്പിൽ സമ്മേളിക്കണം? **ഉ:** സമൂഹം മുഴുവനും 10,3).

616 കാഹളം രണ്ടും ഒന്നിച്ചു മുഴക്കുമ്പോൾ സമൂഹം മുഴുവനും എവിടെ സമ്മേളിക്കണം? **ഉ:** സമാഗമകൂടാരവാതില്ക്കൽ നിന്റെ (മോശയുടെ) മുമ്പിൽ (10,3).

**10,4 ഒരു കാഹളം മാത്രം ഊതിയാൽ ഇസ്രായേലിലെ ഗോത്രത്തലവന്മാരായ നായകന്മാർ മാത്രം നിന്റെ മുമ്പിൽ ഒന്നിച്ചുകൂടണം.**

617 ഒരു കാഹളം മാത്രം ഊതിയാൽ ആര് മോശയുടെ മുമ്പിൽ ഒന്നിച്ചുകൂടണം?

ഉ: ഇസ്രായേലിലെ ഗോത്രത്തലവന്മാരായ നായകന്മാർ മാത്രം (10,4).
618 ഇസ്രായേലിലെ ഗോത്രത്തലവന്മാരായ നായകന്മാർ മാത്രം മോശയുടെ മുമ്പിൽ ഒന്നിച്ചുകൂടാനുള്ള അടയാളം? **ഉ:** ഒരു കാഹളം മാത്രം ഊതിയാൽ (10,4).
**10,5 സന്നാഹത്തിനുള്ള ആദ്യകാഹളം മുഴങ്ങുമ്പോൾ കിഴക്കുവശത്തുള്ള പാളയങ്ങൾ പുറപ്പെടണം.**
619 എപ്പോൾ കിഴക്കുവശത്തുള്ള പാളയങ്ങൾ പുറപ്പെടണം? **ഉ:** സന്നാഹത്തിനുള്ള ആദ്യകാഹളം മുഴങ്ങുമ്പോൾ (10,5).
620 എന്തിനുള്ള ആദ്യകാഹളം മുഴങ്ങുമ്പോൾ കിഴക്കുവശത്തുള്ള പാളയങ്ങൾ പുറപ്പെടണം? **ഉ:** സന്നാഹത്തിനുള്ള (10,5).
**10,6 അതു രണ്ടാം പ്രാവശ്യം മുഴങ്ങുമ്പോൾ തെക്കുവശത്തുള്ള പാളയങ്ങൾ പുറപ്പെടണം. യാത്ര പുറപ്പെടേണ്ടപ്പോഴൊക്കെ സന്നാഹധ്വനി ഉയർത്തണം.**
621 തെക്കുവശത്തുള്ള പാളയങ്ങൾ എപ്പോൾ പുറപ്പെടണം? **ഉ:** അതു (കാഹളം രണ്ടാം പ്രാവശ്യം മുഴങ്ങുമ്പോൾ (10,6).
622 കാഹളം രണ്ടാം പ്രാവശ്യം മുഴങ്ങുമ്പോൾ പുറപ്പെടേണ്ട പാളയങ്ങൾ? **ഉ:** തെക്കുവശത്തുള്ളവ (10,6).
623 യാത്ര പുറപ്പെടേണ്ടപ്പോഴൊക്കെ സന്നാഹധ്വനി ഉയർത്തേണ്ടത്? **ഉ:** കാഹളധ്വനി (10,6).
**10,7 സമൂഹം ഒന്നിച്ചുകൂടാൻ കാഹളമൂതുമ്പോൾ സന്നാഹധ്വനി മുഴക്കരുത്.**
624 സമൂഹം ഒന്നിച്ചുകൂടാൻ കാഹളമൂതുമ്പോൾ മുഴക്കരുതാത്തത്? **ഉ:** സന്നാഹധ്വനി (10,7).
625 സന്നാഹധ്വനി മുഴക്കരുതാത്തത് എപ്പോൾ? **ഉ:** സമൂഹം ഒന്നിച്ചുകൂടാൻ കാഹളമൂതുമ്പോൾ (10,7).
**10,8 അഹറോന്റെ പുത്രന്മാരാണ് കാഹളം മുഴക്കേണ്ടത്. ഇതു നിങ്ങൾക്കു തലമുറതോറും എന്നേക്കുമുള്ള നിയമം ആയിരിക്കും.**
626 ആരാണ് കാഹളം മുഴക്കേണ്ടത്? **ഉ:** അഹറോന്റെ പുത്രന്മാർ (10,8).
627 കാഹളം മുഴക്കുന്നതു സംബന്ധിച്ച് ഇസ്രായേൽജനത്തിന് തലമുറതോറും എന്നേക്കുമുള്ള നിയമം? **ഉ:** അഹറോന്റെ പുത്രന്മാരാണ് കാഹളം മുഴക്കേണ്ടത് (10,8).
**10,9 നിങ്ങളുടെ ദേശത്തു നിങ്ങളെ ഞെരുക്കുന്ന ശത്രുവിനെതിരേ യുദ്ധത്തിനു പോകുമ്പോൾ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ ഓർക്കുന്നതിനും ശത്രുവിൽനിന്നു നിങ്ങൾ രക്ഷിക്കപ്പെടുന്നതിനും കാഹളങ്ങൾ സന്നാഹധ്വനി മുഴക്കണം.**
628 നിങ്ങളുടെ ദേശത്തു നിങ്ങളെ (ഇസ്രായേൽജനത്തിന്റെ ദേശത്ത് അവരെ) ഞെരുക്കുന്നത്? **ഉ:** ശത്രുക്കൾ (10,9).
629 നിങ്ങളുടെ ദേശത്തു നിങ്ങളെ ഞെരുക്കുന്ന ശത്രുവിനെതിരേ യുദ്ധത്തിനു പോകുമ്പോൾ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ ഓർക്കുന്നതിനും ശത്രുവിൽനിന്നു നിങ്ങൾ രക്ഷിക്കപ്പെടുന്നതിനും ഇസ്രായേൽജനം എന്തു ചെയ്യണമെന്നു കർത്താവ് അരുൾചെയ്തു? **ഉ:** കാഹളങ്ങൾ സന്നാഹധ്വനി മുഴക്കണം (10,9).
630 കാഹളങ്ങൾ സന്നാഹധ്വനി എന്തിനു മുഴക്കണം? **ഉ:** നിങ്ങളുടെ ദേശത്തു നിങ്ങളെ ഞെരുക്കുന്ന ശത്രുവിനെതിരേ യുദ്ധത്തിനു പോകുമ്പോൾ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ ഓർക്കുന്നതിനും ശത്രുവിൽ നിന്നു നിങ്ങൾ രക്ഷിക്കപ്പെടുന്നതിനും (10,9).
631 നിങ്ങളുടെ ദേശത്തു നിങ്ങളെ ഞെരുക്കുന്ന ശത്രുവിനെതിരേ യുദ്ധത്തിനു പോകുമ്പോൾ ആര് നിങ്ങളെ ഓർക്കുന്നതിന് കാഹളങ്ങൾ സന്നാഹധ്വനി മുഴക്കണം? **ഉ:** നിങ്ങളുടെ ദൈവമായ കർത്താവ് (10,9).
632 സംഖ്യ 10,9നെ അനുസ്മരിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ? **ഉ:** 2 ദിന 13,12; ഹോസി 5,8. (ഇവ വായിക്കുക).
**10,10 നിങ്ങളുടെ സന്തോഷത്തിന്റെ ദിനങ്ങളിലും നിർദിഷ്ടമായ ഉത്സവങ്ങളിലും മാസാരംഭങ്ങളിലും ദഹനബലികളും സമാധാനബലികളും അർപ്പിക്കുമ്പോഴും കാഹളം ഊതണം.**
633 എപ്പോഴെല്ലാം കാഹളം ഊതണം? **ഉ:** നിങ്ങളുടെ സന്തോഷത്തിന്റെ ദിനങ്ങളിലും നിർദിഷ്ടമായ ഉത്സവങ്ങളിലും മാസാരംഭങ്ങളിലും ദഹനബലികളും സമാധാനബലികളും അർപ്പിക്കുമ്പോഴും (5 സന്ദർഭങ്ങൾ) (10,10).

സീനായിൽനിന്നു പുറപ്പെടുന്നു

**10,11 രണ്ടാം വർഷം രണ്ടാം മാസം ഇരുപതാം ദിവസം സാക്ഷ്യകൂടാരത്തിനു മുകളിൽനിന്നു മേഘം ഉയർന്നു.**
634 സാക്ഷ്യകൂടാരത്തിനു മുകളിൽനിന്നു മേഘം ഉയർന്നത്? **ഉ:** രണ്ടാം വർഷം രണ്ടാം മാസം ഇരുപതാം ദിവസം (10,11).
635 രണ്ടാം വർഷം രണ്ടാം മാസം ഇരുപതാം ദിവസം സീനായ് മരുഭൂമിയിലുണ്ടായ / ഇസ്രായേലിന്റെ ചരിത്രത്തിലുണ്ടായ വലിയ സംഭവം? **ഉ:** സാക്ഷ്യകൂടാരത്തിനു മുകളിൽനിന്നു മേഘം ഉയർന്നു (10,11).
**10,12 അപ്പോൾ ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽനിന്നു പുറപ്പെട്ടു. മേഘം പാരാൻമരുഭൂമിയിൽ ചെന്നു നിന്നു.**
636 ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽനിന്നു പുറപ്പെട്ടത് എപ്പോൾ? **ഉ:** രണ്ടാം വർഷം രണ്ടാം മാസം ഇരുപതാം ദിവസം സാക്ഷ്യകൂടാരത്തിനു മുകളിൽനിന്നു മേഘം ഉയർന്നപ്പോൾ (10,11-12).
637 ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽനിന്നു പുറപ്പെട്ടു. മേഘം എവിടെ ചെന്നു നിന്നു? **ഉ:** പാരാൻമരുഭൂമിയിൽ (10,12).
**10,13 മോശവഴി കർത്താവ് നല്കിയ കല്പനയനുസരിച്ച് അവർ ആദ്യമായി യാത്ര പുറപ്പെട്ടു.**
638 എന്തനുസരിച്ച് ഇസ്രായേൽജനം മരുഭൂമിയിൽനിന്ന് ആദ്യമായി യാത്ര പുറപ്പെട്ടു? **ഉ:** മോശവഴി കർത്താവ് നല്കിയ കല്പനയനുസരിച്ച് (10,13).
639 സംഖ്യ 10,13 സംഖ്യാപുസ്തകത്തിലെ ഏതു ഭാഗത്തെ ഓർമിപ്പിക്കുന്നു? **ഉ:** 2,1-20.
**10,14 യൂദാഗോത്രം ഗണങ്ങളായി പതാകയുമേന്തി ആദ്യം പുറപ്പെട്ടു. അമ്മിനാദാബിന്റെ മകൻ നഹ്ഷോനായിരുന്നു അവരുടെ നായകൻ.**
640 ഗണങ്ങളായി പതാകയുമേന്തി ആദ്യം പുറപ്പെട്ടത്? **ഉ:** യൂദാഗോത്രം (10,14)).
641 യൂദാഗോത്രത്തിന്റെ നായകൻ? **ഉ:** അമ്മിനാദാബിന്റെ മകൻ നഹ്ഷോൻ (10,14).
**10,15 ഇസാക്കർഗോത്രത്തിന്റെ മുമ്പിൽ നടന്നതു സുവാറിന്റെ മകൻ നെത്തനേൽ ആണ്.**
642 നെത്തനേൽ ആരുടെ മകൻ? **ഉ:** സുവാറിന്റെ (10,15).
643 സുവാറിന്റെ മകൻ നെത്തനേൽ ഏതു ഗോത്രത്തിന്റെ മുമ്പിൽ നടന്നു? **ഉ:** ഇസാക്കർഗോത്രത്തിന്റെ (10,15).
**10,16 സെബുലൂൺഗോത്രത്തെ നയിച്ചത് ഹേലോനിന്റെ പുത്രൻ എലിയാബ് ആണ്.**
644 ഹേലോനിന്റെ പുത്രൻ എലിയാബ് നയിച്ചത് ഏതു ഗോത്രത്തെ? **ഉ:** സെബുലൂൺഗോത്രത്തെ (10,16).
645 എലിയാബിന്റെ പിതാവ്? **ഉ:** ഹേലോൻ (10,16).
**10,17 കൂടാരം അഴിച്ചിറക്കിയപ്പോൾ ഗർഷോന്റെയും മെറാറിയുടെയും പുത്രന്മാർ അതു വഹിച്ചുകൊണ്ടു നടന്നു.**
646 കൂടാരം അഴിച്ചിറക്കിയപ്പോൾ അതു വഹിച്ചുകൊണ്ടു നടന്നത്? **ഉ:** ഗർഷോന്റെയും മെറാറിയുടെയും പുത്രന്മാർ (10,17).
**10,18 അനന്തരം, റൂബൻഗോത്രം ഗണങ്ങളായി പതാകയേന്തി പുറപ്പെട്ടു. ഷെദെയൂറിന്റെ മകൻ എലിസൂർ അവരുടെ മുമ്പിൽ നടന്നു.**
647 ഷെദെയൂറിന്റെ മകൻ എലിസൂർ ആരുടെ മുമ്പിൽ നടന്നു? **ഉ:** റൂബൻഗോത്രത്തിന്റെ (10,18).
**10,19 ശിമയോൻഗോത്രത്തിന്റെ മുമ്പിൽ നടന്നത് സുരിഷദ്ദായിയുടെ മകൻ ഷെലുമിയേൽ ആണ്.**
648 ഷെലുമിയേൽ ആരുടെ മകൻ? **ഉ:** സുരിഷദ്ദായിയുടെ (10,19).
649 സുരിഷദ്ദായിയുടെ മകൻ ഷെലുമിയേൽ നടന്നത് ഏതു ഗോത്രത്തിന്റെ മുമ്പിൽ? **ഉ:** ശിമയോൻഗോത്രത്തിന്റെ (10,19).
**10,20 ഗാദ്ഗോത്രത്തെ നയിച്ചത് റവുവേലിന്റെ മകൻ എലിയാസാഫ് ആണ്.**
650 റവുവേലിന്റെ മകൻ എലിയാസാഫ് നയിച്ചത്? **ഉ:** ഗാദ്ഗോത്രത്തെ (10,10).

**10,21 അതിനുശേഷം, വിശുദ്ധ വസ്തുക്കൾ വഹിച്ചുകൊണ്ടു കൊഹാത്തിന്റെ പുത്രന്മാർ പുറപ്പെട്ടു. അവർ എത്തുന്നതിനുമുമ്പു സാക്ഷ്യകൂടാരം സ്ഥാപിക്കപ്പെട്ടു.**

651 ഗാദ്ഗോത്രത്തിനുശേഷം പുറപ്പെട്ടത്? **ഉ:** കൊഹാത്തിന്റെ പുത്രന്മാർ (10,21).

652 കൊഹാത്തിന്റെ പുത്രന്മാർ വഹിച്ചത്? **ഉ:** വിശുദ്ധ വസ്തുക്കൾ (10,21).

653 കൊഹാത്തിന്റെ പുത്രന്മാർ എത്തുന്നതിനുമുമ്പു സ്ഥാപിക്കപ്പെട്ടത്? **ഉ:** സാക്ഷ്യകൂടാരം (10,21).

**10,22 തുടർന്ന് എഫ്രായിംഗോത്രം ഗണങ്ങളായി പതാകയേന്തി പുറപ്പെട്ടു. അവരുടെ നായകൻ അമ്മിഹൂദിന്റെ മകൻ എലിഷാമ ആയിരുന്നു.**

654 കൊഹാത്തിന്റെ പുത്രന്മാരെ തുടർന്നു പുറപ്പെട്ടത്? **ഉ:** എഫ്രായിംഗോത്രം (10,22).

655 എഫ്രായിംഗോത്രത്തിന്റെ നായകൻ? **ഉ:** അമ്മിഹൂദിന്റെ മകൻ എലിഷാമ (10,22).

**10,23 മനാസ്സെഗോത്രത്തിന്റെ മുമ്പിൽ നടന്നത് പെദാഹാസൂറിന്റെ മകൻ ഗമാലിയേൽ ആണ്.**

656 പെദാഹാസൂറിന്റെ മകൻ ഗമാലിയേൽ നടന്നത് ഏതു ഗോത്രത്തിന്റെ മുമ്പിൽ? **ഉ:** മനാസ്സെഗോത്രത്തിന്റെ (10,23).

**10,24 ബഞ്ചമിൻഗോത്രത്തെ നയിച്ചത് ഗിദെയോനിയുടെ മകൻ അബിദാൻ.**

657 ബഞ്ചമിൻഗോത്രത്തെ നയിച്ചത്? **ഉ:** ഗിദെയോനിയുടെ മകൻ അബിദാൻ (10,24).

**10,25 ദാൻഗോത്രം അണികളായി പതാകയേന്തി എല്ലാ സംഘങ്ങളുടെയും പിൻനിരയായി പുറപ്പെട്ടു. അമ്മിഷദ്ദായിയുടെ മകൻ അഹിയേസർ അവരുടെ മുമ്പിൽ നടന്നു.**

658 എല്ലാ സംഘങ്ങളുടെയും പിൻനിരയായി പുറപ്പെട്ടത്? **ഉ:** ദാൻഗോത്രം (10,25).

659 ആര് അവരുടെ മുമ്പിൽ നടന്നു? **ഉ:** അമ്മിഷദ്ദായിയുടെ മകൻ അഹിയേസർ (10,25).

**10,26 ആഷേർഗോത്രത്തിന്റെ മുമ്പിൽ നടന്നത് ഒക്രാന്റെ മകൻ പഗിയേൽ ആണ്.**

660 ആഷേർഗോത്രത്തിന്റെ മുമ്പിൽ നടന്നത്? **ഉ:** ഒക്രാന്റെ മകൻ പഗിയേൽ (10,26).

**10,27 നഫ്താലിഗോത്രത്തെ നയിച്ചത് ഏനാന്റെ മകൻ അഹീറ.**

661 ഏനാന്റെ മകൻ അഹീറ നയിച്ചത്? **ഉ:** നഫ്താലിഗോത്രത്തെ (10,27).

**10,28 അണികളായി യാത്ര പുറപ്പെട്ടപ്പോൾ ഇസ്രായേൽ ഈ ക്രമത്തിലാണ് നീങ്ങിയിരുന്നത്.**

**10,29–30 [29]തന്റെ അമ്മായിയപ്പനായ മിദിയാൻകാരൻ റവുവേലിന്റെ മകൻ ഹോബാബിനോടു മോശ പറഞ്ഞു: കർത്താവ് ഞങ്ങൾക്കു നല്കുമെന്ന് അരുൾചെയ്ത സ്ഥലത്തേക്കു ഞങ്ങൾ പുറപ്പെടുകയാണ്. ഞങ്ങളുടെ കൂടെ വരുക. നിനക്കു നന്മയുണ്ടാകും. [30]കാരണം, കർത്താവ് ഇസ്രായേലിനു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ട്. അവൻ പറഞ്ഞു: ഞാൻ വരുന്നില്ല; എന്റെ ദേശത്തേക്കും ബന്ധുക്കളുടെ അടുത്തേക്കും ഞാൻ മടങ്ങിപ്പോകുന്നു.**

662 മോശയുടെ അമ്മായിയപ്പൻ? **ഉ:** മിദിയാൻകാരൻ റവുവേൽ (10,29).

663 മോശയുടെ അമ്മായിയപ്പനായ മിദിയാൻകാരൻ റവുവേലിന്റെ മകൻ? **ഉ:** ഹോബാബ് (10,29).

664 ഞങ്ങളുടെ കൂടെ ഏതു സ്ഥലത്തേക്കു വരുക എന്ന് മോശ ഹോബാബിനോടു പറഞ്ഞു? **ഉ:** കർത്താവ് ഞങ്ങൾക്കു നല്കുമെന്ന് അരുൾചെയ്ത സ്ഥലത്തേക്കു (10,29).

665 കർത്താവ് ഞങ്ങൾക്കു നല്കുമെന്ന് അരുൾചെയ്ത സ്ഥലത്തേക്കു ഞങ്ങളുടെ കൂടെ വരുക. നിനക്ക് എന്തുണ്ടാകും എന്നു ഹോബാബിനോടു മോശ പറഞ്ഞു? **ഉ:** നന്മയുണ്ടാകും (10,29).

666 നിനക്കു നന്മയുണ്ടാകും എന്നു ഹോബാബിനോടു മോശ പറയാൻ കാരണം? **ഉ:** കാരണം, കർത്താവ് ഇസ്രായേലിനു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ട് (10,30).

**10,31–32 [31]അപ്പോൾ മോശ പറഞ്ഞു: ഞങ്ങളെ വിട്ടുപോകരുതെന്നു ഞാനപേക്ഷിക്കുന്നു. കാരണ, മരുഭൂമിയിൽ പാളയമടിക്കേണ്ടതെങ്ങനെയെന്നു നിനക്കറിയാം. നീ ഞങ്ങൾക്കു മാർഗദർശിയായിരിക്കും. [32]നീ ഞങ്ങളോടുകൂടെ വരുകയാണെങ്കിൽ കർത്താവ് ഞങ്ങൾക്കു നല്കുന്ന സമൃദ്ധിയിൽ നിനക്കു പങ്കു ലഭിക്കും.**

667 നീ ഞങ്ങളെ വിട്ടുപോകരുതെന്നു ഞാനപേക്ഷിക്കുന്നു എന്നു ഹോബാബിനോടു മോശ പറഞ്ഞതിനു കാരണം? **ഉ:** മരുഭൂമിയിൽ പാളയമടിക്കേണ്ടതെങ്ങനെയെന്നു നിനക്കറിയാം (10,31).



668 നീ ഞങ്ങൾക്കു ആരായിരിക്കും എന്നു ഹോബാബിനോടു മോശ പറഞ്ഞു? **ഉ:** മാർഗദർശിയായിരിക്കും (10,32).

669 നീ ഞങ്ങളോടുകൂടെ വരുകയാണെങ്കിൽ എന്തിൽ നിനക്കു പങ്കു ലഭിക്കും എന്നു ഹോബാബിനോടു മോശ പറഞ്ഞു? **ഉ:** കർത്താവ് ഞങ്ങൾക്കു നല്കുന്ന സമൃദ്ധിയിൽ (10,32).

**10,33 അവർ കർത്താവിന്റെ പർവതത്തിൽനിന്നു പുറപ്പെട്ടു മൂന്നു ദിവസം യാത്രചെയ്തു. അവർക്ക് ഒരു വിശ്രമസ്ഥലം ആരാഞ്ഞുകൊണ്ടു കർത്താവിന്റെ വാഗ്ദാനപേടകം അവരുടെ മുമ്പിൽ പോയിരുന്നു.**

670 അവർ (ഇസ്രായേൽജനം) എവിടെനിന്നു പുറപ്പെട്ടു മൂന്നു ദിവസം യാത്ര ചെയ്തു? **ഉ:** കർത്താവിന്റെ പർവതത്തിൽനിന്ന് (10,33).

671 കർത്താവിന്റെ പർവതത്തിൽനിന്നു പുറപ്പെട്ടു മൂന്നു ദീവസം യാത്ര ചചെയ്ത ഇസ്രായേൽജനത്തിന് എന്ത് ആരാഞ്ഞുകൊണ്ടു കർത്താവിന്റെ വാഗ്ദാനപേടകം അവരുടെ മുമ്പിൽ പോയിരുന്നു? **ഉ:** വിശ്രമസ്ഥലം (10,33).

672 കർത്താവിന്റെ പർവതത്തിൽനിന്നു പുറപ്പെട്ടു മൂന്നു ദിവസം യാത്രചെയ്തു. അവർക്ക് ഒരു വിശ്രമസ്ഥലം ആരാഞ്ഞുകൊണ്ട് അവരുടെ മുമ്പിൽ പോയിരുന്നത്? **ഉ:** കർത്താവിന്റെ വാഗ്ദാനപേടകം (10,33).

**10,34 അവർ പാളയത്തിൽനിന്നു പുറപ്പെട്ടു യാത്രചെയ്തപ്പോഴെല്ലാം കർത്താവിന്റെ മേഘം പകൽസമയം അവർക്കുമീതേയുണ്ടായിരുന്നു.**

673 അവർ എവിടെനിന്നു പുറപ്പെട്ടു യാത്രചെയ്തപ്പോഴെല്ലാം കർത്താവിന്റെ മേഘം പകൽസമയം അവർക്കുമീതേയുണ്ടായിരുന്നു? **ഉ:** പാളയത്തിൽനിന്നു (10,34).

674 അവർ പാളയത്തിൽനിന്നു പുറപ്പെട്ടു യാത്രചെയ്തപ്പോഴെല്ലാം പകൽസമയം അവർക്കുമീതേയുണ്ടായിരുന്നത്? **ഉ:** കർത്താവിന്റെ മേഘം (10,34).

**10,35–36 [35]പേടകം പുറപ്പെട്ടപ്പോഴെല്ലാം മോശ പ്രാർഥിച്ചു: കർത്താവേ, ഉണരുക; അങ്ങയുടെ ശത്രുക്കൾ ചിതറിപ്പോകട്ടെ; അങ്ങയെ ദ്വേഷിക്കുന്നവർ പലായനം ചെയ്യട്ടെ! [36]പേടകം നിശ്ചലമായപ്പോൾ അവൻ പ്രാർഥിച്ചു: കർത്താവേ, അവിടന്ന് ഇസ്രായേലിന്റെ പതിനായിരങ്ങളിലേക്കു തിരിച്ചുവന്നാലും** (മനപ്പാഠമാക്കുക)

675 പേടകം പുറപ്പെട്ടപ്പോഴെല്ലാം പ്രാർഥിച്ചത്? **ഉ:** മോശ (10,35).

676 പെട്ടകം പുറപ്പെട്ടപ്പോഴെല്ലാം മോശ പ്രാർഥിച്ചത്: **ഉ:** കർത്താവേ, ഉണരുക; അങ്ങയുടെ ശത്രുക്കൾ ചിതറിപ്പോകട്ടെ; അങ്ങയെ ദ്വേഷിക്കുന്നവർ പലായനം ചെയ്യട്ടെ! (10,35).

677 പേടകം പുറപ്പെട്ടപ്പോഴെല്ലാം മോശ പ്രാർഥിച്ചത് ആര് ചിതറിപ്പോകട്ടെയെന്ന്? **ഉ:** അങ്ങയുടെ ശത്രുക്കൾ (10,35).

678 പേടകം പുറപ്പെട്ടപ്പോഴെല്ലാം മോശ പ്രാർഥിച്ചത് ആര് പലായനം ചെയ്യട്ടെയെന്ന്? **ഉ:** അങ്ങങ്ങയെ ദ്വേഷിക്കുന്നവർ (10,35).

679 പേടകം നിശ്ചലമായപ്പോൾ മോശ പ്രാർഥിച്ചത്? **ഉ:** കർത്താവേ, അവിടന്ന് ഇസ്രായേലിന്റെ പതിനായിരങ്ങളിലേക്കു തിരിച്ചുവന്നാലും (10,35).

680 പേടകം നിശ്ചലമായപ്പോൾ മോശ പ്രാർഥിച്ചത് കർത്താവേ, അവിടന്ന് എവിടേക്കു തിരിച്ചുവന്നാലും എന്ന്? **ഉ:** ഇസ്രായേലിന്റെ പതിനായിരങ്ങളിലേക്കു (10,35).

680[a] സംഖ്യ 1–10 അധ്യായങ്ങളിൽ (സാക്ഷ്യ/വാഗ്ദാന)പേടകത്തെ എത്ര പ്രാവശ്യം പരാമർശിക്കുന്നു? **ഉ:** 4 പ്രാവശ്യം (3,31; 4,5; 7,89; 10,33. 35).

## സുഭാഷിതങ്ങൾ 1–9

സുഭാഷിതങ്ങൾ ജ്ഞാനോക്തികളാണ്. അവ അതേപടി ഓരോ അധ്യായമായിവാക്യനമ്പരുൾപ്പെടെ മനഃപാഠമാക്കി പാടിപ്പഠിച്ചിട്ട് ചോദ്യോത്തരങ്ങൾ പഠിക്കുന്നതാണ് കൂടുതൽ ആസ്വാദ്യകരം

അധ്യായം 1 (അധ്യായം 1ൽ 33 വാക്യങ്ങൾ)

പുസ്തകത്തിന്റെ ഉദ്ദേശ്യം

**1,1 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ:**

681 സുഭാഷിതങ്ങൾ ആരുടേത്? **ഉ:** ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ (1,1). (വാക്യം 1,1 ഗ്രന്ഥത്തിന്റെ ശീർഷകം ആണ്; വാക്യ 2-7 ഗ്രന്ഥത്തിന് ആമുഖം).

**1,2 മനുഷ്യർ ജ്ഞാനവും പ്രബോധനവും ഗ്രഹിക്കാനും,**

682 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ മനുഷ്യർ എന്തു ഗ്രഹിക്കാൻ? **ഉ:** ജ്ഞാനവും പ്രബോധനവും (1,2).

**1,3 ഉൾക്കാഴ്ച തരുന്ന വാക്കുകൾ മനസ്സിലാക്കാനും, വിവേകപൂർണമായ പെരുമാറ്റം, ധർമം, നീതി, ന്യായം എന്നിവ ശീലിക്കാനും,**

683 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ മനുഷ്യർ എന്തു മനസ്സിലാക്കാൻ? **ഉ:** ഉൾക്കാഴ്ച തരുന്ന വാക്കുകൾ (1,3).

684 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ മനുഷ്യർ എന്തു ശീലിക്കാൻ? **ഉ:** വിവേകപൂർണമായ പെരുമാറ്റം, ധർമം, നീതി, ന്യായം എന്നിവ (1,3)

**1,4 സരളഹൃദയർക്കു വിവേകവും യുവജനങ്ങൾക്ക് അറിവും വിവേചനാശക്തിയും പ്രദാനം ചെയ്യാനും,**

685 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ സരളഹൃദയർക്ക് എന്തു പ്രദാനം ചെയ്യാൻ? **ഉ:** വിവേകം (1,4).

686 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ യുവജനങ്ങൾക്ക് എന്തു പ്രദാനം ചെയ്യാൻ? **ഉ:** അറിവും വിവേചനാശക്തിയും (1,4).

**1,5 വിവേകി ശ്രദ്ധിച്ചുകേട്ട് അറിവ് വർദ്ധിപ്പിക്കാനും,**

687 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ ആര് എങ്ങനെ അറിവു വർദ്ധിപ്പിക്കാൻ? **ഉ:** വിവേകി ശ്രദ്ധിച്ചുകേട്ട് (1,5).

688 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ വിവേകി ശ്രദ്ധിച്ചുകേട്ട് എന്തു വർദ്ധിപ്പിക്കാൻ? **ഉ:** അറിവ് (1,5).

**1,6 ധാരണാശക്തിയുള്ളവൻ പഴമൊഴി, അലങ്കാരപ്രയോഗം, ജ്ഞാനികളുടെ സൂക്തങ്ങൾ, അവരുടെ കടങ്കഥകൾ എന്നിവ ഗ്രഹിക്കാൻതക്ക കഴിവ് നേടാനുമത്രേ ഇവ.**

689 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ ആര് പഴമൊഴി, അലങ്കാരപ്രയോഗം, ജ്ഞാനികളുടെ സൂക്തങ്ങൾ, അവരുടെ കടങ്കഥകൾ എന്നിവ ഗ്രഹിക്കാൻതക്ക കഴിവ് നേടാൻ? **ഉ:** ധാരണാശക്തിയുള്ളവൻ (1,6).

690 ദാവീദിന്റെ മകനും ഇസ്രായേൽരാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ ധാരണാശക്തിയുള്ളവൻ എന്തിവ ഗ്രഹിക്കാൻതക്ക കഴിവ് നേടാൻ? **ഉ:** പഴമൊഴി, അലങ്കാരപ്രയോഗം, ജ്ഞാനികളുടെ സൂക്തങ്ങൾ, അവരുടെ കടങ്കഥകൾ എന്നിവ (1,6). (നാല് വകകൾ) .

**1,7 ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം; ഭോഷന്മാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു.**

691 അറിവിന്റെ ഉറവിടം? **ഉ:** ദൈവഭക്തി (1,7).

692 ദൈവഭക്തി എന്തിന്റെ ഉറവിടം? **ഉ:** അറിവിന്റെ (1,7).

693 ഭോഷന്മാർ പുച്ഛിക്കുന്നത്? **ഉ:** ജ്ഞാനത്തെയും പ്രബോധനത്തെയും (1,7).

694 ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നത്? **ഉ:** ഭോഷന്മാർ (1,7).

695 സുഭാ 1,7നു സമാനമായ മറ്റു വേദഭാഗങ്ങൾ? **ഉ:** ജോബ് 28,28; സങ്കീ 111,10; സുഭാ 9,10; പ്രഭാ 1,14. (സുഭാ 1,7 = 9,10).

ദുഷ്ടസമ്പർക്കം വെടിയുക

**1,8-9 [8]മകനേ, നിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കരുത്. [9]അവ നിന്റെ ശിരസ്സിന് വിശിഷ്ട ഹാരവും കഴുത്തിനു പതക്കങ്ങളുമത്രേ.**

696 മകൻ ചെവിക്കൊള്ളേണ്ടത്? **ഉ:** പിതാവിന്റെ പ്രബോധനം (1,8).

697 മകൻ ആരുടെ ഉപദേശം നിരസിക്കരുത്? **ഉ:** മാതാവിന്റെ (1,8).

698 മകന്റെ ശിരസ്സിന് വിശിഷ്ഠ ഹാരവും കഴുത്തിനു പതക്കങ്ങളുമായിരിക്കുന്നവ? **ഉ:** പിതാവിന്റെ പ്രബോധനവും മാതാവിന്റെ ഉപദേശവും (1,8).



**1,10 മകനേ, പാപികളുടെ പ്രലോഭനത്തിനു വഴങ്ങരുത്.**

699 മകൻ ആരുടെ പ്രലോഭനത്തിനു വഴങ്ങരുത്? **ഉ:** പാപികളുടെ (1,10).

**1,11-14 [11] അവർ പറഞ്ഞേക്കാം: വരുക; പതിയിരുന്നു കൊലചെയ്യാം; നിഷ്കളങ്കരെ ക്രൂരമായി കുരുക്കിൽപ്പെടുത്താം. [12]അവരെ പാതാളമെന്നപോലെ നമുക്ക് ജീവനോടെ വിഴുങ്ങാം; അവർ ഗർത്തത്തിൽ പതിക്കുന്നവരെപ്പോലെയാകും. [13]വിലയേറിയ വിഭവങ്ങൾ നമുക്കു ലഭിക്കും; കൊള്ളമുതൽകൊണ്ട് നമുക്കു വീടു നിറയ്ക്കാം. [14]ഞങ്ങളോടു പങ്കുചേരുക; നമുക്കൊരു പണസഞ്ചിമാത്രം.**

700 വരുക; പതിയിരുന്നു കൊലചെയ്യാം; നിഷ്കളങ്കരെ ക്രൂരമായി കുരുക്കിൽപ്പെടുത്താം എന്നു ആര് പറഞ്ഞേക്കാം? **ഉ:** പാപികൾ (1,11).

701 നിഷ്കളങ്കരെ പാതാളമെന്നപോലെ നമുക്ക് ജീവനോടെ വിഴുങ്ങാം എന്നു പറയുന്നത് ആര്? **ഉ:** പാപികൾ (1,11).

702 എന്തുകൊണ്ട് നമുക്കു വീടു നിറയ്ക്കാം എന്നു പാപികൾ പറഞ്ഞേക്കാം? **ഉ:** കൊള്ളമുതൽകൊണ്ട് (1,13).

703 നമുക്കൊരു പണസഞ്ചിമാത്രം എന്നു ആര് പറഞ്ഞേക്കാം? **ഉ:** പാപികൾ (1,14).

**1,15 മകനേ, നീ അവരുടെ വഴിയേ പോകരുത്: അവരുടെ മാർഗത്തിൽനിന്ന് ഒഴിഞ്ഞു മാറുക**

**1,16 അവരുടെ പാദങ്ങൾ തിന്മയിലേക്കു പായുന്നു; ചോരചിന്താൻ അവർ വെമ്പൽകൊള്ളുന്നു.**

704 പാപികളുടെ പാദങ്ങൾ പായുന്നത്? **ഉ:** തിന്മയിലേക്കു (1,16).

705 പാപികൾ വെമ്പൽകൊള്ളുന്നത്? **ഉ:** ചോരചിന്താൻ (1,16).

706 സുഭാ 1,16നു സമാനമായ മറ്റു വേദഭാഗങ്ങൾ? **ഉ:** ഏശ 59,7; റോമ 3,15.

**1,17 പക്ഷി കാൺകെ അതിനു വലവയ്ക്കുന്നത് നിഷ്ഫലമല്ലോ.**

707 നിഷ്ഫലമെന്ന് സുഭാ 1,17ൽ പറയുന്നത്? **ഉ:** പക്ഷി കാൺകെ അതിനു വലവയ്ക്കുന്നത്.

**1,18 ഇവർ പതിയിരിക്കുന്നത് സ്വന്തം രക്തത്തിനുവേണ്ടിയാണ്; സ്വന്തം ജീവനുതന്നെ അവർ കെണിവയ്ക്കുന്നു.**

708 പാപികൾ പതിയിരിക്കുന്നത്? **ഉ:** സ്വന്തം രക്തത്തിനുവേണ്ടിയാണ് (1,18).

709 പാപികൾ കെണിവയ്ക്കുന്നത്? **ഉ:** സ്വന്തം ജീവനുവേണ്ടി (1,18).

**1,19 അക്രമത്തിലൂടെ നേട്ടമുണ്ടാക്കുന്നവരുടെയെല്ലാം ഗതി ഇതാണ്; അത് അവരുടെതന്നെ ജീവനെ അപഹരിക്കുന്നു.**

710 അക്രമത്തിലൂടെ നേട്ടമുണ്ടാക്കുന്നവരുടെയെല്ലാം ഗതി? **ഉ:** അത് അവരുടെ തന്നെ ജീവനെ അപഹരിക്കുന്നു (1,19).

711 അക്രമത്തിലൂടെ നേട്ടമുണ്ടാക്കുന്നവരുടെയെല്ലാം ജീവനെ അപഹരിക്കുന്നത്? **ഉ:** അക്രമം (1,19).

ജ്ഞാനത്തിന്റെ ആഹ്വാനം

**1,20 ജ്ഞാനം തെരുവിൽനിന്ന് ഉച്ചത്തിൽ വിളിച്ചറിയിക്കുന്നു; ചന്തസ്ഥലങ്ങളിൽ അവൾ ഉദ്ഘോഷിക്കുന്നു.**

712 ജ്ഞാനം എവിടെനിന്ന് ഉച്ചത്തിൽ വിളിച്ചറിയിക്കുന്നു? **ഉ:** തെരുവിൽനിന്ന് (1,20).

713 ചന്തസ്ഥലങ്ങളിൽ ജ്ഞാനം എന്തു ചെയ്യുന്നു? **ഉ:** ഉദ്ഘോഷിക്കുന്നു (1,20).

**1,21 കോട്ടമുകളിൽ നിന്നുകൊണ്ട് അവൾ പ്രഖ്യാപിക്കുന്നു; നഗരകവാടങ്ങളിൽ അവൾ സംസാരിക്കുന്നു.**

714 കോട്ടമുകളിൽ നിന്നുകൊണ്ട് അവൾ (ജ്ഞാനം) എന്തു ചെയ്യുന്നു? **ഉ:** പ്രഖ്യാപിക്കുന്നു (1,21).

715 നഗരകവാടങ്ങളിൽ അവൾ (ജ്ഞാനം) എന്തു ചെയ്യുന്നു? **ഉ:** സംസാരിക്കുന്നു (1,21).

716 സുഭാ 1,20-21നു സമാന്തരമായ വേദഭാഗങ്ങൾ? **ഉ:** സുഭാ 8,1-3; യോഹ 7,37.

**1,22 ഭോഷരേ, നിങ്ങൾ എത്രനാൾ ഭോഷരായി കഴിയും? എത്രനാൾ പരിഹാസകർ പരിഹാസത്തിൽ ആഹ്ലാദിക്കുകയും, മൂഢർ അറിവിനെ നിന്ദിക്കുകയും ചെയ്യും?**

717 പരിഹാസത്തിൽ ആഹ്ലാദിക്കുന്നത്? **ഉ:** പരിഹാസകർ (1,22).

718 അറിവിനെ നിന്ദിക്കുന്നത്? **ഉ:** മൂഢർ (1,22).

**1,23 എന്റെ ശാസന ശ്രദ്ധിക്കുക; എന്റെ ചിന്തകൾ ഞാൻ നിങ്ങൾക്കു പകർന്നു തരാം; എന്റെ വാക്കുകൾ ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാം.**

719 എന്തു നിങ്ങൾക്കു പകർന്നുതരാം എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** എന്റെ ചിന്തകൾ (1,23).

726 എന്തു ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാം എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** എന്റെ വാക്കുകൾ (1,23).

**1,24 ഞാൻ വിളിച്ചിട്ടും നിങ്ങൾ ശ്രദ്ധിക്കാൻ വിസമ്മതിച്ചു; ഞാൻ കൈനീട്ടിയിട്ടും ആരും ഗൗനിച്ചില്ല.**

727 സുഭാ 1,24നു സമാന്തരമായ വേദഭാഗങ്ങൾ? **ഉ:** ഏശ 62,12; ജറെ 7,13.

**1,25 നിങ്ങൾ എന്റെ ഉപദേശം അപ്പാടെ അവഗണിക്കുകയും എന്റെ ശാസന നിരാകരിക്കുകയും ചെയ്തു.**

728 നിങ്ങൾ എന്ത് അപ്പാടെ അവഗണിച്ചു എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** എന്റെ ഉപദേശം (1,25). 1,30ഉം കാണുക.

729 നിങ്ങൾ എന്ത് നിരാകരിച്ചു എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** എന്റെ ശാസന (1,25).

**1,26–27 അതിനാൽ, ഞാനും നിങ്ങളുടെ അനർഥത്തിൽ നിങ്ങളെ പരിഹസിക്കും; പരിഭ്രാന്തി നിങ്ങളെ പിടികൂടി കൊടുങ്കാറ്റുപോലെ പ്രഹരിക്കുമ്പോൾ, അത്യാഹിതം ചുഴലിക്കാറ്റുവോലെ വന്നെത്തുമ്പോൾ, ദുരിതവും വേദനയും നിങ്ങളെ ബാധിക്കുമ്പോൾ ഞാൻ നിങ്ങളെ പരിഹസിക്കും.**

730 നിങ്ങളെ പിടികൂടി കൊടുങ്കാറ്റുപോലെ പ്രഹരിക്കുന്നത്? **ഉ:** പരിഭ്രാന്തി (1,26).

731 ചുഴലിക്കാറ്റുവോലെ വന്നെത്തുന്നത്? **ഉ:** അത്യാഹിതം (1,26).

732 നിങ്ങളെ ബാധിക്കുന്നത് **ഉ:** ദുരിതവും വേദനയും (1,27).

733 സുഭാ 1,26നു സമാന്തരമായ വേദഭാഗങ്ങൾ? **ഉ:** നിയ 28,63; ജറെ 23,19.

**1,28 അപ്പോൾ അവർ എന്നെ വിളിക്കും; ഞാൻ വിളി കേൾക്കുകയില്ല. ജാഗരൂകതയോടെ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല.**

734 സുഭാ 1,28നു സമാന്തരമായ വേദഭാഗങ്ങൾ? **ഉ:** ജറെ 11,11; ഹോസി 5,6; യോഹ 7,34.

**1,29 അവർ അറിവിനെ വെറുത്ത് ദൈവഭക്തിയെ നിരാകരിച്ചു.**

735 അവർ വെറുത്തത്? **ഉ:** അറിവിനെ (1,29).

736 അവർ നിരാകരിച്ചത്? **ഉ:** ദൈവഭക്തിയെ (1,29).

**1,30 അവർ എന്റെ ഉപദേശം അവഗണിക്കുകയും എന്റെ ശാസന പുച്ഛിക്കുകയും ചെയ്തു.**

737 എന്ത് അവഗണിച്ചു എന്ന് രണ്ടു പ്രാവശ്യം സുഭാ അധ്യായം 1ൽ? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) ഉപദേശം (വാക്യ 25. 30).

738 ജ്ഞാനത്തിന്റെ ശാസനയെക്കുറിച്ച് എത്ര പ്രാവശ്യം സുഭാ 1ൽ? **ഉ:** രണ്ടു പ്രാവശ്യം (വാക്യ 25. 30).

**1,31 അതിനാൽ, അവർ സ്വന്തം പ്രവൃത്തിയുടെ ഫലം അനുഭവിക്കും; സ്വന്തം തന്ത്രങ്ങളിൽ മടുപ്പു തോന്നുകയും ചെയ്യും.**

739 ജ്ഞാനത്തിന്റെ) ഉപദേശം അവഗണിക്കുകയും ശാസന പുച്ഛിക്കുകയും ചെയ്യുന്നവർ അതിനാൽ എന്ത് അനുഭവിക്കും? **ഉ:** സ്വന്തം പ്രവൃത്തിയുടെ ഫലം (1,31).

740 ജ്ഞാനത്തിന്റെ) ഉപദേശം അവഗണിക്കുകയും ശാസന പുച്ഛിക്കുകയും ചെയ്യുന്നവർക്ക് അതിനാൽ എന്തിൽ മടുപ്പു തോന്നും? **ഉ:** സ്വന്തം തന്ത്രങ്ങളിൽ (1,31).

**1,32 എന്നെ വിട്ടകലുന്നതുമൂലം ശുദ്ധഗതിക്കാർ മൃതിപ്പെടുന്നു; ഭോഷരുടെ അലംഭാവം തങ്ങളെത്തന്നെ നശിപ്പിക്കും**

741 എന്നെ (ജ്ഞാനത്തെ) വിട്ടകലുന്നതുമൂലം ആര് മൃതിപ്പെടുന്നു? **ഉ:** ശുദ്ധഗതിക്കാർ (1,32).

742 ശുദ്ധഗതിക്കാർ എന്തുമൂലം മൃതിപ്പെടുന്നു? **ഉ:** ജ്ഞാനത്തെ വിട്ടകലുന്നതുമൂലം (1,32).

743 ആരുടെ അലംഭാവം തങ്ങളെത്തന്നെ നശിപ്പിക്കും? **ഉ:** ഭോഷരുടെ (1,32).



744 അലംഭാവം നശിപ്പിക്കുന്നത്? **ഉ:** ഭോഷരെ (1,32).

**1,33 എന്നാൽ, എന്റെ വാക്ക് ശ്രദ്ധിക്കുന്നവൻ സുരക്ഷിതനായിരിക്കും; അവൻ തിന്മയെ ഭയപ്പെടാതെ സ്വസ്ഥനായിരിക്കും.**

745 ആര് സുരക്ഷിതനായിരിക്കും എന്ന് ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) വാക്ക് ശ്രദ്ധിക്കുന്നവൻ (1,33).

746 അവൻ എന്തിനെ ഭയപ്പെടാതെ സ്വസ്ഥനായിരിക്കും? **ഉ:** തിന്മയെ (1,33).

## അധ്യായം 2 (അധ്യായം 2ൽ 22 വാക്യങ്ങൾ)

### ജ്ഞാനത്തിന്റെ സദ്ഫലങ്ങൾ

**2,1 മകനേ, എന്റെ വാക്കു കേൾക്കുകയും എന്റെ നിയമം കാത്തുസൂക്ഷിക്കുകയും ചെയ്യുക.**

747 മകൻ എന്തു കേൾക്കണമെന്ന് ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** എന്റെ വാക്ക് (2,1).

748 മകൻ എന്തു കാത്തുസൂക്ഷിക്കണമെന്നു ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** എന്റെ നിയമം (2,1).

**2,2 നീ ജ്ഞാനത്തിനു ചെവികൊടുക്കുകയും അറിവിന്റെ നേരേ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക.**

749 മകൻ എന്തിനു ചെവികൊടുക്കണമെന്നു ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** ജ്ഞാനത്തിനു (2,2).

750 മകൻ അറിവിന്റെ നേരേ ചായിക്കേണ്ടത്? **ഉ:** ഹൃദയം (2,2).

**2,3 പൊരുളറിയാൻവേണ്ടി കേണപേക്ഷിക്കുക; അറിവിനുവേണ്ടി വിളിച്ചപേക്ഷിക്കുക.**

751 മകൻ കേണപേക്ഷിക്കേണ്ടത്? **ഉ:** പൊരുളറിയാൻവേണ്ടി (2,3).

752 മകൻ വിളിച്ചപേക്ഷിക്കേണ്ടത്? **ഉ:** അറിവിനുവേണ്ടി (2,3).

**2,4 നീ അതിനെ വെള്ളിയെന്നപോലെ തേടുകയും നിഗൂഢനിധിയെന്നപോലെ അന്വേഷിക്കുകയും ചെയ്യുക.**

753 മകൻ അറിവിനെ എന്തെന്നപോലെ തേടണം? **ഉ:** വെള്ളിയെന്നപോലെ (2,4).

754 മകൻ അറിവിനെ എന്തെന്നപോലെ അന്വേഷിക്കണം? **ഉ:** നിഗൂഢനിധിയെന്നപോലെ (2,4).

755 സുഭാ 2,4നു സമാനമായ വേദഭാഗം? **ഉ:** മത്താ 13, 44–46.

**2,5 അപ്പോൾ നീ ദൈവഭക്തിയെന്തെന്നു ഗ്രഹിക്കുകയും ദൈവത്തെക്കുറിച്ചുള്ള അറിവു നേടുകയും ചെയ്യും.**

756 നീ അറിവിനെ വെള്ളിയെന്നപോലെ തേടുകയും നിഗൂഢനിധിയെന്നപോലെ അന്വേഷിക്കുകയും ചെയ്യുമ്പോൾ നീ എന്തു ഗ്രഹിക്കും? **ഉ:** ദൈവഭക്തിയെന്തെന്ന് (2,5).

757 നീ അറിവിനെ വെള്ളിയെന്നപോലെ തേടുകയും നിഗൂഢനിധിയെന്നപോലെ അന്വേഷിക്കുകയും ചെയ്യുമ്പോൾ നീ എന്തു നേടും? **ഉ:** ദൈവത്തക്കുറിച്ചുള്ള അറിവ് (2,5).

**2,6 എന്തെന്നാൽ, കർത്താവ് ജ്ഞാനം നല്കുന്നു; അവിടത്തെ വദനത്തിൽനിന്ന് അറിവും വിവേകവും പുറപ്പെടുന്നു.**

758 ജ്ഞാനം നല്കുന്നത്? **ഉ:** കർത്താവ് (2,5).

759 അറിവും വിവേകവും പുറപ്പെടുന്നത്? **ഉ:** അവിടത്തെ (കർത്താവിന്റെ) വദനത്തിൽനിന്ന് (2,5).

760 കർത്താവിന്റെ വദനത്തിൽനിന്ന് പുറപ്പെടുന്നത്? **ഉ:** അറിവും വിവേകവും (2,5).

**2,7 അവിടന്ന് സത്യസന്ധർക്കായി അന്യൂനമായ ജ്ഞാനം കരുതിവയ്ക്കുന്നു; ധർമിഷ്ഠർക്ക് അവിടന്ന് പരിചയായി വർത്തിക്കുന്നു.**

761 കർത്താവ് സത്യസന്ധർക്കായി കരുതിവയ്ക്കുന്നത്? **ഉ:** അന്യൂനമായ ജ്ഞാനം (2,7).

762 കർത്താവ് അന്യൂനമായ ജ്ഞാനം കരുതിവയ്ക്കുന്നത്? **ഉ:** സത്യസന്ധർക്കായി (2,7)

763 അവിടന്ന് പരിചയായി വർത്തിക്കുന്നത്? **ഉ:** ധർമിഷ്ഠർക്ക് (2,7).

764 സുഭാ 2,7നു സമാനമായ വേദഭാഗം? **ഉ:** സങ്കീ 3,3.

**2,8 അവിടന്ന് നീതിയുടെ മാർഗങ്ങൾ സംരക്ഷിക്കുന്നു; തന്റെ വിശുദ്ധരുടെ വഴി കാത്തുസൂക്ഷിക്കുന്നു**

765 അവിടന്ന് (കർത്താവ്) എന്തു സംരക്ഷിക്കുന്നു? **ഉ:** നീതിയുടെ മാർഗങ്ങൾ (2,8).

766 അവിടന്ന് (കർത്താവ്) എന്തു കാത്തുസൂക്ഷിക്കുന്നു? **ഉ:** വിശുദ്ധരുടെ വഴി (2,8).

767 അപ്പോൾ നീ (മകൻ) എന്തു ഗ്രഹിക്കും? **ഉ:** നീതിയും ന്യായവും ധർമവും എല്ലാ നല്ല വഴികളും (2,9). (4 കാര്യങ്ങൾ)

**2,10 ജ്ഞാനം നിന്റെ ഹൃദയത്തിൽ നിറയുകയും അറിവ് ആത്മാവിനെ ആഹ്ലാദിപ്പിക്കുകയും ചെയ്യും.**

768 ജ്ഞാനം നിറയുന്നത്? **ഉ:** നിന്റെ ഹൃദയത്തിൽ (72,10).

769 അറിവ് ആഹ്ലാദിപ്പിക്കുന്നത്? **ഉ:** ആത്മാവിനെ (2,10).

**2,11 വിവേചനാശക്തി നിന്നെ കാത്തുകൊള്ളുകയും അറിവ് നിന്നെ സംരക്ഷിക്കുകയും ചെയ്യും.**

770 എന്ത് നിന്നെ കാത്തുകൊള്ളും എന്ന് ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** വിവേചനാശക്തി (2,11).

771 പൂരിപ്പിക്കുക: അറിവ് നിന്നെ – – (സുഭാ 2,11) **ഉ:** സംരക്ഷിക്കുകയും ചെയ്യും.

**2,12 ദുർമാർഗത്തിൽനിന്നും ദുർഭാഷികളിൽനിന്നും അതു നിന്നെ മോചിപ്പിക്കും.**

772 ദുർമാർഗത്തിൽനിന്നും ദുർഭാഷികളിൽനിന്നും നിന്നെ മോചിപ്പിക്കുന്നത്? **ഉ:** അറിവ് (2,11-12).

773 അറിവിന്റെ നന്മകൾ സുബ്രാ 2,10 – 12 വാക്യങ്ങളിൽ: ആത്മാവിനെ ആഹ്ലാദിപ്പിക്കും (വാക്യം 10), നിന്നെ സംരക്ഷിക്കും (വാക്യം 11), ദുർമാർഗത്തിൽനിന്നും ദുർഭാഷികളിൽനിന്നും നിന്നെ മോചിപ്പിക്കും (വാക്യം 12).

**2,13 അവരാകട്ടെ ഇരുളിന്റെ വഴികളിൽ ചരിക്കാൻ സത്യസന്ധതയുടെ മാർഗങ്ങൾ ഉപേക്ഷിക്കുന്നു.**

774 ഇരുളിന്റെ വഴികളിൽ ചരിക്കാൻ സത്യസന്ധതയുടെ മാർഗങ്ങൾ ഉപേക്ഷിക്കുന്നവർ? **ഉ:** ദുർഭാഷികൾ (2,12-13).

**2,14 അവർ തിന്മ ചെയ്യുന്നതിൽ സന്തോഷിക്കുകയും അതിന്റെ വൈകൃതത്തിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു.**

775 തിന്മ ചെയ്യുന്നതിൽ സന്തോഷിക്കുന്നത്? **ഉ:** ദുർഭാഷികൾ (2,12-14).

776 ദുർഭാഷികൾ സന്തോഷിക്കുന്നത്? **ഉ:** തിന്മ ചെയ്യുന്നതിൽ (2,12-14).

777 ദുർഭാഷികൾ ആഹ്ലാദിക്കുന്നത്? **ഉ:** തിന്മയുടെ വൈകൃതത്തിൽ (2,12-14).

778 തിന്മയുടെ വൈകൃതത്തിൽ ആഹ്ലാദിക്കുന്നത്? **ഉ:** ദുർഭാഷികൾ (2,12-14).

**2,15 അവരുടെ വഴികൾ കുടിലമാണ്; അവർ നേർവഴി വിട്ടുനടക്കുന്നു.**

779 ആരുടെ വഴികൾ കുടിലമാണ്? **ഉ:** ദുർഭാഷികളുടെ (2,12.15).

780 നേർവഴി വിട്ടുനടക്കുന്നത്? **ഉ:** ദുർഭാഷികൾ (2,12.15).

**2,16 നീ ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, സ്വൈരിണിയുടെ ചാടുവാക്കുകളിൽനിന്നു രക്ഷപ്പെടുക.**

**2,17 അവൾ തന്റെ യൗവനത്തിലെ സഹചരനെ പരിത്യജിക്കുകയും തന്റെ ദൈവത്തിന്റെ ഉടമ്പടി വിസ്മരിക്കുകയും ചെയ്യുന്നു.**

781 തന്റെ യൗവനത്തിലെ സഹചരനെ പരിത്യജിക്കുകയും തന്റെ ദൈവത്തിന്റെ ഉടമ്പടി വിസ്മരിക്കുകയും ചെയ്യുന്നത്? **ഉ:** സ്വൈരിണി (2,16-17).

782 സുഭാ 2,16-19ലെ ദുശ്ചരിതയായ സ്ത്രീ, സ്വൈരിണി ആര്? **ഉ:** തന്റെ ദൈവത്തിന്റെ ഉടമ്പടി വിസ്മരിക്കുന്ന ഇസ്രായേൽ (ദൈവജനം).

**2,18 അവളുടെ ഭവനം മരണത്തിൽ താഴുന്നു; അവളുടെ പാത നിഴലുകളുടെ ലോകത്തിലേക്കു നയിക്കുന്നു.**

783 അവളുടെ (ദുശ്ചരിതയായ സ്ത്രീയുടെ, സ്വൈരിണിയുടെ) ഭവനം എന്തിൽ താഴുന്നു? **ഉ:** മരണത്തിൽ (2,18).

784 അവളുടെ പാത നയിക്കുന്നത്? **ഉ:** നിഴലുകളുടെ ലോകത്തിലേക്കു (2,18).

2,19 അവളുടെ അടുത്തേക്കു പോകുന്നവർ മടങ്ങിവരുന്നില്ല; ജീവന്റെ വഴികൾ വീണ്ടെടുക്കുന്നുമില്ല.

785 ആരുടെ അടുത്തേക്കു പോകുന്നവർ മടങ്ങിവരുന്നില്ല? **ഉ:** സ്വൈരിണിയുടെ അടുത്തേക്കു പോകുന്നവർ (2,19).

786 ജീവന്റെ വഴികൾ വീണ്ടെടുക്കാത്തവർ? **ഉ:** സ്വൈരിണിയുടെ അടുത്തേക്കു പോകുന്നവർ (2,19).

**2,20 അതിനാൽ നീ സജ്ജനങ്ങളുടെ വഴിയിൽ സഞ്ചരിക്കുക; നീതിമാന്മാരുടെ മാർഗത്തിൽനിന്ന് വ്യതിചലിക്കരുത്.**

787 നീ ആരുടെ വഴിയിൽ സഞ്ചരിക്കുക എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** സജ്ജനങ്ങളുടെ (സുഭാ 2,20).

788 നീ ആരുടെ മാർഗത്തിൽനിന്ന് വ്യതിചലിക്കരുത് എന്ന് ജ്ഞാനം വിളിച്ചറിയിക്കുന്നു? **ഉ:** നീതിമാന്മാരുടെ (സുഭാ 2,20).

**2,21 സത്യസന്ധർ ദേശത്തു വസിക്കുകയും ധർമിഷ്ഠർ അവിടെ നിലനില്ക്കുകയും ചെയ്യും.**

**2,22 ദുഷ്ടരാകട്ടെ ദേശത്തുനിന്ന് വിച്ഛേദിക്കപ്പെടും; വഞ്ചകർ പിഴുതെറിയപ്പെടും.**

789 ദേശത്തുനിന്നു പിഴുതെറിയപ്പെടുന്നത്? **ഉ:** വഞ്ചകർ (2,21).

790 സുഭാ 2,21നു സമാനമായ വേദഭാഗം? **ഉ:** സങ്കീ 37,11; മത്താ 5,5.

## അധ്യായം 3 (സുഭാ അധ്യായം 3ൽ 35 വാക്യങ്ങൾ)

### കർത്താവിനോടു വിശ്വസ്തത

**3,1-2 [1]മകനേ, എന്റെ ഉപദേശം വിസ്മരിക്കരുത്; നിന്റെ ഹൃദയം എന്റെ കല്പനകൾ പാലിക്കട്ടെ. [2]അവ നിനക്കു ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നല്കും.**

791 മകന്റെ ഹൃദയം പാലിക്കേണ്ടത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) കല്പനകൾ (3,1).

792 അവ നിനക്കു എന്തു നല്കും? **ഉ:** ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും (3,2).

793 എന്ത് നിനക്കു ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നല്കും? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) കല്പനകൾ (3,1).

**3,3-4 [3]കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിന്റെ കഴുത്തിൽ ധരിക്കുക. ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക. [4]അങ്ങനെ നീ ദൈവത്തിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ പ്രീതിയും സത്കീർത്തിയും നേടും.**

794 നിന്നെ പിരിയാതിരിക്കണ്ടവ? **ഉ:** കരുണയും വിശ്വസ്തതയും (3,3).

795 നിന്റെ കഴുത്തിൽ ധരിക്കേണ്ടവ? **ഉ:** കരുണയും വിശ്വസ്തതയും (3,3).

795[a] കരുണയും വിശ്വസ്തതയും എവിടെ രേഖപ്പെടുത്തണം? **ഉ:** ഹൃദയഫലകത്തിൽ (3,3).

796 സുഭാ 3,3നു സമാനമായ വേദഭാഗം? **ഉ:** സങ്കീ 85,11.

797 നീ ദൈവത്തിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ പ്രീതിയും സത്കീർത്തിയും നേടാൻ? **ഉ:** കരുണയും വിശ്വസ്തതയും നിന്റെ കഴുത്തിൽ ധരിക്കുക (3,3).

798 സുഭാ 3,4നു സമാനമായ വേദഭാഗങ്ങൾ? ഉ: 1 സാമു 2,26; ലൂക്കാ 2,52.

**3,5-6 [5]കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കരുത്. [6]നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടന്ന് നിനക്ക് വഴി തെളിച്ചുതരും.**

799 പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കേണ്ടത്? **ഉ:** കർത്താവിൽ (3,5).

800 ആശ്രയിക്കരുതാത്തത്? **ഉ:** സ്വന്തം ബുദ്ധിയെ (3,5).

801 നിന്റെ എല്ലാ പ്രവൃത്തികളും എന്തോടെയാകട്ടെയെന്ന് ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** ദൈവവിചാരത്തോടെയാകട്ടെ (3,6).

**3,7-8 [7]ജ്ഞാനിയെന്നു സ്വയം ഭാവിക്കരുത്; കർത്താവിനെ ഭയപ്പെട്ട് തിന്മയിൽനിന്ന് അകന്നുമാറുക. [8]അതു നിന്റെ ശരീരത്തിന് ആരോഗ്യവും അസ്ഥികൾക്ക് അനായാസതയും നല്കും.**

801 എന്ത് സ്വയം ഭാവിക്കരുത്? **ഉ:** ജ്ഞാനിയെന്ന് (3,7).

802 സുഭാ 3,7നു സമാനമായ വേദഭാഗം? **ഉ:** റോമ 12,6.

803 നിന്റെ ശരീരത്തിന് ആരോഗ്യവും അസ്ഥികൾക്ക് അനായാസതയും നല്കുന്നത്? **ഉ:** കർത്താവിനെ ഭയപ്പെട്ട് തിന്മയിൽനിന്ന് അകന്നുമാറുക (3,8).

**3,9-10 [9]കർത്താവിനെ നിന്റെ സമ്പത്തുകൊണ്ടും, നിന്റെ എല്ലാ ഉത്പന്നങ്ങളുടെയും**

**ആദ്യഫലങ്ങൾകൊണ്ടു ബഹുമാനിക്കുക. 10അപ്പോൾ നിന്റെ ധാന്യപ്പുരകൾ സമൃദ്ധികൊണ്ടു നിറയുകയും നിന്റെ ചക്കുകളിൽ വീഞ്ഞു നിറഞ്ഞുകവിയുകയും ചെയ്യും.**

804 കർത്താവിനെ എങ്ങനെ ബഹുമാനിക്കുക എന്ന് സുഭാ 3,9 (ജ്ഞാനം) വിളിച്ചു പറയുന്നു? **ഉ:** നിന്റെ സമ്പത്തുകൊണ്ടും, നിന്റെ എല്ലാ ഉത്പന്നങ്ങളുടെയും ആദ്യഫലങ്ങൾകൊണ്ടും.

**3,11–12 11കർത്താവിന്റെ ശിക്ഷണത്തെ നിന്ദിക്കരുത്; അവിടത്തെ ശാസനത്തിൽ മടുപ്പു തോന്നുകയുമരുത്. 12എന്തെന്നാൽ, പിതാവ് പ്രിയപുത്രനെ എന്നപോലെ, കർത്താവ് താൻ സ്നേഹിക്കുന്നവനെ ശാസിക്കുന്നു.**

805 എന്തു നിന്ദിക്കരുത്? **ഉ:** കർത്താവിന്റെ ശിക്ഷണത്തെ (3,11).

806 എന്തിൽ മടുപ്പുതോന്നരുത്? **ഉ:** അവിടത്തെ ശാസനത്തിൽ (3,11).

807 കർത്താവ് ആരെ ശാസിക്കുന്നു? **ഉ:** താൻ സ്നേഹിക്കുന്നവനെ (3,12).

808 കർത്താവ് ആരെയെന്നപോലെ താൻ സ്നേഹിക്കുന്നവനെ ശാസിക്കുന്നു? **ഉ:** പിതാവ് പ്രിയപുത്രനെ എന്നപോലെ (3,12).

809 സുഭാ 3,11–12നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ജോബ് 5,17; ഹെബ്രാ 12,5–6; വെളി 3,19.

ജ്ഞാനം അമൂല്യം

3,13–14 13ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്. 14എന്തെന്നാൽ, അതുകൊണ്ടുള്ള നേട്ടം വെള്ളിയെയും സ്വർണത്തെയുംകാൾ ശ്രേഷ്ഠമാണ്.

810 ഭാഗ്യവാൻ എന്ന് സുഭാ 3,13 വിശേഷിപ്പിക്കുന്നത്? **ഉ:** ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും.

811 വെള്ളിയെയും സ്വർണത്തെയുംകാൾ ശ്രേഷ്ഠം? **ഉ:** ജ്ഞാനം/ അറിവുകൊണ്ടുള്ള നേട്ടം (3,14).

**3,15 അവൾ രത്നങ്ങളെക്കാൾ അമൂല്യയാണ്; നിങ്ങൾ കാംക്ഷിക്കുന്നതൊന്നും അവൾക്കു തുല്യമല്ല.**

812 ജ്ഞാനം എന്തിനെക്കാൾ അമൂല്യയാണ്? ഉ: രത്നങ്ങളെക്കാൾ (3,15).

**3,16 അവളുടെ വലത്തുകൈയിൽ ദീർഘായുസ്സും ഇടത്തുകൈയിൽ സമ്പത്തും ബഹുമതിയും സ്ഥിതിചെയ്യുന്നു.**

813 ജ്ഞാനത്തിന്റെ വലത്തുകൈയിൽ സ്ഥിതിചെയ്യുന്നത്? **ഉ:** ദീർഘായുസ്സ് (3,16).

814 ജ്ഞാനത്തിന്റെ ഇടത്തുകൈയിൽ സ്ഥിതിചെയ്യുന്നത്? **ഉ:** സമ്പത്തും ബഹുമതിയും (3,16).

**3,17 അവളുടെ മാർഗങ്ങൾ പ്രസന്നവും സമാധാനപൂർണവുമാണ്.**

**3,18 അവളെ കൈവശപ്പെടുത്തുന്നവർക്ക് അവൾ ജീവന്റെ വൃക്ഷമാണ്; അവളെ മുറുകെപ്പിടിക്കുന്നവർ സന്തുഷ്ടരെന്നു വിളിക്കപ്പെടുന്നു.**

815 ജ്ഞാനത്തെ കൈവശപ്പെടുത്തുന്നവർക്ക് അവൾ എന്താണ്? **ഉ:** ജീവന്റെ വൃക്ഷമാണ് (3,18).

816 സന്തുഷ്ടരെന്നു വിളിക്കപ്പെടുന്നത്? **ഉ:** ജ്ഞനത്തെ മുറുകെപ്പിടിക്കുന്നവർ (3,18).

**3,19 കർത്താവ് ജ്ഞാനത്താൽ ഭൂമിയെ സ്ഥാപിച്ചു; വിജ്ഞാനത്താൽ ആകാശത്തെ ഉറപ്പിച്ചു.**

817 കർത്താവ് ഭൂമിയെ സ്ഥാപിച്ചത്? **ഉ:** ജ്ഞാനത്താൽ (3,19).

818 കർത്താവ് ആകാശത്തെ ഉറപ്പിച്ചത്? **ഉ:** വിജ്ഞാനത്താൽ (3,19).

**3,20 അവിടത്തെ വിജ്ഞാനത്താൽ സമുദ്രങ്ങൾ പൊട്ടിപ്പുറപ്പെട്ടു; മേഘങ്ങൾ മഞ്ഞു പൊഴിക്കുന്നു.**

819 അവിടത്തെ (കർത്താവിന്റെ) വിജ്ഞാനത്താൽ സമുദ്രങ്ങൾ പൊട്ടിപ്പുറപ്പെട്ടത്? **ഉ:** സമുദ്രങ്ങൾ (3,20).

820 അവിടത്തെ വിജ്ഞാനത്താൽ മഞ്ഞുപൊഴിക്കുന്നത്? **ഉ:** മേഘങ്ങൾ (3,20).

821 അവിടത്തെ വിജ്ഞാനത്താൽ മേഘങ്ങൾ പൊഴിക്കുന്നത്? **ഉ:** മഞ്ഞ് (3,20).

**3,21 മകനേ, അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും പുലർത്തുക; അവ നിന്റെ ദൃഷ്ടിയിൽനിന്നു മാഞ്ഞുപോകാതിരിക്കട്ടെ.**



822 മകന്റെ ദൃഷ്ടിയിൽനിന്നു മാഞ്ഞുപോകാതിരിക്കട്ടെ എന്ന് ജ്ഞാനം കല്പിക്കുന്നത്? **ഉ:** അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും (3,21).

**3,22 അവ നിന്റെ ആത്മാവിനു ജീവനും കണ്ഠത്തിന് ആഭരണവുമായിരിക്കും.**

823 ജ്ഞാനത്തിന്റെ മകന്റെ ആത്മാവിനു ജീവൻ ആയിരിക്കുന്നത്? **ഉ:** അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും (3,21).

824 ജ്ഞാനത്തിന്റെ മകന്റെ കണ്ഠത്തിന് ആഭരണമായിരിക്കുന്നത്? **ഉ:** അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും (3,21).

**3,23–24 23അങ്ങനെ നീ നിന്റെ വഴിയിൽ സുരക്ഷിതനായി നടക്കും; നിന്റെ കാലിടറുകയില്ല. 24നീ നിർഭയനായിരിക്കും; നിനക്കു സുഖനിദ്ര ലഭിക്കുകയും ചെയ്യും.**

825 എങ്ങനെ നീ നിന്റെ വഴിയിൽ സുരക്ഷിതനായി നടക്കും; നിന്റെ കാലിടറുകയില്ല? **ഉ:** അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും പുലർത്തുകയും, അവ നിന്റെ ദൃഷ്ടിയിൽനിന്നു മാഞ്ഞുപോകാതിരിക്കയും, നിന്റെ ആത്മാവിനു ജീവനും കണ്ഠത്തിന് ആഭരണവുമായിരിക്കുകയും ചെയ്ത് (3,21–23).

826 എങ്ങനെ നീ നിർഭയനായിരിക്കും; നിനക്കു സുഖനിദ്ര ലഭിക്കുകയും ചെയ്യും? **ഉ:** അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും പുലർത്തുകയും, അവ നിന്റെ ദൃഷ്ടിയിൽനിന്നു മാഞ്ഞുപോകാതിരിക്കുകയും, നിന്റെ ആത്മാവിനു ജീവനും കണ്ഠത്തിന് ആഭരണവുമായിരിക്കുകയും ചെയ്ത് (3,21–23).

അയല്ക്കാരനോടുള്ള കടമകൾ

**3,25 കിടിലംകൊള്ളിക്കുന്ന സംഭവങ്ങൾകൊണ്ടോ ദുഷ്ടരുടെ നാശം കണ്ടോ നീ ഭയപ്പെടരുത്.**

827 നീ (ജ്ഞാനത്തിന്റെ മകൻ) ഭയപ്പെടരുതാത്തത്? **ഉ:** കിടിലംകൊള്ളിക്കുന്ന സംഭവങ്ങൾകൊണ്ടോ ദുഷ്ടരുടെ നാശം കണ്ടോ (3,25).

**3,26 കർത്താവ് നിന്റെ ആശ്രയമായിരിക്കും: നിന്റെ കാൽ കുടുക്കിൽപ്പെടാതെ അവിടന്നു കാത്തുകൊള്ളും.**

828 കർത്താവ് നിന്റെ കാൽ എന്തിൽപ്പെടാതെ കാത്തുകൊള്ളും? **ഉ:** കുടുക്കിൽ (3,26).

**3,27 നിനക്കു ചെയ്യാൻ കഴിവുള്ള നന്മ, അതു ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത്.**

829 നിനക്കു ചെയ്യാൻ കഴിവുള്ള നന്മ, ആർക്കു നിഷേധിക്കരുത്? **ഉ:** അതു ലഭിക്കാൻ അവകാശമുള്ളവർക്കു (3,27).

830 അതു ലഭിക്കാൻ അവകാശമുള്ളവർക്കു നീ നിഷേധിക്കരുതാത്തത്? **ഉ:** നിനക്കു ചെയ്യാൻ കഴിവുള്ള നന്മ (3,27).

831 സുഭാ 8,27നു സമാനമായ വേദഭാഗം? **ഉ:** യാക്കോ 7,16.

**3,28 അയല്ക്കാരൻ ചോദിക്കുന്ന വസ്തു നിന്റെ കൈവശമുണ്ടായിരിക്കേ, പോയി വീണ്ടും വരുക, നാളെത്തരാം എന്നു പറയരുത്.**

**3,29 നിന്നെ വിശ്വസിച്ചു പാർക്കുന്ന അയല്ക്കാരനെ ദ്രോഹിക്കാൻ ആലോചിക്കരുത്.**

832 ആരെ ദ്രോഹിക്കാൻ ആലോചിക്കരുത്? **ഉ:** നിന്നെ വിശ്വസിച്ചു പാർക്കുന്ന അയല്ക്കാരനെ (3,28).

**3,30 നിനക്ക് ഉപദ്രവം ചെയ്യാത്തവനുമായി കലഹിക്കരുത്.**

833 നീ ആരുമായി കലഹിക്കരുത്? **ഉ:** നിനക്ക് ഉപദ്രവം ചെയ്യാത്തവനുമായി (3,30).

**3,31 അക്രമിയുടെ വളർച്ചയിൽ അസൂയപ്പെടുകയോ അവന്റെ മാർഗം അവലംബിക്കുകയോ അരുത്.**

834 ആരുടെ വളർച്ചയിൽ അസൂയപ്പെടരുത്? **ഉ:** അക്രമിയുടെ (3,31).

835 ആരുടെ മാർഗം അവലംബിക്കരുത്? **ഉ:** അക്രമിയുടെ (3,31).

**3,32 ദുർമാർഗികളെ കർത്താവ് വെറുക്കുന്നു; സത്യസന്ധരോട് അവിടന്നു സൗഹൃദം പുലർത്തുന്നു.**

836 കർത്താവ് വെറുക്കുന്നത്? **ഉ:** ദുർമാർഗികളെ (3,32).

837 അവിടന്നു സൗഹൃദം പുലർത്തുന്നത്? **ഉ:** സത്യസന്ധരോട് (3,32).

838 സത്യസന്ധരോട് അവിടന്നു പുലർത്തുന്നത്? **ഉ:** സൗഹൃദം (3,32).

**3,33 ദുഷ്ടരുടെ ഭവനത്തിന്മേൽ കർത്താവിന്റെ ശാപം പതിക്കുന്നു; എന്നാൽ, നീതി**

**മാന്മാരുടെ ഭവനത്തെ അവിടന്ന് അനുഗ്രഹിക്കുന്നു.**

839 ദുഷ്ടരുടെ ഭവനത്തിന്മേൽ പതിക്കുന്നത്? **ഉ:** കർത്താവിന്റെ ശാപം (3,33).

840 അവിടന്ന് അനുഗ്രഹിക്കുന്നത്? **ഉ:** നീതിമാന്മാരുടെ ഭവനത്തെ (3,33).

**3,34 നിന്ദിക്കുന്നവരെ അവിടന്നു നിന്ദിക്കുന്നു; വിനീതരുടെമേൽ കാരുണ്യം പൊഴിക്കുന്നു.**

841 ആരുടെമേൽ അവിടന്ന് (കർത്താവ്) കാരുണ്യം പൊഴിക്കുന്നു? **ഉ:** വിനീതരുടെ മേൽ (3,34).

842 സുഭാ 3,34നു സമാനമായ വേദഭാഗം? **ഉ:** യാക്കോ 4,6; 1 പത്രോ 5,5.

**3,35 ജ്ഞാനികൾ ബഹുമതി ആർജിക്കും; ഭോഷർക്ക് അവമതി ലഭിക്കും.**

843 ജ്ഞാനികൾ എന്ത് ആർജിക്കും ? **ഉ:** ബഹുമതി (3,35).

## അധ്യായം 4 (അധ്യായം 4ൽ 27 വാക്യങ്ങൾ)

1,8ഉം 2,1ഉം 3,1ഉം ആരംഭിച്ചത് ‘മകനേ’ എന്ന സംബോധനയോടെയാണ്. എന്നാൽ, 4,1 ആരംഭിക്കുന്നത് ‘മക്കളേ’ എന്ന സംബോധനയോടെയാണ്. എങ്കിലും 4,4മുതൽ നീ, നിന്നെ എന്നിങ്ങനെ ഏകവചനം പ്രയോഗിക്കുന്നു. 4,10ൽ ‘മകനേ’ എന്നു വീണ്ടും.

### ജ്ഞാനസമ്പാദനം അഭികാമ്യം

**4,1 മക്കളേ, പിതാവിന്റെ പ്രബോധനം കേൾക്കുവിൻ. അതിൽ ശ്രദ്ധിച്ച് അറിവു നേടുവിൻ.**

844 മക്കൾ എന്തു കേൾക്കുവിൻ എന്ന് സുഭാ 4,1ൽ ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** പിതാവിന്റെ പ്രബോധനം.

845 പിതാവിന്റെ പ്രബോധനത്തെക്കുറിച്ച് സുഭാഷിതങ്ങളിൽ മറ്റെവിടെ? **ഉ:** 1,8

**4,2 ഞാൻ നിങ്ങൾക്കു സദുപദേശങ്ങൾ നല്കുന്നു; എന്റെ പാഠങ്ങൾ തള്ളിക്കളയരുത്.**

846 ഞാൻ (ജ്ഞാനം) മക്കൾക്കു നല്കുന്നത്? **ഉ:** സദുപദേശങ്ങൾ (4,2).

847 നിങ്ങൾ (മക്കൾ) തള്ളിക്കളയരുതാത്തത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ)പാഠങ്ങൾ (4,2).

**4,3–4 [3]ഞാൻ അമ്മയ്ക്ക് ഏകസന്താനമായി ഇളംപ്രായത്തിൽ പിതാവിനോടൊപ്പം കഴിയവേ, [4]അവൻ എന്നെ ഇപ്രകാരം പഠിപ്പിച്ചു: നിന്റെ ഹൃദയം എന്റെ വാക്കുകൾ മുറുകെപ്പിടിക്കട്ടെ; എന്റെ കല്പനകൾ പാലിച്ചാൽ നീ ജീവിക്കും.**

**ശ്രദ്ധിക്കുക:** 4,4 മുതൽ ജ്ഞാനം തന്റെ പിതാവ് പഠിപ്പിച്ചവ പറയുന്നു:

848 നിന്റെ ഹൃദയം എന്റെ വാക്കുകൾ മുറുകെപ്പിടിക്കട്ടെ; എന്റെ കല്പനകൾ പാലിച്ചാൽ നീ ജീവിക്കും എന്നു ജ്ഞാനത്തെ പഠിപ്പിച്ചത്? **ഉ:** പിതാവ് (4,3–4).

**4,5 വിജ്ഞാനവും ഉൾക്കാഴ്ചയും നേടുക; എന്റെ വാക്കുകൾ വിസ്മരിക്കരുത്; അവയിൽനിന്നു വ്യതിചലിക്കയുമരുത്.**

849 എന്തു നേടുക എന്ന് ജ്ഞാനത്തെ പിതാവ് പഠിപ്പിച്ചു? **ഉ:** വിജ്ഞാനവും ഉൾക്കാഴ്ചയും (4,5).

850 എന്തു വിസ്മരിക്കരുത് എന്ന് ജ്ഞാനത്തെ പിതാവ് പഠിപ്പിച്ചു? **ഉ:** എന്റെ (പിതാവിന്റെ) വാക്കുകൾ (4,5).

**4,6 ജ്ഞാനം ഉപേക്ഷിക്കരുത്; അവൾ നിന്നെ കാത്തുകൊള്ളും. അവളെ സ്നേഹിക്കുക; അവൾ നിന്നെ സംരക്ഷിക്കും.**

851 എന്ത് നിന്നെ കാത്തുകൊള്ളും എന്ന് പിതാവ് സുഭാ 4,6ൽ? **ഉ:** ജ്ഞാനം. (2,11ൽ വിവേചനാശക്തി നിന്നെ കാത്തുകൊള്ളും എന്ന്).

852 ജ്ഞാനത്തെ സ്നേഹിച്ചാൽ? **ഉ:** അവൾ നിന്നെ സംരക്ഷിക്കും (4,6).

**4,7 ജ്ഞാനം സമ്പാദിക്കുകയാണ് സർവപ്രധാനം. എന്തു ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക.**

**4,8–9 [8]അവളെ അമൂല്യമായി കരുതുക; അവൾ നിനക്ക് ഉയർച്ച നല്കും. അവളെ പുണരുക; അവൾ നിന്നെ ആദരിക്കും. [9]അവൾ നിന്റെ ശിരസ്സിൽ മനോഹരമായ പൂമാലയണിയിക്കും; നിനക്കു മഹത്വത്തിന്റെ കിരീടം നല്കും.**

853 പൂരിപ്പിക്കുക: അവളെ (ജ്ഞാനത്തെ) അമൂല്യമായി കരുതുക; അവൾ നിനക്ക് – – (സുഭാ 4,8). **ഉ:** ഉയർച്ച നല്കും.

854 പൂരിപ്പിക്കുക: അവളെ (ജ്ഞാനത്തെ) പുണരുക; അവൾ നിന്നെ – (സുഭാ 4,8).



**ഉ:** ആദരിക്കും.

855 പൂരിപ്പിക്കുക: അവളെ (ജ്ഞാനത്തെ) പുണരുക; അവൾ നിന്റെ – – – (സുഭാ 4,9). **ഉ:** ശിരസ്സിൽ മനോഹരമായ പൂമാലയണിയിക്കും.

856 പൂരിപ്പിക്കുക: അവളെ (ജ്ഞാനത്തെ) പുണരുക; അവൾ നിനക്കു – – നല്കും (സുഭാ 4,9). **ഉ:** മഹത്വത്തിന്റെ കിരീടം

### 4,10ൽ ‘മകനേ’ എന്ന സംബോധന

**4,10 മകനേ, എന്റെ വാക്ക് നിന്റെ ഹൃദയത്തിൽ പതിയട്ടെ; അപ്പോൾ നിനക്കു ദീർഘായുസ്സുണ്ടാകും.**

857 എന്റെ (ജ്ഞാനത്തിന്റെ പിതാവിന്റെ) വാക്ക് നിന്റെ (മകന്റെ) ഹൃദയത്തിൽ പതിയുമ്പോൾ ഉണ്ടാകുന്നത്? **ഉ:** ദീർഘായുസ്സ് (4,10).

**4,11 ഞാൻ ജ്ഞാനത്തിന്റെ വഴി നിന്നെ പഠിപ്പിച്ചു; സത്യസന്ധതയുടെ പാതകളിൽ നിന്നെ നയിച്ചു.**

858 ഞാൻ (ജ്ഞാനത്തിന്റെ പിതാവ്) നിന്നെ (മകനെ) പഠിപ്പിച്ചത്? **ഉ:** ജ്ഞാനത്തിന്റെ വഴി (4,11).

859 ഞാൻ (ജ്ഞാനത്തിന്റെ പിതാവ്) നിന്നെ (മകനെ) നയിച്ചത്? **ഉ:** സത്യസന്ധതയുടെ പാതകളിൽ (4,11).

**4,12 നടക്കുമ്പോൾ നിന്റെ കാലിടറുകയില്ല; ഓടുമ്പോൾ വീഴുകയുമില്ല.**

**4,13 എന്റെ ഉപദേശം മുറുകെപ്പിടിക്കുക; അതു കൈവിടരുത്. അതു കാത്തുസൂക്ഷിക്കുക; അതു നിന്റെ ജീവനാണ്.**

860 അതു നിന്റെ ജീവനാണ് എന്ന് സുഭാ 4,13ൽ പറയുന്നത്? **ഉ:** ജ്ഞാനത്തിന്റെ പിതാവിന്റെ ഉപദേശം.

**4,14–15 [14]ദുഷ്ടരുടെ പാതയിൽ പ്രവേശിക്കരുത്; ദുർജനങ്ങളുടെ മാർഗത്തിൽ ചരിക്കയുമരുത്. [15]അതിൽനിന്നൊഴിഞ്ഞു നില്ക്കുക; അതിൽ സഞ്ചരിക്കരുത്; അതിൽനിന്ന് അകന്നുമാറി കടന്നുപോവുക.**

861 ആരുടെ പാതയിൽ പ്രവേശിക്കരുത്? **ഉ:** ദുഷ്ടരുടെ (4,14).

862 ആരുടെ മാർഗത്തിൽ ചരിക്കയുമരുത്? **ഉ:** ദുർജനങ്ങളുടെ (4,14).

**4,16 എന്തെന്നാൽ തെറ്റുചെയ്യാതെ അവർക്ക് ഉറക്കം വരില്ല; ആരെയെങ്കിലും തട്ടിവീഴ്ത്തിയില്ലെങ്കിൽ അവർക്കു നിദ്ര നഷ്ടപ്പെടുന്നു.**

863 തെറ്റുചെയ്യാതെ ആർക്ക് ഉറക്കം വരില്ല? **ഉ:** ദുഷ്ടർക്ക് / ദുർജനങ്ങൾക്ക് (4,14).

864 ആരെയെങ്കിലും തട്ടിവീഴ്ത്തിയില്ലെങ്കിൽ ആർക്കു നിദ്ര നഷ്ടപ്പെടുന്നു? **ഉ:** ദുഷ്ടർക്ക് / ദുർജനങ്ങൾക്ക് (4,14).

**4,17 കാരണം, അവർ ദുഷ്ടതയുടെ അപ്പം ഭക്ഷിക്കുകയും അക്രമത്തിന്റെ വീഞ്ഞു കുടിക്കുകയും ചെയ്യുന്നു.**

865 ദുഷ്ടർ / ദുർജനങ്ങൾ ഭക്ഷിക്കുന്നത്? **ഉ:** ദുഷ്ടതയുടെ അപ്പം (4,14).

866 ദുഷ്ടതയുടെ അപ്പം ഭക്ഷിക്കുന്നത്? **ഉ:** ദുഷ്ടർ / ദുർജനങ്ങൾ (4,14).

867 ദുഷ്ടർ / ദുർജനങ്ങൾ കുടിക്കുന്നത്? **ഉ:** അക്രമത്തിന്റെ വീഞ്ഞു (4,14).

**4,18 എന്നാൽ, നീതിമാന്മാരുടെ പാത പൂർവാഹ്നത്തിലെ വെയിൽപോലെ പ്രകാശം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.**

868 നീതിമാന്മാരുടെ പാത എന്തുപോലെ പ്രകാശം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്? **ഉ:** പൂർവാഹ്നത്തിലെ വെയിൽപോലെ (4,18).

869 പൂർവാഹ്നത്തിലെ വെയിൽപോലെ പ്രകാശം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്? **ഉ:** നീതിമാന്മാരുടെ പാത (4,18).

**4,19 ദുഷ്ടരുടെ മാർഗം സാന്ദ്രതമസ്സുപോലെയാണ്; എവിടെ തട്ടിവീഴുമെന്ന് അവർക്കറിഞ്ഞുകൂടാ.**

870 ദുഷ്ടരുടെ മാർഗം എന്തുപോലെയാണ്? **ഉ:** സാന്ദ്രതമസ്സുപോലെയാണ് (4,19)

871 സാന്ദ്രതമസ്സുപോലെയുള്ളത്? **ഉ:** ദുഷ്ടരുടെ മാർഗം (4,19).

872 എവിടെ തട്ടിവീഴുമെന്ന് അറിഞ്ഞുകൂടാത്തത്? **ഉ:** ദുഷ്ടർക്ക് (4,19).

**4,20 മകനേ, എന്റെ വാക്കുകൾ ശ്രദ്ധിക്കുക; എന്റെ മൊഴികൾക്കു ചെവിതരുക.**

**4,21–22 [21]അവ നിന്റെ ദൃഷ്ടിപഥത്തിൽനിന്നു മാഞ്ഞുപോകാതിരിക്കട്ടെ; അവ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക. [22]എന്തെന്നാൽ, അവയെ ഉൾക്കൊള്ളുന്നവന് അവ ജീവനും, അവന്റെ ശരീരത്തിന് ഔഷധവുമാണ്.**

873 (ജ്ഞാനത്തിന്റെ) പിതാവിന്റെ മൊഴികൾ എവിടെനിന്നു മാഞ്ഞുപോകാതിരിക്കട്ടെ? **ഉ:** നിന്റെ (മകന്റെ) ദൃഷ്ടിപഥത്തിൽനിന്നു (4,21).

874 (ജ്ഞാനത്തിന്റെ) പിതാവിന്റെ മൊഴികൾ ആർക്ക് ജീവനും, അവന്റെ ശരീരത്തിന് ഔഷധവുമാണ്? **ഉ:** അവയെ ഉൾക്കൊള്ളുന്നവന് (4,22).

**4,23 നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽനിന്നാണൊഴുകുന്നത്.**

875 ജാഗരൂകതയോടെ കാത്തുസൂക്ഷിക്കേണ്ടത്? **ഉ:** നിന്റെ ഹൃദയത്തെ (4,23).

876 അതിൽനിന്നൊഴുകുന്നത്? **ഉ:** ജീവന്റെ ഉറവകൾ (4,23).

876 ജീവന്റെ ഉറവകൾ ഒഴുകുന്നത്? **ഉ:** ഹൃദയത്തിൽനിന്ന് (4,23).

**4,24 വക്രമായ സംസാരം നിന്നിൽനിന്നകറ്റിക്കളയുക; കുടിലഭാഷണത്തെ ദൂരെയകറ്റുക.**

877 നിന്നിൽനിന്നകറ്റിക്കളയേണ്ടത്? **ഉ:** വക്രമായ സംസാരം (4,24).

878 ദൂരെയകറ്റേണ്ടത്? **ഉ:** കുടിലഭാഷണത്തെ (4,24).

**4,25 നിന്റെ ദൃഷ്ടി അവക്രമായിരിക്കട്ടെ; നിന്റെ നോട്ടം മുമ്പോട്ടു മാത്രമായിരിക്കട്ടെ.**

879 അവക്രമായിരിക്കേണ്ടത്? **ഉ:** നിന്റെ ദൃഷ്ടി (4,25).

880 മുമ്പോട്ടു മാത്രമായിരിക്കേണ്ടത് ? **ഉ:** നിന്റെ നോട്ടം (4,25).

**4,26 നീ നടക്കുന്ന വഴികൾ ഉത്തമമെന്ന് ഉറപ്പിക്കുക; അപ്പോൾ അവ സുരക്ഷിതമായിരിക്കും.**

881 ഉത്തമമെന്ന് ഉറപ്പിക്കേണ്ടത്? **ഉ:** നീ നടക്കുന്ന വഴികൾ (4,26).

**4,27 വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിന്മയിൽ കാലൂന്നുകയും അരുത്.**

882 കാലൂന്നരുതാത്തത്? **ഉ:** തിന്മയിൽ (4,27).

## അധ്യായം 5 (അധ്യായം 5 23ൽ വാക്യങ്ങൾ)

ദുശ്ചരിതയെ സൂക്ഷിക്കുക

**5,1–2 [1]മകനേ, എന്റെ ജ്ഞാനത്തിൽ ശ്രദ്ധ പതിക്കുകയും എന്റെ വാക്കുകൾക്ക് ചെവികൊടുക്കുകയും ചെയ്യുക. [2]അപ്പോൾ നീ വിവേചനാശക്തി കാത്തുസൂക്ഷിക്കുകയും നിന്റെ അധരം അറിവു സംസാരിക്കുകയും ചെയ്യും.**

883 മകൻ ശദ്ധ പതിക്കേണ്ടത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ പിതാവിന്റെ) ജ്ഞാനത്തിൽ (5,1).

884 മകൻ ചെവി കൊടുക്കേണ്ടത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ പിതാവിന്റെ) വാക്കുകൾക്ക് (5,1).

885 അപ്പോൾ നീ കാത്തുസൂക്ഷിക്കുന്നത്? **ഉ:** വിവേചനാശക്തി (5,2).

886 അപ്പോൾ നീ സംസാരിക്കുന്നത്? **ഉ:** അറിവ് (5,2).

**5,3 ദുശ്ചരിതയായ സ്ത്രീയുടെ അധരം തേൻ പൊഴിക്കുന്നു; അവളുടെ മൊഴികൾ തൈലത്തെക്കാൾ സ്നിഗ്ധമാണ്.**

887 തേൻ പൊഴിക്കുന്നത്? **ഉ:** ദുശ്ചരിതയായ സ്ത്രീയുടെ അധരം (5,3).

888 തൈലത്തെക്കാൾ സ്നിഗ്ധമായത്? അവളുടെ (ദുശ്ചരിതയായ സ്ത്രീയുടെ) മൊഴികൾ (5,3).

889 സുഭാ 5,3നു സമാനമായ വേദഭാഗം? **ഉ:** പ്രഭാ 26,9–12.

**5,4 എന്നാൽ, ഒടുവിൽ അവൾ കാഞ്ഞിരംപോലെ കയ്പുള്ളവളും ഇരുതല വാൾപോലെ മൂർച്ചയുള്ളവളുമായിത്തീരും.**

890 ഒടുവിൽ കാഞ്ഞിരംപോലെ കയ്പുള്ളവളും ഇരുതലവാൾപോലെ മൂർച്ചയുള്ളവളുമായിത്തീരുന്നത്? **ഉ:** ദുശ്ചരിതയായ സ്ത്രീ (5,4).

**5,5 അവളുടെ പാദങ്ങൾ മരണത്തിലേക്കിറങ്ങുന്നു; അവളുടെ കാലടികൾ പാതാളത്തിലേക്കുള്ള മാർഗത്തിലാണ്.**

891 അവളുടെ (ദുശ്ചരിതയായ സ്ത്രീയുടെ) പാദങ്ങൾ ഇറങ്ങുന്നത്? **ഉ:** മരണത്തിലേക്ക് (5,5).



892 അവളുടെ (ദുശ്ചരിതയായ സ്ത്രീയുടെ) കാലടികൾ എവിടേക്കാണ്? **ഉ:** പാതാളത്തിലേക്കുള്ള മാർഗത്തിലാണ് (5,5).

**5,6 അവൾ ജീവന്റെ വഴി ശ്രദ്ധിക്കാതെ എങ്ങോട്ടെന്നില്ലാതെ അലഞ്ഞുതിരിയുന്നു; അവൾ അത് അറിയുന്നുമില്ല.**

893 ദുശ്ചരിതയായ സ്ത്രീ ശ്രദ്ധിക്കാത്തത്? **ഉ:** ജീവന്റെ വഴി (5,6).

**5,7 ആകയാൽ, മക്കളേ, ഞാൻ പറയുന്നതു കേൾക്കുവിൻ. എന്റെ വചനങ്ങളിൽനിന്ന് വ്യതിചലിക്കരുത്.**

894 മക്കൾ വ്യതിചലിക്കരുതാത്തത്? **ഉ:** എന്റെ (പിതാവിന്റെ) വചനങ്ങളിൽനിന്ന് ( 5,7).

**5,8–10 [8]അവളിൽനിന്ന് അകന്നുമാറുവിൻ. അവളുടെ വാതില്ക്കൽ ചെല്ലരുത്. [9]ചെന്നാൽ മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിന്റെ സത്കീർത്തി നഷ്ടപ്പെടുകയും നിന്റെ ആയുസ്സ് നിർദയർ അപഹരിക്കുകയും ചെയ്യും. [10]അന്യർ നിന്റെ സമ്പത്ത് മതിയാവോളം അപഹരിക്കുകയും നിന്റെ അധ്വാനത്തിന്റെ ഫലം അവരുടെ വീട്ടിലെത്തുകയും ചെയ്യും.**

895 ദുശ്ചരിതയായ സ്ത്രീയുടെ വാതില്ക്കൽ ചെന്നാൽ മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിനക്കു നഷ്ടപ്പെടുന്നത്? **ഉ:** നിന്റെ സത്കീർത്തി (5,89).

896 അവളുടെ വാതില്ക്കൽ ചെന്നാൽ നിർദയർ അപഹരിക്കുന്നത്? **ഉ:** നിന്റെ ആയുസ്സ് (5,8–9).

897 അവളുടെ വാതില്ക്കൽ ചെന്നാൽ നിന്റെ സമ്പത്ത് മതിയാവോളം അപഹരിക്കുകയും നിന്റെ അധ്വാനത്തിന്റെ ഫലം അവരുടെ വീട്ടിലെത്തുകയും ചെയ്യുന്നത്? **ഉ:** അന്യർ (5,10).

**5,11–14 [11–12]അങ്ങനെ ജീവിതാന്ത്യത്തിൽ ശരീരം ക്ഷയിച്ച് എല്ലുംതോലുമായി നീ ഞരങ്ങിക്കൊണ്ടു പറയും: ഞാൻ എത്രമാത്രം ശിക്ഷണം വെറുത്തു! എന്റെ ഹൃദയം എത്രമാത്രം ശാസനത്തെ പുച്ഛിച്ചു! [13]ഞാൻ എന്റെ ഗുരുക്കന്മാരുടെ വാക്കുകൾ കേൾക്കുകയോ ഉപദേഷ്ടാക്കൾക്കു ചെവികൊടുക്കുകയോ ചെയ്തില്ല. [14]സമൂഹത്തിനു മുമ്പിൽ ഞാൻ തീർത്തും നശിച്ചവനെപ്പോലെയായി.** (ഇതുപോലെ മനഃപ്പാഠം പഠിക്കുക).

5,15–19 വാക്യങ്ങളിൽ ജ്ഞാനത്തിന്റെ പിതാവ് മകന്റെ ഭാര്യയെ അവന്റെ കിണറ്, ഉറവ, നീരൊഴുക്ക്, മാൻപേട എന്നിവയോടു സദൃശപ്പെടുത്തിയിരിക്കുന്നു.

**5,15 നിന്റെ കിണറ്റിൽനിന്ന്, നിന്റെ ഉറവയിൽനിന്നു മാത്രമേ വെള്ളം കുടിക്കാവൂ.**

**5,16 നിന്റെ ഉറവകളെ മറുനാട്ടിലും നീരൊഴുക്കുകളെ തെരുവുകളിലും ഒഴുക്കിക്കളയുകയോ?**

**5,17 അവ നിന്റെ അടുത്തുള്ള അന്യർക്കുവേണ്ടിയാവാതെ നിനക്കുവേണ്ടി മാത്രമായിരിക്കട്ടെ.**

**5,18 നിന്റെ ഉറവ, നിന്റെ യൗവനത്തിലെ ഭാര്യ, അനുഗൃഹീതയായിരിക്കട്ടെ; അവളിൽ ആനന്ദംകൊള്ളുക.**

**5,19 അവൾ ചന്തമുള്ളൊരു മാൻപേട, സുന്ദരിയായ മാൻപേടതന്നെ; അവളുടെ സ്നേഹം നിന്നെ സദാ സന്തോഷംകൊണ്ടു നിറയ്ക്കട്ടെ. അവളുടെ പ്രേമം നിന്നെ എപ്പോഴും ലഹരി പിടിപ്പിക്കട്ടെ.**

5,7ൽ 'മക്കളേ' എന്ന സംബോധനയോടെ; വാക്യം 20ൽ വീണ്ടും 'മകനേ' എന്ന സംബോധനയോടെ

**5,20 മകനേ, നീ ദുശ്ചരിതയായ സ്ത്രീക്കു വഴിപ്പെടുകയും സ്വൈരിണിയുടെ വക്ഷസ്സിനെ ആശ്ലേഷിക്കുകയും ചെയ്യുന്നതെന്തിന്?**

**5,21 മനുഷ്യന്റെ ചെയ്തികളെല്ലാം കർത്താവ് കാണുന്നു. അവിടന്ന് അവന്റെ പാതകളെ ശോധന ചെയ്യുന്നു.**

898 കർത്താവ് കാണുന്നത്? **ഉ:** മനുഷ്യന്റെ ചെയ്തികളെല്ലാം (5,21).

899 അവിടന്നു ശോധന ചെയ്യുന്നത്? **ഉ:** അവന്റെ പാതകളെല്ലാം (5,21).

**5,22 ദുഷ്കൃത്യങ്ങൾ ദുഷ്ടനെ കെണിയിൽ വീഴ്ത്തുന്നു; സ്വന്തം പാപത്തിന്റെ വലയിൽ അവൻ കുരുങ്ങുന്നു.**

900 ദുഷ്ടനെ കെണിയിൽ വീഴ്ത്തുന്നത്? **ഉ:** ദുഷ്കൃത്യങ്ങൾ (5,22).
901 അവൻ കുരുങ്ങുന്നത്? **ഉ:** സ്വന്തം പാപത്തിന്റെ വലയിൽ (5,22).
902 സ്വന്തം പാപത്തിന്റെ വലയിൽ കുരുങ്ങുന്നത്? **ഉ:** ദുഷ്ടൻ (5,22).
**5,23 ശിക്ഷണരാഹിത്യത്താൽ അവൻ മൃതിയടയുന്നു; വലിയ ഭോഷത്വം നിമിത്തം അവൻ നശിക്കുന്നു.**
903 ശിക്ഷണരാഹിത്യത്താൽ മൃതിയടയുന്നത്? **ഉ:** ദുഷ്ടൻ (5,23).
904 ദുഷ്ടൻ മൃതിയടയുന്നത്? **ഉ:** ശിക്ഷണരാഹിത്യത്താൽ (5,23).
905 ദുഷ്ടൻ നശിക്കുന്നത്? **ഉ:** വലിയ ഭോഷത്വം നിമിത്തം (5,23).
906 വലിയ ഭോഷത്വം നിമിത്തം നശിക്കുന്നത്? **ഉ:** ദുഷ്ടൻ (5,23).

## അധ്യായം 6 (അധ്യായം 6ൽ 35 വാക്യങ്ങൾ)

### വിവിധോപദേശങ്ങൾ

**6,1 മകനേ, നീ അയല്ക്കാരനുവേണ്ടി ജാമ്യം നില്ക്കുകയോ അന്യനുവേണ്ടി വാക്കു കൊടുക്കുകയോ ചെയ്തിട്ടുണ്ടോ?**
907 മകനേ, നീ അയല്ക്കാരനുവേണ്ടി ജാമ്യം നില്ക്കുകയോ അന്യനുവേണ്ടി വാക്കു കൊടുക്കുകയോ ചെയ്തിട്ടുണ്ടോ എന്നു ചോദിക്കുന്നത്? **ഉ:** ജ്ഞാനത്തിന്റെ പിതാവ് (4,3-4).
908 സുഭാ 6,1നു സമാനമായ വേദഭാഗം? **ഉ:** പ്രഭാ 29,14-20.
**6,2-3 [2]നീ നിന്റെ സംസാരത്താൽ കുരുക്കിലാവുകയോ വാക്കുകളാൽ കുടുങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ടോ? [3]എങ്കിൽ, മകനേ, നീ അയല്ക്കാരന്റെ പിടിയിൽപ്പെട്ടിരിക്കുന്നതുകൊണ്ട് രക്ഷപ്പെടാൻ ഇങ്ങനെ ചെയ്യുക: ഉടനെ ചെന്ന് അയല്ക്കാരനോട് നിർബന്ധമായി അപേക്ഷിക്കുക.**
909 നീ കുരുക്കിലാകാവുന്നത്? **ഉ:** നിന്റെ സംസാരത്താൽ (6,2).
910 നീ കുടുങ്ങിപ്പോകാവുന്നത്? **ഉ:** നിന്റെ വാക്കുകളാൽ (6,2).
**6,4-5 [4]നിന്റെ മിഴികൾക്ക് ഉറക്കമോ കൺപോളകൾക്ക് മയക്കമോ അനുവദിക്കരുത്. [5]വേട്ടക്കാരനിൽനിന്ന് മാനിനെപ്പോലെയും പക്ഷിയെപ്പോലെയും രക്ഷപെട്ടുകൊള്ളുക.**
911 നീ നിന്റെ സംസാരത്താൽ കുരുക്കിലാവുകയോ വാക്കുകളാൽ കുടുങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ടോ? [3]എങ്കിൽ, മകനേ, നീ നിന്റെ മിഴികൾക്ക് അനുവദിക്കരുതാത്തത്? **ഉ:** ഉറക്കം (6,4). കൺപോളകൾക്ക് അനുവദിക്കരുതാത്തത്? **ഉ:** മയക്കം (6,4).
912 നീ നിന്റെ സംസാരത്താൽ കുരുക്കിലാവുകയോ വാക്കുകളാൽ കുടുങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ടോ? [3]എങ്കിൽ, മകനേ, നീ വേട്ടക്കാരനിൽനിന്ന് എന്തിനെപ്പോലെ രക്ഷപെട്ടുകൊള്ളുക? **ഉ:** മാനിനെപ്പോലെയും പക്ഷിയെപ്പോലെയും (6,5).
**6,6 മടിയനായ മനുഷ്യാ, എറുമ്പിന്റെ പ്രവൃത്തി കണ്ട് വിവേകിയാകുക.**
913 മടിയനായ മനുഷ്യൻ എന്തിന്റെ പ്രവൃത്തി കണ്ട് വിവേകിയാകണം? **ഉ:** എറുമ്പിന്റെ (6,6).
**6,7-8 [7]മേലാളനോ കാര്യസ്ഥനോ രാജാവോ ഇല്ലാതെ [8]അതു വേനൽക്കാലത്ത് കലവറയൊരുക്കി കൊയ്ത്തുകാലത്ത് ഭക്ഷണം ശേഖരിച്ചുവയ്ക്കുന്നു.**
914 മേലാളനോ കാര്യസ്ഥനോ രാജാവോ ഇല്ലാതെ വേനൽക്കാലത്ത് കലവറയൊരുക്കി കൊയ്ത്തുകാലത്ത് ഭക്ഷണം ശേഖരിച്ചുവയ്ക്കുന്നത്? **ഉ:** എറുമ്പ് (6,7).
**6,9 മടിയാ, നീ എത്രനാൾ നിശ്ചേഷ്ടനായിരിക്കും? നീ എപ്പോഴാണ് ഉറക്കത്തിൽനിന്ന് ഉണരുക?**
915 നിശ്ചേഷ്ടനായിരിക്കുന്നത്? **ഉ:** മടിയൻ (6,9).
916 ഉറക്കത്തിൽനിന്ന് ഉണരാതിരിക്കുന്നത്? **ഉ:** മടിയൻ (6,9).
**6,10 കുറച്ചുകൂടി ഉറങ്ങാം; തെല്ലുനേരം മയങ്ങാം; കൈയുംകെട്ടിയിരുന്ന് വിശ്രമിക്കാം.**
**6,11 ഫലമോ, ദാരിദ്ര്യം വഴിപോക്കനെപ്പോലെയും ദുർഭിക്ഷം കൊള്ളക്കാരനെപ്പോലെയും നിന്റെ മുമ്പിലെത്തും.**
917 കുറച്ചുകൂടി ഉറങ്ങാം; തെല്ലുനേരം മയങ്ങാം; കൈയുംകെട്ടിയിരുന്ന് വിശ്രമിക്കാം എന്നുള്ളതിന്റെഫലമായി വഴിപോക്കനെപ്പോലെ നിന്റെ മുമ്പിലെത്തുന്നത്?



**ഉ:** ദാരിദ്ര്യം (6,11).
918 കുറച്ചുകൂടി ഉറങ്ങാം; തെല്ലുനേരം മയങ്ങാം; കൈയുംകെട്ടിയിരുന്ന് വിശ്രമിക്കാം എന്നുള്ളതിന്റെ ഫലമായി ദുർഭിക്ഷം നിന്റെ മുമ്പിലെത്തുന്നത്? **ഉ:** കൊള്ളക്കാരനെപ്പോലെ (6,11).
**6,12 നിർഗുണനായ ദുഷ്ടൻ കുടിലസംസാരവുമായി ചുറ്റിനടക്കുന്നു.**
919 കുടിലസംസാരവുമായി ചുറ്റിനടക്കുന്നത്? **ഉ:** നിർഗുണനായ ദുഷ്ടൻ (6,12).
**6,13 അവൻ കണ്ണുകൊണ്ട് അടയാളം കാട്ടുകയും കാലുകൊണ്ടു തോണ്ടുകയും വിരലുകൊണ്ടു ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.**
920 കണ്ണുകൊണ്ട് അടയാളം കാട്ടുകയും കാലുകൊണ്ടു തോണ്ടുകയും വിരലുകൊണ്ടു ചൂണ്ടിക്കാട്ടുകയും ചെയ്യുന്നത്? **ഉ:** നിർഗുണനായ ദുഷ്ടൻ (6,12).
**6,14 അവൻ തുടർച്ചയായി അനൈക്യം വിതച്ചുകൊണ്ട്, വഴിപിഴച്ച ഹൃദയത്തോടെ തിന്മയ്ക്കു കളമൊരുക്കുന്നു.**
921 തുടർച്ചയായി അനൈക്യം വിതയ്ക്കുന്നത്? **ഉ:** നിർഗുണനായ ദുഷ്ടൻ (6,12).
922 തുടർച്ചയായി അനൈക്യം വിതച്ചുകൊണ്ട്, വഴിപിഴച്ച ഹൃദയത്തോടെ തിന്മയ്ക്കു കളമൊരുക്കുന്നത്? **ഉ:** നിർഗുണനായ ദുഷ്ടൻ (6,12).
923 നിർഗുണനായ ദുഷ്ടൻ വഴിപിഴച്ച ഹൃദയത്തോടെ തിന്മയ്ക്കു കളമൊരുക്കുന്നത്? **ഉ:** തുടർച്ചയായി അനൈക്യം വിതച്ചുകൊണ്ട്,
**6,15 തന്മൂലം പെട്ടെന്ന് അവന്റെമേൽ അത്യാഹിതം നിപതിക്കും; നിമിഷത്തിനകം അവൻ പ്രതിവിധിയില്ലാത്തവിധം തകർന്നുപോകും.**
924 പെട്ടെന്ന് അത്യാഹിതം നിപതിക്കുന്നത്? **ഉ:** നിർഗുണനായ ദുഷ്ടന്റെമേൽ (6,12).
925 നിമിഷത്തിനകം പ്രതിവിധിയില്ലാത്തവിധം തകർന്നുപോകുന്നത്? **ഉ:** നിർഗുണനായ ദുഷ്ടൻ (6,12).
926 എന്തുമൂലം നിർഗുണനായ ദുഷ്ടന്റെമേൽ പെട്ടെന്ന് അത്യാഹിതം നിപതിക്കും; നിമിഷത്തിനകം അവൻ പ്രതിവിധിയില്ലാത്തവിധം തകർന്നുപോകും? **ഉ:** അവൻ തുടർച്ചയായി അനൈക്യം വിതച്ചുകൊണ്ട്, വഴിപിഴച്ച ഹൃദയത്തോടെ തിന്മയ്ക്കു കളമൊരുക്കുന്നു (6,14).
**6,16-19 [16]കർത്താവ് വെറുക്കുന്ന ആറു കാര്യങ്ങളുണ്ട്; ഏഴാമതൊന്നുകൂടി അവിടന്നു മ്ലേച്ഛമായി കരുതുന്നു. [17]ഗർവു കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്കളങ്കമായ രക്തം ചൊരിയുന്ന കൈ, [18]ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിന്മയിലേക്കു പായുന്ന പാദങ്ങൾ, [19]അസത്യം പറഞ്ഞുകൂട്ടുന്ന കള്ളസാക്ഷി, സഹോദരങ്ങൾക്കിടയിൽ ഭിന്നത വിതയ്ക്കുന്നവൻ.**
927 കർത്താവ് വെറുക്കുന്ന ആറു കാര്യങ്ങൾ? **ഉ:** ഗർവു കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്കളങ്കമായ രക്തം ചൊരിയുന്ന കൈ, [18]ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിന്മയിലേക്കു പായുന്ന പാദങ്ങൾ, [19]അസത്യം പറഞ്ഞുകൂട്ടുന്ന കള്ളസാക്ഷി (6,16-19),
928 അവിടന്നു മ്ലേച്ഛമായി കരുതുന്ന ഏഴാമത്തേത്? **ഉ:** സഹോദരങ്ങൾക്കിടയിൽ ഭിന്നത വിതയ്ക്കുന്നവൻ (6,19).
929 സഹോദരങ്ങൾക്കിടയിൽ ഭിന്നത വിതയ്ക്കുന്നതിനെ കർത്താവ് എങ്ങനെ കരുതുന്നു? **ഉ:** മ്ലേച്ഛമായി (6,19).
930 കർത്താവ് വെറുക്കുന്ന ആറു കാര്യങ്ങളും അവിടന്നു മ്ലേച്ഛമായി കരുതുന്ന ഏഴാമതൊന്നുംകൂടി ഏവ? **ഉത്തരം 6,16-19 മനഃപാഠമാക്കുക.**

### ദാമ്പത്യവിശ്വസ്തത

**6,20 മകനേ, നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക; നിന്റെ മാതാവിന്റെ ഉപദേശം നിരസിക്കയുമരുത്.**
931 സുഭാഷിതങ്ങളിൽ 'നിന്റെ മാതാവിന്റെ ഉപദേശം' പരാമർശിക്കുന്നത്? **ഉ:** 6,20ൽ.
**6,21 അവയെ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക; അവ നിന്റെ കഴുത്തിൽ ധരിക്കുക.**
932 നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളേണ്ടത്? **ഉ:** നിന്റെ പിതാവിന്റെ കല്പ

നയും നിന്റെ മാതാവിന്റെ ഉപദേശവും (6,21).
933 നിന്റെ കഴുത്തിൽ ധരിക്കേണ്ടവ? **ഉ:** നിന്റെ പിതാവിന്റെ കല്പനയും നിന്റെ മാതാവിന്റെ ഉപദേശവും (6,21).

**6,22 നടക്കുമ്പോൾ അവ നിന്നെ നയിക്കും; കിടക്കുമ്പോൾ അവ നിന്നെ കാത്തുകൊള്ളും; ഉണരുമ്പോൾ നിന്നെ ഉപദേശിക്കും.**

934 പൂരിപ്പിക്കുക: നടക്കുമ്പോൾ നിന്റെ പിതാവിന്റെ കല്പനയും നിന്റെ മാതാവിന്റെ ഉപദേശവും – – **ഉ:** നിന്നെ നയിക്കും.
935 കിടക്കുമ്പോൾ നിന്റെ പിതാവിന്റെ കല്പനയും നിന്റെ മാതാവിന്റെ ഉപദേശവും – – **ഉ:** നിന്നെ കാത്തുകൊള്ളും.
936 ഉണരുമ്പോൾ നിന്നെ ഉപദേശിക്കുന്നത്? **ഉ:** നിന്റെ പിതാവിന്റെ കല്പനയും നിന്റെ മാതാവിന്റെ ഉപദേശവും (6,21).

**6,23 എന്തെന്നാൽ, കല്പന ദീപവും ഉപദേശം പ്രകാശവുമാണ്.**

937 കല്പന – ദീപം ഉപദേശം – പ്രകാശം.

**6,24 അവ ദുഷിച്ച സ്ത്രീയിൽനിന്ന്, സൈ്വരിണിയുടെ മൃദുലഭാഷണത്തിൽനിന്ന്, നിന്നെ കാത്തുസൂക്ഷിക്കുന്നു.**

938 ദുഷിച്ച സ്ത്രീയിൽനിന്ന്, സൈ്വരിണിയുടെ മൃദുലഭാഷണത്തിൽനിന്ന്, നിന്നെ കാത്തുസൂക്ഷിക്കുന്നത്? **ഉ:** നിന്റെ പിതാവിന്റെ കല്പനയാകുന്ന ദീപവും നിന്റെ മാതാവിന്റെ ഉപദേശമാകുന്ന പ്രകാശവും (6,21–24).

6,24–26ൽ ദുഷിച്ച സ്ത്രീ, സൈ്വരിണി, വേശ്യ, വ്യഭിചാരിണി–യെ അവതരിപ്പിച്ചുകൊണ്ട് ജ്ഞാനപിതാവിന്റെ കല്പനയിലും മാതാവിന്റെ ഉപദേശത്തിലും അന്തർഭവിച്ചിട്ടുള്ള ജ്ഞാനത്തിന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടുന്നു.

**6,25 അവളുടെ സൗന്ദര്യം നീ മോഹിക്കരുത്. കടാക്ഷവിക്ഷേപംകൊണ്ട് നിന്നെ പിടിയിലമർത്താൻ അവളെ അനുവദിക്കരുത്.**

**6,26 എന്തെന്നാൽ, വേശ്യയ്ക്ക് ഒരപ്പക്കഷണം മതി കൂലി. വ്യഭിചാരിണിയാവട്ടെ ഒരുവന്റെ ജീവനെത്തന്നെ ഒളിവിൽ വേട്ടയാടുന്നു.**

937 വ്യഭിചാരിണിയാവട്ടെ ഒളിവിൽ വേട്ടയാടുന്നത്? **ഉ:** ഒരുവന്റെ ജീവനെത്തന്നെ (6,26).

**6,27 ഉടുപ്പു കത്താതെ മാറിടത്തിൽ തീ കൊണ്ടുനടക്കാൻ ആർക്കു കഴിയും?**

938 സുഭാ 6,27ലെ പഴമൊഴി? **ഉ:** ഉടുപ്പു കത്താതെ മാറിടത്തിൽ തീ കൊണ്ടുനടക്കാൻ ആർക്കു കഴിയും?

**6,28 അല്ലെങ്കിൽ കാലു പൊള്ളാതെ കനലിനുമീതേ നടക്കാൻ കഴിയുമോ?**

939 സുഭാ 6,28ലെ പഴമൊഴി? ഉ: കാലു പൊള്ളാതെ കനലിനുമീതേ നടക്കാൻ കഴിയുമോ?

**6,29 അതുപോലെ, അയല്ക്കാരന്റെ ഭാര്യയെ പ്രാപിക്കുന്നവനും അവളെ സ്പർശിക്കുന്നവനും ശിക്ഷയേല്ക്കാതിരിക്കുകയില്ല.**

**6,30–31 [30]വിശപ്പടക്കാൻ ഒരുവൻ മോഷ്ടിച്ചാൽ ആളുകൾ അവനെ വെറുക്കുകയില്ലായിരിക്കാം. [31]എങ്കിലും, പിടിക്കപ്പെട്ടാൽ, അവൻ ഏഴു മടങ്ങു പകരം കൊടുക്കേണ്ടിവരും.**

**6,32 വ്യഭിചാരം ചെയ്യുന്നവനു സുബോധമില്ല; അവൻ തന്നെത്തന്നെ നശിപ്പിക്കുകയാണ്.**

940 വ്യഭിചാരം ചെയ്യുന്നവന് ഇല്ലാത്തത്? **ഉ:** സുബോധം (6,32).
941 അവൻ (വ്യഭിചാരം ചെയ്യുന്നവൻ) നശിപ്പിക്കുന്നത്? **ഉ:** തന്നെത്തന്നെ (6,32).

**6,33 ക്ഷതങ്ങളും മാനഹാനിയുമാണ് അവനു ലഭിക്കുക. അവന്റെ അപമാനം തുടച്ചുമാറ്റപ്പെടുകയില്ല.**

**6,34 എന്തെന്നാൽ, അസൂയ പുരുഷനെ കോപാകുലനാക്കുന്നു; പ്രതികാരം ചെയ്യുമ്പോൾ അവൻ ദാക്ഷിണ്യം കാട്ടുകയില്ല.**

942 പുരുഷനെ കോപാകുലനാക്കുന്നത്? **ഉ:** അസൂയ (6,34).
943 പ്രതികാരം ചെയ്യുമ്പോൾ പുരുഷൻ കാട്ടുകയില്ലാത്തത്? **ഉ:** ദാക്ഷിണ്യം (6,34).
944 പ്രതികാരം ചെയ്യുമ്പോൾ ദാക്ഷിണ്യം കാട്ടുകയില്ലാത്തത്? **ഉ:** പുരുഷൻ (6,34).

**6,35 അവൻ നഷ്ടപരിഹാരമൊന്നും സ്വീകരിക്കുകയില്ല. എത്ര വലിയ പാരിതോഷികങ്ങളും അവനെ പ്രീണിപ്പിക്കുകയില്ല.**



945 പുരുഷനെ പ്രീണിപ്പിക്കുകയില്ലാത്തത്? **ഉ:** എത്ര വലിയ പാരിതോഷികങ്ങളും (6,35).

## അധ്യായം 7 (അധ്യായം 7ൽ 27 വാക്യങ്ങൾ)

**7,1 മകനേ, എന്റെ വാക്കുകൾ അനുസരിക്കുകയും, എന്റെ കല്പന നിധിപോലെ കാത്തുസൂക്ഷിക്കുകയും ചെയ്യുക.**

956 (ജ്ഞാനത്തിന്റെ) പിതാവിന്റെ കല്പന മകൻ കാത്തുസൂക്ഷിക്കേണ്ടത്? **ഉ:** നിധിപോലെ (7,1).

**7,2 എന്റെ കല്പനകൾ പാലിച്ചാൽ നീ ജീവിക്കും; എന്റെ ഉപദേശങ്ങൾ കണ്മണിപോലെ കാത്തുകൊള്ളുക.**

957 എന്റെ (ജ്ഞാനത്തിന്റെ പിതാവിന്റെ) ഉപദേശങ്ങൾ എന്തുപോലെ കാത്തുകൊള്ളുക എന്നന്ന് 7,2ൽ? **ഉ:** കണ്മണിപോലെ.

**7,3 അവ നിന്റെ വിരലുകളിൽ അണിയുക; ഹൃദയഫലകത്തിൽ കൊത്തിവയ്ക്കുക.**

957 മകൻ വിരലുകളിൽ അണിയേണ്ടത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ പിതാവിന്റെ) ഉപദേശങ്ങൾ (7,3).

7,4–27ൽ ദുശ്ചരിതയായ സ്ത്രീയെ അവതരിപ്പിച്ചുകൊണ്ട് ജ്ഞാനപിതാവിന്റെ കല്പനയിലും ഉപദേശത്തിലും അന്തർഭവിച്ചിട്ടുള്ള ജ്ഞാനത്തിന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടുന്നു.

**7,4–5 [4]ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, [5]മൃദുലഭാഷണം നടത്തുന്ന സൈ്വരിണിയിൽ നിന്ന്, നിന്നെത്തന്നെ സംരക്ഷിക്കാൻ ജ്ഞാനത്തോട് നീ എന്റെ സഹോദരിയാണെന്നും ഉൾക്കാഴ്ചയോടു നീ എന്റെ ഉറ്റ സുഹൃത്താണെന്നും പറയുക.**

958 ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, [5]മൃദുലഭാഷണം നടത്തുന്ന സൈ്വരിണിയിൽ നിന്ന്, നിന്നെത്തന്നെ സംരക്ഷിക്കാൻ നീ എന്റെ സഹോദരിയാണെന്നു പറയേണ്ടത്? **ഉ:** ജ്ഞാനത്തോട് (7,4).
959 ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, [5]മൃദുലഭാഷണം നടത്തുന്ന സൈ്വരിണിയിൽ നിന്ന്, നിന്നെത്തന്നെ സംരക്ഷിക്കാൻ ജ്ഞാനത്തോടു പറയേണ്ടത്? **ഉ:** നീ എന്റെ സഹോദരിയാണെന്നു (7,4).
959 ദുശ്ചരിതയായ സ്ത്രീയിൽനിന്ന്, [5]മൃദുലഭാഷണം നടത്തുന്ന സൈ്വരിണിയിൽ നിന്ന്, നിന്നെത്തന്നെ സംരക്ഷിക്കാൻ ഉൾക്കാഴ്ചയോടു പറയേണ്ടത്? **ഉ:** നീ എന്റെ ഉറ്റ സുഹൃത്താണെന്നു (7,4).

**7,6 ഞാൻ വീടിന്റെ ജനാലയ്ക്കൽനിന്ന് വിരിക്കിടയിലൂടെ വെളിയിലേക്കു നോക്കി.**

**7,7 ശുദ്ധഗതിക്കാരായ യുവാക്കളുടെ കൂട്ടത്തിൽ, ബുദ്ധിശൂന്യനായ ഒരുവനെ ഞാൻ കണ്ടു.**

960 ഞാൻ വീടിന്റെ ജനാലയ്ക്കൽനിന്ന് വിരിക്കിടയിലൂടെ വെളിയിലേക്കു നോക്കി. ബുദ്ധിശൂന്യനായ ഒരുവനെ ഞാൻ കണ്ടത്? **ഉ:** ശുദ്ധഗതിക്കാരായ യുവാക്കളുടെ കൂട്ടത്തിൽ (7,7).
961 ശുദ്ധഗതിക്കാരായ യുവാക്കളുടെ കൂട്ടത്തിൽ ഞാൻ (ജ്ഞാനത്തിന്റെ പിതാവ്) കണ്ടത്? **ഉ:** ബുദ്ധിശൂന്യനായ ഒരുവനെ (7,7).

**7,8–9 [8]അവൻ വഴിക്കോണിൽ അന്തിമിനുക്കത്തിൽ, [9]രാത്രിയുടെയും ഇരുളിന്റെയും മറവിൽ അവളുടെ വീട്ടിലേക്കുള്ള വഴിയിലൂടെ നീങ്ങിക്കൊണ്ടിരുന്നു.**

962 വഴിക്കോണിൽ അന്തിമിനുക്കത്തിൽ, [9]രാത്രിയുടെയും ഇരുളിന്റെയും മറവിൽ അവളുടെ വീട്ടിലേക്കുള്ള വഴിയിലൂടെ നീങ്ങിക്കൊണ്ടിരുന്നത്? **ഉ:** ബുദ്ധിശൂന്യനായ ഒരുവൻ (7,7).

**7,10 അപ്പോൾ കുടിലഹൃദയയായ അവൾ വേശ്യയെപ്പോലെ ഉടുത്തൊരുങ്ങി അവനെതിരേ വന്നു.**

**7,11 അവൾ ഉച്ചത്തിൽ സംസാരിക്കുന്നവളും തന്നിഷ്ടക്കാരിയുമാണ്; അവൾ വീട്ടിൽ ഉച്ചരിക്കാറില്ല.**

**7,12 തെരുവിലും ചന്തയിലും ഓരോ മൂലയിലും മാറിമാറി അവൾ കാത്തിരിക്കുന്നു.**

**7,13 അവൾ അവനെ പിടികൂടി ചുംബിക്കുന്നു; നിർലജ്ജമായ മുഖഭാവത്തോടെ അവൾ അവനോടു പറയുന്നു:**

**7,14 എനിക്കു ബലികൾ സമർപ്പിക്കാനുണ്ടായിരുന്നു; ഇന്നു ഞാൻ എന്റെ വ്രതങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു.**

**7,15 തന്മൂലം, ഇപ്പോൾ ഞാൻ നിന്നെ കണ്ടുമുട്ടാനായി, ആകാംക്ഷാപൂർവം അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്; ഞാൻ നിന്നെ കണ്ടെത്തുകയും ചെയ്തു.**

**7,16 ഞാൻ എന്റെ തല്പം വിരികൾകൊണ്ടും ഈജിപ്തിലെ വർണപ്പകിട്ടാർന്ന പട്ടുകൊണ്ടും അലങ്കരിച്ചിരിക്കുന്നു.**

**7,17 ഞാൻ മീറ, അകിൽ, കറുവാപ്പട്ട എന്നിവയാൽ എന്റെ കിടക്ക സുരഭിലമാക്കിയിരിക്കുന്നു.**

**7,18 പ്രഭാതമാകുന്നതുവരെ നമുക്ക് കൊതിതീരെ സ്നേഹം നുകരാം; നമുക്കു സ്നേഹത്തിൽ ആറാടാം.**

**7,19 എന്തെന്നാൽ, എന്റെ ഭർത്താവ് വീട്ടിലില്ല; അവൻ ദീർഘയാത്ര പോയിരിക്കുന്നു.**

**7,20 സഞ്ചി നിറയെ പണവും കൊണ്ടുപോയിട്ടുണ്ട്. വെളുത്തവാവിനേ തിരിച്ചെത്തൂ.**

**7,21 ഒട്ടേറെ ചാടുവാക്കുകൾകൊണ്ട് അവൾ അവനെ പ്രേരിപ്പിക്കുന്നു.**

**7,22–23 [22]കശാപ്പുശാലയിലേക്കു കാള പോകുന്നതുപോലെ, [23]ഉടലിനുള്ളിൽ അമ്പു തുളഞ്ഞുകയറത്തക്കവിധം കലമാൻ കുരുക്കിൽപ്പെടുന്നതുപോലെ, പക്ഷി കെണിയിലേക്കു പറന്നുചെല്ലുന്നതുപോലെ, പെട്ടെന്ന് അവൻ അവളെ അനുഗമിക്കുന്നു. (അവൻ = ശുദ്ധഗതിക്കാരായ യുവാക്കളുടെ കൂട്ടത്തിൽ ബുദ്ധിശൂന്യൻ: 7,7).**

**7,23 ആകയാൽ, മക്കളേ, ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുവിൻ.**

**7,24 നിങ്ങളുടെ ഹൃദയം അവളുടെ മാർഗങ്ങളിലേക്കു തിരിയാതിരിക്കട്ടെ; നിങ്ങൾ അലഞ്ഞുതിരിഞ്ഞ് അവളുടെ വഴികളിൽ ചെന്നുപെടാതിരിക്കട്ടെ.**

963 നിങ്ങളുടെ ഹൃദയം ആരുടെ മാർഗങ്ങളിലേക്കു തിരിയാതിരിക്കട്ടെ? **ഉ:** ദുശ്ചരിതയായ സ്ത്രീയുടെ (7,4).

**7,28 എന്തെന്നാൽ, അനേകംപേർ അവൾക്കിരയായി നിലംപതിച്ചിട്ടുണ്ട്; അതേ, അവൾമൂലം ജീവൻ നഷ്ടപ്പെട്ടവർ അസംഖ്യമാണ്.**

**7,29 അവളുടെ ഭവനം പാതാളത്തിലേക്കുള്ള വഴിയാണ്; മരണത്തിന്റെ അറകളിലേക്ക് അത് ഇറങ്ങിച്ചെല്ലുന്നു.**

964 പാതാളത്തിലേക്കുള്ള വഴി? **ഉ:** അവളുടെ (ദുശ്ചരിതയായ സ്ത്രീയുടെ) ഭവനം (7,29).

965 പാതാളത്തിലേക്കുള്ള വഴി ഇറങ്ങിച്ചെല്ലുന്നത്? **ഉ:** മരണത്തിന്റെ അറകളിലേക്ക (27,29).

## അധ്യായം 8 (അധ്യായം 8ൽ 36 വാക്യങ്ങൾ)

ജ്ഞാനം ദൈവദാനം

**8,1 ജ്ഞാനം വിളിച്ചുപറയുന്നതും അറിവ് ഉച്ചത്തിൽ ഘോഷിക്കുന്നതും കേൾക്കുന്നില്ലേ?**

966 വിളിച്ചുപറയുന്നത്? **ഉ:** ജ്ഞാനം (8,1).

967 ഉച്ചത്തിൽ ഘോഷിക്കുന്നത്? **ഉ:** അറിവ് (8,1).

**8,2 വീഥികളിലും വഴിയരികിലുള്ള കുന്നുകളിലും അവൾ നിലയുറപ്പിക്കുന്നു.**

968 അവൾ (ജ്ഞാനം) നിലയുറപ്പിക്കുന്നത്? **ഉ:** വീഥികളിലും വഴിയരികിലുള്ള കുന്നുകളിലും (8,2).

969 വീഥികളിലും വഴിയരികിലുള്ള കുന്നുകളിലും നിലയുറപ്പിക്കുന്നത്? **ഉ:** ജ്ഞാനം

**8,3–4 [3]നഗരകവാടത്തിൽ വാതിലിന് അരികേ നിന്നുകൊണ്ട് അവൾ വിളിച്ചുപറയുന്നു: [4]മനുഷ്യരേ, ഞാൻ നിങ്ങളോടാണ് വിളിച്ചുപറയുന്നത്. നിങ്ങൾ എല്ലാവരെയുമാണ് ഞാൻ ആഹ്വാനം ചെയ്യുന്നത്.**

970 നഗരകവാടത്തിൽ വാതിലിന് അരികേ നിന്നുകൊണ്ട് വിളിച്ചുപറയുന്നത്? **ഉ** ജ്ഞാനം (8,1).

970 ജ്ഞാനം ആഹ്വാനം ചെയ്യുന്നത്? **ഉ:** മനുഷ്യർ എല്ലാവരെയും (8,4).

971 സുഭാ 8,1-3നു സമാനമായ മറ്റൊരു സുഭാഷിതഭാഗം? **ഉ:** 1,20-21.

**8,5 അല്പബുദ്ധികളേ, വകതിരിവു പഠിക്കുവിൻ, ഭോഷരേ, ശ്രദ്ധിക്കുവിൻ (8,5).**



972 വകതിരിവു പഠിക്കേണ്ടത്? **ഉ:** അല്പബുദ്ധികൾ (8,5).

973 അല്പബുദ്ധികൾ പഠിക്കേണ്ടത്? **ഉ:** വകതിരിവു (8,5).

**8,6 കേൾക്കുവിൻ, ഉത്തമമായ കാര്യങ്ങളാണ് ഞാൻ പറയാൻ പോകുന്നത്; എന്റെ അധരങ്ങളിൽനിന്ന് ഉചിതമായ വാക്കുകൾ പുറപ്പെടും.**

974 ഞാൻ (ജ്ഞാനം) പറയാൻ പോകുന്നത്? **ഉ:** ഉത്തമമായ കാര്യങ്ങളാണ് (8,6).

975 എന്റെ (ജ്ഞാനത്തിന്റെ) അധരങ്ങളിൽനിന്ന് എന്തു പുറപ്പെടും? **ഉ:** ഉചിതമായ വാക്കുകൾ (8,6).

976 ഉചിതമായ വാക്കുകൾ പുറപ്പെടുന്നത് **ഉ:** ജ്ഞാനത്തിന്റെ) അധരങ്ങളിൽനിന്ന് (8,6).

**8,7 ഞാൻ സത്യം വചിക്കും; തിന്മ എന്റെ അധരങ്ങൾക്ക് അരോചകമാണ്.**

977 തിന്മ അരോചകമായിരിക്കുന്നത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) അധരങ്ങൾക്ക് (8,7).

**8,8 എന്റെ വാക്കുകൾ നീതിയുക്തമാണ്; വളച്ചൊടിച്ചതോ വക്രമോ ആയി ഒന്നും അതിലില്ല.**

978 നീതിയുക്തമായത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) വാക്കുകൾ (8,8).

**8,9 ഗ്രഹിക്കുന്നവന് അവ ഋജുവാണ്; അറിവു നേടുന്നവർക്കു ന്യായയുക്തവും.**

979 ആർക്ക് ജ്ഞാനത്തിന്റെ വാക്കുകൾ ഋജുവാണ്? **ഉ:** ഗ്രഹിക്കുന്നവന് (8,9).

980 ജ്ഞാനത്തിന്റെ വാക്കുകൾ ന്യായയുക്തമായിരിക്കുന്നത്? **ഉ:** അറിവു നേടുന്നവർക്ക് (8,9).

**8,10 എന്റെ പ്രബോധനം വെള്ളിക്കു പകരവും എന്റെ ജ്ഞാനം വിശിഷ്ടമായ സ്വർണത്തിനു പകരവും ആണ്.**

981 വെള്ളിക്കു പകരം ആയത്? **ഉ:** ജ്ഞാനത്തിന്റെ പ്രബോധനം (8,10).

982 എന്റെ (ജ്ഞാനത്തിന്റെ) ജ്ഞാനം എന്തിനു പകരം? **ഉ:** വിശിഷ്ടമായ സ്വർണത്തിന് (8,10).

**8,11 എന്തെന്നാൽ ജ്ഞാനം രത്നങ്ങളെക്കാൾ ശ്രേഷ്ഠമത്രേ; നിങ്ങൾ അഭിലഷിക്കുന്നതൊന്നും അതിനു തുല്യമല്ല.**

983 രത്നങ്ങളെക്കാൾ ശ്രേഷ്ഠം? **ഉ:** ജ്ഞാനം (8,11).

**8,12 ജ്ഞാനമാണ് ഞാൻ; എന്റെ വാസം വിവേകത്തിലും. അറിവും വിവേചനാശക്തിയും എനിക്കുണ്ട്.**

984 ജ്ഞാനത്തിന്റെ വാസം? **ഉ:** വിവേകത്തിൽ (8,12).

985 അറിവും വിവേചനാശക്തിയുമുള്ളത്? **ഉ** ജ്ഞാനത്തിന് (8,12).

**8,13 ദൈവഭക്തി തിന്മയെ വെറുക്കലാണ്; അഹംഭാവം, ഗർവ്, ദുർമാർഗം, ദുർവചനം എന്നിവ ഞാൻ വെറുക്കുന്നു.**

986 സുഭാഷിതങ്ങളിലെ ജ്ഞാനമനുസരിച്ച് ദൈവഭക്തി എന്താണ്? **ഉ:** തിന്മയെ വെറുക്കലാണ് (8,13).

987 തിന്മയെ വെറുക്കൽ? **ഉ:** ദൈവഭക്തി (8,13).

988 ഞാൻ (ജ്ഞാനം) വെറുക്കുന്നവ? **ഉ:** അഹംഭാവം, ഗർവ്, ദുർമാർഗം, ദുർവചനം എന്നിവ (8,13).

**8,14 മാർഗനിർദേശവൈഭവവും കാര്യശേഷിയും എനിക്കുണ്ട്; അറിവും ശക്തിയും എന്റേതാണ്.**

989 എനിക്കുള്ളത് (ജ്ഞാനത്തിനുള്ളത്)? **ഉ:** മാർഗനിർദേശവൈഭവവും കാര്യശേഷിയും (8,13).

990 അറിവും ശക്തിയും ആരുടേത്? **ഉ:** ജ്ഞാനത്തിന്റേത് (8,14).

991 സുഭാ 8,14നു സമാനമായ വേദഭാഗം? **ഉ:** ഏശ 11,2-3.

**8,15 രാജാക്കന്മാർ ഭരിക്കുന്നതും അധികാരികൾ നീതിനടത്തുന്നതും ഞാൻ മുഖേനയാണ്.**

992 രാജാക്കന്മാർ ജ്ഞാനം മുഖേന? **ഉ:** ഭരിക്കുന്നു (8,15).

993 ജ്ഞാനം മുഖേന നീതിനടത്തുന്നത്? **ഉ:** അധികാരികൾ (8,15).

**8,16 ഞാൻ മുഖാന്തരം നാടുവാഴികൾ അധികാരം നടത്തുന്നു; പ്രഭുക്കന്മാർ ഭൂമി ഭരിക്കുന്നതും അങ്ങനെതന്നെ.**

994 ജ്ഞാനം മുഖാന്തരം അധികാരം നടത്തുന്നത്? **ഉ:** നാടുവാഴികൾ (8,16).

995 ജ്ഞാനം മുഖാന്തരം ഭൂമി ഭരിക്കുന്നത്? **ഉ:** നാടുവാഴികൾ (8,16).
996 സുഭാ 8,16നു സമാനമായ വേദഭാഗം? **ഉ:** ജ്ഞാനം 6,20.
**8,17 എന്നെ സ്നേഹിക്കുന്നവരെ ഞാനും സ്നേഹിക്കുന്നു: ജാഗരൂകതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തുന്നു.**
997 ജ്ഞാനം സ്നേഹിക്കുന്നത്? **ഉ:** ജ്ഞാനത്തെ സ്നേഹിക്കുന്നവരെ (8,17).
998 ജ്ഞാനത്തെ കണ്ടെത്തുന്നവർ? **ഉ:** ജാഗരൂകതയോടെ അന്വേഷിക്കുന്നവർ (8,17).
**8,18 സമ്പത്തും ബഹുമാനവും നിലനില്ക്കുന്ന ധനവും ഐശ്വര്യവും എന്റെ അടുക്കലുണ്ട്.**
999 എന്റെ (ജ്ഞാനത്തിന്റെ) അടുക്കലുള്ളത്? **ഉ:** സമ്പത്തും ബഹുമാനവും നിലനില്ക്കുന്ന ധനവും ഐശ്വര്യവും (8,18) (നാലു കാര്യങ്ങൾ).
1000 സുഭാ 8,18നു സമാനമായ വേദഭാഗം? **ഉ:** ജ്ഞാനം 8,5.
**8,19 എന്നിൽനിന്നുള്ള ഫലം സ്വർണത്തെക്കാൾ, തങ്കത്തേക്കാൾപോലും, ശ്രേഷ്ഠമത്രേ; എന്റെ ഉത്പന്നം വിശിഷ്ടമായ വെള്ളിയെക്കാളും.**
1001 സ്വർണത്തെക്കാൾ, തങ്കത്തേക്കാൾപോലും, ശ്രേഷ്ഠമായത്? **ഉ:** ജ്ഞാനത്തിൽനിന്നുള്ള ഫലം (8,19).
1002 വിശിഷ്ടമായ വെള്ളിയെക്കാൾ ശ്രേഷ്ഠമായത്? **ഉ:** ജ്ഞാനത്തിന്റെ ഉത്പന്നം (8,19).
**8,20 ഞാൻ നീതിയുടെ മാർഗത്തിലും ന്യായത്തിന്റെ പാതകളിലും ചരിക്കുന്നു.**
1003 ജ്ഞാനം ചരിക്കുന്നത്? **ഉ:** നീതിയുടെ മാർഗത്തിലും ന്യായത്തിന്റെ പാതകളിലും (8,20).
**8,21 ഞാൻ എന്നെ സ്നേഹിക്കുന്നവരെ സമ്പന്നരാക്കി, അവരുടെ ഭണ്ഡാരം നിറയ്ക്കുന്നു.**
1004 ജ്ഞാനം തന്നെ സ്നേഹിക്കുന്നവരെ സമ്പന്നരാക്കി നിറയ്ക്കുന്നത്? **ഉ:** അവരുടെ ഭണ്ഡാരം (20,21).
**8,22 കർത്താവ് തന്റെ സൃഷ്ടികർമത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു.**
1005 കർത്താവ് ജ്ഞാനത്തെ സൃഷ്ടിച്ചത്? **ഉ:** തന്റെ സൃഷ്ടികർമത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി (8,22).
1006 കർത്താവ് ജ്ഞാനത്തെ ഏതിൽ ആദ്യത്തേതായി സൃഷ്ടിച്ചു? **ഉ:** തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി (8,22).
**8,23 യുഗങ്ങൾക്കുമുമ്പ്, ഭൂമിയുടെ ആവിർഭാവത്തിനു മുമ്പ്, ഒന്നാമതായി ഞാൻ സ്ഥാപിക്കപ്പെട്ടു.**
1007 ജ്ഞാനം സ്ഥാപിക്കപ്പെട്ടത്? **ഉ:** യുഗങ്ങൾക്കുമുമ്പ്, ഭൂമിയുടെ ആവിർഭാവത്തിനു മുമ്പ്, ഒന്നാമതായി (8,22).
1008 യുഗങ്ങൾക്കുമുമ്പ്, ഭൂമിയുടെ ആവിർഭാവത്തിനു മുമ്പ്, ഒന്നാമതായി സ്ഥാപിക്കപ്പെട്ടത്? **ഉ:** ജ്ഞാനം (8,22).
**8,24 സമുദ്രങ്ങൾക്കും ജലസമൃദ്ധമായ അരുവികൾക്കും മുമ്പുതന്നെ എനിക്കു ജന്മം കിട്ടി.**
1009 ജ്ഞാനത്തിനു ജന്മം കിട്ടിയത്? **ഉ:** സമുദ്രങ്ങൾക്കും ജലസമൃദ്ധമായ അരുവികൾക്കും മുമ്പുതന്നെ (8,24).
1010 ജ്ഞാനത്തിനു ജന്മം കിട്ടിയത് ഏത് അരുവികൾക്കും മുമ്പുതന്നെ? **ഉ:** ജലസമൃദ്ധമായ അരുവികൾക്കും മുമ്പുതന്നെ (8,24).
**8,25 പർവതങ്ങൾക്കും കുന്നുകൾക്കും രൂപം കിട്ടുന്നതിനു മുമ്പ് ഞാനുണ്ടായി.**
1011 ജ്ഞാനം ഉണ്ടായത്? **ഉ:** പർവതങ്ങൾക്കും കുന്നുകൾക്കും രൂപം കിട്ടുന്നതിനു മുമ്പ് (8,25).
**8,26 ഭൂമിയോ അതിലെ വയലുകളോ ആദ്യത്തെ പൂഴിത്തരിയോ നിർമിക്കുന്നതിനും മുമ്പ് എനിക്കു ജന്മം നല്കപ്പെട്ടു.**
1012 ജ്ഞാനത്തിനു ജന്മം നല്കപ്പെട്ടത്? **ഉ:** ഭൂമിയോ അതിലെ വയലുകളോ ആദ്യത്തെ പൂഴിത്തരിയോ നിർമിക്കുന്നതിനും മുമ്പ് (8,26).
**8,27-30 [27]അവിടന്ന് ആകാശങ്ങൾ സ്ഥാപിച്ചപ്പോഴും സമുദ്രത്തിനുമീതേ ചക്രവാളം**



**നിർമിച്ചപ്പോഴും [28]ഉയരത്തിൽ മേഘങ്ങളെ ഉറപ്പിച്ചപ്പോഴും സമുദ്രത്തിന് ഉറവകളെ സ്ഥാപിച്ചപ്പോഴും [29]ജലം തന്റെ കല്പന ലംഘിക്കാതിരിക്കാൻവേണ്ടി സമുദ്രത്തിന് അതിരിട്ടപ്പോഴും ഭൂമിയുടെ അടിത്തറ ഉറപ്പിച്ചപ്പോഴും [30]വിദഗ്ധനായ ഒരു പണിക്കാരനെപ്പോലെ ഞാൻ അവിടത്തെ അരികിലുണ്ടായിരുന്നു. അനുദിനം ആഹ്ലാദിച്ചുകൊണ്ടും അവിടത്തെ മുമ്പിൽ സദാ സന്തോഷിച്ചുകൊണ്ടും ഞാൻ കഴിഞ്ഞു.** (വാക്യ 27-30 ക്രമമനുസരിച്ചു മനഃപാഠമാക്കുക)
1013 ജ്ഞാനം അവിടത്തെ (കർത്താവിന്റെ) അരികിലുണ്ടായിരുന്നത്? **ഉ:** അവിടന്ന് ആകാശങ്ങൾ സ്ഥാപിച്ചപ്പോഴും സമുദ്രത്തിനുമീതേ ചക്രവാളം നിർമിച്ചപ്പോഴും [28]ഉയരത്തിൽ മേഘങ്ങളെ ഉറപ്പിച്ചപ്പോഴും സമുദ്രത്തിന് ഉറവകളെ സ്ഥാപിച്ചപ്പോഴും [29]ജലം തന്റെ കല്പന ലംഘിക്കാതിരിക്കാൻവേണ്ടി സമുദ്രത്തിന് അതിരിട്ടപ്പോഴും ഭൂമിയുടെ അടിത്തറ ഉറപ്പിച്ചപ്പോഴും (കർത്താവ് സൃഷ്ടിയുടെ 6 കാര്യങ്ങൾ ചെയ്തപ്പോൾ).
1014 അവിടന്ന് (കർത്താവ്) ചക്രവാളം നിർമിച്ചത്? **ഉ:** സമുദ്രത്തിനുമീതേ (8,27).
1015 കർത്താവ് മേഘങ്ങളെ ഉറപ്പിച്ചത്? **ഉ:** ഉയരത്തിൽ (8,28).
1016 കർത്താവ് സമുദ്രത്തിന് സ്ഥാപിച്ചത്? **ഉ:** ഉറവകളെ (8,28).
1017 സുഭാ 8,28നു സമാനമായ വേദഭാഗം? **ഉ:** ജോബ് 38,8-11.
1018 ജലം തന്റെ കല്പന ലംഘിക്കാതിരിക്കാൻവേണ്ടി കർത്താവ് ചെയ്തത്? **ഉ:** സമുദ്രത്തിന് അതിരിട്ടു (സുഭാ 8,29).
1019 അനുദിനം ആഹ്ലാദിച്ചുകൊണ്ടും സദാ സന്തോഷിച്ചുകൊണ്ടും ഞാൻ (ജ്ഞാനം) കഴിഞ്ഞത്? **ഉ:** അവിടത്തെ (കർത്താവിന്റെ) മുമ്പിൽ (8,30).
**8,31 മനുഷ്യൻ അധിവസിക്കുന്ന അവിടത്തെ ലോകത്തിൽ ഞാൻ സന്തോഷിക്കുകയും മനുഷ്യപുത്രരിൽ ആനന്ദം കണ്ടെത്തുകയും ചെയ്തു.** (വാക്യ 27-30നോടു ചേർത്ത് വാക്യം 31ഉം മനഃപാഠമാക്കുക)
1020 ഞാൻ (ജ്ഞാനം) സന്തോഷിച്ചത്? **ഉ:** മനുഷ്യൻ അധിവസിക്കുന്ന അവിടത്തെ (കർത്താവിന്റെ) ലോകത്തിൽ (8,31). (ശ്രദ്ധിക്കുക: വാക്യം 30ൽ ''സദാ സന്തോഷിച്ചുകൊണ്ടും ഞാൻ'' എന്നാണ്; വാക്യം 31ൽ ''ഞാൻ സന്തോഷിക്കുകയും'' എന്നാണ്.
1021 ഞാൻ (ജ്ഞാനം) ആനന്ദം കണ്ടെത്തിയത്? **ഉ:** മനുഷ്യപുത്രരിൽ (8,31).
**8,32 ആകയാൽ, മക്കളേ, എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ; എന്റെ മാർഗങ്ങൾ പിന്തുടരുന്നവർ ഭാഗ്യവാന്മാരാണ്.**
1022 ആര് ഭാഗ്യവാന്മാരാണ് എന്ന് സുഭാഷിതങ്ങളിൽ ജ്ഞാനം വിളിച്ചുപറയുന്നു? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) മാർഗങ്ങൾ പിന്തുടരുന്നവർ (8,12).
**8,33 പ്രബോധനം കേട്ടു വിവേകികളായിത്തീരുവിൻ; അതിനെ അവഗണിക്കരുത്.**
1023 പൂരിപ്പിക്കുക: - കേട്ടു വിവേകികളായിത്തീരുവിൻ (സുഭാ 8,33). **ഉ:** പ്രബോധനം.
1024 വിവേകികളായിത്തീരാൻ? **ഉ:** (ജ്ഞാനത്തിന്റെ) പ്രബോധനം കേൾക്കണം (8,33).
**8,34 എന്റെ പടിവാതില്ക്കൽ അനുദിനം കാത്തുനിന്ന്, എന്റെ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച്, എന്റെ വാക്കു കേൾക്കുന്നവൻ ഭാഗ്യവാൻ.**
1025 ഭാഗ്യവാൻ എന്ന് സുഭാ 8,34 വർണിക്കുന്നത്? **ഉ:** എന്റെ (ജ്ഞാനത്തിന്റെ) പടിവാതില്ക്കൽ അനുദിനം കാത്തുനിന്ന്, എന്റെ വാതിലുകളിൽ ദൃഷ്ടിയുറപ്പിച്ച്, എന്റെ വാക്കു കേൾക്കുന്നവൻ.
**8,35 എന്തെന്നാൽ, എന്നെ കണ്ടെത്തുന്നവൻ ജീവൻ കണ്ടെത്തുന്നു; കർത്താവിന്റെ പ്രീതി നേടുകയും ചെയ്യുന്നു.**
1026 ജ്ഞാനത്തെ കണ്ടെത്തുന്നവൻ കണ്ടെത്തുന്നത്? **ഉ:** ജീവൻ (8,35).
1027 ജ്ഞാനത്തെ കണ്ടെത്തുന്നവൻ നേടുന്നത്? **ഉ:** കർത്താവിന്റെ പ്രീതി (8,35).
**8,36 എന്നാൽ, എന്നെ കൈവിടുന്നവൻ തന്നെത്തന്നെ ദ്രോഹിക്കുന്നു; എന്നെ വെറുക്കുന്നവൻ മരണത്തെയാണ് സ്നേഹിക്കുന്നത്.**
1028 ജ്ഞാനത്തെ കൈവിടുന്നവൻ ദ്രോഹിക്കുന്നത്? **ഉ:** തന്നെത്തന്നെ (8,35).
1029 ജ്ഞാനത്തെ വെറുക്കുന്നവൻ സ്നേഹിക്കുന്നത്? **ഉ:** മരണത്തെ (8,35).

1030 മരണത്തെയാണ് സ്നേഹിക്കുന്നവൻ വെറുക്കുന്നത്? **ഉ:** ജ്ഞാനത്തെ (8,35).

## അധ്യായം 9 (അധ്യായം 9ൽ 18 വാക്യങ്ങൾ)

ജ്ഞാനവും മൗഢ്യവും

**9,1 ജ്ഞാനം തന്റെ ഭവനം പണിയുകയും ഏഴു തൂണുകൾ നാട്ടുകയും ചെയ്തിരിക്കുന്നു.**

1031 ജ്ഞാനം പണിതിരിക്കുന്നത്? **ഉ:** തന്റെ ഭവനം (9,1).

1032 ജ്ഞാനം നാട്ടിയിരിക്കുന്നത്? **ഉ:** ഏഴു തൂണുകൾ (9,1).

**9,2 അവൾ മൃഗങ്ങളെ കൊന്ന്, വീഞ്ഞു കലർത്തി, വിരുന്നൊരുക്കിയിരിക്കുന്നു.**

1033 ജ്ഞാനം ഒരുക്കിയിരിക്കുന്നത്? **ഉ:** വിരുന്ന് (9,1).

1034 മൃഗങ്ങളെ കൊന്ന്, വീഞ്ഞു കലർത്തി, വിരുന്നൊരുക്കിയിരിക്കുന്നത്? **ഉ:** ജ്ഞാനം (9,2).

**9,3 നഗരത്തിലെ ഏറ്റവും ഉയർന്ന ഇടങ്ങളിൽനിന്ന് ഇങ്ങനെ വിളിച്ചറിയിക്കാൻ അവൾ പരിചാരികമാരെ അയച്ചിരിക്കുന്നു.**

1035 നഗരത്തിലെ ഏറ്റവും ഉയർന്ന ഇടങ്ങളിൽനിന്ന് വിളിച്ചറിയിക്കാൻ അവൾ (ജ്ഞാനം) അയച്ചിരിക്കുന്നത്? **ഉ:** പരിചാരികമാരെ (9,3).

**9,4 അല്പബുദ്ധികളേ, ഇങ്ങോട്ടു വരുവിൻ. ബുദ്ധിശൂന്യനോട് അവൾ പറയുന്നു:**

1036 ഇങ്ങോട്ടു വരുവിൻ എന്നു ജ്ഞാനം വിളിച്ചറിയിക്കുന്നത്? **ഉ:** അല്പബുദ്ധികളെ (9,4).

9,5–18 വാക്യങ്ങളിലുള്ളത് ബുദ്ധിശൂന്യനോട് അവൾ (ജ്ഞാനം) പറയുന്നവയാണ്. 'അവൾ പറയുന്നു' (9,4) എന്നു പറയുന്നത് അവൾ (ജ്ഞാനം) അയച്ച പരിചാരികമാരാണ്.

**9,5 വന്ന് എന്റെ അപ്പം ഭക്ഷിക്കുകയും ഞാൻ കലർത്തിയ വീഞ്ഞ് കുടിക്കുകയും ചെയ്യുവിൻ.**

1037 വന്ന് എന്റെ അപ്പം ഭക്ഷിക്കുകയും ഞാൻ കലർത്തിയ വീഞ്ഞ് കുടിക്കുകയും ചെയ്യുവിൻ എന്നു ജ്ഞാനം) പറയുന്നത്? **ഉ:** ബുദ്ധിശൂന്യനോട് (9,4).

1038 സുഭാ 9,5 പുതിയ നിയമത്തിലെ ഏതു ഭാഗത്തെ ഓർപ്പിക്കുന്നു? **ഉ:** യോഹ 6,35.

**9,6 ഭോഷത്തം വെടിഞ്ഞു ജീവിക്കുവിൻ; അറിവിന്റെ പാതയിൽ സഞ്ചരിക്കുവിൻ.**

**9,7 പരിഹാസകനെ തിരുത്തുന്നവന് ശകാരം കിട്ടും; ദുഷ്ടനെ കുറ്റപ്പെടുത്തുന്നവന് ക്ഷതമേല്ക്കേണ്ടിവരും.**

1039 പരിഹാസകനെ തിരുത്തുന്നവന് കിട്ടുന്നത്? **ഉ:** ശകാരം (9,7).

1040 ദുഷ്ടനെ കുറ്റപ്പെടുത്തുന്നവന്? **ഉ:** ക്ഷതമേല്ക്കേണ്ടിവരും (9,7).

**9,8 പരിഹാസകനെ കുറ്റപ്പെടുത്തരുത്, അവൻ നിന്നെ വെറുക്കും; വിവേകിയെ കുറ്റപ്പെടുത്തുക, അവൻ നിന്നെ സ്നേഹിക്കും.**

1041 കുറ്റപ്പെടുത്തുന്നവനെ വെറുക്കുന്നത്? **ഉ:** പരിഹാസകൻ (9,8).

1042 കുറ്റപ്പെടുത്തുന്നവനെ സ്നേഹിക്കുന്നത്? **ഉ:** വിവേകി (9,8).

**9,9 വിവേകിയെ പ്രബോധിപ്പിക്കുക, അവൻ കൂടുതൽ വിവേകിയായിത്തീരും. നീതിമാനെ പഠിപ്പിക്കുക, അവൻ കൂടുതൽ ജ്ഞാനിയായിത്തീരും.**

1043 പ്രബോധിപ്പിച്ചാൽ കൂടുതൽ വിവേകിയായിത്തീരുന്നത്? **ഉ:** വിവേകി (9,9).

1044 പഠിപ്പിച്ചാൽ കൂടുതൽ ജ്ഞാനിയായിത്തീരുന്നത്? **ഉ:** നീതിമാൻ (9,9).

**9,10 ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം; പരിശുദ്ധനായവനെ അറിയുന്നതാണ് അറിവ്.**

1045 ജ്ഞാനത്തിന്റെ ഉറവിടം? **ഉ:** ദൈവഭക്തി (9,10).

1046 അറിവ് ആരെ അറിയുന്നതത്? **ഉ:** പരിശുദ്ധനായവനെ അറിയുന്നത് (9,10).

1047 സുഭാ 9,10നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ജോബ് 28,28; സങ്കീ 111,10; സുഭാ 1,7.

1048 സുഭാ 9,10നു സമാനമായ സുഭാഷിതഭാഗം/വാക്യം? **ഉ:** സുഭാ 1,7.

**9,11 ഞാൻ നിമിത്തം നിന്റെ ദിനങ്ങൾ പെരുകും; നിന്റെ ആയുസ്സിനോടു കൂടുതൽ സംവത്സരങ്ങൾ ചേരും.**

1049 ജ്ഞാനം നിമിത്തം പെരുകുന്നത്? **ഉ:** നിന്റെ ദിനങ്ങൾ (9,11).



1050 ജ്ഞാനം നിമിത്തം നിന്റെ ആയുസ്സിനോടു ചേരുന്നത്? **ഉ:** കൂടുതൽ സംവത്സരങ്ങൾ (9,11).

1051 ജ്ഞാനം നിമിത്തം കൂടുതൽ സംവത്സരങ്ങൾ ചേരുന്നത്? **ഉ:** നിന്റെ ആയുസ്സിനോട് (9,11).

**9,12 നീ വിവേകിയെങ്കിൽ പ്രയോജനം നിനക്കുതന്നെ; നീ പരിഹസിച്ചാൽ അതു നീതന്നെ ഏല്ക്കേണ്ടിവരും.**

1052 പൂരിപ്പിക്കുക: നീ വിവേകിയെങ്കിൽ – – (സുഭാ 9,12). **ഉ:** പ്രയോജനം നിനക്കുതന്നെ.

1053 നീ പരിഹസിച്ചാൽ അതു ഏല്ക്കേണ്ടിവരുന്നത്? **ഉ:** നീതന്നെ (9,12).

1054 സുഭാ 9,12നു സമാനമായ വേദഭാഗങ്ങൾ? **ഉ:** 1 കോറി 13,7; യാക്കോ 5,20.

**9,13 ഭോഷത്തം വായാടിയാണ്: അവൾ ദുർവൃത്തയും നിർലജ്ജയുമത്രേ.**

1055 വായാടി എന്ന് സുഭാ 9,13 വിശേഷിപ്പിക്കുന്നത്? **ഉ:** ഭോഷത്തത്തെ.

1056 ദുർവൃത്തയും നിർലജ്ജയും എന്ന് സുഭാ 9,13 വിശേഷിപ്പിക്കുന്നത്? **ഉ:** ഭോഷത്തത്തെ. (ഭോഷത്തത്തെക്കുറിച്ച് 9,6ലുള്ളതും ഓർക്കുക).

**9,14 അവൾ വാതില്ക്കൽ ഇരുപ്പുറപ്പിക്കുന്നു, നഗരത്തിലെ ഉയർന്ന സ്ഥലങ്ങൾ തന്റെ ഇരിപ്പിടമാക്കുന്നു.**

1057 അവൾ വാതില്ക്കൽ ഇരുപ്പുറപ്പിക്കുന്നു എന്ന് സുഭാ 9,14ൽ പറയുന്നത്? **ഉ:** ഭോഷത്തത്തെ.

1058 വാതില്ക്കൽ ഇരുപ്പുറപ്പിക്കുന്ന അവൾ? **ഉ:** ഭോഷത്തം (9,13–14).

1059 നഗരത്തിലെ ഉയർന്ന സ്ഥലങ്ങൾ തന്റെ ഇരിപ്പിടമാക്കുന്നത്? **ഉ:** ഭോഷത്തം (9,13–14). (വാക്യം 9,3ൽ നഗരത്തിലെ ഉയർന്ന ഇടങ്ങളെക്കുറിച്ചു പരാമർശത്തിൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).

**9,15 വഴിയെ നേരേ പോകുന്നവരോട് അവൾ വിളിച്ചുപറയുന്നു;**

1060 വഴിയെ നേരേ പോകുന്നവരോട് വിളിച്ചുപറയുന്ന അവൾ **ഉ:** ഭോഷത്തം (9,13–14).

**9,16 അല്പബുദ്ധികളേ, ഇങ്ങോട്ടു കയറി വരുവിൻ. ബുദ്ധിശൂന്യനോട് അവൾ പറയുന്നു:**

1061 അല്പബുദ്ധികളേ, ഇങ്ങോട്ടു കയറി വരുവിൻ എന്ന് അവൾ (ഭോഷത്തം) വിളിച്ചു പറയുന്നത്? **ഉ:** വഴിയെ നേരേ പോകുന്നവരോട് (9,15).

1062 അല്പബുദ്ധികളേ എന്ന് ഭോഷത്തം വിളിക്കുന്നത്? **ഉ:** വഴിയെ നേരേ പോകുന്നവരെ (9,15). (9,4നോടുള്ള സാമ്യവും വ്യത്യാസവും ശ്രദ്ധിക്കുക; **കയറി** എന്ന് 9,16ൽ)

**9,17 മോഷ്ടിച്ച ജലം മധുരവും രഹസ്യത്തിൽ തിന്ന അപ്പം രുചികരവുമാണ്.**

1062 മോഷ്ടിച്ച ജലം മധുരവും രഹസ്യത്തിൽ തിന്ന അപ്പം രുചികരവുമാണ് എന്നു വിളിച്ചു പറയുന്ന അവൾ? **ഉ:** ഭോഷത്തം (9,13–14).

1063 മോഷ്ടിച്ച ജലം മധുരവും രഹസ്യത്തിൽ തിന്ന അപ്പം രുചികരവുമാണ് എന്നു ഭോഷത്തം വിളിച്ചു പറയുന്നത്? **ഉ:** ബുദ്ധിശൂന്യനോട് (9,16).

1064 മധുരം എന്ന് ഭോഷത്തം ബുദ്ധിശൂന്യനോടു വിളിച്ചു പറയുന്നത്? **ഉ:** മോഷ്ടിച്ച ജലം (9,17).

1065 രുചികരമാണ് എന്നു ഭോഷത്തം ബുദ്ധിശൂന്യനോടു വിളിച്ചു പറയുന്നത്? **ഉ:** രഹസ്യത്തിൽ തിന്ന അപ്പം (9,17).

**9,18 എന്നാൽ, അവിടെ മരണം പതിയിരിക്കുന്നുവെന്നും അതിഥികൾ പാതാളഗർത്തങ്ങളിലാണെന്നും അവനുണ്ടോ അറിയുന്നു!**

1066 മരണം പതിയിരിക്കുന്ന അവിടം? **ഉ:** ഭോഷത്തം തന്റെ ഇരിപ്പിടമാക്കുന്ന നഗരത്തിലെ ഉയർന്ന സ്ഥലങ്ങൾ (9,14).

1067 അതിഥികൾ പാതാളഗർത്തങ്ങളിലാണെന്ന് അറിയാത്തവൻ? **ഉ:** ബുദ്ധിശൂന്യൻ (9,16).

1068 സുഭാഷിതങ്ങളിൽ ജ്ഞാനം തന്റെ ഉപദേശത്തെപ്പറ്റി എത്ര പ്രാവശ്യം പരാമർശിക്കുന്നു? എവിടൊക്കെ **ഉ:**1,25. 30; 3,1; 4,13; 7,1 എന്നിവിടങ്ങളിൽ ജ്ഞാനത്തിന്റെ പിതാവിന്റെ ഉപദേശത്തെ പറ്റി; 6,20ൽ 'മാതാവിന്റെ ഉപദേശം' പരാമർശിക്കുന്നു.

1069 സുഭാഷിതങ്ങൾ 1-9 അധ്യായങ്ങളിൽ 'മകനേ' എന്ന സംബോധന എത്ര പ്രാവശ്യം; എവിടങ്ങളിൽ? **ഉ:** 1,8.10.15; 2,1; 3,1. 21; 4,10. 20; 5,1. 20; 6,1. 3. 20; 7,1

1070 സുഭാഷിതങ്ങൾ 1-9 അധ്യായങ്ങളിൽ 'മക്കളേ' എന്ന സംബോധന എത്ര പ്രാവശ്യം; എവിടങ്ങളിൽ? **ഉ:** 4,1; 5,7; 7,24

1071 സുഭാഷിതങ്ങൾ 1-9 അധ്യായങ്ങളിൽ 'ബുദ്ധിശൂന്യൻ' പരാമർശിക്കപ്പെടുന്ന ഭാഗങ്ങൾ? 7,7-23 & 9,4-5 (ജ്ഞാനം ബുദ്ധിശൂന്യനോട്); 9,17-18 (ഭോഷത്തം ബുദ്ധിശൂന്യനോട്).

## യോഹന്നാന്റെ സുവിശേഷം

### അധ്യായം 1 (അധ്യായം 1ൽ 51 വാക്യങ്ങൾ)

### വചനം മനുഷ്യനായി

**1,1-2ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. [2]അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു.**

1072 ആദിയിൽ ഉണ്ടായിരുന്നത്? **ഉ:** വചനം (1,1).

1073 ആദിയിൽ വചനം ആരോടുകൂടെയായിരുന്നു? **ഉ:** ദൈവത്തോടുകൂടെ (1,1).

1074 ആദിയിൽ എന്ന വാക്കുകൊണ്ട് ആരംഭിക്കുന്ന വെറൊരു ബൈബിൾവാക്യം? **ഉ:** ഉത്പത്തി 1,1.

1075 ആദിയിൽ, അതായത് ലോകസൃഷ്ടിക്കുമുമ്പ് പുത്രൻ ദൈവത്തോടുകൂടെയായിരുന്നു എന്ന് യോഹന്നാന്റെ പുസ്തകങ്ങളിൽ മറ്റെവിടെ? **ഉ:** 17,5; 1യോഹ 1,1; വെളി 19,13.

1076 വചനം ആരായിരുന്നു? **ഉ:** ദൈവമായിരുന്നു (1,3)

1077 യോഹ 1,1ൽ വചനത്തെക്കുറിച്ച് എത്ര കാര്യങ്ങൾ പറയുന്നു? **ഉ:** മൂന്ന്.

1078 വചനത്തെക്കുറിച്ച് 1-2 വാക്യങ്ങളിൽ ആവർത്തിച്ചിട്ടുള്ളത്? **ഉ:** ദൈവത്തോടുകൂടെയായിരുന്നു.

**1,3 സമസ്തവും അവനിലൂടെ ഉണ്ടായി; അവനെക്കൂടാതെ ഒന്നും ഉണ്ടായിട്ടില്ല.**

1080 സമസ്തവും ആരിലൂടെ ഉണ്ടായി? **ഉ:** വചനത്തിലൂടെ (1,3).

1081 യോഹ 1,3നു സമാനമായ മറ്റ് പുതിയ നിയമ വാക്യങ്ങൾ? **ഉ:** 1 കോറി 8,6; കൊളോ 1,16; ഹെബ്രാ 1,2.

1082 ആരെക്കൂടാതെ ഒന്നും ഉണ്ടായിട്ടില്ല? **ഉ:** വചനത്തെക്കൂടാതെ (1,3)

**1,4 അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.**

1083 ആരിൽ ജീവനുണ്ടായിരുന്നു? **ഉ:** വചനത്തിൽ

1084 മനുഷ്യരുടെ വെളിച്ചമായിരുന്നത്? **ഉ:** (വചനത്തിലെ) ജീവൻ (1,4).

1085 പുത്രനിൽ ജീവനുണ്ടായിരുന്നു എന്നയർഥത്തിൽ യേശു പറയുന്ന യോഹന്നാന്റെ സുവിശേഷത്തിലെ മറ്റു വാക്യങ്ങൾ? **ഉ:** 5,26; 11,25; 14,6

**1,5 വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല.**

1086 ആ വെളിച്ചം എന്തിൽ പ്രകാശിക്കുന്നു? **ഉ:** ഇരുളിൽ (1,5)

1087 ആ വെളിച്ചത്തെ എന്തിന് കീഴടക്കാൻ കഴിഞ്ഞില്ല? **ഉ:** ഇരുളിന് (1,5).

1088 യേശു പ്രകാശമാകുന്നു എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ മറ്റെവിടെ? 9,5;12,46.

**1,6 ദൈവം അയച്ച ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്.**

1089 യോഹന്നാൻ എന്ന മനുഷ്യനെ അയച്ചത് ആര്? **ഉ:** ദൈവം (1,6).

1090 ദൈവം അയച്ച ഒരു മനുഷ്യന്റെ പേര്? **ഉ:** യോഹന്നാൻ (1,6).

**1,7 അവൻ സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിനു സാക്ഷ്യം നല്കാൻ; അവൻവഴി എല്ലാവരും വിശ്വസിക്കാൻ**



1091 വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവൻ? **ഉ:** യോഹന്നാൻ (1,6-7).

1092 യോഹന്നാൻ സാക്ഷ്യം നല്കിയ വെളിച്ചം? **ഉ:** (വചനത്തിലെ) ജീവൻ (1,4). യോഹന്നാൻ സാക്ഷ്യം നല്കിയത് എന്തിനുവേണ്ടി? **ഉ:** അവൻവഴി എല്ലാവരും വെളിച്ചത്തിൽ വിശ്വസിക്കാൻ (1,7).

**1,8 അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവനാണ്.**

1093 ആര് വെളിച്ചമായിരുന്നില്ല? **ഉ:** യോഹന്നാൻ (1,8).

**1,9 എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു.**

1094 യഥാർഥ വെളിച്ചം പ്രകാശിപ്പിക്കുന്നത് ആരെ? **ഉ:** എല്ലാ മനുഷ്യരെയും (1,9).

1095 ലോകത്തിലേക്കു വരുന്നുണ്ടായിരുന്നത്? **ഉ:** യഥാർഥ വെളിച്ചം (1,9).

**1,10 അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും ലോകം അവനെ അറിഞ്ഞില്ല.**

1096 ആര് ലോകത്തിലായിരുന്നു? **ഉ:** യഥാർഥ വെളിച്ചം (1,9-10).

1097 ലോകം ആരിലൂടെ സൃഷ്ടിക്കപ്പെട്ടു? **ഉ:** യഥാർഥ വെളിച്ചത്തിലൂടെ (1,10).

1098 ലോകത്തിലായിരുന്നു എങ്കിലും ലോകം ആരെ അറിഞ്ഞില്ല.? **ഉ:** യഥാർഥ വെളി ച്ചത്തെ (1,10).

**1,11 അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല.**

1099 സ്വജനത്തിന്റെ അടുത്തേക്കു വന്നെങ്കിലും അവർ സ്വീകരിക്കാതിരുന്നത് ആരെ? **ഉ:** യഥാർഥ വെളിച്ചത്തെ.

1100 അടുത്തേക്കു വന്ന യഥാർഥ വെളിച്ചത്തെ സ്വീകരിക്കാതിരുന്നത്? **ഉ:** സ്വജനം

**1,12 തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി**

1101 യഥാർഥ വെളിച്ചത്തെ സ്വീകരിച്ചവർ ആര്? **ഉ:** തന്റെ നാമത്തിൽ വിശ്വസിക്കുന്നവരെല്ലാം 1,12).

1102 തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, യഥാർഥ വെളിച്ചം നല്കിയ കഴിവ്? **ഉ:** ദൈവമക്കളാകാൻ (1,12).

**1,13 അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല, ദൈവത്തിൽനിന്നത്രേ.**

1203 യഥാർഥ വെളിച്ചത്തെ സ്വീകരിച്ചവരെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവരെല്ലാം ദൈവമക്കളായി ജനിക്കുന്നത് ആരിൽനിന്ന്? **ഉ:** ദൈവത്തിൽനിന്ന് (1,13).

1104 ദൈവമക്കളായി ജനിക്കുന്നത് ആര്? **ഉ:** യഥാർഥ വെളിച്ചത്തെ സ്വീകരിച്ചവരെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവരെല്ലാം (1,13).

1105 വാക്യം 13: അവർ / അവൻ? വാക്യം 13ന്റെ ഗ്രീക്ക് കൈയെഴുത്തുപ്രതികളിലെല്ലാം അവർ എന്ന ബഹുവചനമാണ്. അത് വിശ്വാസികളുടെ ദൈവത്തിൽനിന്നുള്ള ജനനത്തെ സൂചിപ്പിക്കുന്നു. എന്നാൽ, പ്രാചീനങ്ങളായ ചില ലത്തീൻ, സുറിയാനി കൈയെഴുത്തുപ്രതികളിൽ അവൻ എന്ന ഏകവചനമാണ്. അവൻ എന്നത് യേശുവിനെ കുറിക്കുന്നു. അപ്പോൾ വാക്യം 13 യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്നു.

**1,14 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം.**

1106 ആരുടെ മഹത്ത്വം നമ്മൾ ദർശിച്ചു? **ഉ:** വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചവന്റെ - പിതാവിന്റെ ഏകജാതന്റെ (1,14).

1107 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചവൻ ആര്? **ഉ:** പിതാവിന്റെ ഏകജാതൻ (അവൻ യേശുക്രിസ്തുവാണ്)

1108 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചവന്റെ മഹത്ത്വം എന്തു നിറഞ്ഞത്? **ഉ:** കൃപയും സത്യവും (1,14).

1109 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചവന്റെ മഹത്ത്വം ആരുടെ മഹ

ത്വമാണ്? **ഉ:** പിതാവിന്റെ ഏകജാതന്റെ(1,14).

**1,15 യോഹന്നാൻ അവനു സാക്ഷ്യം നല്കിക്കൊണ്ടു വിളിച്ചുപറഞ്ഞു: ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്, എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്; കാരണം, എനിക്കുമുമ്പുതന്നെ അവനുണ്ടായിരുന്നു.**

1110 യോഹന്നാൻ ആർക്കു സാക്ഷ്യം നല്കിക്കൊണ്ടു വിളിച്ചുപറഞ്ഞു? **ഉ:** വചനം മാംസമായി നമ്മുടെയിടയിൽ വസിച്ച പിതാവിന്റെ ഏകജാതന് (1,14).

1111 ഇവനെപ്പറ്റി യോഹന്നാൻ പറഞ്ഞത്? **ഉ:** എന്റെ പിന്നാലെ ... അവനുണ്ടായിരുന്നു (വാക്യം 15 നോക്കി പഠിക്കുക).

1112 എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു യോഹന്നാൻ പറയാൻ കാരണം? **ഉ:** യോഹന്നാനു മുമ്പേ അവനുണ്ടായിരുന്നു (1,15).

**1,16 അവന്റെ പൂർണ്ണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു**

1113 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ച പിതാവിന്റെ ഏകജാതന്റെ പൂർണതയിൽനിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നത്? **ഉ:** കൃപയ്ക്കുമേൽ കൃപ (1,16).

1114 കൃപയ്ക്കുമേൽ കൃപ എന്നതിന്റെ അർത്ഥം? **ഉ:** ക്രിസ്തുവിൽ യാഥാർഥ്യമായിത്തീർന്ന കൃപയ്ക്ക് അനുസൃതമായ കൃപ എന്ന്. (പി.ഒ.സി. ബൈബിൾ).

**1,17 എന്തുകൊണ്ടെന്നാൽ, നിയമം മോശവഴി നല്കപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി.**

1115 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ച പിതാവിന്റെ ഏകജാതന്റെ പൂർണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നത് എന്തുകൊണ്ട്? **ഉ:** കൃപയും സത്യവും യേശുക്രിസ്തുവഴി ഉണ്ടായി (1,17).

**1,18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്.**

1116 യോഹ 1,17ലെ സത്യം എന്ന വാക്ക് സൂചിപ്പിക്കുന്നത്? **ഉ:** ദൈവത്തെ (1,18).

1117 ദൈവത്തെ വെളിപ്പെടുത്തിയത് ആര്? **ഉ:** ദൈവംതന്നെയായ ഏകജാതൻ (1,18).

1118 ദൈവത്തെ വെളിപ്പെടുത്തിയത് യേശുക്രിസ്തു മാത്രമാണെന്നു യോഹന്നാന്റെ പുസ്തകങ്ങളിൽ മറ്റെവിടെ? **ഉ:** യോഹ 6,46; 1 യോഹ 4,12.

(സ്നാപക)യോഹന്നാന്റെ സാക്ഷ്യം (മത്താ 3,1-12; മർക്കോ 1,2-8; ലൂക്കാ 3,11-9. 18-17).

**1,19 നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലേമിൽനിന്നു പുരോഹിതന്മാരെയും ലേവ്യരെയും അയച്ചപ്പോൾ യോഹന്നാന്റെ സാക്ഷ്യം ഇതായിരുന്നു: [20]ഞാൻ ക്രിസ്തുവല്ല, അവൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചു. അവർ ചോദിച്ചു: എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ? അല്ല എന്ന് അവൻ പ്രതിവചിച്ചു. അവർ വീണ്ടും ചോദിച്ചു: [21]എങ്കിൽ, നീ പ്രവാചകനാണോ? അല്ല എന്ന് അവൻ മറുപടി നല്കി. [22]അവർ വീണ്ടും ചോദിച്ചു: അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം? നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു? [23]അവൻ പറഞ്ഞു: ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിന്റെ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമാണു ഞാൻ.**

1119 നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലേമിൽനിന്നു യോഹന്നാന്റെ പക്കൽ അയച്ചത് ആരെ? **ഉ:** പുരോഹിതന്മാരെയും ലേവ്യരെയും (1,19).

1119[a] യോഹന്നാൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്? **ഉ:** ഞാൻ ക്രിസ്തുവല്ല (1,20).

1120 താൻ ആരല്ല എന്ന് യോഹന്നാൻ പുരോഹിതന്മാരോടും ലേവ്യരോടും പറഞ്ഞു? **ഉ:** താൻ ക്രിസ്തുവോ, ഏലിയായോ പ്രവാചകനോ അല്ല (1,20-22).

1121 നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു എന്നു ചോദിച്ചതിന് യോഹന്നാൻ പറഞ്ഞത്? **ഉ:** ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിന്റെ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമാണു ഞാൻ (1,23).

1122 യോഹ 1,23ലെ വാക്കുകൾ ഏശയ്യാ ദീർഘദർശിയുടെ പ്രവചനത്തിൽ എവിടെയുള്ള വാക്കുകൾ ആധാരമാക്കി? **ഉ:** ഏശ 40,3



**1,24 ഫരിസേയരാണ് അവരെ അയച്ചത്** (ഫരിസേയർ യഹൂദരിലെ ഒരു വിഭാഗമാണ്)

1123 നീ ആരാണ് എന്നു ചോദിക്കാൻ യഹൂദരിലെ ഏതു വിഭാഗമാണ് ജറുസലേമിൽനിന്നു പുരോഹിതന്മാരെയും ലേവ്യരെയും യോഹന്നാന്റെ പക്കൽ അയച്ചത് **ഉ:** ഫരിസേയർ (1,24).

**1,25 അവർ അവനോടു ചോദിച്ചു: നീ ക്രിസ്തുവോ ഏലിയായോ പ്രവാചകനോ അല്ലെങ്കിൽ, പിന്നെ സ്നാനം നല്കാൻ കാരണമെന്ത്?**

**1,26-27 യോഹന്നാൻ പറഞ്ഞു: ഞാൻ ജലംകൊണ്ടു സ്നാനം നല്കുന്നു. എന്നാൽ, നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നില്പുണ്ട്. എന്റെ പിന്നാലെ വരുന്ന അവന്റെ ചെരിപ്പിന്റെ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല.**

1124 യോഹ 1,26-27ലെ മറുപടി (സ്നാപക)യോഹന്നാൻ ആരോടു പറഞ്ഞത്? **ഉ:** ജറുസലേമിൽനിന്ന് ഫരിസേയർ അയച്ച പുരോഹിതന്മാരോടും ലേവ്യരോടും.

**1,28 യോഹന്നാൻ സ്നാനം നല്കിക്കൊണ്ടിരുന്ന ജോർദാന്റെ അക്കരെ ബഥാനിയായിലാണ് ഇതു സംഭവിച്ചത്.**

1125 യോഹന്നാൻ സ്നാനം നല്കിക്കൊണ്ടിരുന്നത് എവിടെ? **ഉ:** ജോർദാന്റെ അക്കരെ ബഥാനിയായിൽ (1,28).

ദൈവത്തിന്റെ കുഞ്ഞാട്

**1,29 [29]അടുത്ത ദിവസം യേശു തന്റെ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. [30]എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം, എനിക്കുമുമ്പുതന്നെ ഇവനുണ്ടായിരുന്നു. [31]ഞാനും ഇവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ഇവനെ ഇസ്രായേലിനു വെളിപ്പെടുത്താൻവേണ്ടിയാണ് ഞാൻ വന്നു ജലത്താൽ സ്നാനം നല്കുന്നത്.**

1126 ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യോഹന്നാൻ യേശുവിനെപ്പറ്റി പറഞ്ഞത് എന്തു കണ്ട്/എപ്പോൾ? **ഉ:** യേശു തന്റെ അടുത്തേക്കു വരുന്നതു കണ്ട് (1,29).

1127 എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ് യോഹന്നാൻ യേശുവിനെപ്പറ്റി പറയാൻ കാരണം? **ഉ:** യോഹന്നാനുമുമ്പുതന്നെ യേശുവുണ്ടായിരുന്നു (1,30).

1128 താൻ വന്നു ജലത്താൽ സ്നാനം നല്കുന്നത് എന്തിനുവേണ്ടിയെന്നാണ് യോഹന്നാൻ പറഞ്ഞത്? **ഉ:** ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ഇസ്രായേലിനു വെളിപ്പെടുത്താൻവേണ്ടി (1,31).

1129 യോഹന്നാൻ വന്ന് ജലത്താൽ സ്നാനം നല്കിയത് ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ആർക്കു വെളിപ്പെടുത്താൻവേണ്ടി? **ഉ:** ഇസ്രായേലിനു (1,31).

1130 (ലോകത്തിന്റെ) പാപം നീക്കുന്ന എന്നതിനു പകരമുള്ള വിവർത്തനം? **ഉ:** പാപം വഹിക്കുന്ന

1131 ലോകത്തിന്റെ പാപം വഹിക്കുന്ന കുഞ്ഞാടിനെപ്പറ്റി വി. ഗ്രന്ഥത്തിൽ വേറെവിടെ? **ഉ:** ഏശ 53,67; യോഹ 1,36; അപ്പ 8,32; 1 പത്രോ 1,19; വെളി 5,6.

**1,32 ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് അവന്റെ മേൽ ആവസിക്കുന്നത് താൻ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി.**

1132 ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് താൻ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി? **ഉ:** ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെമേൽ.

**1,33-34 [33]ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ജലംകൊണ്ടു സ്നാനം നല്കാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു; ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ, അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നല്കുന്നവൻ. [34]ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.**

1133 ജലംകൊണ്ടു സ്നാനം നല്കാൻ യോഹന്നാനെ അയച്ചവൻ? **ഉ:** ദൈവം (1,6).

1134 പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നല്കുന്നവനെക്കുറിച്ചു യോഹന്നാനോടു

പറഞ്ഞിരുന്ന അടയാളം? **ഉ:** ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ, അവനാണ് (1,31).

1135 ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആരുടെ വാക്കുകൾ? **ഉ:** (സ്നാപക)യോഹന്നാന്റെ

1136 ആത്മാവ് ഇറങ്ങിവന്ന് ആവസിക്കുന്നത് കണ്ടവനെപ്പറ്റി യോഹന്നാൻ എന്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു? **ഉ:** ഇവൻ ദൈവപുത്രനാണ് എന്ന് (1,34).

1137 യോഹ 1,33-34 അനുസരിച്ച് ആരാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നല്കുന്നവൻ? **ഉ:** ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നുവോ അവൻ - ദൈവപുത്രൻ.

1137[a] വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ ദൈവപുത്രൻ എന്ന് ആദ്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്? **ഉ:** യോഹന്നാൻ(സ്നാപകൻ) (1,34).

1138 യേശുവിന്റെമേൽ ആത്മാവ് ഇറങ്ങി ആവസിച്ചത് മറ്റു സുവിശേഷങ്ങളിൽ എവിടെ? **ഉ:** മത്താ 3,16; മർക്കോ 1,10; ലൂക്കാ 3,22.

ആദ്യശിഷ്യന്മാർ

**1,35-36 [35]അടുത്തദിവസം യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരോടുകൂടെ നില്ക്കുമ്പോൾ [36]യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ, ദൈവത്തിന്റെ കുഞ്ഞാട്!** (വാക്യം 29ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക)

1139 ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്ന് യേശു നടന്നുവരുന്നതു കണ്ട് യോഹന്നാൻ പറഞ്ഞത് എപ്പോൾ? **ഉ:** അടുത്തദിവസം യോഹന്നാൻ തന്റെ ശിഷ്യന്മാരിൽ രണ്ടുപേരോടുകൂടെ നില്ക്കുമ്പോൾ (1,35).

**1,37 അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു.**

1140 വി. യോഹന്നാന്റെ സുവിശേഷമനുസരിച്ച്, യേശുവിനെ അനുഗമിച്ച ആദ്യശിഷ്യന്മാർ ആര്? **ഉ:** യോഹന്നാന്റെ രണ്ടു ശിഷ്യന്മാർ (ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്ന് യേശു നടന്നുവരുന്നതു കണ്ട് യോഹന്നാൻ പറഞ്ഞപ്പോൾ അടുത്തുനിന്ന് അതു കേട്ട രണ്ടു ശിഷ്യന്മാർ). - സഹോദരന്മാരായ അന്ത്രയോസും പത്രോസും.

**1,38 യേശു തിരിഞ്ഞ്, അവർ തന്റെ പിന്നാലെ വരുന്നതു കണ്ട്, ചോദിച്ചു: നിങ്ങൾ എന്ത് അന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ - ഗുരു എന്നാണ് ഇതിനർഥം - അങ്ങ് എവിടെയാണ് വസിക്കുന്നത്?**

1141 യേശുവിനെ അനുഗമിച്ച യോഹന്നാന്റെ രണ്ടു ശിഷ്യന്മാരോട് യേശു ചോദിച്ചത്? **ഉ:** നിങ്ങൾ എന്ത് അന്വേഷിക്കുന്നു? (1,38).

1142 തന്നെ അനുഗമിച്ച ആദ്യത്തെ രണ്ടു ശിഷ്യന്മാരോട് യേശു ആദ്യം ചോദിച്ചത്? **ഉ:** നിങ്ങൾ എന്ത് അന്വേഷിക്കുന്നു? (1,38).

1143 അവർ യേശുവിനോടു ചോദിച്ചത്? **ഉ:** റബ്ബീ, അങ്ങ് എവിടെയാണ് വസിക്കുന്നത്? (1,38).

1144 തന്നെ അനുഗമിച്ച ആദ്യത്തെ രണ്ടു ശിഷ്യന്മാർ യേശുവിനോട് ആദ്യം ചോദിച്ചത്? **ഉ:** റബ്ബീ, അങ്ങ് എവിടെയാണ് വസിക്കുന്നത്? (1,38).

**1,39 അവൻ പറഞ്ഞു: വന്നു കാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും, അന്ന് അവനോടുകൂടെ താമസിക്കുകയും ചെയ്തു. അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു.**

1145 അവർ ചെന്നു കണ്ടത്? **ഉ:** അവൻ താമസിക്കുന്നിടം (1,39).

**1,40 യോഹന്നാൻ പറഞ്ഞതു കേട്ട് അവനെ അനുഗമിച്ച ആ രണ്ടുപേരിൽ ഒരുവൻ ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസായിരുന്നു**

1146 ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസ് യേശുവിനെ അനുഗമിച്ചത് ആര് പറഞ്ഞതു കേട്ട്? **ഉ:** യോഹന്നാൻ പറഞ്ഞതു കേട്ട് (1,40).

1147 യേശുവിനെ അനുഗമിച്ച ആദ്യത്തെ രണ്ടു ശിഷ്യന്മാരിൽ ഒരുവന്റെ പേര്? **ഉ:** അന്ത്രയോസ് (1,40).

**1,41-42 [41]അവൻ ആദ്യമേ തന്റെ സഹോദരനായ ശിമയോനെ കണ്ട് അവനോട്, ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ - കണ്ടു എന്നു പറഞ്ഞു. [42]അവനെ യേശുവിന്റെ**



**അടുത്തു കൊണ്ടുവന്നു. യേശു അവനെ നോക്കി പറഞ്ഞു: നീ യോഹന്നാന്റെ പുത്രനായ ശിമയോനാണ്. കേപ്പാ - പാറ - എന്നു നീ വിളിക്കപ്പെടും.**

1148 അന്ത്രയോസ് ആദ്യമേ തന്റെ സഹോദരനായ ശിമയോനെ കണ്ട് അവനോട്, പറഞ്ഞത്? **ഉ:** ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ - കണ്ടു എന്ന്.

1149 മിശിഹ എന്ന വാക്ക് ഏതു ഭാഷ? **ഉ:** ഹീബ്രു.

1150 മിശിഹ എന്ന ഹീബ്രു വാക്കിനു സമമായ ഗ്രീക്കുവാക്ക്? **ഉ:** ക്രിസ്തു.

1151 മിശിഹ / ക്രിസ്തു അർഥം? **ഉ:** അഭിഷിക്തൻ.

1152 ശിമയോനെ യേശുവിന്റെ അടുത്തു കൊണ്ടുവന്നത്? **ഉ:** അവന്റെ സഹോദരനായ അന്ത്രയോസ് (1,42).

1153 യേശു ശിമയോനു കൊടുത്ത വിളിപ്പേര്? **ഉ:** കേപ്പാ - പാറ (1,42).

1154 യോഹ 1,40-42നു സമാനങ്ങളായ പുതിയ നിയമ ഭാഗങ്ങൾ? **ഉ:** മത്താ 4,18. 22; മർക്കോ 1,16-20; ലൂക്കാ 5,2-11.

പീലിപ്പോസും നഥാനയേലും

**1,43 പിറ്റേദിവസം അവൻ ഗലീലിയിലേക്കു പോകാനൊരുങ്ങി. പീലിപ്പോസിനെക്കണ്ടപ്പോൾ യേശു അവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക.**

1155 യോഹന്നാന്റെ സുവിശേഷത്തിൽ, എന്നെ അനുഗമിക്കുക എന്ന് യേശു ആദ്യം പറഞ്ഞത്? **ഉ:** പീലിപ്പോസിനോട് (1,43). (പീലിപ്പോസിനെ യേശു നേരേ വിളിക്കുകയായിരുന്നു).

1156 യേശു പീലിപ്പോസിനെക്കണ്ട് എന്നെ അനുഗമിക്കുക എന്ന് അവനോടു പറഞ്ഞത് ഏതു ദിവസം? **ഉ:** അന്ത്രയോസ് ശിമയോനെ യേശുവിന്റെ അടുത്തു കൊണ്ടുവരികയും അവന് യേശു കേപ്പാ എന്ന പേരു നല്കുകയും ചെയ്തതിന്റെ പിറ്റേ ദിവസം.

**1,44 പീലിപ്പോസ് അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബേത്സയ്ദായിൽനിന്നുള്ളവനായിരുന്നു.**

1157 പീലിപ്പോസിന്റെ സ്ഥലം? **ഉ:** ബേത്സയ്ദാ (1,44).

1158 യേശുവിന്റെ ശിഷ്യന്മാരിൽ ഒരേ സ്ഥലത്തുനിന്നുള്ള മൂന്നു പേർ? **ഉ:** പീലിപ്പോസ്, അന്ത്രയോസ്, പത്രോസ്. (സ്ഥലം: ബേത്സയ്ദാ).

**1,45 പീലിപ്പോസ് നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ - ജോസഫിന്റെ മകൻ, നസറത്തിൽനിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു.**

1159 പീലിപ്പോസ് പറയുന്ന ഞങ്ങൾ **ഉ:** പീലിപ്പോസ്, അന്ത്രയോസ്, പത്രോസ്.

1160 ജോസഫിന്റെ മകൻ, നസറത്തിൽനിന്നുള്ള യേശുവിനെ ആരെന്ന് ഞങ്ങൾ കണ്ടു എന്ന് പീലിപ്പോസ് നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു? **ഉ:** മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവൻ എന്ന് (1,45).

1161 മിശിഹായെ(അഭിഷിക്തനെ)പ്പറ്റി എഴുതപ്പെട്ടിട്ടുള്ള നിയമ,പ്രവാചകഗ്രന്ഥഭാഗങ്ങൾ? **ഉ:** നിയ 18,18; ഏശ 7,14; 9,6; എസെ 34,23.

1162 ജോസഫിന്റെ മകനായ നസറത്തിൽനിന്നുള്ള യേശുവിനെപ്പറ്റി എഴുതിയിരിക്കുന്നത്? **ഉ:** മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും (1,45).

**1,46 നഥാനയേൽ ചോദിച്ചു: നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ? പീലിപ്പോസ് പറഞ്ഞു: വന്നു കാണുക!**

1163 നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ എന്നു ചോദിച്ചത്? **ഉ:** നഥാനയേൽ (പീലിപ്പോസിനോട്).

**1,47 നഥാനയേൽ തന്റെ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ.**

1164 നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ എന്ന് യേശു പറഞ്ഞത്? **ഉ:** നഥാനയേലിനെപ്പറ്റി (1,47).

1165 ഇതാ, നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ എന്ന് യേശു നഥാനയേലിനെപ്പറ്റി പറഞ്ഞത്? **ഉ:** നഥാനയേൽ തന്റെ അടുത്തേക്കു വരുന്നതു കണ്ട് (1,47).

**1,48 അപ്പോൾ നഥാനയേൽ ചോദിച്ചു: നീ എന്നെ എങ്ങനെ അറിയുന്നു? യേശു മറുപടി പറഞ്ഞു: പീലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പ്, നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു.**

1166 നീ എന്നെ എങ്ങനെ അറിയുന്നു എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** നഥാനയേൽ (1,48).

1166 പീലിപ്പോസ് വിളിക്കുന്നതിനു മുമ്പ്, നഥാനയേലിനെ യേശു കണ്ടത്? **ഉ:** നഥാനയേൽ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ (1,48).

**1,49 നഥാനയേൽ യേശുവിനോടു പറഞ്ഞു: റബ്ബീ, അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ്.**

1167 നഥാനയേൽ യേശുവിനെ ആദ്യം വിളിച്ചത്? **ഉ:** റബ്ബീ (1,49).

1168 നഥാനയേൽ യേശുവിനെപ്പറ്റി ആദ്യമായി പറഞ്ഞത്? **ഉ:** റബ്ബീ, അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിന്റെ രാജാവാണ് (1,49).

1169 വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ റബ്ബീ എന്ന് ആദ്യം വിളിച്ചത്? **ഉ:** നഥാനയേൽ (1,49).

1170 വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ ദൈവപുത്രൻ എന്ന് രണ്ടാമതു പറഞ്ഞത്? **ഉ:** നഥാനയേൽ (1,49).

1171 യേശു ഇസ്രായേലിന്റെ രാജാവാണെന്ന് യേശുവിനോട് വി. യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യം പറഞ്ഞത്? **ഉ:** നഥാനയേൽ (1,49).

1172 യേശു ഇസ്രായേലിന്റെ രാജാവ് എന്നുള്ള മറ്റു വേദഭാഗങ്ങൾ? **ഉ:** സങ്കീ 2,7; മർക്കോ 15,32; യോഹ 12,13.

**1,50–51 [50]യേശു പറഞ്ഞു: അത്തിമരത്തിന്റെ ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ എന്നിൽ വിശ്വസിക്കുന്നു. അല്ലേ? എന്നാൽ, ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും. [51]അവൻ തുടർന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും.**

1173 ''ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും'' എന്ന് യേശു പറഞ്ഞത്? **ഉ:** നഥാനയേലിനോട് (1,50).

1174 ''ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും'' എന്ന് യേശു നഥാനയേലിനോടു പറഞ്ഞ ഇതിനെക്കാൾ വലിയ കാര്യങ്ങൾ ഏവ? **ഉ:** സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും (1,51).

1175 ദൈവദൂതന്മാർ കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും? **ഉ:** മനുഷ്യപുത്രന്റെമേൽ (1,51).

1176 സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും എന്ന് യേശു പറഞ്ഞത് ആരോട്? **ഉ:** നിങ്ങളോട് (= നഥാനയേലിനോടും പീലിപ്പോസിനോടും) (1,46).

## അധ്യായം 2 (അധ്യായം 2ൽ 25 വാക്യങ്ങൾ)

### കാനായിലെ വിവാഹവിരുന്ന്

**2,1 മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു.**

1177 മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ നടന്നത്? **ഉ:** ഒരു വിവാഹവിരുന്നു (2,1).

1178 മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ നടന്ന ഒരു വിവാഹവിരുന്നിൽ ഉണ്ടായിരുന്നത്? **ഉ:** യേശുവിന്റെ അമ്മ (2,1).

1179 യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ അമ്മയെ ആദ്യം അവതരിപ്പിക്കുന്നത്? **ഉ:** മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ നടന്ന വിവാഹവിരുന്നിൽ (2,1).

**2,2 യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.**

1180 കാനായിലെ വിവാഹത്തിൽ വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നവർ? **ഉ:** യേശുവും ശിഷ്യന്മാരും (2,2).



**2,3 അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല.**

1181 അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ അവർക്കു വീഞ്ഞില്ല എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** യേശുവിന്റെ അമ്മ (2,3).

**2,4 യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല.**

1182 സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്ന് യേശു പറഞ്ഞത്? **ഉ:** യേശുവിന്റെ അമ്മയോട് (2,4).

1183 എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന് യേശു പറഞ്ഞത്? **ഉ:** യേശുവിന്റെ അമ്മയോട് (2,4).

**2,5 അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.**

1184 അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ എന്നു യേശുവിന്റെ അമ്മ പറഞ്ഞത്? **ഉ:** പരിചാരകരോട് (2,5).

**2,6 യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കല്ഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു.**

1185 അവിടെ ഉണ്ടായിരുന്ന ആറു കല്ഭരണികൾ? **ഉ:** യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന (2,6).

1186 ഓരോന്നിലും കൊള്ളുമായിരുന്ന അളവ്? **ഉ:** രണ്ടോ മൂന്നോ (2,6).

**2,7 ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കല്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു.**

1187 കാനായിലെ വിവാഹവിരുന്നിൽ യേശു പരിചാരകരോടു കല്പിച്ചത്? **ഉ:** ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് (2,7).

1188 കാനായിലെ വിവാഹവിരുന്നിൽ ഭരണികളിൽ വെള്ളം വക്കോളം നിറച്ചത്? **ഉ:** പരിചാരകർ (2,7).

**2,8–9 [8]ഇനി പകർന്നു [9]കലവറക്കാരന്റെ അടുത്തു കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചുനോക്കി. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു.**

1189 കാനായിലെ വിവാഹവിരുന്നിൽ പരിചാരകർ ഭരണികളിൽ വെള്ളം വക്കോളം നിറച്ചപ്പോൾ യേശു പറഞ്ഞത്? **ഉ:** ഇനി പകർന്നു കലവറക്കാരന്റെ അടുത്തു കൊണ്ടുചെല്ലുവിൻ (2,8–9).

1190 കാനായിലെ വിവാഹവിരുന്നിൽ പരിചാരകർ ഭരണികളിൽനിന്നു പകർന്നു കൊണ്ടുചെന്നത്? **ഉ:** കലവറക്കാരന്റെ അടുത്തു (2,8–9).

1191 കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചുനോക്കിയത്? **ഉ:** കലവറക്കാരൻ (2,9).

1192 അത് എവിടെനിന്നാണെന്ന് അറിയാഞ്ഞത്? **ഉ:** കലവറക്കാരൻ (2,9).

1193 എന്നാൽ അത് എവിടെനിന്നാണെന്ന് അറിഞ്ഞിരുന്നത്? **ഉ:** വെള്ളം കോരിയ പരിചാരകർ (2,9).

1194 കാനായിലെ വിവാഹവിരുന്നിൽ കലവറക്കാരൻ അറിയാഞ്ഞതും വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നതും? **ഉ:** വീഞ്ഞായി മാറിയ ആ വെള്ളം എവിടെനിന്നാണെന്ന് (2,9).

1195 യോഹന്നാന്റെ സുവിശേഷത്തിലെ ഏറ്റവും ചെറിയ വാക്യം? **ഉ:** 2,8.

**2,10 അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചുകഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ.**

1196 എല്ലാവരും മേത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചുകഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷി

ച്ചുവച്ചുവല്ലോ എന്ന് മണവാളനെ വിളിച്ചു പറഞ്ഞത്? **ഉ:** കലവറക്കാരൻ (2,9).

1197 എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചുകഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് കലവറക്കാരൻ പറഞ്ഞത്? **ഉ:** മണവാളനെ വിളിച്ച് (2,10).

1198 എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരി പിടിച്ചുകഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് കലവറക്കാരൻ മണവാളനെ വിളിച്ചു പറഞ്ഞതിനു കാരണം? **ഉ:** അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല (2,9).

**2,11 യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.**

1199 യേശു ഗലീലിയിലെ കാനായിൽ പ്രവർത്തിച്ചത്? **ഉ:** അടയാളങ്ങളുടെ ആരംഭം (2,11)

1200 യേശു ഗലീലിയിലെ കാനായിൽ അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചത്? **ഉ:** തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു (2,11).

1201 യേശു ഗലീലിയിലെ കാനായിൽ അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ചതുകൊണ്ട്?/ തന്റെ മഹത്ത്വം വെളിപ്പെടുത്തിയതുകൊണ്ട്? **ഉ:** അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു (2,11).

**2,12 ഇതിനുശേഷം അവൻ തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടും കൂടി കഫർണാമിലേക്കു പോയി. അവർ അവിടെ ഏതാനും ദിവസം താമസിച്ചു.**

1202 യേശു ഗലീലിയിലെ കാനായിൽ അടയാളങ്ങളുടെ ആരംഭം പ്രവർത്തിച്ച് തന്റെ മഹത്ത്വം വെളിപ്പെടുത്തി അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചതിനുശേഷം പോയത് **ഉ:** കഫർണാമിലേക്ക് (2,12).

1203 യേശു കഫർണാമിലേക്കു പോയത്? **ഉ:** തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടി (2,12).

1204 തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടി കഫർണാമിൽ താമസിച്ചത്? **ഉ:** ഏതാനും ദിവസം (2,12).

1205 യേശു തന്റെ പരസ്യജീവിതാരംഭത്തിൽ കഫർണാമിൽ തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടി കഫർണാമിൽ ഏതാനും ദിവസം താമസിച്ചെന്നു പറയുന്ന സുവിശേഷഭാഗം? **ഉ:** യോഹ 2,12.

യേശു ദേവാലയം ശുദ്ധീകരിക്കുന്നു

1206 യേശു ദേവാലയം ശുദ്ധീകരിക്കുന്നതിന്റെ വിവരണം മറ്റു സുവിശേഷങ്ങളിൽ? **ഉ:** മത്താ 21,12-13; മർക്കോ 11,15-17; ലൂക്കാ 19,45-46. (പരസ്യശുശ്രൂഷയുടെ അവസാനഭാഗത്ത്)

1207 യേശു ദേവാലയം ശുദ്ധീകരിക്കുന്നതിന്റെ വിവരണം യോഹന്നാന്റെ സുവിശേഷത്തിൽ? **ഉ:** 2,13-25. (പരസ്യശുശ്രൂഷയുടെ ആരംഭഭാഗത്ത്)

**2,13 യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു ജറുസലേമിലേക്കു പോയി.**

1208 കഫർണാമിൽനിന്ന് യേശു ജറുസലേമിലേക്കു പോയത്? **ഉ:** യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ (2,13).

**2,14 കാള, ആട്, പ്രാവ് എന്നിവ വില്ക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും ദേവാലയത്തിൽ അവൻ കണ്ടു.**

1209 അവൻ (യേശു) ദേവാലയത്തിൽ കണ്ടത്? **ഉ:** കാള, ആട്, പ്രാവ് എന്നിവ വില്ക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും (2,14).

**2,15 അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു പുറത്താക്കി; നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു.**

1210 അവൻ (യേശു) ഒരു ചമ്മട്ടിയുണ്ടാക്കിയത്? **ഉ:** കയറുകൊണ്ട് (2,15).

1211 യേശു ദേവാലയത്തിൽനിന്നു പുറത്താക്കിയത്? **ഉ:** കാള, ആട്, പ്രാവ് എന്നിവ വില്ക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയുമെല്ലാം (2,14).

1212 അവൻ (യേശു ദേവാലയത്തിൽ) ചിതറിച്ചത്? **ഉ:** നാണയമാറ്റക്കാരുടെ നാണയ



ങ്ങൾ (2,15).

1213 അവൻ (യേശു ദേവാലയത്തിൽ) തട്ടിമറിച്ചത്? **ഉ:** നാണയമാറ്റക്കാരുടെ മേശകൾ (2,15).

**2,16 പ്രാവുകളെ വില്ക്കുന്നവരോട് അവൻ കല്പിച്ചു: ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ. എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്.**

1214 ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ എന്ന് അവൻ (യേശു) കല്പിച്ചത്? **ഉ:** പ്രാവുകളെ വില്ക്കുന്നവരോട് (2,16).

1215 എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് എന്ന് അവൻ (യേശു) കല്പിച്ചത്? **ഉ:** പ്രാവുകളെ വില്ക്കുന്നവരോട് (2,16).

1215 നിങ്ങൾ കച്ചവടസ്ഥലമാക്കരുത് എന്ന് അവൻ (യേശു) പ്രാവുകളെ വില്ക്കുന്നവരോടു കല്പിച്ചത്? **ഉ:** എന്റെ പിതാവിന്റെ ആലയം (2,16).

**2,17 അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവന്റെ ശിഷ്യന്മാർ അനുസ്മരിച്ചു.**

1216 പ്രാവുകളെ വില്ക്കുന്നവരോട് ഇവയെ ... എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് എന്ന് അവൻ (യേശു) കല്പിച്ചപ്പോൾ അവന്റെ ശിഷ്യന്മാർ അനുസ്മരിച്ചത്? **ഉ:** അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് (2,17).

1217 അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് (പഴയ നിയമത്തിൽ) എവിടെ? **ഉ:** സങ്കീ 69,9. (അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു എന്നാണ് സങ്കീ 69,9ൽ).

1218 അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അനുസ്മരിച്ചത് ആര്? **ഉ:** യേശുവിന്റെ ശിഷ്യന്മാർ (2,17).

1219 അവിടത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അവന്റെ ശിഷ്യന്മാർ അനുസ്മരിച്ചത് എപ്പോൾ ? **ഉ:** (ചോദ്യം നമ്പർ 1216 കാണുക) (2,16-17).

**2,18 യഹൂദർ അവനോടു ചോദിച്ചു: ഇതു ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക?** (ഇതു ചെയ്യുവാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വാക്യ. 15-17ൽ വിവരിച്ചിട്ടുള്ള യേശു ചെയ്തവയെല്ലാമാണ്).

1220 ഇതു ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക എന്ന് അവനോട് (യേശുവിനോട്) ചോദിച്ചത്? **ഉ:** യഹൂദർ (2,18).

1221 ഇതു (വാക്യ 15-21ലെ കാര്യങ്ങൾ) ചെയ്യുവാൻ യേശുവിന് അധികാരം ഉണ്ടെന്നതിന് ഞങ്ങളെ കാണിക്കുക എന്ന് യഹൂദർ അവനോട് ചോദിച്ചത്? **ഉ:** അടയാളം (2,18).

**2,19 യേശു മറുപടി പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും.**

1222 നിങ്ങൾ നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും എന്ന് യേശു പറഞ്ഞത്? **ഉ:** ഈ ദേവാലയം (2,19).

1223 യോഹ 2,19നു സമാനമായ വേദഭാഗങ്ങൾ? **ഉ:** മർക്കോ 14,58; അപ്പ 6,14.

**2,20 യഹൂദർ ചോദിച്ചു: ഈ ദേവാലയം പണിയുവാൻ നാല്പത്താറു സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?**

1224 ഈ ദേവാലയം പണിയുവാൻ നാല്പത്താറു സംവത്സരമെടുത്തു എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** യഹൂദർ (20,20).

1225 വെറും മൂന്നു ദിവസത്തിനകം നീ അതു (ഈ ദേവാലയം) പുനരുദ്ധരിക്കുമോ എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** യഹൂദർ (20,20).

**2,21 എന്നാൽ, അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്.**

1226 നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും എന്ന് യേശു പറഞ്ഞത്? **ഉ:** തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റി (2,21). (**ശ്രദ്ധിക്കുക**: തന്റെ ശരീരമാകുന്ന ദേവാലയത്തെപ്പറ്റി എന്നല്ല).

**2,22 അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവന്റെ ശിഷ്യന്മാർ അവൻ**

**ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും അങ്ങനെ, വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയ്തു.**

1227 അവൻ (യേശു) മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവന്റെ ശിഷ്യന്മാർ ഓർമിച്ചത്? **ഉ:** അവൻ ഇതു പറഞ്ഞിരുന്നുവെന്ന് (2,22). (നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും എന്ന് യേശു പറഞ്ഞിരുന്നത് അവന്റെ ശിഷ്യന്മാർ ഓർമിച്ചു).

1228 അങ്ങനെ, അവർ വിശ്വസിച്ചത്? **ഉ:** വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ച വചനവും (2,22).

**2,23 പെസഹാത്തിരുനാളിന് അവൻ ജറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ അവന്റെ നാമത്തിൽ വിശ്വസിച്ചു.**

1229 പെസഹാത്തിരുനാളിന് അവൻ ജറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ചത്? **ഉ:** വളരെപ്പേർ (2,23).

1230 പെസഹാത്തിരുനാളിന് അവൻ ജറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ വിശ്വസിച്ചത്? **ഉ:** അവന്റെ നാമത്തിൽ (2,23).

**2,24–25 [24]യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. [25]മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല. മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.**

1231 യേശുവാകട്ടെ ആരെ വിശ്വസിച്ചില്ല? **ഉ:** പെസഹാത്തിരുനാളിന് അവൻ ജറുസലേമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച വളരെപ്പേരെ (2,23).

1232 യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം? **ഉ:** അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല. മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു (2,24–25).

1233 ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ലാഞ്ഞത്? **ഉ:** മനുഷ്യനെപ്പറ്റി (2,25).

1234 അവൻ വ്യക്തമായി അറിഞ്ഞിരുന്നത്? **ഉ:** മനുഷ്യനിലുള്ളത് എന്താണെന്ന് (2,25).

## അധ്യായം 3 (അധ്യായം 3ൽ 36 വാക്യങ്ങൾ)

### യേശുവും നിക്കൊദേമോസും

**3,1 ഫരിസേയരിൽ നിക്കൊദേമോസ് എന്നു പേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു.**

1235 നിക്കൊദേമോസ് ആരായിരുന്നു? **ഉ:** ഫരിസേയരിൽപ്പെട്ട ഒരു യഹൂദപ്രമാണി.

**3,2 അവൻ രാത്രി യേശുവിന്റെ അടുത്തുവന്നു പറഞ്ഞു: റബ്ബീ, അങ്ങു ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല.**

1236 രാത്രി യേശുവിന്റെ അടുത്തുവന്ന ഫരിസേയ യഹൂദപ്രമാണി? **ഉ:** നിക്കൊദേമോസ് (3,1).

1237 ഞങ്ങൾ അറിയുന്നു എന്ന് യേശുവിനെക്കുറിച്ച് അവൻ പറഞ്ഞത്? **ഉ:** അങ്ങു ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു (3,2).

1238 റബ്ബീ, അങ്ങു ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു എന്ന് നിക്കൊദേമോസ് പറഞ്ഞതിനു കാരണം? **ഉ:** ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല (3,2).

**3,3 യേശു നിക്കൊദേമോസിനോടു പറഞ്ഞു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല.**

1239 വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു കാണാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞത്? **ഉ:** ദൈവരാജ്യം (3,3).

1240 വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞത് ആരോട്? **ഉ:** നിക്കൊദേമോസിനോട് (3,3).

1241 വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല എന്ന് യേശു പറഞ്ഞതിന് ആമുഖമായി പറഞ്ഞ വാക്കുകൾ? **ഉ:** സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു (3,3).



1242 വീണ്ടും ജനിക്കുക എന്നതിന്റെ അർഥം പറയുന്ന മറ്റു പുതിയനിയമഭാഗങ്ങൾ? **ഉ:** യോഹ 1,13 (ദൈവത്തിൽനിന്നു ജനിക്കുക); 1 പത്രോ 1,23; 1 യോഹ 3,9.

1243 വീണ്ടും ജനിക്കുക എന്നതിന്റെ അർഥം / എന്നതിനു പകരം യേശു യോഹ 3ൽത്തന്നെ പറഞ്ഞിട്ടുള്ളത്? **ഉ:** ജലത്താലും ആത്മാവിനാലും ജനിക്കുക (3,5).

1244 വീണ്ടും ജനിക്കുന്നില്ലെങ്കിൽ എന്നതിന്റെ ഗ്രീക്കുമൂലം ഉന്നതത്തിൽനിന്നു ജനിക്കുന്നില്ലെങ്കിൽ എന്നും വിവർത്തനം ചെയ്യാം. (പി.ഒ.സി ബൈബിൾ).

1245 ദൈവരാജ്യം കാണുക എന്നതിനു പകരം നിക്കൊദേമോസിനോടുള്ള സംഭാഷണത്തിൽത്തന്നെ യേശു പറഞ്ഞിട്ടുള്ള സമാനശൈലി? **ഉ:** ദൈവരാജ്യത്തിൽ പ്രവേശിക്കുക (3,5).

**3,4 നിക്കൊദേമോസ് ചോദിച്ചു: പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവനു ജനിക്കുവാൻ കഴിയുമോ?**

1246 പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവനു ജനിക്കുവാൻ കഴിയുമോ എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** നിക്കൊദേമോസ് (3,4).

**3,5–8 [5]യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല. [6]മാംസത്തിൽനിന്നു ജനിക്കുന്നത് മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും. [7]നിങ്ങൾ വീണ്ടും ജനിക്കണം എന്നു ഞാൻ പറഞ്ഞതുകൊണ്ടു നീ വിസ്മയിക്കേണ്ടാ. [8]കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽനിന്നു ജനിക്കുന്ന ഏവനും.**

1247 ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും എവിടെ പ്രവേശിക്കുക സാധ്യമല്ല എന്ന് യേശു പറഞ്ഞു? **ഉ:** ദൈവരാജ്യത്തിൽ (3,5).

1248 യോഹ 3,5നു സമാനമായ വേദഭാഗങ്ങൾ? **ഉ:** എസെക്കിയേൽ 36,25–27; തീത്തോ 3,5.

1249 കാറ്റ് വീശുന്നത്? **ഉ:** അതിനിഷ്ടമുള്ളിടത്തേക്കു (3,8).

1250 ഇതുപോലെയാണ് ആത്മാവിൽനിന്നു ജനിക്കുന്ന ഏവനും. ഏതുപോലെ? **ഉ:** കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നീ അറിയുന്നില്ല. ഇതുപോലെ (3,8).

**3,9 ഇതെല്ലാം എങ്ങനെ സംഭവിക്കും എന്നു നിക്കൊദേമോസ് ചോദിച്ചു.**

1251 ഇതെല്ലാം എങ്ങനെ സംഭവിക്കും എന്നു യേശുവിനോടു ചോദിച്ചത്? **ഉ** നിക്കൊദേമോസ് (3,9).

**3,10 യേശു പറഞ്ഞു: നീ ഇസ്രായേലിലെ ഗുരുവല്ലേ? എന്നിട്ടും ഇക്കാര്യമൊന്നും മനസ്സിലാകുന്നില്ലേ?**

1252 നീ ഇസ്രായേലിലെ ഗുരുവല്ലേ എന്ന് യേശു പറഞ്ഞത്? **ഉ:** നിക്കൊദേമോസിനോട് (3,10).

**3,11 സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നവയെപ്പറ്റി സംസാരിക്കുന്നു; കണ്ടവയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല.**

1253 ഞങ്ങൾ അറിയുന്നവയെപ്പറ്റി സംസാരിക്കുന്നു; കണ്ടവയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല എന്നു പറഞ്ഞത്? **ഉ:** യേശു നിക്കൊദേമോസിനോട്.

1254 ഞങ്ങൾ സംസാരിക്കുന്നത്? **ഉ:** അറിയുന്നവയെപ്പറ്റി (3,11)

1255 ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്? **ഉ:** കണ്ടവയെപ്പറ്റി (3,11).

1256 എന്നിട്ടും എന്തു നിങ്ങൾ സ്വീകരിക്കുന്നില്ല? **ഉ:** ഞങ്ങളുടെ സാക്ഷ്യം (3,11).

**3,12 ഭൗമിക കാര്യങ്ങളെപ്പറ്റി ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗീയ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?**

1257 പൂരിപ്പിക്കുക: - - ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ - - പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? (യോഹ 3,12). **ഉ:** ഭൗമിക കാര്യങ്ങളെപ്പറ്റി, സ്വർഗീയ കാര്യങ്ങൾ.

**3,13 സ്വർഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല.**

1258 സ്വർഗത്തിൽനിന്നിറങ്ങിവന്നത്? **ഉ:** മനുഷ്യപുത്രൻ (3,13).

1259 ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ലാത്തത്? **ഉ:** മനുഷ്യപുത്രനല്ലാതെ മറ്റാരും (3,13).

1260 ഇതുവരെ സ്വർഗത്തിൽ കയറിയിട്ടുള്ളത്? **ഉ:** മനുഷ്യപുത്രൻ.

1261 യോഹ 3,13നു സമാനമായ വേദഭാഗങ്ങൾ? **ഉ:** റോമ 10,6; എഫേ 4,9.

**3,14 മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.**

1262 മോശ സർപ്പത്തെ ഉയർത്തിയത്? **ഉ:** മരുഭൂമിയിൽ (3,14).

1263 മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു വിവരിക്കുന്ന പഴയ നിയമഭാഗം? **ഉ:** സംഖ്യ 21,9.

1264 മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, ഉയർത്തപ്പെടേണ്ടിയിരിക്കുന്നത്? **ഉ:** മനുഷ്യപുത്രൻ (3,14).

1265 എന്തിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു? **ഉ:** തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് (3,14).

1266 മനുഷ്യപുത്രൻ ഉയർത്തപ്പെടുന്നതിനെപ്പറ്റി യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ മറ്റെവിടെ? **ഉ:** യോഹ 8,28; 12,34.

**3,16 എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.**

1267 ദൈവം ലോകത്തെ എത്രമാത്രം സ്നേഹിച്ചു? **ഉ:** തന്റെ ഏകജാതനെ നല്കാൻ തക്കവിധം (3,16).

1268 തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചത് എന്തിനുവേണ്ടി? **ഉ:** അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി (3,16).

1269 നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നത്? **ഉ:** ദൈവത്തിന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവനും (3,16).

1270 യോഹ 3,16നു സമാനമായ പുതിയ നിയമഭാഗങ്ങൾ? **ഉ:** റോമ 5,8; 8,32; എഫേ 2,4; 1 യോഹ 4,9-10.

**3,17 ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻവഴി ലോകം രക്ഷ പ്രാപിക്കാനാണ്.**

1271 ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് എന്തിനല്ല? **ഉ:** ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല (3,17).

1272 ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് എന്തിനാണ്? **ഉ:** അവൻവഴി ലോകം രക്ഷ പ്രാപിക്കാനാണ് (3,17).

**3,18 അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം, നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു.**

1273 ശിക്ഷയ്ക്കു വിധിക്കപ്പെടാത്തത്? **ഉ;** അവനിൽ (ദൈവം ലോകത്തിലേക്കയച്ച തന്റെ പുത്രനിൽ) വിശ്വസിക്കുന്ന ഒരുവനും (3,18).

1274 നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നത്? **ഉ:** ദൈവം ലോകത്തിലേക്കയച്ച തന്റെ പുത്രനിൽ വിശ്വസിക്കാത്തവൻ (3,18).

1275 വിശ്വസിക്കാത്തവൻ നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നത് എന്തുമൂലം? **ഉ:** ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം (3,18).

**3,19 ഇതാണ് ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ**



**തിന്മ നിറഞ്ഞതായിരുന്നു.**

1276 ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലമുള്ള ശിക്ഷാവിധി? **ഉ:** പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അന്ധകാരത്തെ സ്നേഹിച്ചു (3,19).

1277 പ്രകാശം ലോകത്തിലേക്കു വന്നിട്ടും പ്രകാശത്തെക്കാൾ അന്ധകാരത്തെ സ്നേഹിച്ചത്? **ഉ:** മനുഷ്യർ (3,19).

1278 ലോകത്തിലേക്കു വന്ന പ്രകാശം? **ഉ:** ദൈവം ലോകത്തിലേക്കയച്ച തന്റെ പുത്രൻ(3,18).

1279 പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അന്ധകാരത്തെ സ്നേഹിച്ചു. കാരണം? **ഉ:** അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു (3,19).

**3,20 തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല.**

1280 തിന്മ പ്രവർത്തിക്കുന്നവൻ വെറുക്കുന്നത്? **ഉ:** പ്രകാശത്തെ (3,20).

1281 പ്രകാശത്തെ വെറുക്കുന്നത്? **ഉ:** തിന്മ പ്രവർത്തിക്കുന്നവൻ (3,20).

1282 വെളിച്ചത്തു വരുന്നില്ലാത്തത്? **ഉ:** തിന്മ പ്രവർത്തിക്കുന്നവൻ (3,20).

1283 തിന്മ പ്രവർത്തിക്കുന്നവൻ വെളിച്ചത്തു വരുന്നില്ലാത്തത്? **ഉ:** അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് (3,20).

**3,21 സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു.**

1284 വെളിച്ചത്തിലേക്കു വരുന്നത്? **ഉ:** സത്യം പ്രവർത്തിക്കുന്നവൻ (3,21).

1285 സത്യം പ്രവർത്തിക്കുന്നവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നത് എങ്ങനെ? **ഉ:** അവൻ വെളിച്ചത്തിലേക്കു വരുന്നതിൽ (3,21).

1286 ദൈവൈക്യത്തിൽ ചെയ്യുന്ന പ്രവൃത്തികൾ? **ഉ:** സത്യം പ്രവർത്തിക്കുന്നവന്റെ പ്രവൃത്തികൾ (3,21).

1287 യേശുവും നിക്കൊദേമോസും തമ്മിലുള്ള സംഭാഷണം: **ഉ:** യോഹ 3,1-21.

## സ്നാപകന്റെ ദൗത്യം

**3,22 ഇതിനുശേഷം യേശുവും ശിഷ്യന്മാരും യൂദയാദേശത്തേക്കു പോയി. അവിടെ അവൻ അവരോടൊത്തു താമസിച്ച് സ്നാനം നല്കി.**

1288 യേശുവും നിക്കൊദേമോസും തമ്മിലുള്ള സംഭാഷണത്തിനുശേഷം യേശുവും ശിഷ്യന്മാരും പോയത്? **ഉ:** യൂദയാദേശത്തേക്കു (3,22).

1289 യേശു ശിഷ്യന്മാരോടൊത്തു താമസിച്ചു സ്നാനം നല്കിയത്? **ഉ:** യൂദയാദേശത്ത് (3,22).

1290 യേശു ശിഷ്യന്മാരോടൊത്തു താമസിച്ചു സ്നാനം നല്കി എന്നതിന്റെ അർത്ഥം സൂചിപ്പിക്കുന്ന സുവിശേഷഭാഗം? **ഉ:** യോഹ 4,2 (വാസ്തവത്തിൽ, ശിഷ്യന്മാരല്ലാതെ യേശു നേരിട്ട് ആരെയും സ്നാനപ്പെടുത്തിയില്ല = യേശു സ്നാനപ്പെടുത്തിയത് ശിഷ്യന്മാർവഴിയാണ്. ശിഷ്യന്മാർ സ്നാനപ്പെടുത്തുന്നതുവഴി യേശു സ്നാനപ്പെടുത്തുകയാണ്).

**3,23 സാലിമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യോഹന്നാനും സ്നാനം നല്കിയിരുന്നു. ആളുകൾ അവന്റെ അടുത്തു വന്ന് സ്നാനം സ്വീകരിച്ചിരുന്നു.**

1291 വെള്ളം ധാരാളമുണ്ടായിരുന്നത്? **ഉ:** സാലിമിനടുത്തുള്ള ഏനോനിൽ (3,23).

1292 സാലിമിനടുത്തുള്ള ഏനോനിൽ എന്തുകൊണ്ട് യോഹന്നാനും സ്നാനം നല്കിയിരുന്നു? **ഉ:** വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ (3,23).

1293 അവന്റെ അടുത്തു വന്ന് സ്നാനം സ്വീകരിച്ചിരുന്നത്? **ഉ:** ആളുകൾ (3,23),

**3,24 യോഹന്നാൻ ഇനിയും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നില്ല.**

1294 യോഹന്നാൻ കാരാഗൃഹത്തിലടയ്ക്കപ്പെട്ടതിനെപ്പറ്റി (ബന്ധനസ്ഥനായതിനെപ്പറ്റി) എഴുതിയിട്ടുള്ള മറ്റു സുവിശേഷഭാഗങ്ങൾ? **ഉ:** മർക്കോ 1,14; 6,17-18; ലൂക്കാ 3,19-20.

**3,25 അവന്റെ ശിഷ്യന്മാരും ഒരു യഹൂദനും തമ്മിൽ ശുദ്ധീകരണത്തെപ്പറ്റി തർക്കമുണ്ടായി.**

1295 യോഹന്നാന്റെ ശിഷ്യന്മാരും ഒരു യഹൂദനും തമ്മിൽ തർക്കമുണ്ടായത്?

ഉ: ശുദ്ധീകരണത്തെപ്പറ്റി (3,25).

**3.26 അവർ യോഹന്നാനെ സമീപിച്ചു പറഞ്ഞു: ഗുരോ, യോർദാന്റെ അക്കരെ നിന്നോടുകൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നല്കുന്നു. എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ്.**

1296 യോഹന്നാന്റെ ശിഷ്യന്മാർ യോഹന്നാനെ സമീപിച്ച്, അവനെയും യേശുവിനെയും ബന്ധപ്പെടുത്തി യേശുവിനെക്കുറിച്ചു പറഞ്ഞ രണ്ടു കാര്യങ്ങൾ? ഉ: യോർദാന്റെ അക്കരെ നിന്നോടുകൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ ((3,26).

1297 എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ്. ആര് ആരെക്കുറിച്ച് ആരോടു പറഞ്ഞത്? ഉ: യോഹന്നാന്റെ ശിഷ്യന്മാർ യേശുവിനെക്കുറിച്ച് യോഹന്നാനോട് (3,26).

**3,27 യോഹന്നാൻ പ്രതിവചിച്ചു: സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല.**

1298 സ്വർഗത്തിൽനിന്നു നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല എന്ന് യോഹ 3,27ൽ പരാമർശിക്കുന്നത്? ഉ: യേശു നല്കുന്ന സ്നാനത്തെപ്പറ്റി.

**3,28 ഞാൻ ക്രിസ്തുവല്ല. പ്രത്യുത, അവനുമുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്.**

1299 ഞാൻ ക്രിസ്തുവല്ല എന്നു യോഹന്നാൻ പറഞ്ഞത്? ഉ: സ്വന്തം ശിഷ്യന്മാരോട് (3,28).

1300 ഞാൻ ക്രിസ്തുവല്ല. പ്രത്യുത, അവനുമുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു യോഹന്നാൻ പറഞ്ഞതിനു സാക്ഷികൾ? ഉ: അവന്റെ ശിഷ്യന്മാർ (3,28).

**3,29 മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എന്റെ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു.**

1301 മണവാട്ടിയുള്ള മണവാളൻ എന്നു (സ്നാപക)യോഹന്നാൻ പറഞ്ഞത്? ഉ: യേശുവിനെ (3,29).

1302 മണവാളന്റെ അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ ആര്? ഉ; യോഹന്നാൻ (സ്നാപക) (3,29).

1303 എന്റെ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു എന്നു പറഞ്ഞത്? ഉ: യോഹന്നാൻ (സ്നാപക) (3,29).

**3,30 അവൻ വളരുതകയും ഞാൻ കുറയുകയും വേണം.**

1304 അവൻ വളരുതകയും ഞാൻ കുറയുകയും വേണം. ഈ വാക്യത്തിലെ അവൻ? ഉ: മണവാളൻ (യേശു)

1305 അവൻ വളരുതകയും ഞാൻ കുറയുകയും വേണം. ഈ വാക്യത്തിലെ ഞാൻ? ഉ: യോഹന്നാൻ (സ്നാപക) (3,29).

**3,31 ഉന്നതത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്. ഭൂമിയിൽനിന്നുള്ളവൻ ഭൂമിയുടേതാണ്. അവൻ ഭൗമികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു. സ്വർഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്.**

1306 ഉന്നതത്തിൽനിന്നു വരുന്നവൻ എന്നതിനു പകരം യോഹ 3,31ൽ ഉള്ളത്? ഉ: സ്വർഗത്തിൽനിന്നു വരുന്നവൻ

1307 ഭൂമിയിൽനിന്നുള്ളവൻ സംസാരിക്കുന്നത്? ഉ: ഭൗമികകാര്യങ്ങൾ (3,31).

**3,32 അവൻ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും അവന്റെ സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല.**

1308 കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നത്? ഉ: സ്വർഗത്തിൽനിന്ന് / ഉന്നതത്തിൽനിന്ന് വരുന്നവൻ (3,31).

**3,33 അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്ര വയ്ക്കുന്നു.**



1309 സ്വർഗത്തിൽനിന്ന് / ഉന്നതത്തിൽനിന്ന് വരുന്നവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ മുദ്ര വയ്ക്കുന്നത്? ഉ: ദൈവം സത്യവാനാണ് എന്നതിന് (3,32).

1310 ദൈവം സത്യവാനാണ് എന്നതിനു സ്വീകരിക്കേണ്ടത്? ഉ: സ്വർഗത്തിൽനിന്ന് വരുന്നവന്റെ സാക്ഷ്യം (3,32-33).

**3,34 ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു.; ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്.**

1311 ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നത്? ഉ: ദൈവം അയച്ചവൻ (3,34).

1312 ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്. പുസ്തകം, അധ്യായം, വാക്യം? ഉ: യോഹ 3,34.

**3,35 പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു.**

1313 പിതാവ് എല്ലാം ഏല്പിച്ചിരിക്കുന്നത്? ഉ: പുത്രന്റെ കൈകളിൽ (3,35).

**3,36 പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെമേൽ ഉണ്ട്.**

1314 പുത്രനിൽ വിശ്വസിക്കുന്നവനു ലഭിക്കുന്നത്? ഉ: നിത്യജീവൻ (3,36).

1315 പുത്രനെ അനുസരിക്കാത്തവൻ ദർശിക്കുകയില്ലാത്തത്? ഉ: ജീവൻ (3,36).

1316 ജീവൻ ദർശിക്കുകയില്ലാത്തത്? ഉ: പുത്രനെ അനുസരിക്കാത്തവൻ (3,36).

1317 പുത്രനെ അനുസരിക്കാത്തവന്റെമേൽ ഉള്ളത്? ഉ: ദൈവകോപം (3,36).

1318 നിക്കൊദേമോസിനോടുള്ള സംഭാഷണത്തിൽ സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു എന്ന യേശുവിന്റെ ആമുഖപ്രസ്താവന എത്ര പ്രാവശ്യമുണ്ട്? ഉ; 3 പ്രാവശ്യം (3,3. 5. 11).

## അധ്യായം 4 (അധ്യായം 4ൽ 54 വാക്യങ്ങൾ)

യേശുവും സമരിയാക്കാരിയും

**4,1 യോഹന്നാനെക്കാൾ അധികം ആളുകളെ താൻ ശിഷ്യപ്പെടുത്തുകയും സ്നാനപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഫരിസേയർ കേട്ടതായി കർത്താവ് അറിഞ്ഞു.**

1319 യോഹന്നാന്റെ സുവിശേഷത്തിൽ .യേശുവിന് കർത്താവ് എന്ന നാമം ആദ്യം ഉപയോഗിക്കുന്നത്? ഉ: 4,1ൽ.

**4,2 വാസ്തവത്തിൽ, ശിഷ്യന്മാരല്ലാതെ യേശു നേരിട്ട് ആരെയും സ്നാനപ്പെടുത്തിയില്ല.**

**4,3-4 [3]അവൻ യൂദയാ വിട്ട് വീണ്ടും ഗലീലിയിലേക്കു പുറപ്പെട്ടു. [4]അവനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു.**

1320 യേശുവിനു യൂദയായിലേക്കു പോകാൻ കടന്നുപോകേണ്ടിയിരുന്നത്? ഉ: സമരിയായിലൂടെ (4,4).

**4,5 സമരിയായിലെ സിക്കാർ എന്ന പട്ടണത്തിൽ അവൻ എത്തി. യാക്കോബ് തന്റെ മകൻ ജോസഫിനു നല്കിയ വയലിനടുത്താണ് ഈ പട്ടണം.**

1321 യേശു യൂദയായിലേക്കു പോകാൻ സമരിയായിലൂടെ കടന്നുപോകവേ എത്തിയ പട്ടണം? ഉ: സിക്കാർ (4,5).

1322 യാക്കോബ് തന്റെ മകൻ ജോസഫിനു നല്കിയ വയലിനടുത്ത പട്ടണം? ഉ: സിക്കാർ (4,5).

1323 യാക്കോബ് തന്റെ മകൻ ജോസഫിനു നല്കിയ സ്ഥലത്തെക്കുറിച്ചു പരാമർശിക്കുന്ന വേദഭാഗങ്ങൾ? ഉ: ഉത്പ 33,19; 48,22; ജോഷ്വാ 24,32.

**4,6 യാക്കോബിന്റെ കിണർ അവിടെയാണ്. യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറിന്റെ കരയിൽ ഇരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു.**

1324 യാക്കോബിന്റെ കിണർ എവിടെ? ഉ: സമരിയായിലെ സിക്കാർ എന്ന പട്ടണത്തിൽ (4,6).

1325 യേശു യാക്കോബിന്റെ കിണറിന്റെ കരയിൽ ഇരുന്ന സമയം? ഉ: ഏകദേശം ആറാം മണിക്കൂർ (4,6).

**4,7 ആ സമയം ഒരു സമരിയാക്കാരി അവിടെ വെള്ളം കോരാൻ വന്നു. യേശു അവളോട് എനിക്കു കുടിക്കാൻ തരുക എന്നു പറഞ്ഞു.**

**4,8 അവന്റെ ശിഷ്യന്മാരാകട്ടെ, ഭക്ഷണസാധനങ്ങൾ വാങ്ങാൻ പട്ടണത്തിലേക്കു പോയിരുന്നു.**

**4,9 ആ സമരിയാക്കാരി അവനോടു ചോദിച്ചു: നീ ഒരു യഹൂദനായിരിക്കേ സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ.**

1326 യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നമില്ലെന്നു കാണിക്കുന്ന മറ്റു വേദഭാഗങ്ങൾ? **ഉ:** എസ്രാ 4,3–6; മത്താ 10,5.

**4,10 യേശു അവളോടു പറഞ്ഞു: ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തുരുക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു.**

1327 സമരിയാക്കാരി അറിയാഞ്ഞത്? **ഉ:** ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തുരുക എന്ന് അവളോട് ആവശ്യപ്പെടുന്നത് ആരെന്നും (4,10).

1328 ദൈവത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തുരുക എന്ന് അവളോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, അവൾ അവനോടു ചോദിക്കുകയും അവൻ അവൾക്കു കൊടുക്കുകയും ചെയ്യുമായിരുന്നത്? **ഉ:** ജീവജലം (4,10).

1329 ജീവജലത്തെപ്പറ്റി യോഹന്നാന്റെ പുസ്തകങ്ങളിൽ യോഹ 4,10–14ലേതു കൂടാതെ മറ്റെവിടെ? **ഉ:** യോഹ 7,37; വെളി 21,6; 22,17.

**4,11–12 [11]അവൾ പറഞ്ഞു: പ്രഭോ, വെള്ളം കോരാൻ നിനക്കു പാത്രമില്ല; കിണറോ
ആഴമുള്ളതും. പിന്നെ ഈ ജീവജലം നിനക്ക് എവിടെനിന്നു കിട്ടും? [12]ഈ കിണർ
ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ
നീ? അവനും അവന്റെ മക്കളും കന്നുകാലികളും ഈ കിണറ്റിൽനിന്നാണ് കുടി
ച്ചിരുന്നത്.**

1330 സിക്കാറിലെ കിണർ സമരിയാക്കാർക്കു നല്കിയത്? **ഉ:** യാക്കോബ് (4,12).

1331 യാക്കോബ് സമരിയാക്കാരുടെ? **ഉ:** പിതാവ് (4,12).

1332 സിക്കാറിലെ കിണറിന്റെ പ്രത്യേകതകൾ സമരിയാക്കാരി പറഞ്ഞത്? **ഉ:** ആഴമുള്ളത്; സമരിയാക്കാരുടെ പിതാവായ യാക്കോബ് അവർക്കു നല്കിയത്; യാക്കോബും അവന്റെ മക്കളും കന്നുകാലികളും ഈ കിണറ്റിൽനിന്നാണ് കുടിച്ചിരുന്നത് (4,12).

**4,13–14 [13]യേശു പറഞ്ഞു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. [14]എ
ന്നാൽ, ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയി
ല്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും.**

1333 യേശു നല്കുന്ന ജലം കുടിക്കുന്നവനിൽ അത് ആകുന്നത്? **ഉ:** നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവി (4,14).

1334 കുടിക്കുന്നവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകുന്നത്? **ഉ:** യേശു നല്കുന്ന ജലം (4,14).

**4,15 അപ്പോൾ അവൾ പറഞ്ഞു: ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഇവിടെ വരുകയും വേണ്ടല്ലോ.**

**4,16 അവൻ പറഞ്ഞു: നീ ചെന്ന് നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരുക.**

**4,17–18 [17]എനിക്കു ഭർത്താവില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. യേശു അവളോടു
പറഞ്ഞു: എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരിയാണ്. [18]നിനക്ക് അഞ്ചു
ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല. നീ പറഞ്ഞതു
സത്യമാണ്.**

**4,19–20 [19]അവൾ പറഞ്ഞു: പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാ
ക്കുന്നു. [20]ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി; എന്നാൽ
യഥാർഥമായ ആരാധനാസ്ഥലം ജറുസലേമിലാണ് എന്നു നിങ്ങൾ പറയുന്നു.**

1335 ഈ മല = ഗെരിസിംമല. ഗെരിസിംമലയിൽ ആരാധന നടത്തണമെന്നു കർത്താവ് കല്പിക്കുന്നത് നിയ 11,29 സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗെരിസിംമലയെപ്പറ്റി ജോഷ 8,33ലും ഉണ്ട്.



1336 യഥാർഥമായ ആരാധനാസ്ഥലം ജറുസലേമിലാണ് എന്നു പറയുന്നത്? **ഉ:** നിങ്ങൾ (യഹൂദർ) (4,20).

**4,21–24 [21]യേശു പറഞ്ഞു: സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറു
സലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. [22]നിങ്ങൾ
അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു.
എന്തെന്നാൽ, രക്ഷ യഹൂദരിൽനിന്നാണ്. [23]എന്നാൽ, യഥാർഥ ആരാധകർ
ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു; അല്ല,
അത് ഇപ്പോൾത്തന്നെയാണ്. യഥാർഥത്തിൽ അങ്ങനെയുള്ള ആരാധകരെത്ത
ന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. [24]അവിടത്തെ
ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്.**

1337 അറിയുന്നതിനെയും അറിയാത്തതിനെയും ആരാധിക്കുന്നതിനെപ്പറ്റിയുള്ള പരാമർശം 22 രാജാ 17,27–33നെ അനുസ്മരിപ്പിക്കുന്നു.

1338 4,22ലെ രക്ഷ യഹൂദരിൽനിന്നാണ് എന്ന മൊഴി ഏശ 2,3നെ ആധാരമാക്കിയാകാം.

1339 പിതാവ് അന്വേഷിക്കുന്ന യഥാർഥ ആരാധകർ? **ഉ:** ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്നവർ (4,23).

1340 അവിടത്തെ ആരാധിക്കുന്നവർ ആരാധിക്കേണ്ടത്? **ഉ:** ആത്മാവിലും സത്യത്തിലും (4,24).

**4,25 ആ സ്ത്രീ പറഞ്ഞു: മിശിഹാ – ക്രിസ്തു – വരുമെന്ന് എനിക്ക് അറിയാം. അവൻ വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും.**

1341 എനിക്ക് അറിയാം എന്ന് ആ സ്ത്രീ (സമരിയാസ്ത്രീ) പറഞ്ഞത്? **ഉ:** മിശിഹാ – ക്രിസ്തു – വരുമെന്ന് (4,25).

**4,26 യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണ് അവൻ.**

1342 യേശുവും സമരിയാക്കാരിയും തമ്മിലുള്ള സംസാരത്തിൽ അവസാനം യേശു തന്നെക്കുറിച്ച് അവൾക്കു വെളിപ്പെടുത്തിക്കൊടുത്തത്? **ഉ:** വരുമെന്ന് അവൾക്ക് അറിയാവുന്ന മിശിഹാ – ക്രിസ്തു – താൻതന്നെയാണെന്ന് (4,26).

**4,27 അവന്റെ ശിഷ്യന്മാർ തിരിച്ചെത്തി. അവൻ ഒരു സ്ത്രീയോടു സംസാരിക്കുന്നതു കണ്ട് അവർ അദ്ഭുതപ്പെട്ടു. എന്നാൽ, എന്തു ചോദിക്കുന്നെന്നോ എന്തുകൊണ്ട് അവളോടു സംസാരിക്കുന്നെന്നോ ആരും അവനോടു ചോദിച്ചില്ല.**

1343 ശിഷ്യന്മാർ തിരിച്ചെത്തിയപ്പോൾ അവർ അദ്ഭുതപ്പെട്ടത്? **ഉ:** യേശു ഒരു സ്ത്രീയോടു സംസാരിക്കുന്നതു കണ്ട് (4,27).

1344 എന്നാൽ, ആരും അവനോടു ചോദിക്കാതിരുന്നത്? **ഉ:** എന്തു ചോദിക്കുന്നെന്നോ എന്തുകൊണ്ട് അവളോടു സംസാരിക്കുന്നെന്നോ (4,27).

**4,28–29 [28]ആ സ്ത്രീയാകട്ടെ, കുടം അവിടെ വച്ചിട്ട്, പട്ടണത്തിലേക്കു പോയി, ആളു
കളോടു പറഞ്ഞു: [29]ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനു
ഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻതന്നെയായിരിക്കുമോ ക്രിസ്തു?**

1345 ആരെ വന്നു കാണുവിൻ എന്ന് ആ സ്ത്രീ പട്ടണത്തിലേക്കു പോയി ആളുകളോടു പറഞ്ഞു: **ഉ:** ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ (4,29).

**4,30 അവർ പട്ടണത്തിൽനിന്നു പറപ്പെട്ട് അവന്റെ അടുത്തു വന്നു.**

**4,31 തത്സമയം ശിഷ്യന്മാർ അവനോട് അപേക്ഷിച്ചു: റബ്ബീ, ഭക്ഷണം കഴിച്ചാലും.**

1346 ആളുകൾ പട്ടണത്തിൽനിന്നു പുറപ്പെട്ട് യേശുവിന്റെ അടുത്തു വന്നു. തത്സമയം ശിഷ്യന്മാർ അവനോട് അപേക്ഷിച്ചത്? **ഉ:** റബ്ബീ, ഭക്ഷണം കഴിച്ചാലും (4,31).

**4,32 അവൻ പറഞ്ഞു: നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്.**

**4,33 ആരെങ്കിലും ഇവനു ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമോ എന്ന് ശിഷ്യന്മാർ പരസ്പരം പറഞ്ഞു.**

1347 ആരെങ്കിലും ഇവനു ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമോ എന്ന് പറഞ്ഞത്? **ഉ:** ശിഷ്യന്മാർ പരസ്പരം (4,33).

**4,34 യേശു പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം.**

1348 എന്റെ ഭക്ഷണം എന്ന് യേശു പറഞ്ഞത്? **ഉ:** എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയും (4,34).

**4,35–38 35 നാലു മാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ ഇപ്പോൾത്തന്നെ വിളഞ്ഞു കൊയ്ത്തിനു പാകമായിരിക്കുന്നു. 36 കൊയ്യുന്നവനു കൂലി കിട്ടുകയും അവൻ നിത്യജീവിതത്തിലേക്കു ഫലം ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ, വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒപ്പം സന്തോഷിക്കുന്നു. 37 വിതയ്ക്കുന്നത് ഒരുവൻ, കൊയ്യുന്നതു മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ സാർഥകമായിരിക്കുന്നു. 38 നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്ത വിളവു ശേഖരിക്കാൻ ഞാൻ നിങ്ങളെ അയച്ചു; മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനത്തിന്റെ ഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.**

1349 നിത്യജീവിതത്തിലേക്കു ഫലം ശേഖരിക്കുന്നത്? **ഉ:** കൊയ്യുന്നവൻ (4,38).

1350 ശിഷ്യന്മാരെ യേശു അയച്ചത്? **ഉ:** അവർ അധ്വാനിച്ചിട്ടില്ലാത്ത വിളവു ശേഖരിക്കാൻ (4,38).

1351 ശിഷ്യന്മാർ പ്രവേശിച്ചിരിക്കുന്നത്? **ഉ:** മറ്റുള്ളവരുടെ അധ്വാനത്തിന്റെ ഫലത്തിലേക്കു (4,38).

**4,39 ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യം മൂലം പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു.**

1352 സിക്കാർ എന്ന പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചതിനു മൂലം? **ഉ:** ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യം (4,39).

1353 ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യം മൂലം സിക്കാർ എന്ന പട്ടണത്തിൽ അവനിൽ വിശ്വസിച്ചത്? **ഉ:** സമരിയാക്കാരിൽ അനേകർ (4,39).

**4,40 ആ സമരിയാക്കാർ അവന്റെ അടുത്തു വന്നു തങ്ങളോടൊത്തു വസിക്കണമെന്ന് അവനോട് അപേക്ഷിക്കുകയും അവൻ രണ്ടു ദിവസം അവിടെ താമസിക്കുകയും ചെയ്തു.**

1354 സിക്കാർ എന്ന പട്ടണത്തിലെ സമരിയാക്കാർ യേശുവിന്റെ അടുത്തു വന്ന് അപേക്ഷിച്ചത്? **ഉ:** തങ്ങളോടൊത്തു വസിക്കണമെന്ന് (4,40).

1355 യേശു യൂദയാ വിട്ട് ഗലീലിയിലേക്കു പോകുമ്പോൾ രണ്ടു ദിവസം താമസിച്ച സമരിയാപ്പട്ടണം? **ഉ:** സിക്കാർ.

1356 യേശു യൂദയാ വിട്ട് ഗലീലിയിലേക്കു പോകുമ്പോൾ സിക്കാർ എന്ന പട്ടണത്തിൽ താമസിച്ചത്? **ഉ:** രണ്ടു ദിവസം (4,40).

**4,41 അവന്റെ വചനം വിശ്വസിച്ച മറ്റു പലരും അവനിൽ വിശ്വസിച്ചു.**

1356 സിക്കാർ എന്ന പട്ടണത്തിൽ യേശുവിൽ വിശ്വസിച്ച മറ്റു പലർ? **ഉ:** അവന്റെ വചനം വിശ്വസിച്ചവർ (4,41).

1357 സിക്കാർ എന്ന സമരിയാപ്പട്ടണത്തിൽ യേശുവിൽ വിശ്വസിച്ചവർ? **ഉ:** ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യം മൂലം അവനിൽ വിശ്വസിച്ച സമരിയാക്കാരിൽ അനേകരും അവന്റെ വചനം വിശ്വസിച്ച മറ്റു പലരും (4,39. 41).

**4,42 അവർ ആ സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണ് യഥാർഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു.**

1358 ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണ് യഥാർഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു എന്നു പറഞ്ഞത്? **ഉ:** (സമരിയാക്കാരിൽ) അവന്റെ വചനം വിശ്വസിച്ച മറ്റു പലരും (4,42).



1359 ഇവനാണ് (യേശുവാണ്) യഥാർഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു എന്നു പറഞ്ഞത്? **ഉ:** (സമരിയാക്കാരിൽ) അവന്റെ വചനം വിശ്വസിച്ച മറ്റു പലരും (4,42).

1360 (സമരിയാക്കാരിൽ) യേശുവിന്റെ വചനം വിശ്വസിച്ച മറ്റു പലരും അവനെ മനസ്സിലാക്കിയത്? **ഉ:** ഇവനാണ് യഥാർഥത്തിൽ ലോകരക്ഷകൻ എന്ന് (4,42).

രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു (മത്താ 8,5–13; ലൂക്കാ 7,1–10)

**4,43 രണ്ടു ദിവസം കഴിഞ്ഞ് അവൻ അവിടെനിന്നു ഗലീലിയിലേക്കു പോയി.**

1361 യേശു സമരിയായിൽ / സിക്കാറിൽ എത്ര ദിവസം താമസിച്ചു? **ഉ:** രണ്ടു ദിവസം (4,43).

1362 രണ്ടു ദിവസം കഴിഞ്ഞ് അവൻ സിക്കാറിൽനിന്നു പോയത്? **ഉ:** ഗലീലിയിലേക്ക് (4,43).

**4,44 പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല എന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു.**

1363 യേശുതന്നെ സാക്ഷ്യപ്പെടുത്തിയിരുന്നത്? **ഉ:** പ്രവാചകൻ സ്വന്തം നാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ല എന്ന് (4,44).

1364 പ്രവാചകൻ ബഹുമാനിക്കപ്പെടാത്തത്? **ഉ:** സ്വന്തം നാട്ടിൽ (4,43).

1365 യോഹ 4,4നു സമാനമായ സുവിശേഷഭാഗങ്ങൾ? **ഉ:** മത്താ 13,57; മർക്കോ 6,4; ലൂക്കാ 4,24.

**4,45 അവൻ ഗലീലിയിൽ വന്നപ്പോൾ ഗലീലിയാക്കാർ അവനെ സ്വാഗതം ചെയ്തു. എന്തെന്നാൽ, തിരുനാളിൽ അവൻ ജറുസലേമിൽ ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവരും തിരുനാളിനു പോയിട്ടുണ്ടായിരുന്നു.**

1366 യേശു ഗലീലിയിൽ വന്നപ്പോൾ അവനെ സ്വാഗതം ചെയ്തത്? **ഉ:** ഗലീലിയാക്കാർ (4,45).

1367 തിരുനാളിൽ യേശു ജറുസലേമിൽ ചെയ്ത കാര്യങ്ങൾ കണ്ടിരുന്നത്? **ഉ:** ഗലീലിയാക്കാർ (4,45).

1368 തിരുനാളിനു പോയിട്ടുണ്ടായിരുന്നു എന്ന് യോഹന്നാൻസുവിശേഷകൻ പ്രത്യേകിച്ചു പറയുന്നവർ? **ഉ:** ഗലീലിയാക്കാർ (4,45).

**4,46 അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെവച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. കഫർണാമിൽ ഒരു രാജസേവകൻ ഉണ്ടായിരുന്നു. അവന്റെ മകൻ രോഗബാധിതനായിരുന്നു.**

1369 യേശു ഗലീലിയിലെ കാനായിൽവച്ച് വെള്ളം വീഞ്ഞാക്കിയതിനെക്കുറിച്ചുള്ള രണ്ടാമത്തെ പരാമർശം? **ഉ:** യോഹ 4,46.

1370 ഒരു രാജസേവകൻ ഉണ്ടായിരുന്നത്? **ഉ:** കഫർണാമിൽ (4,46). (കഫർണാം ഗലീലിയിലാണ്).

1371 കഫർണാമിൽ രോഗബാധിതനായിരുന്നത്? **ഉ:** രാജസേവകന്റെ മകൻ (4,46).

**4,47 യേശു യൂദയായിയിൽനിന്നു ഗലീലിയിലേക്കു വന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തന്റെ ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചു.**

1372 യേശു യൂദയായിയിൽനിന്നു ഗലീലിയിലേക്കു വന്നെന്നു കേട്ടപ്പോൾ ചെന്ന് തന്റെ ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചത്? **ഉ:** കഫർണാമിലെ രാജസേവകൻ (4,46.47).

**4,48 അപ്പോൾ യേശു പറഞ്ഞു: അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ.**

1373 അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ എന്ന് യേശു പറഞ്ഞത്? **ഉ:** കഫർണാമിലെ രാജസേവകൻ ചെന്ന ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചപ്പോൾ (4,47–48).

1374 യോഹ 4,48ൽ അടയാളങ്ങൾ എന്ന പദത്തിനു സമാന്തരമായി യേശു ഉപയോഗിച്ചിട്ടുള്ള പദം? **ഉ:** അദ്ഭുതങ്ങൾ.

**4,49 അപ്പോൾ, ആ രാജസേവകൻ അവനോട് അപേക്ഷിച്ചു: കർത്താവേ, എന്റെ മകൻ മരിക്കുംമുമ്പ് വരേണമെ! യേശു പറഞ്ഞു: പൊയ്ക്കൊള്ളുക. നിന്റെ മകൻ ജീവിക്കും.**

1375 കർത്താവേ, എന്റെ മകൻ മരിക്കുംമുമ്പ് വരേണമെ! എന്ന് യേശുവിനോട് അപേക്ഷിച്ചത്? **ഉ:** കഫർണാമിലെ രാജസേവകൻ (4,49).

1376 പൊയ്ക്കൊള്ളുക. നിന്റെ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞത്? **ഉ:** കഫർണാമിലെ രാജസേവകനോട് (4,49).

**4,50 യേശു പറഞ്ഞ വചനം വിശ്വസിച്ച് അവൻ പോയി.**

1377 യേശു പറഞ്ഞ വചനം വിശ്വസിച്ച് പോയത്? **ഉ:** കഫർണാമിലെ രാജസേവകൻ (4,50).

**4,51 പോകുംവഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി ഭൃത്യന്മാർ എതിരേ വന്നു.**

**4,52–53 [52]ഏതു സമയത്താണ് അവന്റെ സ്ഥിതി മെച്ചപ്പെട്ടത് എന്ന് അവൻ അന്വേഷിച്ചു. ഇന്നലെ ഏഴാം മണിക്കൂറിൽ പനി അവനെ വിട്ടുമാറി എന്ന് അവർ പറഞ്ഞു. [53]നിന്റെ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞത് ആ മണിക്കൂറിൽത്തന്നെയാണെന്ന് പിതാവു മനസ്സിലാക്കി; അവനും കുടുംബം മുഴുവനും വിശ്വസിച്ചു.**

1378 കഫർണാമിലെ രാജസേവകന്റെ മകന്റെ പനി അവനെ വിട്ടുമാറിയത് നിന്റെ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞ ആ മണിക്കൂറിൽത്തന്നെയാണെന്നു മനസ്സിലാക്കിയത്? **ഉ:** പിതാവ് (4,53).

1379 അവനും കുടുംബം മുഴുവനും വിശ്വസിച്ചു എന്ന് എഴുതിയിട്ടുള്ളത്? **ഉ:** കഫർണാമിലെ രാജസേവകനെയും കുടുംബത്തെയുംപറ്റി (4,52–53).

**4,54 ഇത് യൂദയായിൽനിന്നു ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളമാണ്.**

1380 യേശു ഗലീലിയിൽ പ്രവർത്തിച്ച രണ്ടാമത്തെ അടയാളം? **ഉ:** കഫർണാമിലെ രാജസേവകന്റെ മകനെ(ന്റെ പനി) സുഖപ്പെടുത്തിയത് (4,46–53).

1381 ഗലീലിയിൽ പ്രവർത്തിച്ച ആദ്യത്തെ രണ്ട് അടയാളങ്ങൾക്കും പൊതുവായ ഫലം? **ഉ:** കാനായിൽ അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു; കഫർണാമിൽ രാജസേവകനും കുടുംബം മുഴുവനും വിശ്വസിച്ചു.

**5,1 ഇതിനുശേഷം, യഹൂദരുടെ ഒരു തിരുനാളിന് യേശു ജറുസലേമിലേക്കു പോയി.**

1382 കഫർണാമിലെ രാജസേവകന്റെ മകനെ(ന്റെ പനി) സുഖപ്പെടുത്തിയശേഷം യേശു പോയത്? **ഉ:** ജറുസലേമിലേക്ക് (5,1).

1383 കഫർണാമിലെ രാജസേവകന്റെ മകനെ(ന്റെ പനി) സുഖപ്പെടുത്തിയശേഷം യേശു ജറുസലേമിലേക്കു പോയത്? **ഉ:** യഹൂദരുടെ ഒരു തിരുനാളിന് (5,1).

**5,2 ജറുസലേമിൽ അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു; അതിന് അഞ്ചു മണ്ഡപങ്ങളും.**

1384 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നത്? **ഉ:** ജറുസലേമിൽ അജകവാടത്തിനടുത്ത് (5,2).

1385 ജറുസലേമിൽ അജകവാടത്തെക്കുറിച്ചുള്ള പഴയ നിയമത്തിൽ? **ഉ:** നെഹെ 3,1; 12,39.

1386 ജറുസലേമിൽ അജകവാടത്തിനടുത്ത് ഉണ്ടായിരുന്ന കുളത്തിന്റെ പേര്? **ഉ:** ബേത്സഥാ (5,2).

1387 ബേത്സഥാ ഏതു ഭാഷ? **ഉ:** ഹെബ്രായ (5,2).

1388 ബേത്സഥാ കുളത്തിന് മണ്ഡപങ്ങൾ? **ഉ:** അഞ്ച് (5,2).

**5,3 അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു.**

1389 ജറുസലേമിൽ അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ കിടന്നിരുന്നത്? **ഉ:** കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ (5,3).

1390 ജറുസലേമിൽ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നത്? **ഉ:** അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ (5,3).



1391 5,3ന്റെ ഭാഗമായി ചില കൈയെഴുത്തുപ്രതികളിൽ ഉള്ളത്? **ഉ:** വെള്ളത്തിന്റെ ഇളക്കം പ്രതീക്ഷിച്ചുകൊണ്ടു കിടന്നിരുന്നു എന്ന്.

1392 പി.ഒ.സി ബൈബിളിൽ നാലാം വാക്യം ഇല്ല (5,4 ഇല്ല). ചില കൈയെഴുത്തുപ്രതികളിൽ 4-ാം വാക്യമായി കാണുന്നത്? **ഉ:** എന്തെന്നാൽ, കർത്താവിന്റെ ദൂതൻ ചില അവസരങ്ങളിൽ കുളത്തിലിറങ്ങി വെള്ളം ഇളക്കുമായിരുന്നു. വെള്ളം ഇളക്കിക്കഴിഞ്ഞ് ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധിയിലുംനിന്ന്, സുഖം പ്രാപിക്കുമായിരുന്നു.

**5.5 മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെയുണ്ടായിരുന്നു.**
**[6]അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചു: സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?**

1393 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ യേശു കണ്ടത്? **ഉ:** മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെ കിടക്കുന്നത് (5,6).

1394 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ കിടക്കുന്നത് യേശു കണ്ട മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവനെക്കുറിച്ച് യേശു അറിഞ്ഞത്? **ഉ:** അവൻ വളരെ നാളായി കിടപ്പിലാണെന്ന് (5,6). (**ശ്രദ്ധിക്കുക:** ഈ രോഗിയെക്കുറിച്ച് സുവിശേഷവിവരണത്തിൽ ഒരിടത്തും 'തളർവാതരോഗി' എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല).

1395 അവൻ വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചത്? **ഉ:** സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? (5,6).

1396 സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ എന്ന് യേശു ചോദിച്ചത്? **ഉ:** ബേത്സഥാ എന്നു വിളിക്കുന്ന കുളത്തിന്റെയവിടെ വളരെ നാളായി കിടപ്പിലായിരുന്നവനോട് (5,5–6).

**5,7 അവൻ പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും.**

1397 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ വളരെ നാളായി കിടന്നവൻ യേശുവിനെ ആദ്യമായി വിളിച്ചത്? **ഉ:** കർത്താവേ (5,7).

**5,8 യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക.**

1398 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ വളരെ നാളായി കിടന്നവനെ സുഖപ്പെടുത്താൻ യേശു പറഞ്ഞത്? **ഉ:** എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക (5,8).

**5,9 അവൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന് സാബത്ത് ആയിരുന്നു.**

1399 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ വളരെ നാളായി കിടന്നവനെ സുഖപ്പെടുത്തിയ ദിവസം? **ഉ:** സാബത്ത് (5,9).

**5,10 അതിനാൽ സുഖംപ്രാപിച്ച ആ മനുഷ്യനോട് യഹൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്.**

1400 സുഖംപ്രാപിച്ച ആ മനുഷ്യനോട്, യഹൂദർ ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ് എന്നു പറഞ്ഞത്? **ഉ:** യഹൂദർ (5,10).

1401 സുഖംപ്രാപിച്ച ആ മനുഷ്യനോട്, ഇന്നു സാബത്താകയാൽ നിഷിദ്ധമാണ് എന്ന് യഹൂദർ പറഞ്ഞത്? **ഉ:** കിടക്ക ചുമക്കുന്നത് (5,10).

**5,11 അവൻ മറുപടി പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ നിന്റെ കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു പറഞ്ഞു.**

**5,12 അപ്പോൾ അവർ ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ്?**

1402 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ സുഖംപ്രാപിച്ച ആ മനുഷ്യനോട്, കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ് എന്നു

ചോദിച്ചത്? **ഉ:** യഹൂദർ (5,12).

1483 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ സുഖംപ്രാപിച്ച ആ മനുഷ്യനോട്, യഹൂദർ ചോദിച്ചത്? **ഉ:** കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ് എന്ന് (5,12).

**5,13 അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു മറഞ്ഞുകഴിഞ്ഞിരുന്നതിനാൽ അവൻ ആരാണെന്ന് സുഖം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല.**

1484 യോഹന്നാന്റെ സുവിശേഷത്തിൽ, തന്നെ സുഖപ്പെടുത്തിയവൻ ആരാണെന്ന് അറിയാത്ത മനുഷ്യൻ? **ഉ:** ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ സുഖംപ്രാപിച്ച മനുഷ്യൻ (5,13).

**5,14 പിന്നീട് യേശു ദേവാലയത്തിൽവച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്.**

1485 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ സുഖപ്പെടുത്തിയവനെ യേശു പിന്നീടു കണ്ടത്? **ഉ:** ദേവാലയത്തിൽവച്ച് (5,14).

1486 അവനെ ദേവാലയത്തിൽവച്ച് കണ്ടപ്പോൾ, കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ ചെയ്യരുതെന്ന് യേശു അവനോടു പറഞ്ഞത്?
**ഉ:** പാപം (5,14).

**5,15 അവൻ പോയി, യേശുവാണ് തന്നെ സുഖപ്പെടുത്തിയതെന്ന് യഹൂദരെ അറിയിച്ചു.**

1487 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ യേശു സുഖപ്പെടുത്തിയവൻ പോയി യഹൂദരെ അറിയിച്ചത്? **ഉ:** യേശുവാണ് തന്നെ സുഖപ്പെടുത്തിയതെന്ന് (5,15).

**5,16 സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിച്ചു.**

1488 യഹൂദർ യേശുവിനെ ദ്വേഷിച്ചത്? **ഉ:** സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ (5,16). (സാബത്തിൽ സുഖപ്പെടുത്തിയതിനാൽ).

**5,17 യേശു അവരോടു പറഞ്ഞു: എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു.**

1489 സാബത്തിൽ സഖപ്പെടുത്തിയതിനാൽ തന്നെ ദ്വേഷിച്ച യഹൂദരോട് യേശു പറഞ്ഞത്? **ഉ:** എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു (5,17).

1490 ഇപ്പോഴും പ്രവർത്തനനിരതനാണെന്ന് യേശു യഹൂദരോടു പറഞ്ഞത്? **ഉ:** എന്റെ പിതാവ് (5,17).

**5,18 ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.**

1491 ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളത്തിന്റെയവിടെ രോഗിയെ സുഖപ്പെടുത്തിയ യേശുവിനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം? **ഉ:** കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.

1492 ദൈവത്തെ തന്റെ പിതാവെന്നു വിളിച്ച് യേശു ചെയ്തത്? **ഉ:** തന്നെത്തന്നെ ദൈവതുല്യനാക്കി (5,18).

പുത്രന്റെ അധികാരം

**5,19 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം പുത്രനും അപ്രകാരംതന്നെ ചെയ്യുന്നു.**

1493 പുത്രനു ചെയ്യുവാൻ സാധിക്കാത്തത്? **ഉ:** സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും (5,19).

1494 പുത്രനു ചെയ്യുവാൻ സാധിക്കുന്നത്? **ഉ:** പിതാവു ചെയ്തുകാണുന്നത്.

1495 പുത്രനും അപ്രകാരംതന്നെ ചെയ്യുന്നത്? **ഉ:** പിതാവു ചെയ്യുന്നതെല്ലാം (5,19).

**5,20 എന്തെന്നാൽ, പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും അവിടന്ന് അവനെ കാണിക്കും.**



1496 പിതാവു ചെയ്യുന്നതെല്ലാം പുത്രനും അപ്രകാരംതന്നെ ചെയ്യുന്നു. കാരണം?
**ഉ:** പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു (5,20).

1496 പിതാവു പുത്രനെ കാണിക്കുന്നത്? **ഉ:** താൻ ചെയ്യുന്നതെല്ലാം (5,20).

**5,21 പിതാവ് മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു ജീവൻ നല്കുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നല്കുന്നു.**

1497 പുത്രൻ ജീവൻ നല്കുന്നത്? **ഉ:** താൻ ഇച്ഛിക്കുന്നവർക്കു (5,21).

1498 പിതാവും പുത്രനും ഒരുപോലെ ചെയ്യുന്ന പ്രവൃത്തി? **ഉ:** മരിച്ചവർക്കു ജീവൻ നല്കുന്നു (5,21).

1499 മരിച്ചവർക്കു ജീവൻ നല്കുന്നതിനെക്കുറിച്ചു പരാമർശിക്കുന്ന സമാനവേദഭാഗങ്ങൾ? **ഉ:** റോമാ 4,17; 8,11; യോഹ 11,25.

**5,22–23 [22]പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവനും അവിടന്നു പുത്രനെ ഏല്പിച്ചിരിക്കുന്നു. [23]പിതാവിനെ ആദരിക്കുന്നതുപോലെതന്നെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല.**

1500 പിതാവ് ചെയ്യാതെ പുത്രനെ ഏല്പിച്ചിരിക്കുന്നത്? **ഉ:** വിധി മുഴുവനും (5,22).

1501 പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവനും അവിടന്നു പുത്രനെ ഏല്പിച്ചിരിക്കുന്നു. എന്തിന്? **ഉ:** പിതാവിനെ ആദരിക്കുന്നതുപോലെതന്നെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിന് (5,23).

1502 എല്ലാവരും പുത്രനെ ആദരിക്കേണ്ടത്? **ഉ:** പിതാവിനെ ആദരിക്കുന്നതുപോലെതന്നെ (5,23).

1503 പുത്രനെ ആദരിക്കാത്തവരാരും ആദരിക്കുന്നില്ലാത്തത്? **ഉ:** അവനെ അയച്ച പിതാവിനെയും (5,23).

1504 പിതാവിനെ ആദരിക്കാൻ ആദരിക്കേണ്ടത്? **ഉ:** പുത്രനെ (5,23).

**5,24 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.** (5,24–29 വാക്യനമ്പരുൾപ്പടെ കൃത്യമായി മനഃപാഠമാക്കുക)

1505 യേശുവിന്റെ വചനം കേൾക്കുകയും അവനെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനുള്ളത്? **ഉ:** നിത്യജീവൻ (5,24).

1506 യേശുവിന്റെ വചനം കേൾക്കുകയും അവനെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് ഉണ്ടാകുന്നില്ല? **ഉ:** ശിക്ഷാവിധി (5,24).

1507 യേശുവിന്റെ വചനം കേൾക്കുകയും അവനെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവൻ കടന്നിരിക്കുന്നത്? **ഉ:** മരണത്തിൽനിന്നു ജീവനിലേക്കു (5,24).

1508 മരണത്തിൽനിന്നു ജീവനിലേക്കു കടക്കാൻ? **ഉ:** യേശുവിന്റെ വചനം കേൾക്കുകയും അവനെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യണം (5,24).

**5,25-27 [25]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും. [26]എന്തെന്നാൽ, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുവാൻ അവിടന്നു വരം നല്കിയിരിക്കുന്നു. [27]മനുഷ്യപുത്രനായതുകൊണ്ട് വിധിക്കാനുള്ള അധികാരവും അവനു നല്കിയിരിക്കുന്നു.**

1509 മരിച്ചവർ ശ്രവിച്ച് ജീവിക്കുന്ന സ്വരം? **ഉ:** ദൈവപുത്രന്റെ സ്വരം (5,27).

1510 പിതാവ് പുത്രനു നല്കിയിരിക്കുന്ന വരം? **ഉ:** പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുവാൻ (5,26).

1511 പിതാവ് പുത്രനു വിധിക്കാനുള്ള അധികാരം നല്കിയിരിക്കുന്നത്? **ഉ:** മനുഷ്യപുത്രനായതുകൊണ്ട് (5,27).

1512 മനുഷ്യപുത്രനായതുകൊണ്ട് പിതാവ് പുത്രനു നല്കിയിരിക്കുന്ന അധികാരം?

ഉ: വിധിക്കാനുള്ള (5,27).

**5,28-29 [28]ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ. എന്തെന്നാൽ, കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. [29]അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും.**

1513 മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു (വാക്യം 25). ഇതിനു സമാനമായ വാക്യം? **ഉ:** കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു (വാക്യം 28).

1514 കല്ലറകളിലുള്ളവരെല്ലാം പുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുമ്പോൾ ജീവന്റെ ഉയിർപ്പിനായി പുറത്തുവരുന്നത്? **ഉ:** നന്മ ചെയ്തവർ (5,29).

1515 കല്ലറകളിലുള്ളവരെല്ലാം പുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുമ്പോൾ ശിക്ഷാവിധിയുടെ ഉയിർപ്പിനായി പുറത്തുവരുന്നത്? **ഉ:** തിന്മ ചെയ്തവർ (5,29).

1516 കല്ലറകളിലുള്ളവരെല്ലാം പുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുമ്പോൾ തിന്മ ചെയ്തവർ പുറത്തുവരുന്നത്? **ഉ:** ശിക്ഷാവിധിയുടെ ഉയിർപ്പിനായി (5,29).

യേശുവിന്റെ സാക്ഷ്യം

**5,30 സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല. ഞാൻ ശ്രവിക്കുന്നതുപോലെ, ഞാൻ വിധിക്കുന്നു. എന്റെ വിധി നീതിപൂർവകവുമാണ്. കാരണം എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്.**

1517 യേശുവിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ലാത്തത്? **ഉ:** സ്വമേധയാ (5,30).

1518 സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല എന്ന് യേശു പറയുന്നത്? **ഉ:** വിധിക്കുന്നതിൽ (5,30).

1519 പുത്രനായ യേശു വിധിക്കുന്നത്? **ഉ:** അവൻ ശ്രവിക്കുന്നതുപോലെ (5,30).

1520 യേശുവിന്റെ വിധി നീതിപൂർവകവുമാണ്. കാരണം? **ഉ:** എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത് (5,30).

1521 യേശു അന്വേഷിക്കുന്നത്? **ഉ:** തന്നെ അയച്ചവന്റെ ഇഷ്ടം (5,30).

**5,31–35 [31]ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തുന്നുവെങ്കിൽ എന്റെ സാക്ഷ്യം സത്യമല്ല. [32]എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്ന വേറൊരാളുണ്ട്. അവന്റെ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം. [33]നിങ്ങൾ യോഹന്നാന്റെ അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം നല്കുകയും ചെയ്തു. [34]ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കേണ്ടാ; നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനാണ് ഞാൻ ഇതെല്ലാം പറയുന്നത്. [35]കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. അല്പസമയത്തേക്ക് അവന്റെ പ്രകാശത്തിൽ ആഹ്ലാദിക്കാൻ നിങ്ങൾ ഒരുക്കവുമായിരുന്നു.**

1522 യഹൂദർ ആളയച്ചത്? **ഉ:** യോഹന്നാന്റെ അടുത്തേക്ക് (5,33).

1523 സത്യത്തിനു സാക്ഷ്യം നല്കിയത്? **ഉ:** യോഹന്നാൻ (5,33).

1524 നിങ്ങൾ വിചാരിക്കേണ്ടാ എന്ന് യേശു യഹൂദരോടു പറയുന്നത്? **ഉ:** ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്ന് (5,34).

1525 യേശു യോഹന്നാന്റെ സാക്ഷ്യത്തെപ്പറ്റിയുമെല്ലാം യഹൂദരോടു പറയുന്നത്? **ഉ:** അവർ രക്ഷിക്കപ്പെടേണ്ടതിന് (5,34).

1526 കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നത്? **ഉ:** യോഹന്നാൻ (സ്നാപക) (5,33.35).

1527 യഹൂദർ ഒരുക്കവുമായിരുന്നത്? **ഉ:** അല്പസമയത്തേക്ക് അവന്റെ (യോഹന്നാന്റെ) പ്രകാശത്തിൽ ആഹ്ലാദിക്കാൻ (5,35).

**5,36–37 [36]എന്നാൽ, യോഹന്നാന്റേതിനെക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ, ഞാൻ പൂർത്തിയാക്കാനായി പിതാവ് എന്നെ ഏല്പിച്ച ജോലികൾ – ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ – പിതാവാണ് എന്നെ അയച്ചതെന്നു സാക്ഷ്യപ്പെടുത്തുന്നു. [37]എന്നെ അയച്ച പിതാവുതന്നെ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടത്തെ സ്വരം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ല.**

1528 യേശു പൂർത്തിയാക്കാനായി പിതാവ് അവനെ ഏല്പിച്ച ജോലികൾ? **ഉ:** യേശു ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ (5,36).

1529 യേശു ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ സാക്ഷ്യപ്പെടുത്തുന്നത്?



**ഉ:** പിതാവാണ് യേശുവിനെ അയച്ചതെന്ന് (5,36).

1530 യേശുവിനെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്? **ഉ:** അവനെ അയച്ച പിതാവുതന്നെ (5,37).

1531 യഹൂദർ ഒരിക്കലും കേട്ടിട്ടില്ലാത്തത്? **ഉ:** യേശുവിനെ അയച്ച പിതാവിന്റെ സ്വരം (5,37).

1532 യോഹ 5,31-37നു സമാനമായ യോഹന്നാന്റെ സുവിശേഷഭാഗം? **ഉ:** 8,1418.

**5,38–40 [38]അവിടന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല. [39]വിശുദ്ധ ലിഖിതങ്ങൾ നിങ്ങൾ പഠിക്കുന്നു. എന്തെന്നാൽ, അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു. അവ തന്നെയാണ് എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്നത്. [40]എന്നിട്ടും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുത്തേക്കു വരാൻ നിങ്ങൾ വിസമ്മതിക്കുന്നു.**

1533 പിതാവ് അയച്ചവനെ വിശ്വസിക്കാത്തവരിൽ വസിക്കാത്തത്? **ഉ:** അവിടത്തെ വചനം (5,38).

1534 യഹൂദർ വിശുദ്ധ ലിഖിതങ്ങൾ പഠിക്കുന്നത്? **ഉ:** അവയിൽ നിത്യജീവൻ ഉണ്ടെന്നു വിചാരിക്കുന്നതിനാൽ (5,39).

1535 വിശുദ്ധ ലിഖിതങ്ങളിൽ ഉണ്ടെന്നു യഹൂദർ വിചാരിക്കുന്നത്? **ഉ:** നിത്യജീവൻ (5,39).

1546 വിശുദ്ധ ലിഖിതങ്ങൾതന്നെ സാക്ഷ്യം നല്കുന്നത്? **ഉ:** യേശുവിനെക്കുറിച്ച് (5,39).

1547 വിശുദ്ധ ലിഖിതങ്ങൾ യേശുവിനെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു എന്ന് യേശു പറയുന്നതിനു (യോഹ 5,40ൽ) സമാനമായി പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** ലൂക്കാ 24,27; അപ്പ 13,27.

1548 നിത്യജീവൻ ഉണ്ടാകേണ്ടതിന്? **ഉ:** യേശുവിന്റെ അടുത്തേക്കു വരണം (5,40).

**5,41 മനുഷ്യരിൽനിന്നു ഞാൻ മഹത്ത്വം സ്വീകരിക്കുന്നില്ല.**

1549 മനുഷ്യരിൽനിന്നു ഞാൻ സ്വീകരിക്കുന്നില്ല എന്ന് യേശു യഹൂദന്മാരോടു പറഞ്ഞത്? **ഉ:** മഹത്ത്വം (5,41).

**5,42–43 [42]എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല. [43]ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. എന്നാൽ, മറ്റൊരുവൻ സ്വന്തം നാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും.**

1550 നിങ്ങളിൽ (യഹൂദരിൽ) ഇല്ലെന്ന് യേശുവിന് അറിയാവുന്നത്? **ഉ:** ദൈവസ്നേഹമില്ലെന്ന് (5,42).

1551 തന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്ന യേശുക്രിസ്തുവിനെ സ്വീകരിക്കാത്തവരിൽ ഇല്ലാത്തത്? **ഉ:** ദൈവസ്നേഹം (5,42).

**5,44 പരസ്പരം മഹത്ത്വം സ്വീകരിക്കുകയും ഏകദൈവത്തിൽനിന്നു വരുന്ന മഹത്ത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?**

1552 യഹൂദർക്ക് യേശിവിൽ വിശ്വസിക്കാൻ കഴിയാത്തതിന് യേശു യോഹ 5,44ൽ പറയുന്ന കാരണം? **ഉ:** പരസ്പരം മഹത്ത്വം സ്വീകരിക്കുകയും ഏകദൈവത്തിൽനിന്നു വരുന്ന മഹത്ത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നു.

1553 യഹൂദർ സ്വീകരിക്കുന്നത്? **ഉ:** പരസ്പരം മഹത്ത്വം (4,44).

1554 യഹൂദർ അന്വേഷിക്കാതിരിക്കുന്നത്? **ഉ:** ഏകദൈവത്തിൽനിന്നു വരുന്ന മഹത്ത്വം (4,44).

**5,45–47 [45]പിതാവിന്റെ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നത് എന്നു നിങ്ങൾ വിചാരിക്കേണ്ടാ. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്ന മോശയായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക. [46]നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ച് അവൻ എഴുതിയിരിക്കുന്നു. [47]എന്നാൽ, അവൻ എഴുതിയവ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എന്റെ വാക്കുകൾ എങ്ങനെ വിശ്വസിക്കും?**

1555 യഹൂദർ പ്രത്യാശ അർപ്പിച്ചിരിക്കുന്നത്? **ഉ:** മോശയിൽ (5,45).

1556 പിതാവിന്റെ സന്നിധിയിൽ യഹൂദരെ കുറ്റപ്പെടുത്തുന്നത് ആരായിരിക്കും എന്നാണ് യേശു പറയുന്നത്? **ഉ:** മോശ (5,45).

1557 യഹൂദർ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ വിശ്വസിക്കുമായിരുന്നത്? **ഉ:** യേശു

വിനെ (5,46).
1558 യഹൂദർ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ യേശുവിനെയും വിശ്വസിക്കുമായിരുന്നു. കാരണം? **ഉ:** മോശ യേശുവിനെക്കുറിച്ച് എഴുതിയിരിക്കുന്നു (5,46).
1559 മോശ എഴുതിയത് യഹൂദർ വിശ്വസിക്കുന്നില്ലാത്തതിനാൽ അവർ വിശ്വസിക്കാത്തത്? **ഉ:** യേശുവിന്റെ വാക്കുകൾ (5,47).
1560 ലൂക്കാ 4,47നു സമാനമായ ഒരു സുവിശേഷഭാഗം? **ഉ:** ലൂക്കാ 16,29-31.
1561 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്ന് യോഹ 5ൽ എത്ര പ്രാവശ്യം? **ഉ: മൂന്ന് (**5,19. 24. 25).

## അധ്യായം 6 (അധ്യായം 6ൽ 71 വാക്യങ്ങൾ)

അപ്പം വർദ്ധിപ്പിക്കുന്നു (മത്താ 14,13-21; മർക്കോ 6,30-44; ലൂക്കാ 9,10-17).

**6,1 യേശു തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്കു പോയി.**

1562 തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്നത്? **ഉ:** ഗലീലിക്കടലിന്റെ മറുകര (6,1).
1563 ജറുസലേമിൽ ബേത്സഥാ കുളത്തിന്റെയവിടത്തെ സൗഖ്യദാനത്തെത്തുടർന്ന് യഹൂദരുമായുണ്ടായ സംവാദത്തിനുശേഷം യേശു പോയത്? **ഉ:** തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്കു (6,1).

**6,2 വലിയ ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചു. കാരണം, രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ അവർ കണ്ടിരുന്നു.**

1564 തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്ക് യേശു പോയപ്പോൾ അവനെ അനുഗമിച്ചത്? **ഉ:** വലിയ ഒരു ജനക്കൂട്ടം (6,2).
1565 യേശു തിബേരിയാസ് എന്നുകൂടി വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്ക് പോയപ്പോൾ അവനെ അനുഗമിച്ച വലിയ ജനക്കൂട്ടം കണ്ടിരുന്നത്? **ഉ:** രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ (6,2).

**6,3 യേശു മലയിലേക്കു കയറി ശിഷ്യന്മാരോടുകൂടെ അവിടെയിരുന്നു.**

1566 യേശു ഗലീലിക്കടലിന്റെ മറുകരയിൽ മലയിലേക്കു കയറി അവിടെയിരുന്നത്? **ഉ:** ശിഷ്യന്മാരോടുകൂടെ (6,3).

**6,4 യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു.**

1567 യേശു ഗലീലിക്കടലിന്റെ മറുകരയിൽ മലയിലേക്കു കയറി അവിടെയിരുന്നത് യഹൂദരുടെ ഏതു തിരുനാൾ അടുത്തിരുന്നപ്പോൾ? **ഉ:** പെസഹാത്തിരുനാൾ (6,4).

**6,5 യേശു കണ്ണുകളുയർത്തി ഒരു വലിയ ജനതതി തന്റെ അടുത്തേക്കു വരുന്നതു കണ്ടു. അവൻ പീലിപ്പോസിനോടു ചോദിച്ചു: ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?**

1568 യേശു ഗലീലിക്കടലിന്റെ മറുകരയിൽ മലയിലേക്കു കയറി അവിടെയിരുന്ന് കണ്ണുകളുയർത്തി തന്റെ അടുത്തേക്കു വരുന്നതു കണ്ടത്? **ഉ:** ഒരു വലിയ ജനതതി (6,5).
1569 ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും എന്ന് യേശു ചോദിച്ചത്? **ഉ:** പീലിപ്പോസിനോടു (6,5).

**6,6 അവനെ പരീക്ഷിക്കാനാണ് യേശു ഇങ്ങനെ ചോദിച്ചത്. എന്തു ചെയ്യണമെന്ന് യേശു നേരത്തെ മനസ്സിൽ കരുതിയിരുന്നു.**

1570 ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും എന്ന് യേശു പീലിപ്പോസിനോടു ചോദിച്ചത്? **ഉ:** അവനെ പരീക്ഷിക്കാൻ (6,6).
1571 യേശു ഒരു ശിഷ്യനെ പരീക്ഷിക്കാൻ ഒരു ചോദ്യം ചോദിച്ചു. എവിടെവച്ച്? ആരോട്? **ഉ:** ഗലീലിക്കടലിന്റെ മറുകരയിൽ മലയിൽവച്ച്; പീലിപ്പോസിനോട് (6,5).

**6,7 പീലിപ്പോസ് മറുപടി പറഞ്ഞു: ഓരോരുത്തർക്കും അല്പം വീതം കൊടുക്കുവാൻ ഇരുനൂറു ദേനാറയ്ക്കുള്ള അപ്പംപോലും തികയുകയില്ല.**

1572 എത്ര ദേനാറയ്ക്കുള്ള അപ്പംപോലും തിയുകയില്ലെന്ന് പീലിപ്പോസ് മറുപടി പറഞ്ഞു? **ഉ:** ഇരുനൂറു ദേനാറയ്ക്കുള്ള (6,7).

**6,8-9 [8]ശിഷ്യന്മാരിലൊരുവനും ശിമയോൻ പത്രോസിന്റെ സഹോദരനുമായ അന്ത്രയോസ് അവനോടു പറഞ്ഞു: [9]അഞ്ചു ബാർലിയപ്പവും രണ്ടു മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്. എന്നാൽ, ഇത്രയും പേർക്ക് അതെന്തുണ്ട്?**



1573 അഞ്ചു ബാർലിയപ്പവും രണ്ടു മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട് എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** ശിഷ്യന്മാരിലൊരുവനും ശിമയോൻ പത്രോസിന്റെ സഹോദരനുമായ അന്ത്രയോസ് (6,9).
1574 കുട്ടിയുടെ കൈവശം ഉണ്ടായിരുന്നത്? **ഉ:** അഞ്ചു ബാർലിയപ്പവും രണ്ടു മീനും (8,9).

**6,10 യേശു പറഞ്ഞു: ആളുകളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ. ആ സ്ഥലത്തു പുല്ലു തഴച്ചുവളർന്നിരുന്നു. അയ്യായിരത്തോളം വരുന്ന പുരുഷന്മാർ അവിടെ ഇരുന്നു.**

1575 പൂരിപ്പിക്കുക: യേശു പറഞ്ഞു: - ഭക്ഷണത്തിനിരുത്തുവിൻ (6,10). **ഉ:** ആളുകളെയെല്ലാം.
1576 അവിടെ ഇരുന്നത്? **ഉ:** അയ്യായിരത്തോളം വരുന്ന പുരുഷന്മാർ (6,10).

**6,11 അനന്തരം യേശു അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു വിതരണം ചെയ്തു. അതുപോലെതന്നെ മീനും വേണ്ടത്ര നല്കി.**

1577 അനന്തരം യേശു അപ്പമെടുത്ത് ചെയ്തത്? **ഉ:** കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു വിതരണം ചെയ്തു (6,11).
1578 അഞ്ചപ്പം വർദ്ധിപ്പിച്ചു നല്കിയപ്പോൾ യേശു മീൻ നല്കിയത്? **ഉ:** വേണ്ടത്ര (6,11).

**6,12 അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞു: ഒന്നും നഷ്ടപ്പെടുത്താതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ.**

1579 അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** ഒന്നും നഷ്ടപ്പെടുത്താതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ (6,12).
1580 ഒന്നും നഷ്ടപ്പെടുത്താതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ (6,12).

**6,13-14 [13]അഞ്ചു ബാർലിയപ്പത്തിൽനിന്നു ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു. അവൻ പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ പറഞ്ഞു: [14]ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്.**

1581 അഞ്ചു ബാർലിയപ്പത്തിൽനിന്നു ഭക്ഷിച്ചത്? **ഉ:** ജനങ്ങൾ (6,13).
1582 അഞ്ചു ബാർലിയപ്പത്തിൽനിന്നു ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചത് **ഉ:** ശിഷ്യന്മാർ (6,13).
1583 അഞ്ചു ബാർലിയപ്പത്തിൽനിന്നു ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചത് യേശു പ്രവർത്തിച്ച? **ഉ:** അടയാളം (6,13).
1583 അഞ്ചു ബാർലിയപ്പത്തിൽനിന്നു ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചത് യേശു പ്രവർത്തിച്ച എത്രാമത്തെ അടയാളം? **ഉ:** നാലാമത്തെ. (മൂന്നാമത്തത്? ബേത്സഥായിലെ രോഗശാന്തി).
1584 അഞ്ചു ബാർലിയപ്പം മുഖാന്തരം യേശു പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ യേശുവിനെക്കുറിച്ചു പറഞ്ഞത്? **ഉ:** ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്. (6,14).

**6,15 അവർ വന്നു തന്നെ രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു വീണ്ടും തനിയെ മലമുകളിലേക്കു പിന്മാറി.**

1585 യേശുവിനെ രാജാവാക്കാൻ ഭാവിച്ചത്? **ഉ:** ജനങ്ങൾ (6,15).
1586 അവർ വന്നു തന്നെ രാജാവാക്കാൻവേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ യേശു ചെയ്തത്? **ഉ:** വീണ്ടും തനിയെ മലമുകളിലേക്കു പിന്മാറി (6,15).

വെള്ളത്തിന്മീതേ നടക്കുന്നു (മത്താ 14,22-27; മർക്കോ 6,45-52)

**6,16 വെകുന്നേരമായപ്പോൾ അവന്റെ ശിഷ്യന്മാർ കടൽക്കരയിലേക്കു പോയി.**

1587 യേശു അഞ്ചു ബാർലിയപ്പംകൊണ്ട് അടയാളം പ്രവർത്തിച്ച അന്ന് വെകുന്നേരമായപ്പോൾ അവന്റെ ശിഷ്യന്മാർ പോയത്? **ഉ:** കടൽക്കരയിലേക്കു (6,16).
1588 യേശു അഞ്ചു ബാർലിയപ്പംകൊണ്ട് അടയാളം പ്രവർത്തിച്ച അന്ന് വെകുന്നേരമായപ്പോൾ അവന്റെ ശിഷ്യന്മാർ കടൽക്കരയിലേക്കു പോയി. അപ്പോൾ യേശു എവിടെയായിരുന്നു? **ഉ:** മലമുകളിൽ (6,15).

**6,17 അവർ ഒരു വള്ളത്തിൽ കയറി കടലിനക്കരെ കഫർണാമിലേക്കു പുറപ്പെട്ടു. അപ്പോൾ നേരം ഇരുട്ടിത്തുടങ്ങി; യേശു അവരുടെ അടുക്കലെത്തിയിരുന്നുമില്ല.**

1589 യശു അഞ്ചു ബാർലിയപ്പംകൊണ്ട് അടയാളം പ്രവർത്തിച്ച അന്ന് വൈകുന്നേരമായപ്പോൾ കടല്ക്കരയിലേക്കു പോയ അവന്റെ ശിഷ്യന്മാർ ഒരു വള്ളത്തിൽ കയറി പുറപ്പെട്ടത്? **ഉ:** കടലിനക്കരെ കഫർണാമിലേക്കു (6,17).

**6,18–20 [18]ശക്തിയേറിയ കാറ്റടിച്ചിരുന്നതുകൊണ്ട് കടൽ ക്ഷോഭിച്ചു. [19]ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ ദൂരം തണ്ടു വലിച്ചുകഴിഞ്ഞപ്പോൾ യേശു കടലിനുമീതേ നടന്ന് വള്ളത്തെ സമീപിക്കുന്നതു കണ്ട് അവർ ഭയപ്പെട്ടു. [20]അവൻ അവരോടു പറഞ്ഞു: ഞാനാണ്; ഭയപ്പെടേണ്ടാ.**

1590 ശിഷ്യന്മാർ ഒരു വള്ളത്തിൽ കയറി കടലിനക്കരെ കഫർണാമിലേക്കു പുറപ്പെട്ട് ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ ദൂരം തണ്ടു വലിച്ചുകഴിഞ്ഞപ്പോൾ അവർ ഭയപ്പെട്ടത്? **ഉ:** യേശു കടലിനുമീതേ നടന്ന് വള്ളത്തെ സമീപിക്കുന്നതു കണ്ട് (6,19).

1591 ഭയപ്പെട്ട ശിഷ്യന്മാരോട് യേശു പറഞ്ഞത്? **ഉ:** ഞാനാണ്; ഭയപ്പെടേണ്ടാ (6,20).

1592 ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ എത്ര കിലോമീറ്റർ ദൂരം? **ഉ:** അഞ്ചോ ആറോ (പി.ഒ.സി ബൈബിൾ).

**6,21 അവനെ വള്ളത്തിൽ കയറ്റാൻ അവരാഗ്രഹിച്ചു. പെട്ടെന്ന് വള്ളം അവർ ലക്ഷ്യം വച്ചിരുന്ന കരയ്ക്ക് അടുത്തു.**

1593 ശിഷ്യന്മാർ എവിടേക്കു പുറപ്പെട്ടപ്പോഴാണ് യേശുവിനെ വള്ളത്തിൽ കയറ്റാൻ അവർ ആഗ്രഹിച്ചെങ്കിലും പെട്ടെന്ന് വള്ളം അവർ ലക്ഷ്യം വച്ചിരുന്ന കരയ്ക്ക് അടുത്തത്? **ഉ:** ഗലീലികടലിനക്കരെ കഫർണാമിലേക്കു പുറപ്പെട്ടപ്പോൾ (6,17–20).

1594 ശിഷ്യന്മാർ ലക്ഷ്യം വച്ചിരുന്ന കര? **ഉ:** കഫർണാം (6,17).

**6,22 അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ശിഷ്യന്മാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യന്മാർ തനിയേ ആണു പോയതെന്നും കടലിന്റെ മറുകരെ നിന്ന ആളുകൾ പിറ്റേദിവസം മനസ്സിലാക്കി.**

1955 അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ശിഷ്യന്മാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യന്മാർ തനിയേ ആണു പോയതെന്നും പിറ്റേദിവസം മനസ്സിലാക്കിയത്? **ഉ:** കടലിന്റെ മറുകരെ നിന്ന ആളുകൾ (6,22).

1956 കടലിന്റെ മറുകരെ നിന്ന ആളുകൾ പിറ്റേദിവസം മനസ്സിലാക്കിയത്?
**ഉ:** അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ശിഷ്യന്മാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യന്മാർ തനിയേ ആണു പോയതെന്നും (6,22; മൂന്നു കാര്യങ്ങൾ).

**6,23–24 [23]കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു. [24]യേശുവോ ശിഷ്യന്മാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി കഫർണാമിലെത്തി.**

1957 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു വന്നത്? **ഉ:** മറ്റു വള്ളങ്ങൾ (6,23).

1958 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു മറ്റു വള്ളങ്ങൾ വന്നത്? **ഉ:** തിബേരിയാസിൽനിന്നു (6,23).

1959 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു. [24]യേശുവോ ശിഷ്യന്മാരോ അവിടെയില്ലെന്നു കണ്ടപ്പോൾ വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി കഫർണാമിലെത്തിയത്? **ഉ:** ജനക്കൂട്ടം (6,24).

1960 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു. [24]യേശുവോ ശിഷ്യന്മാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി എത്തിയത്? **ഉ:** കഫർണാമിൽ (6,24).

1961 കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നല്കിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു. [24]യേശുവോ ശിഷ്യന്മാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി കഫർണാമിലെത്തിയത്? **ഉ:** യേശുവിനെത്തിരക്കി (2,24).



ജീവന്റെ അപ്പം

**6,25 യേശുവിനെ കടലിന്റെ മറുകരയിൽ കണ്ടെത്തിയപ്പോൾ അവർ ചോദിച്ചു: റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി?**

1962 യേശുവിനെത്തിരക്കി കഫർണാമിലെത്തിയ ജനക്കൂട്ടം യേശുവിനെ കണ്ടെത്തിയത്? **ഉ:** കടലിന്റെ മറുകരയിൽ (6,25).

1963 യേശുവിനെ കടലിന്റെ മറുകരയിൽ കണ്ടെത്തിയപ്പോൾ ജനക്കൂട്ടം അവനെ വിളിച്ചത്? **ഉ:** റബ്ബീ (6,25).

1964 യേശുവിനെ കടലിന്റെ മറുകരയിൽ കണ്ടെത്തിയപ്പോൾ ജനക്കൂട്ടം ചോദിച്ചത്? **ഉ:** റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി? (6,25).

**6,26–27 [26]യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. [27]നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. എന്തെന്നാൽ, പിതാവായ ദൈവം അവന്റെമേൽ അംഗീകാരമുദ്ര വച്ചിരിക്കുന്നു.**

1965 റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി എന്ന് ജനക്കൂട്ടം ചോദിച്ചതിന് യേശു പ്രതിവചിച്ചത്? **ഉ:** സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ... മുദ്ര വച്ചിരിക്കുന്നു (വാക്യ 27–28 മനഃപാഠമാക്കുക).

1966 മനുഷ്യപുത്രൻ തരുന്നത്? **ഉ:** നിത്യജീവന്റെ അനശ്വരമായ അപ്പം (6,27).

1967 ജനക്കൂട്ടം അധ്വാനിക്കേണ്ടത്? **ഉ:** മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി (6,27).

1968 നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. കാരണം? **ഉ:** എന്തെന്നാൽ, പിതാവായ ദൈവം അവന്റെമേൽ അംഗീകാരമുദ്ര വച്ചിരിക്കുന്നു (6,27).

1969 നശ്വരമായ അപ്പത്തെക്കുറിച്ചുള്ള പരാമർശം ഓർമിപ്പിക്കുന്ന പഴയ നിയമ ഭാഗം? **ഉ:** ഏശയ്യാ 55,2.

1970 പിതാവായ ദൈവം മനുഷ്യപുത്രന്റെമേൽ വച്ചിരിക്കുന്നത്? **ഉ:** അംഗീകാരമുദ്ര (6,27).

**6,28–29 [28]അപ്പോൾ അവർ ചോദിച്ചു: ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു ചെയ്യണം? [29]യേശു മറുപടി പറഞ്ഞു: ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി – അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക.**

1971 ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു ചെയ്യണം എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** ജനക്കൂട്ടം (6,24.28).

1972 യേശു ജനക്കൂട്ടത്തോടു പറഞ്ഞ ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി? **ഉ:** അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക (6,29).

1973 യേശുവിൽ വിശ്വസിക്കുന്നത്? **ഉ:** ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി (6,29).

**6,30–31 [30]അപ്പോൾ അവർ ചോദിച്ചു: ഞങ്ങൾ കണ്ട് വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക? എന്താണ് നീ പ്രവർത്തിക്കുക? [31]അവിടന്ന് അവർക്കു ഭക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് അപ്പം കൊടുത്തു എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു.**

1974 ഞങ്ങൾ കണ്ട് നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക? എന്താണ് നീ പ്രവർത്തിക്കുക? എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** ജനക്കൂട്ടം (ഗലീലിക്കടലിന്റെ മറുകരയിൽവച്ച്) (6,30).

1975 കണ്ട് നിന്നെ (യേശുവിനെ) വിശ്വസിക്കേണ്ടതിന് ജനക്കൂട്ടം യേശവിനോടു ചോദിച്ചത്? **ഉ:** എന്തടയാളമാണ് നീ ചെയ്യുക എന്ന് (6,30).

1976 യോഹ 6,30നു സമാനമായ സുവിശേഷഭാഗങ്ങൾ? **ഉ:** മത്താ 12,38; മർക്കോ 8,11.

1977 അവിടന്ന് അവർക്കു ഭക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് അപ്പം കൊടുത്തു എന്നെഴുതപ്പെട്ടിരിക്കുന്നത് (6,31)? **ഉ;** പുറ 16,4–15; സംഖ്യ 11,8; നെഹെ 9,15; സങ്കീ

78,24; 105,40.

**6,32–33** [32]**യേശു മറുപടി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശയല്ല നിങ്ങൾക്കു സ്വർഗത്തിൽനിന്ന് അപ്പം തന്നത്; എന്റെ പിതാവാണ് സ്വർഗത്തിൽനിന്ന് നിങ്ങൾക്ക് യഥാർഥമായ അപ്പം തരുന്നത്.** [33]**എന്തെന്നാൽ ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു ജീവൻ നല്കുന്നതത്രേ.**

1978 സ്വർഗത്തിൽനിന്ന് യഹൂദർക്ക് യഥാർഥമായ അപ്പം തരുന്നത്? **ഉ:** യേശുവിന്റെ (എന്റെ) പിതാവ് (6,32).

1979 സ്വർഗത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു ജീവൻ നല്കുന്നത്? **ഉ:** ദൈവത്തിന്റെ അപ്പം (6,33)

1980 ദൈവത്തിന്റെ അപ്പം ലോകത്തിനു ജീവൻ നല്കുന്നത്? **ഉ:** സ്വർഗത്തിൽനിന്നിറങ്ങിവന്ന് (6,33).

1981 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്നിറങ്ങിവന്ന് ജീവൻ നല്കുന്നത്? **ഉ:** ലോകത്തിനു (6,33).

**6,34–37** [34]**അപ്പോൾ അവർ അവനോട് അപേക്ഷിച്ചു: കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നല്കണമേ.** [35]**യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.** [36]**എന്നാൽ, നിങ്ങൾ എന്നെക്കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.** [37]**പിതാവ് എനിക്കു നല്കുന്നവരെല്ലാം എന്റെ അടുത്തു വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല.**

1982 ഒരിക്കലും വിശക്കുകയില്ലാത്തത്? **ഉ:** എന്റെ (യേശുവിന്റെ) അടുത്തു വരുന്നവന് (6,35).

1983 ദാഹിക്കുകയുമില്ലാത്തത്? **ഉ:** എന്നിൽ വിശ്വസിക്കുന്നവന് (6,35).

1984 എന്റെ അടുത്തു വരുന്നത്? **ഉ:** പിതാവ് എനിക്കു നല്കുന്നവരെല്ലാം (6,37).

1985 ഞാൻ (യേശു) ഒരിക്കലും തള്ളിക്കളയുകയുമില്ല? **ഉ:** എന്റെ അടുക്കൽ വരുന്നവനെ (6,37).

1986 യോഹ 6,35നു സമാനമായി യോഹ 6ൽ മറ്റെവിടെ? **ഉ:** 6,48–50.

**6,38–40** [38]**ഞാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്.** [39]**അവിടന്ന് എനിക്കു നല്കിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവന്റെ ഇഷ്ടം.** [40]**പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവരാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും.**

1987 പൂരിപ്പിക്കുക: ഞാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം - (യോഹ 6,38) **ഉ:** നിറവേറ്റാനാണ്.

1988 പൂരിപ്പിക്കുക: അവിടന്ന് എനിക്കു നല്കിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് - - - (യോഹ 6,39). **ഉ:** എന്നെ അയച്ചവന്റെ ഇഷ്ടം.

1989 പൂരിപ്പിക്കുക: പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവരാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നതാണ് - - - (യോഹ 6,40).
**ഉ:** എന്റെ പിതാവിന്റെ ഇഷ്ടം.

1990 അന്ത്യദിനത്തിൽ യേശു ഉയിർപ്പിക്കുന്നത്? ഉ: പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനെ (6,40).

**6,41–42** [41]**സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് അവൻ പറഞ്ഞതിനാൽ യഹൂദർ അവനെതിരേ പിറുപിറുത്തു.** [42]**അവർ പറഞ്ഞു: ഇവൻ ജോസഫിന്റെ മകനായ യേശുവല്ലേ? ഇവന്റെ പിതാവിനെയും മാതാവിനെയും നമുക്കറിഞ്ഞുകൂടേ? പിന്നെങ്ങനെയാണ് ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്നിരിക്കുന്നു**



**എന്ന് ഇവൻ പറയുന്നത്?**

1991 യഹൂദർ യേശുവിനെതിരേ പിറുപിറുത്തത്? **ഉ:** സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് അവൻ പറഞ്ഞതിനാൽ (യോഹ 6,41).

1992 യഹൂദരുടെ പിറുപിറുപ്പിന്റെ കേന്ദ്രവിഷയം? **ഉ:** ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്നിരിക്കുന്നു എന്ന് യേശു പറയുന്നത് (6,42).

1993 യോഹ 6,42നു സമാനമായ സുവിശേഷഭാഗങ്ങൾ? **ഉ:** ലൂക്കാ 4,22; യോഹ 7,27.

**6,43–44** [43]**യേശു അവരോടു പറഞ്ഞു: നിങ്ങൾ പരസ്പരം പിറുപിറുക്കേണ്ടതില്ല.** [44]**എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ ഞാൻ അവനെ ഉയിർപ്പിക്കും.**

1994 ഒരുവന് യേശുവിന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ലാത്തത്? **ഉ:** യേശുവിനെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ (6,44).

1995 അന്ത്യദിനത്തിൽ യേശു ഉയിർപ്പിക്കുന്നത്? **ഉ:** യേശുവിന്റെ അടുക്കലേക്കു വരാൻ സാധിക്കുന്നവനെ (6,44).

**6,45–46** [45]**അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് പ്രവാചകഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. പിതാവിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്റെ അടുക്കൽ വരുന്നു.** [46]**ആരെങ്കിലും പിതാവിനെ കണ്ടിട്ടുണ്ട് എന്നല്ല ഇതിനർഥം. ദൈവത്തിൽനിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ.**

1996 അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് എഴുതപ്പെട്ടിരിക്കുന്ന പ്രവാചകഗ്രന്ഥഭാഗങ്ങൾ? **ഉ:** ഏശ 54,13; 1 തെസ 4,9; 1 യോഹ 2,27.

1997 എന്റെ (യേശുവിന്റെ) അടുക്കൽ വരുന്നത്? **ഉ:** പിതാവിൽനിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം (6,46). (6,37 നമ്പർ 1984നോടുള്ള / സാമ്യവും വ്യത്യാസവും ശ്രദ്ധിക്കുക).

1998 പിതാവിനെ കണ്ടിട്ടുള്ളത്? **ഉ:** ദൈവത്തിൽനിന്നുള്ളവൻ മാത്രം (6,46).

**6,47–51** [47]**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്.** [48]**ഞാൻ ജീവന്റെ അപ്പമാണ്.** [49]**നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു.** [50]**ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല.** [51]**സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്.**

1999 നിത്യജീവനുള്ളത്? **ഉ:** വിശ്വസിക്കുന്നവന് (6,47).

2000 ജീവന്റെ അപ്പം? **ഉ:** യേശു (6,48).

2001 നിങ്ങളുടെ (യഹൂദരുടെ) പിതാക്കന്മാർ മരുഭൂമിയിൽവച്ചു ഭക്ഷിച്ചത്? **ഉ:** മന്നാ (6,49).

2002 ജീവന്റെ അപ്പമായ യേശു സ്വർഗത്തിൽനിന്നിറങ്ങിയത്? **ഉ;** മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി (6,50).

2003 മരിക്കുകയില്ലാത്തത്? **ഉ:** സ്വർഗത്തിൽനിന്നിറങ്ങിയ അപ്പം ഭക്ഷിക്കുന്നവൻ (6,50).

2004 സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം? **ഉ:** ഞാനാണ് (6,51). (= ദൈവമായിരിക്കുന്ന യേശുവാണ്).

2005 ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ? **ഉ:** അവൻ എന്നേക്കും ജീവിക്കും (6,50).

2006 എന്നേക്കും ജീവിക്കുന്നത്? **ഉ:** സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഭക്ഷിക്കുന്നവൻ (6,51).

2007 ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം - - (6,51). **ഉ:** എന്റെ ശരീരമാണ്.

**6,52 ഇതെപ്പറ്റി യഹൂദർക്കിടയിൽ തർക്കമുണ്ടായി തന്റെ ശരീരം നമുക്കു ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും എന്ന് അവർ ചോദിച്ചു.**

2008 യഹൂദർക്കിടയിലുണ്ടായ തർക്കം? **ഉ:** തന്റെ ശരീരം നമുക്കു ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും എന്ന് (6,52).

യഹൂദരുടെ ഈ തർക്കത്തിന് യേശു പറയുന്ന മറുപടിയാണ് വാക്യ. 53–58. ഈ മറു

പടി യേശു പറയുന്നത് കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് (വാക്യ 59).

**6,53–58** **53യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല. 54എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. 55എന്തെന്നാൽ, എന്റെ ശരീരം യഥാർഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർഥ പാനീയവുമാണ്. 56എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. 57ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. 58ഇതു സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.**

2009 ആരുടെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല? **ഉ:** മനുഷ്യപുത്രന്റെ (6,53).

2010 മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവനുള്ളത്? **ഉ:** നിത്യജീവൻ (6,54).

2011 മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നതിന്റെ ഫലങ്ങൾ യോഹ 6,53–58ൽ? **ഉ:** നിത്യജീവൻ (വാക്യം 54), അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും (വാക്യം 54), യേശുവും ഭക്ഷിക്കുന്നവനും പരസ്പരം വസിക്കുന്നു (വാക്യം 56), ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും (വാക്യം 58).

**6,59 കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൻ ഇതു പറഞ്ഞത്.**

നിത്യജീവന്റെ വചസ്സുകൾ (യേശു യഹൂദരോടു പറഞ്ഞവ കേട്ട് അവന്റെ ശിഷ്യന്മാരിൽ പലരും പിറുപിറുത്തു പറഞ്ഞതിനു മറുപടിയായി യേശു ശിഷ്യന്മാരോടു പറഞ്ഞവയാണ് വാക്യ 60–65ൽ ഉള്ളത്).

**6,60 ഇതു കേട്ട് അവന്റെ ശിഷ്യന്മാരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?**

2012 ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും എന്നു പറഞ്ഞത്? **ഉ:** അവന്റെ ശിഷ്യന്മാരിൽ പലരും (6,60).

**6,61–64** **61തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു: ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? 62അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നതു നിങ്ങൾ കണ്ടാലോ? 63ആത്മാവാണ് ജീവൻ നല്കുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്.**

2013 പിറുപിറുത്തത്? **ഉ:** തന്റെ (യേശുവിന്റെ) ശിഷ്യന്മാർ (6,61).

2014 തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചത്? **ഉ:** ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? (6,61).

2015 ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? എന്ന് യേശു ചോദിച്ചത്? **ഉ:** തന്റെ ശിഷ്യന്മാരോട് (6,61).

2016 യേശു ശിഷ്യന്മാർക്ക് ഇടർച്ച തോന്നിച്ചത് പരമാർശിക്കുന്ന മറ്റൊരു സുവിശേഷ ഭാഗം? **ഉ:** മത്താ 11,6

2017 ജീവിപ്പിക്കുന്നത്? **ഉ:** ആത്മാവാണ് (6,63).

2018 ഒന്നിനും ഉപകരിക്കാത്ത്? **ഉ:** ശരീരം (6,63).

2019 ആത്മാവും ജീവനും? **ഉ:** ഞാൻ നിങ്ങളോടു (യേശു ശിഷ്യന്മാരോടു) പറഞ്ഞ വാക്കുകൾ (6,63).



**6,64–65** **64എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു. 65ഇതുകൊണ്ടാണ്, പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്.**

2018 എന്തുകൊണ്ടാണ്, പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു (യേശു ശിഷ്യന്മാരോടു) പറഞ്ഞത്? **ഉ:** വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു. 65ഇതുകൊണ്ട് (6,64–65),

2019 പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു (യേശു ശിഷ്യന്മാരോടു) പറഞ്ഞതിന് സമാനമായി യേശു മുമ്പ് പറഞ്ഞിട്ടുള്ള വചനം? **ഉ:** എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല (വാക്യം 44); കൂടാതെ, വാക്യം 37: പിതാവ് എനിക്കു നല്കുന്നവരെല്ലാം എന്റെ അടുത്തു വരും.

**6,66–69** **66ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവന്റെകൂടെ നടന്നില്ല. 67യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? 68ശിമയോൻപത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. 69നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.**

2020 പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്ന് യേശു പറഞ്ഞതിനുശേഷം അവനെ വിട്ടുപോയത്? **ഉ:** അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ (6,66).

2021 നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ എന്ന് യേശു ചോദിച്ചത്? ഉ: പന്ത്രണ്ടുപേരോടുമായി (6,67).

2022 യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? മറുപടി പറഞ്ഞത്? **ഉ:** ശിമയോൻപത്രോസ് (6,68).

2023 ശിമയോൻപത്രോസ് പറഞ്ഞ മറുപടി? **ഉ:** കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. 69നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു (6,68–69).

2024 യേശുവിനെക്കുറിച്ച് ഞങ്ങൾ (പന്ത്രണ്ടുപേർ) വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നത്? **ഉ:** നീയാണ് (യേശുവാണ്) ദൈവത്തിന്റെ പരിശുദ്ധൻ എന്നു (6,69).

2025 നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചതിന് ശിമയോൻപത്രോസ് പറഞ്ഞ മറുപടിയിൽ യേശുവിന് ഉപയോഗിച്ചിട്ടുള്ള രണ്ട് അഭിധാനങ്ങൾ (നാമങ്ങൾ)? **ഉ:** കർത്താവ് (വാക്യം 68), ദൈവത്തിന്റെ പരിശുദ്ധൻ (വാക്യം 69).

2026 യോഹ 6,68–69നു സമാനമായ മറ്റൊരു സുവിശേഷഭാഗം? **ഉ:** മർക്കോ 8,27–30.

**6,70 യേശു അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്.**

**6,71 അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോത്തായുടെ മകനായ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ, പന്ത്രണ്ടുപേരിലൊരുവനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത്.**

2027 യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിന് യേശു ഉപയോഗിച്ച ഒരു പേര്? **ഉ:** പിശാച് (6,70).

2028 യൂദാസിന്റെ പിതാവ്? **ഉ:** ശിമയോൻ സ്കറിയോത്താ (6,71).

2029 യോഹ 6ൽ യേശുവിന് ഉപയോഗിച്ചിട്ടുള്ള അഭിധാനങ്ങൾ / നാമങ്ങൾ? **ഉ:** കർത്താവ് (വാക്യം 23. 68), റബ്ബി (വാക്യം 25), മനുഷ്യപുത്രൻ (വാക്യം 53),

ദൈവത്തിന്റെ പരിശുദ്ധൻ (വാക്യം 69).

2030 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്ന് യോഹ 6ൽ എത്ര പ്രാവശ്യം? **ഉ:** നാല് (വാക്യ. 26. 32. 47. 53)

## അധ്യായം 7 (അധ്യായം 7ൽ 53 വാക്യങ്ങൾ)

### കൂടാരത്തിരുനാൾ

7,1 **യേശു ഗലീലിയിൽ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ യൂദയായിൽ സഞ്ചരിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല.**

2031 യൂദയായിൽ സഞ്ചരിക്കാൻ അവൻ (യേശു) ഇഷ്ടപ്പെട്ടില്ല. കാരണം? **ഉ:** യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ (2,1).

2032 യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ യേശു ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നത്? **ഉ:** ഗലീലിയിൽ (2,1).

2033 യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ സഞ്ചരിക്കാൻ അവൻ (യേശു) ഇഷ്ടപ്പെടാതിരുന്നത്? **ഉ:** യൂദയായിൽ (2,1).

7,2–4 **[2]യഹൂദരുടെ കൂടാരത്തിരുനാൾ സമീപിച്ചിരുന്നു. [3]അവന്റെ സഹോദരന്മാർ അവനോടു പറഞ്ഞു: നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ടു യൂദയായിലേക്കു പോവുക. [4]പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ, നിന്നെ ലോകത്തിനു വെളിപ്പെടുത്തുക.**

2034 യഹൂദരുടെ കൂടാരത്തിരുനാളിനെ (യോഹ 7,2) പരാമർശിക്കുന്ന പഴയ നിയമഭാഗങ്ങൾ? **ഉ:** ലേവ്യ 23,34; നിയ 16,16.

2035 നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ടു യൂദയായിലേക്കു പോവുക എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** അവന്റെ സഹോദരന്മാർ (7,3).

2036 യേശുവിന്റെ സഹോദരന്മാരെ/സ്വന്തക്കാരെ പരാമർശിക്കുന്ന മറ്റു സുവിശേഷഭാഗങ്ങൾ? **ഉ:** മർക്കോ 3,21–31; മത്താ 12,46.

2037നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ടു യൂദയായിലേക്കു പോവുക എന്ന് യേശുവിന്റെ സഹോദരന്മാർ അവനോടു പറഞ്ഞപ്പോൾ സമീപിച്ചിരുന്ന തിരുനാൾ? **ഉ:** യഹൂദരുടെ കൂടാരത്തിരുനാൾ (7,3).

2038 നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ, നിന്നെ ആർക്കു വെളിപ്പെടുത്തുക എന്ന് യേശുവിന്റെ സഹോദരന്മാർ അവനോടു പറഞ്ഞു? **ഉ:** ലോകത്തിനു (7,4).

2039 നിന്നെ ലോകത്തിനു വെളിപ്പെടുത്തുക എന്ന് യേശുവിന്റെ സഹോദരന്മാർ അവനോട് പറഞ്ഞപ്പോൾ സമീപിച്ചിരുന്ന തിരുനാൾ? **ഉ:** യഹൂദരുടെ കൂടാരത്തിരുനാൾ (7,3).

7,5 **അവന്റെ സഹോദരന്മാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല.**

7,6–8 **[6]യേശു പറഞ്ഞു: എന്റെ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങൾക്കാകട്ടെ എപ്പോഴും അനുകൂലമായ സമയമാണല്ലോ. [7]ലോകത്തിനു നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. എന്നാൽ, അതിന്റെ പ്രവൃത്തികൾ തിന്മയാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നതിനാൽ അത് എന്നെ വെറുക്കുന്നു. [8]നിങ്ങൾ തിരുനാളിനു പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ, എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല.**

2010 എന്റെ സമയംഇതുവരെയും ആയിട്ടില്ല എന്ന് തന്റെ സഹോദരന്മാരോട് പറയുന്നതുപോലെ (7,6), ഇതിനുമുമ്പ് യേശു ആരോടു പറഞ്ഞു? **ഉ:** തന്റെ അമ്മയോട് (യോഹ 2,4).

2010ലോകത്തിനു വെറുക്കാൻ സാധിക്കുകയില്ലാത്തത്? **ഉ:** യേശുവിന്റെ സഹോദരന്മാരെ (7,7).

2042 ലോകം യേശുവിനെ വെറുക്കുന്നത്? **ഉ:** അതിന്റെ പ്രവൃത്തികൾ തിന്മയാണെന്നു യേശു സാക്ഷ്യപ്പെടുത്തുന്നതിനാൽ (6,7).

7,9 **ഇപ്രകാരം പറഞ്ഞ് അവൻ ഗലീലിയിൽത്തന്നെ താമസിച്ചു.**



7,10 **എന്നാൽ, അവന്റെ സഹോദരന്മാർ തിരുനാളിനു പോയശേഷം അവനും പോയി, പരസ്യമായല്ല, രഹസ്യമായി.**

2043 യേശു രഹസ്യമായി (ഗലീലിയിൽനിന്നു) പോയത്? **ഉ:** (കൂടാര)തിരുനാളിന് (7,10).

7,11 **അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ യഹൂദർ അവനെ അന്വേഷിച്ചുകൊണ്ടിരുന്നു.**

2044 അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ യേശുവിനെ അന്വേഷിച്ചുകൊണ്ടിരുന്നത്? **ഉ:** യഹൂദർ (7,11). (ഏതു തിരുനാളിൽ? കൂടാരത്തിരുനാളിൽ).

7,12 **ആളുകൾ അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞുകൊണ്ടിരുന്നു. അവൻ ഒരു നല്ല മനുഷ്യനാണ് എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു മറ്റു ചിലരും.**

2045 അവനെ(യേശുവിനെ)പ്പറ്റി രഹസ്യമായി പലതും പറഞ്ഞുകൊണ്ടിരുന്നത്? **ഉ:** ആളുകൾ (7,12).

2046 അവൻ (യേശു) ഒരു നല്ല മനുഷ്യനാണ് എന്നു പറഞ്ഞത്? **ഉ:** ചിലർ (7,12).

2047 അല്ല, അവൻ (യേശു) ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടിരുന്നത്? **ഉ:** മറ്റു ചിലർ (7,12).

7,13 **എങ്കിലും യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.**

2048 ആരും അവനെ(യേശുവിനെ)പ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല? **ഉ:** യഹൂദരെ ഭയന്ന് (7,12).

### യേശുവിന്റെ വിജ്ഞാനം

7,14 **തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങി.**

2049 യേശു ദേവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങിയത് ഏതു തിരുനാൾ പകുതിയായപ്പോൾ? **ഉ:** കൂടാരത്തിരുനാൾ (7,2).

2050 തിരുനാൾ പകുതിയായപ്പോൾ യേശു ചെന്നു പഠിപ്പിച്ചുതുടങ്ങിയത്? **ഉ:** ദേവാലയത്തിൽ (7,14). (7,14–39 യേശു ജറുസലേംദേവാലയത്തിൽ)

7,15 **ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ് എവിടെനിന്നു കിട്ടി എന്നു പറഞ്ഞു യഹൂദർ വിസ്മയിച്ചു.**

2051 ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ് എവിടെനിന്നു കിട്ടി എന്നു പറഞ്ഞു വിസ്മയിച്ചത്? **ഉ:** യഹൂദർ (7,15).

2052 യോഹ 7,15നു സമാനമായ മറ്റു സുവിശേഷഭാഗങ്ങൾ? **ഉ:** മത്താ 13,54; ലൂക്കാ 2,47.

7,16–19 **[16]യേശു പറഞ്ഞു: എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ. [17]അവിടത്തെ ഇഷ്ടം നിറവേറ്റാൻ മനസ്സുള്ളവൻ ഈ പ്രബോധനം ദൈവത്തിൽനിന്നുള്ളതോ അതോ ഞാൻ സ്വയം നല്കുന്നതോ എന്നു മനസ്സിലാക്കും. [18]സ്വമേധയാ സംസാരിക്കുന്നവൻ സ്വന്തം മഹത്ത്വം അന്വേഷിക്കുന്നു; എന്നാൽ, തന്നെ അയച്ചവന്റെ മഹത്ത്വം അന്വേഷിക്കുന്നവൻ സത്യവാനാണ്. അവനിൽ അനീതിയില്ല. [19]മോശ നിങ്ങൾക്കു നിയമം നല്കിയില്ലേ? എന്നിട്ടും നിങ്ങളാരും നിയമം പാലിക്കുന്നില്ല. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നത്?**

2053 എന്റെ പ്രബോധനം ആരുടേതെന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** എന്നെ അയച്ചവന്റേതത്രേയെന്ന് (7,16).

2054 ഈ (യേശുവിന്റെ) പ്രബോധനം ദൈവത്തിൽനിന്നുള്ളതോ അതോ ഞാൻ (യേശു) സ്വയം നല്കുന്നതോ എന്നു മനസ്സിലാക്കുന്നത്? **ഉ:** എന്നെ (യേശുവിനെ) അയച്ചവന്റെ ഇഷ്ടം നിറവേറ്റാൻ മനസ്സുള്ളവൻ (7,17).

2055 സ്വമേധയാ സംസാരിക്കുന്നവൻ അന്വേഷിക്കുന്നത്? **ഉ:** സ്വന്തം മഹത്ത്വം (7,18).

2056 സത്യവാൻ? **ഉ:** തന്നെ അയച്ചവന്റെ മഹത്ത്വം അന്വേഷിക്കുന്നവൻ (7,18).

2057 തന്നെ അയച്ചവന്റെ മഹത്ത്വം അന്വേഷിക്കുന്ന സത്യവാനിൽ ഇല്ലാത്തത്? **ഉ:** അനീതി (7,18).

2058 യഹൂദർ യേശുവിനെ കൊല്ലാൻ ആലോചിക്കുന്നത്? **ഉ:** മോശ നല്കിയ നിയമം പാലിക്കാത്തതുകൊണ്ട് (7,19).

7,20 **ജനങ്ങൾ പറഞ്ഞു: നിനക്കു പിശാചുണ്ട്. ആരാണ് നിന്നെ കൊല്ലാൻ ആലോ**

**ചിക്കുന്നത്?**
2059 നിനക്കു പിശാചുണ്ട് എന്നു പറഞ്ഞത്? **ഉ:** ജനങ്ങൾ (7,20).
2060 യോഹ 7,20നു സമാനമായ സുവിശേഷഭാഗങ്ങൾ? **ഉ:** യോഹ 8,48; 10,20; മത്താ 11,20; മർക്കോ 3,22.

**7,21 യേശു പ്രതിവചിച്ചു: ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു.**

2061 ഞാൻ ഒരു പ്രവൃത്തി ചെയ്തു എന്ന് യേശു പറയുന്നത് (യോഹ 7,21ൽ) അവൻ ചെയ്ത ഏതു പ്രവൃത്തിയെ ഉദ്ദേശിച്ച്? **ഉ:** ജറുസലേമിൽ അജകവാടത്തിനടുത്ത് ബേത്സഥാ കുളത്തിന്റെയവിടെ സാബത്തുദിവസം രോഗിക്കു സൗഖ്യം നല്കിയത് (5,2-9; 7,23).

**7,22 മോശ നിങ്ങൾക്കു പരിച്ഛേദനനിയമം നല്കിയിരിക്കുന്നു. വാസ്തവത്തിൽ അതു മോശയിൽനിന്നല്ല, പിതാക്കന്മാരിൽനിന്നാണ്. അതനുസരിച്ച് സാബത്തിൽ നിങ്ങൾ ഒരുവനു പരിച്ഛേദനം നടത്തുന്നു.**

2062 യഹൂദർക്കു പരിച്ഛേദനനിയമം നല്കിയത്? **ഉ:** മോശ (7,22).
2063 വാസ്തവത്തിൽ അത് ആരിൽനിന്നാണ്? **ഉ:** പിതാക്കന്മാരിൽനിന്നാണ് (7,22).
2064 യഹൂദർക്കു വാസ്തവത്തിൽ പരിച്ഛേദനനിയമം പിതാക്കന്മാരിൽനിന്നാണ് എന്നു സൂചിപ്പിക്കുന്ന വേദഭാഗങ്ങൾ? **ഉ:** ഉത്പ 17,10; 21,4.

**7,23-24 [23]മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് ഒരുവൻ സാബത്തുദിവസം പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ, സാബത്തുദിവസം ഒരു മനുഷ്യനെ ഞാൻ പൂർണമായി സുഖമാക്കിയതിനു നിങ്ങൾ എന്നോടു കോപിക്കുന്നുവോ? [24]പുറമേ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ.**

2064 ഒരുവൻ സാബത്തുദിവസം പരിച്ഛേദനം സ്വീകരിക്കുന്നത്? **ഉ:** മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് (7,23).
2065 സാബത്തുദിവസം ഒരു മനുഷ്യനെ താൻ പൂർണമായി സുഖമാക്കിയതിനെ എങ്ങനെ വിധിക്കാൻ യേശു യഹൂദരോട് പറഞ്ഞു? **ഉ:** പുറമേ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ (7,24).
2066 യോഹ 7,24ലെ യേശുവിന്റെ വാക്കുകൾക്കു സമാനമായി സുവിശേഷങ്ങളിൽ മറ്റെവിടെ? **ഉ:** മർക്കോ 3,4-5; ലൂക്കാ 13,12; 14,4.
2067 വിധിയെക്കുറിച്ചു യോഹ 7,24ലേതിനു സമാനമായുള്ള മറ്റു വേദഭാഗങ്ങൾ? **ഉ:** യോഹ 8,15; ഏശ 11,3; സഖ 7,9.

ഇവനാണോ ക്രിസ്തു?

**7,25-27 [25]ജറുസലേംനിവാസികളിൽ ചിലർ പറഞ്ഞു: ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്? [26]എന്നാൽ, ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. ഇവൻതന്നെയാണ് ക്രിസ്തുവെന്ന് ഒരുപക്ഷേ അധികാരികൾ യഥാർഥത്തിൽ അറിഞ്ഞിരിക്കുമോ? [27]ഇവൻ എവിടെനിന്നു വരുന്നു എന്നു നമുക്കറിയാം. എന്നാൽ, ക്രിസ്തു വരുമ്പോൾ എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ലല്ലോ.**

2068 ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത് എന്നു പറഞ്ഞത്? **ഉ:** ജറുസലേംനിവാസികളിൽ ചിലർ (7,25).
2069 എന്നാൽ, ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. ഇവൻതന്നെയാണ് ക്രിസ്തുവെന്ന് ഒരുപക്ഷേ അധികാരികൾ യഥാർഥത്തിൽ അറിഞ്ഞിരിക്കുമോ (7,26) എന്നു പറഞ്ഞത്? **ഉ:** ജറുസലേംനിവാസികളിൽ ചിലർ (7,25).
2070 ഇവൻ എവിടെനിന്നു വരുന്നു എന്നു നമുക്കറിയാം. എന്നാൽ, ക്രിസ്തു വരുമ്പോൾ എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ലല്ലോ (7,27) എന്നു പറഞ്ഞത്? **ഉ:** ജറുസലേംനിവാസികളിൽ ചിലർ (7,25).
2071 എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ലാത്തത്? **ഉ:** ക്രിസ്തു വരുമ്പോൾ (7,27).

**7,28-29 [28]ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞു:**



**ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. [29]എനിക്ക് അവിടത്തെ അറിയാം. എന്തെന്നാൽ, ഞാൻ അവിടത്തെ അടുക്കൽനിന്നു വരുന്നു. അവിടന്നാണ് എന്നെ അയച്ചത്.**

2072 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** 7,28-29.
2073 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞത്? **ഉ:** ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. [29]എനിക്ക് അവിടത്തെ അറിയാം. എന്തെന്നാൽ, ഞാൻ അവിടത്തെ അടുക്കൽനിന്നു വരുന്നു. അവിടന്നാണ് എന്നെ അയച്ചത് (7,28-29)
2074 അവിടത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ എന്നും എനിക്ക് അവിടത്തെ അറിയാം എന്നും യേശു പറഞ്ഞത് ആരെക്കുറിച്ച്? **ഉ:** എന്നെ (യേശുവിനെ) അയച്ചവനെ (7,28).
2075 പൂരിപ്പിക്കുക: അവിടത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. എനിക്ക് അവിടത്തെ അറിയാം. എന്തെന്നാൽ, .... (7,28-29). **ഉ:** ഞാൻ അവിടത്തെ അടുക്കൽനിന്നു വരുന്നു. അവിടന്നാണ് എന്നെ അയച്ചത് (7,29).
2076 യോഹ 7,29നു സമാനമായ സുവിശേഷഭാഗങ്ങൾ? **ഉ:** യോഹ 8,55; 17,25; മത്താ 11,27.

**7,30 അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു; എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല. അവന്റെ സമയം ഇനിയും വന്നിരുന്നില്ല.**

2077 അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു; എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല. കാരണം? **ഉ:** അവന്റെ സമയം ഇനിയും വന്നിരുന്നില്ല (7,30).

**7,31 ജനക്കൂട്ടത്തിൽ വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ചോദിച്ചു: ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?**

2078 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞതു കേട്ട് അവനിൽ വിശ്വസിച്ചത്? **ഉ:** ജനക്കൂട്ടത്തിൽ വളരെപ്പേർ (7,31).
2079 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞതു കേട്ട് അവനിൽ വിശ്വസിച്ച ജനക്കൂട്ടത്തിൽ വളരെപ്പേർ ചോദിച്ചത്? **ഉ:** ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ? (7,31).

വേർപാടിനെക്കുറിച്ച്

**7,32 ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് ഫരിസേയർ കേട്ടു. പുരോഹിതപ്രമുഖന്മാരും ഫരിസേയരും അവനെ ബന്ധിക്കാൻ സേവകരെ അയച്ചു.**

2080 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവനെ(യേശുവിനെ)ക്കുറിച്ചു പിറുപിറുത്തത്? **ഉ:** ജനക്കൂട്ടം (7,32). (നമ്പർ 2078ൽ നിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).
2081 ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് കേട്ടത്? **ഉ:** ഫരിസേയർ (7,32).
2082 ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവനെ(യേശുവിനെ) ബന്ധിക്കാൻ സേവകരെ അയച്ചത്? **ഉ:** പുരോഹിതപ്രമുഖന്മാരും ഫരിസേയരും (7,32).

**7,33-34 [33]യേശു പറഞ്ഞു: അല്പസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. [34]നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല.**

2083 അല്പസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എവിടെ പോകുമെന്ന് യേശു പറഞ്ഞു? **ഉ:** എന്നെ അയച്ചവന്റെ അടുത്തേക്കു (7,33).
2084 അല്പസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. [34]നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല എന്ന് യേശു പറഞ്ഞത്? **ഉ:** അവനെ ബന്ധിക്കാൻ പുരോഹിതപ്രമുഖന്മാരും രിസേയരും അയച്ച സേവകരോട് (7,32).

**7,35-36 [35]യഹൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവ**

**രുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ? [36]നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല എന്നും അവൻ പറഞ്ഞ ഈ വചനം എന്താണ്?**

2085 നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല എന്നും അവൻ പറഞ്ഞ ഈ വചനം എന്താണ് എന്നു പരസ്പരം പറഞ്ഞത്? **ഉ:** യഹൂദർ (7,35).

ജീവജലത്തിന്റെ അരുവികൾ

7,37 **[37]തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. [38]എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും.**

2086 ദേവാലയത്തിൽ യേശു എഴുന്നേറ്റുനിന്നിന്നു ശബ്ദമുയർത്തിപ്പറഞ്ഞ ദിവസം? **ഉ:** (കൂടാര)തിരുനാളിന്റെ അവസാനത്തെ മഹാദിനം (7,37).

2087 പൂരിപ്പിക്കുക: എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, – –, ജീവജലത്തിന്റെ അരുവികൾ ഒഴുകും (7,38). **ഉ:** വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ.

2088 ജീവജലത്തിന്റെ അരുവികൾ ഒഴുകുന്നത്? **ഉ:** എന്നിൽ (യേശുവിൽ) വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് (7,38).

7089 7,37ന്റെ പാഠഭേദം? **ഉ:** ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ. എന്നിൽ വിശ്വസിക്കുന്നവൻ പാനം ചെയ്യട്ടെ.

2090 ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നത്? **ഉ:** ഏശ 44,3; 55,1; 58,11; സുഭാ 18,4.

7,39 **അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവു നല്കപ്പെട്ടിരുന്നില്ലായിരുന്നു. എന്തെന്നാൽ, യേശു അതുവരെയും മഹത്ത്വീകരിക്കപ്പെട്ടില്ലായിരുന്നു.**

2091 തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റി യേശു പറഞ്ഞത്? **ഉ:** എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും (7,37).

2092 എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് യേശു പറയുന്നതുവരെ ആത്മാവ് നല്കപ്പെട്ടിരുന്നില്ല. കാരണം? **ഉ:** എന്തെന്നാൽ, യേശു അതുവരെയും മഹത്ത്വീകരിക്കപ്പെട്ടില്ലായിരുന്നു (7,39).

2093 ആത്മാവ് നല്കപ്പെട്ടത്? **ഉ:** യേശു മഹത്ത്വീകരിക്കപ്പെട്ടതിനുശേഷം

അധികാരികളുടെ അവിശ്വാസം

7,40 **ഈ വാക്കുകൾ കേട്ടപ്പോൾ, ഇവൻ യഥാർഥത്തിൽ പ്രവാചകനാണ് എന്നു ചിലർ പറഞ്ഞു.**

2094 എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് യേശു പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ ചിലർ പറഞ്ഞത്? **ഉ:** ഇവൻ യഥാർഥത്തിൽ പ്രവാചകനാണ് (7,40).

7,41–42 **[41]മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ്. എന്നാൽ, വേറെ ചിലർ ചോദിച്ചു: ക്രിസ്തു ഗലീലിയിൽനിന്നാണോ വരുക? [42]ക്രിസ്തു ദാവീദിന്റെ പരമ്പരയിൽനിന്നാണു വരുന്നതെന്നും ദാവീദിന്റെ ഗ്രാമമായ ബേത്‌ലെഹെമിൽനിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം പറയുന്നത്?**

2095 എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് യേശു പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ മറ്റു ചിലർ പറഞ്ഞത്? **ഉ:** ഇവൻ ക്രിസ്തുവാണ് (7,41).

2096 എന്നാൽ, വേറെ ചിലർ ചോദിച്ചത്? **ഉ:** ക്രിസ്തു ഗലീലിയിൽനിന്നാണോ വരുക? [42]ക്രിസ്തു ദാവീദിന്റെ പരമ്പരയിൽനിന്നാണു വരുന്നതെന്നും ദാവീദിന്റെ ഗ്രാമമായ ബേത്‌ലെഹെമിൽനിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം പറയുന്നത്? (അതായത്, യേശു, ക്രിസ്തുവല്ല എന്ന്).



2097 ക്രിസ്തു ദാവീദിന്റെ പരമ്പരയിൽനിന്നാണു വരുന്നതെന്നും ദാവീദിന്റെ ഗ്രാമമായ ബേത്‌ലെഹെമിൽനിന്ന് അവൻ വരുമെന്നും പറയുന്ന വിശുദ്ധ ലിഖിതഭാഗങ്ങൾ? **ഉ:** മിക്കാ 5,2; മത്താ 1,1; ലൂക്കാ 2,4.

7,43–44 **[43]അങ്ങനെ അവനെക്കുറിച്ച് ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി. [44]ചിലർ അവനെ ബന്ധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആരും അവന്റെമേൽ കൈവച്ചില്ല.**

2098 എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് യേശു പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അവനെക്കുറിച്ചു ഭിന്നതയുണ്ടായത്? **ഉ:** ജനങ്ങൾക്കിടയിൽ (7,43).

2099 അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഉണ്ടായ ഭിന്നത? **ഉ:** ചിലർ പറഞ്ഞു: ഇവൻ യഥാർഥത്തിൽ പ്രവാചകനാണ് (7,40). മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ് (7,41). എന്നാൽ, വേറെ ചിലർ സംശയിച്ചു ചോദ്യങ്ങളുന്നയിച്ചു (7,42).

2100 കൂടാരത്തിരുനാളിൽ യേശുവിനെ ബന്ധിക്കാൻ/ പിടിക്കാൻ യഹൂദർ ആഗ്രഹിച്ചു എന്ന് യോഹ 7ൽ എത്ര പ്രാവശ്യം? എവിടെ? **ഉ:** രണ്ടു പ്രാവശ്യം; വാക്യ 30. 44.

7,45 **സേവകന്മാർ തിരിച്ചുചെന്നപ്പോൾ പുരോഹിതപ്രമുഖന്മാരും ഫരിസേയരും അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്?** (പുരോഹിതപ്രമുഖന്മാരും ഫരിസേയരും അവനെ ബന്ധിക്കാൻ സേവകന്മാരെ അയച്ചു എന്ന് വാക്യം 32ൽ പറഞ്ഞിരുന്നല്ലോ).

7,46 **അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല.**

2101 അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല എന്നു പറഞ്ഞത്? **ഉ:** അവനെ ബന്ധിക്കാൻ പുരോഹിതപ്രമുഖന്മാരും ഫരിസേയരും അയച്ച സേവകർ (7,45).

7,47–49 **[47]അപ്പോൾ ഫരിസേയർ അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ? [48]അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? [49]നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്.**

2102 ആര് ആരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ? **ഉ:** ഫരിസേയർ സേവകരോട് (7,47).

2103 ആര് ആരോടു ചോദിച്ചു: അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? **ഉ:** ഫരിസേയർ സേവകരോട് (7,47–48).

2104 ശപിക്കപ്പെട്ടതാണ് എന്ന് ഫരിസേയർ സേവകരോട് പറഞ്ഞത്? **ഉ:** നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം (7,49).

2105 യേശുവിൽ വിശ്വസിച്ചിട്ടില്ലെന്ന് ഫരിസേയർ സേവകരോടു സൂചിപ്പിക്കുന്നവർ? **ഉ:** അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും (7,48).

2106 യേശുവിൽ വിശ്വസിച്ചിട്ടുണ്ടെന്ന് ഫരിസേയർ സേവകരോടു സൂചിപ്പിക്കുന്നവർ? **ഉ:** നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം (7,49).

7,50–51 **[50]മുമ്പൊരിക്കൽ യേശുവിന്റെ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു: [51]ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?**

2107 മുമ്പൊരിക്കൽ യേശുവിന്റെ അടുക്കൽ നിക്കൊദേമോസ് പോയെന്നു പറയുന്ന സുവിശേഷഭാഗം? **ഉ:** യോഹ 3,1; 19,39.

2108 നിക്കൊദേമോസ് ഫരിസേയരിൽ / അധികാരികളിൽ ഒരുവനാണെന്നു സൂചിപ്പിക്കുന്ന സുവിശേഷഭാഗം? **ഉ:** യോഹ 3,10.

2109 ആര് ആരോടു ചോദിച്ചു? ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ? **ഉ:** നിക്കൊദേമോസ് പുരോഹിതപ്രമുഖന്മാരോടും ഫരിസേയരോടും.

2110 യോഹ 7,51ൽ നിക്കൊദേമോസ് പുരോഹിതപ്രമുഖന്മാരോടും ഫരിസേയരോടും ചോദിച്ചത് ഏതു വേദഭാഗമനുസരിച്ച്? **ഉ:** നിയ 17,6; പുറ 23,1.

7,52 **അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചുനോക്കൂ,**

**ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും.**

2111 നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചുനോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും. ആര് ആരോടു പറഞ്ഞു? **ഉ:** പുരോഹിതപ്രമുഖന്മാരും ഫരിസേയരും നിക്കൊദേമോസിനോട് (7,52).

2112 ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് 7,52പോലെ സൂചിപ്പിക്കുന്ന സുവിശേഷഭാഗങ്ങൾ? **ഉ:** യോഹ 1,46; 7,41.

**7,53 ഓരോരുത്തരും സ്വന്തം വീടുകളിലേക്കു പോയി.**

2113 കൂടാരത്തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള തർക്കത്തിനുശേഷം ഓരോരുത്തരും പോയത്? **ഉ:** സ്വന്തം വീടുകളിലേക്കു (7,53).

## അധ്യായം 8

### പിടിക്കപ്പെട്ട വ്യഭിചാരിണി

**8,1–2 [1]യേശു ഒലിവുമലയിലേക്കു പോയി. [2]അതിരാവിലെ അവൻ വീണ്ടും ദേവാലയ**
**ത്തിലേക്കു വന്നു. ജനങ്ങളെല്ലാം അവന്റെ അടുക്കലെത്തി. അവൻ ഇരുന്ന് അവരെ**
**പഠിപ്പിച്ചു.**

2114 (കൂടാര)തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള തർക്കത്തിനുശേഷം യേശു പോയത്? **ഉ:** ഒലിവുമലയിലേക്കു (8,1).

2115 അവൻ വീണ്ടും ദേവാലയത്തിലേക്കു വന്നത്? **ഉ:** അതിരാവിലെ (8,2).

2116 അതിരാവിലെ അവൻ വീണ്ടും ദേവാലയത്തിലേക്കു വന്നു. അവന്റെ അടുക്കലെത്തിയത്? **ഉ:** ജനങ്ങളെല്ലാം (8,2).

2117 (കൂടാര)തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിന്റെ പിറ്റേദിവസം അതിരാവിലെ യേശു വീണ്ടും ദേവാലയത്തിലേക്കു വന്നു. ജനങ്ങളെല്ലാം അവന്റെ അടുക്കലെത്തി. അവൻ എന്തു ചെയ്തു? **ഉ:** ഇരുന്ന് അവരെ പഠിപ്പിച്ചു (8,2).

**8,3 വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരുംകൂടെ അവന്റെ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തി.**

2118 വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ ദേവാലയത്തിൽ ഇരുന്നു പഠിപ്പിച്ചുകൊണ്ടിരുന്ന യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തിയത്? **ഉ:** നിയമജ്ഞരും ഫരിസേയരുംകൂടെ (8,3).

**8,4–6 [4]അവർ അവനോടു പറഞ്ഞു: ഗുരോ, ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട**
**വളാണ്. [5]ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശയുടെ നിയമത്തിൽ**
**കല്പിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു? [6]ഇത് അവനിൽ കുറ്റമാരോപി**
**ക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചതാണ്. യേശുവാകട്ടെ, കു**
**നിഞ്ഞ് വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു.**

2119 വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ കല്ലെറിയണമെന്നാണ് മോശയുടെ നിയമത്തിൽ കല്പിച്ചിരിക്കുന്നത്? **ഉ:** ലേവ്യ 10; നിയ 22,22.

2120 യേശുവിൽ കുറ്റമാരോപിക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചത്? **ഉ:** നിയമജ്ഞരും ഫരിസേയരുംകൂടെ (8,3).

**8,7 അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ.**

**8,8 അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു.**

2121 യോഹ 8–ാം അധ്യായത്തിൽ യേശു ഒരു പ്രവൃത്തി രണ്ടു പ്രാവശ്യം ചെയ്തതായി പറഞ്ഞിട്ടുണ്ട്? ഏത്? **ഉ:** കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു (വാക്യ. 6. 8).

8,9 എന്നാൽ, ഇതു കേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു.

2122 ഇതു കേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഏതു കേട്ടപ്പോൾ? **ഉ:** നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ എന്ന് യേശു പറഞ്ഞത് (8,7).

**8,10 യേശു നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവരെവിടെ? ആരും നിന്നെ വിധിച്ചില്ലേ?**

**8,11 അവൾ പറഞ്ഞു: ഇല്ല, കർത്താവേ! യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക; ഇനിമേൽ പാപം ചെയ്യരുത്.**



2123 യോഹന്നാന്റെ സുവിശേഷത്തിൽ, ഇനിമേൽ/ മേലിൽ പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞത്? (ഒരേ കാര്യം രണ്ടു പേരോട് ആവശ്യപ്പെട്ടത്?) **ഉ:** ബേത്സഥായിൽ കുളത്തിനടുത്തു സൗഖ്യം നല്കിയവനോടും (5,14) വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും (8,11).

2124 യോഹന്നാന്റെ സുവിശേഷം 1–12ൽ, യേശു സ്ത്രീയേ എന്നു വിളിച്ചവർ? **ഉ:** അവന്റെ അമ്മ (2,4), സമരിയാക്കാരി (4,21), വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ (8,10).

2125 യോഹന്നാന്റെ സുവിശേഷത്തിൽ, ഞാനും നിന്നെ വിധിക്കുന്നില്ല എന്ന് യേശു പറഞ്ഞത്? **ഉ:** വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് (8,11).

### യേശു ലോകത്തിന്റെ പ്രകാശം

**8,12 യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.**

2126 യോഹ 8,12നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ഏശ 49,6; യോഹ 9,5; 12,35; 1,4.

2127 യേശു വീണ്ടും ആരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും (8,12)? **ഉ:** നിയമജ്ഞരോടും ഫരിസേയരോടും (8,3).

**8,13 അപ്പോൾ ഫരിസേയർ പറഞ്ഞു: നീതന്നെ നിനക്കു സാക്ഷ്യം നല്കുന്നു. നിന്റെ സാക്ഷ്യം സത്യമല്ല.**

2128 നീതന്നെ നിനക്കു സാക്ഷ്യം നല്കുന്നു. നിന്റെ സാക്ഷ്യം സത്യമല്ല (8,13). ആര് യേശുവിനോടു പറഞ്ഞു? **ഉ:** ഫരിസേയർ (8,13).

8,14–18(19) യേശു ഫരിസേയരോടു പറയുന്ന വാക്കുകളാണ് (വാക്യ 13–18 ഒരു ഖണ്ഡമായി വാക്യനമ്പരുൾപ്പടെ മനഃപാഠമാക്കുക)

**8,14–18 [14]യേശു പ്രതിവചിച്ചു: ഞാൻതന്നെ എനിക്കു സാക്ഷ്യം നല്കിയാലും എന്റെ**
**സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു**
**പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വന്നുവെന്നോ**
**എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല. [15]നിങ്ങളുടെ വിധി മാനു**
**ഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല. [16]ഞാൻ വിധിക്കുന്നെങ്കിൽത്തന്നെ**
**എന്റെ വിധി സത്യമാണ്; കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും**
**എന്നോടുകൂടയുണ്ട്. [17]രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു നിങ്ങളുടെ നിയ**
**മത്തിൽത്തന്നെ എഴുതിയിട്ടുണ്ടല്ലോ. [18]എന്നെക്കുറിച്ചു ഞാൻതന്നെ സാക്ഷ്യം**
**നല്കുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ചു സാക്ഷ്യം നല്കുന്നു.**

2129 യോഹ 8,13–18നു സമാനമായി യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** 5,31–39.

2130 ഞാൻതന്നെ എനിക്കു സാക്ഷ്യം നല്കിയാലും എന്റെ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല. യേശു ആരോടു പറഞ്ഞു? **ഉ:** ഫരിസേയരോട് (8,13).

2131 യേശുതന്നെ തനിക്കു സാക്ഷ്യം നല്കിയാലും അവന്റെ സാക്ഷ്യം സത്യമാണ്. കാരണം? **ഉ:** താൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും അവനറിയാം (8,14).

2132 യേശു എവിടെനിന്നു വന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ അറിയുന്നില്ലാത്തവർ? **ഉ:** ഫരിസേയർ (8,13–14).

2133 മാനുഷിക വിധി ആരുടേത്? **ഉ:** ഫരിസേയരുടേത് (8,15).

2134 യേശു വിധിക്കുന്നെങ്കിൽത്തന്നെ അവന്റെ വിധി സത്യമാണ്; കാരണം? **ഉ:** അവൻ തനിച്ചല്ല അവനെ അയച്ച പിതാവും അവനോടുകൂടെയുണ്ട്. 17രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു യഹൂദരുടെ നിയമത്തിൽത്തന്നെ എഴുതിയിട്ടുണ്ട് (8,16–17).

2135 രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു യഹൂദരുടെ നിയമത്തിൽത്തന്നെ എവിടെ എഴുതിയിട്ടുണ്ട്? **ഉ:** നിയ 17,6; 19,15; പുതിയ നിയമത്തിൽ: മത്താ 18,16.

2136 യേശുവിനെക്കുറിച്ചു സാക്ഷ്യം നല്കുന്ന രണ്ടു പേർ? **ഉ:** യേശുതന്നെയും അവനെ അയച്ച പിതാവും (8,18).

**8,19 അപ്പോൾ അവർ ചോദിച്ചു: നിന്റെ പിതാവ് എവിടെയാണ്? യേശു പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എന്റെ പിതാവിനെയാകട്ടെ അറിയുന്നില്ല. എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു.**

2137 നിന്റെ പിതാവ് എവിടെയാണ് എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** ഫരിസേയർ (8,19. 13).

2138 നിങ്ങൾ എന്നെയാകട്ടെ എന്റെ പിതാവിനെയാകട്ടെ അറിയുന്നില്ല എന്ന് യേശു കുറ്റപ്പെടുത്തുന്നവർ? **ഉ:** ഫരിസേയർ (8,19. 13).

2139 ഫരിസേയർ യേശുവിന്റെ പിതാവിനെ അറിയുന്നില്ല. കാരണം? **ഉ:** യേശുവിനെ അറിയുന്നില്ല (8,19).

**8,20 ദേവാലയത്തിൽ ഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്. എന്നാൽ, ആരും അവനെ പിടിച്ചില്ല. കാരണം, അവന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു.**

2140 യോഹ 8,13–19ൽ ഫരിസേയരുമായുള്ള സംവാദത്തിൽ താൻ ലോകത്തിന്റെ പ്രകാശമാണെന്നും തന്റെ സാക്ഷ്യം സത്യമാണെന്നുമെല്ലാം യേശു പറഞ്ഞത് എപ്പോൾ? **ഉ:** ദേവാലയത്തിൽ ഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ (8,20).

2141 അവൻ ഇതെല്ലാം പറഞ്ഞിട്ടും ആരും അവനെ പിടിച്ചില്ല. കാരണം? **ഉ:** അവന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു (8,20).

യഹൂദർക്കു മുന്നറിയിപ്പ് (8,21–29ലുള്ളത് യേശു ദേവാലയത്തിൽ യഹൂദരോടു പറയുന്നതാണ്)

**8,21 യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും; എന്നാൽ, നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും. ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.**

2142 നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും എന്ന് യേശു പറഞ്ഞത്? **ഉ:** യഹൂദരോട് (8,21). (**ശ്രദ്ധിക്കുക**: 8,21ൽ പാപത്തിൽ എന്ന്; 8,24ൽ പാപങ്ങളിൽ എന്ന്)

2143 ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന് യേശു പറഞ്ഞത്? **ഉ:** യഹൂദരോട് (8,21).

**8,22 അപ്പോൾ യഹൂദർ പറഞ്ഞു: ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന് അവൻ പറയുന്നല്ലോ. അവൻ ആത്മഹത്യ ചെയ്തേക്കുമോ?**

2144 അവൻ (യേശു) ആത്മഹത്യ ചെയ്തേക്കുമോ എന്നു പറഞ്ഞത്? **ഉ:** യഹൂദർ(8,21).

2145 യോഹ 8,22നു സമാനമായ വാക്കുകൾ യോഹന്നാന്റെ സുവിശേഷത്തിൽ മറ്റെവിടെ? **ഉ:** 7,34–35.

**8,23–24 23അവൻ പറഞ്ഞു: നിങ്ങൾ താഴെനിന്നുള്ളവരാണ്; ഞാൻ മുകളിൽനിന്നുള്ളവനും. നിങ്ങൾ ഈ ലോകത്തിന്റേതാണ്: ഞാൻ ഈ ലോകത്തിന്റേതല്ല. 24നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു. എന്തെന്നാൽ, ഞാൻ ഞാൻതന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.**

2146 താഴെനിന്നുള്ളവരാണ് എന്ന് യേശു പറഞ്ഞത്? **ഉ:** യഹൂദർ (8,23).

2147 ഈ ലോകത്തിന്റേതാണ് എന്ന് യേശു പറഞ്ഞത്? **ഉ:** യഹൂദർ (8,23).

2148 എന്തുകൊണ്ട് നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** യേശു ഞാൻ ഞാൻതന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ (8,24). (= യേശു ദൈവമാകുന്നു എന്നു വിശ്വസിക്കുന്നില്ലെങ്കിൽ).

**8,25–26 25അപ്പോൾ അവർ ചോദിച്ചു: നീ ആരാണ്? യേശു പറഞ്ഞു: ആരംഭം മുതലേ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതുതന്നെ. 26എനിക്കു നിങ്ങളെക്കുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാനാണ്. അവിടത്തെ അധരങ്ങളിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു.**

2149 യോഹ 8,25ലെ യേശുവിന്റെ വാക്കുകളുടെ ഗ്രീക്കുമൂലത്തിന്റെ വേറൊരു വിവർത്തനം? **ഉ:** ഞാൻ നിങ്ങളോടു സംസാരിക്കുന്നതുതന്നെ എന്തിന് (പി.ഒ.സി ബൈബിൾ).



2150 എന്നെ അയച്ചവൻ സത്യവാനാണ് എന്ന് യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെല്ലാം? **ഉ:** 7,28; 8,26.

2151 ആരുടെ അധരങ്ങളിൽനിന്നു കേട്ടതു യേശു ലോകത്തോടു പറയുന്നു? **ഉ:** തന്നെ അയച്ച സത്യവാന്റെ അധരങ്ങളിൽനിന്നു കേട്ടത് (8,26).

**8,27 പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർ മനസ്സിലാക്കിയില്ല.**

2152 എന്നെ അയച്ചവൻ സത്യവാനാണ്. അവിടത്തെ അധരങ്ങളിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു എന്ന് യേശു യഹൂദരോടു പറഞ്ഞപ്പോൾ അവൻ ആരെക്കുറിച്ചാണ് സംസാരിച്ചത്? **ഉ:** പിതാവിനെക്കുറിച്ച് (8,27).

2153 എന്നെ അയച്ചവൻ സത്യവാനാണ്. അവിടത്തെ അധരങ്ങളിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു എന്ന് യേശു യഹൂദരോടു പറഞ്ഞപ്പോൾ അവർ മനസ്സിലാക്കാതിരുന്നത്? **ഉ:** പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് (8,27).

**8,28–29 28അതുകൊണ്ട് യേശു പറഞ്ഞു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻതന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. 29അവിടന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല. കാരണം ഞാൻ എപ്പോഴും അവിടത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു.**

**8,30 ഇതു പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു.**

2154 ഞാൻ ഞാൻതന്നെയെന്ന് എപ്പോൾ യഹൂദർ മനസ്സിലാക്കുമെന്ന് യേശു അവരോടു പറഞ്ഞു? **ഉ:** നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ (8,28).

2155 ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും എപ്പോൾ നിങ്ങൾ മനസ്സിലാക്കും എന്ന് യേശു അവരോടു പറഞ്ഞു? **ഉ:** നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ (8,28).

2156 മനുഷ്യപുത്രൻ ഉയർത്തപ്പെടുന്നതിനെക്കുറിച്ച് യോഹ 8,30നുമുമ്പ് യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** 3,15.

2157 നിങ്ങൾ (യഹൂദർ) മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ എന്ന് യോഹ 8,32ൽ യേശു പറയുന്നതിന്റെ അർഥം സൂചിപ്പിക്കുന്ന വാക്യം യോഹന്നാന്റെ സുവിശേഷത്തിൽ? **ഉ:** 18,32. (ഏതുവിധ മരണമാണ് തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിക്കുന്ന വചനം).

2158 പൂരിപ്പിക്കുക: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻതന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ – നിങ്ങൾ മനസ്സിലാക്കും (യോഹ 8,28). **ഉ:** സംസാരിക്കുന്നുവെന്നും

2159 പൂരിപ്പിക്കുക: അവിടന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല. കാരണം ഞാൻ എപ്പോഴും – – – (യോഹ 8,29). **ഉ:** അവിടത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു.

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

**8,31–32 31തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർഥത്തിൽ എന്റെ ശിഷ്യരാണ്. 32നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതനന്ത്രാക്കുകയും ചെയ്യും.**

2160 ആരോട് യേശു പറഞ്ഞു? എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർഥത്തിൽ എന്റെ ശിഷ്യരാണ്. 32നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ 8,31–32). **ഉ:** തന്നിൽ വിശ്വസിച്ച യഹൂദരോട്.

2161 യഥാർഥത്തിൽ യേശുവിന്റെ ശിഷ്യർ? **ഉ:** യേശുവിന്റെ വചനത്തിൽ നിലനില്ക്കുന്നവർ (8,31).

2162 യേശുവിന്റെ വചനത്തിൽ നിലനില്ക്കുന്നവർ അറിയുന്നത്? **ഉ:** സത്യം (8,32).
2163 യേശുവിന്റെ വചനത്തിൽ നിലനില്ക്കുന്നവരെ സ്വതന്ത്രരാക്കുന്നത്? **ഉ:** സത്യം (8,32).
2164 യോഹ 8,32നു സമാനമായി പുതിയ നിയമത്തിലെ ഒരു വാക്യം? **ഉ:** ഗലാ 5,1. (2 കോറി 8,17 എന്നും പി.ഒ.സി ബൈബിൾ നല്കിയിട്ടുള്ളത് തെറ്റാണ്).
2165 യോഹ 8,32ൽ പറയുന്ന സത്യം ആര്? **ഉ:** പുത്രൻ (8,36; അതായത്, ദൈവപുത്രനായ യേശു).

**8,33 അവർ അവനോടു പറഞ്ഞു: ഞങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്?**

2166 യോഹ 8,33നു സമാനമായ മറ്റു പുതിയ നിയമ ഭാഗങ്ങൾ? **ഉ:** മത്താ 3,9; ഗലാ 3,7.

**8,34–38 (8,33ലുള്ള യഹൂദരുടെ ചോദ്യത്തിന് യേശു നല്കുന്ന മറുപടിയാണ് 8,34–38)**
**34യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. 35അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു. 36അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകും. 37നിങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എന്റെ വചനം നിങ്ങളിൽ നിലനില്ക്കുന്നില്ല. 38എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൽനിന്നു കേട്ടതു നിങ്ങൾ പ്രവർത്തിക്കുന്നു.**

2167 പാപത്തിന്റെ അടിമയാര്? **ഉ:** പാപം ചെയ്യുന്നവൻ (8,34).
2168 യോഹ 8,34നു സമാനമായ വേദഭാഗങ്ങൾ? **ഉ:** റോമ 6,16; 2 പത്രോ 2,19.
2169 എക്കാലവും ഭവനത്തിൽ വസിക്കുന്നില്ലാത്തത്? **ഉ:** അടിമ (8,35).
2170 എക്കാലവും ഭവനത്തിൽ വസിക്കുന്നത്? **ഉ:** പുത്രൻ (8,35).
2171 യോഹ 8,35നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ഉത്പ 21,10; ഗലാ 4,30; പുറ 21,2; നിയ 15,12.
2172 ആര് നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകുമെന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ (8,36).
2173 അബ്രാഹത്തിന്റെ സന്തതികളായിരുന്നിട്ടും യഹൂദർ യേശുവനെ കൊല്ലാൻ ആലോചിച്ചു. യേശു പറഞ്ഞ കാരണം? **ഉ:** എന്റെ വചനം നിങ്ങളിൽ നിലനില്ക്കുന്നില്ല (8,37).
2174 യേശു സംസാരിക്കുന്നത്? **ഉ:** എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി (8,38).
2175 നിങ്ങൾ (യഹൂദർ) പ്രവർത്തിക്കുന്നത്? **ഉ:** നിങ്ങളുടെ പിതാവിൽനിന്നു കേട്ടത് (8,38).

പിശാച് നിങ്ങളുടെ പിതാവ്

**8,39–41 39അവർ പറഞ്ഞു: അബ്രാഹമാണ് ഞങ്ങളുടെ പിതാവ്. യേശു അവരോടു പറഞ്ഞു: നിങ്ങൾ അബ്രാഹത്തിന്റെ മക്കളാണെങ്കിൽ അബ്രാഹത്തിന്റെ പ്രവൃത്തികൾ ചെയ്യുമായിരുന്നു. 40എന്നാൽ, ദൈവത്തിൽനിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞ എന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു. അബ്രാഹം ഇങ്ങനെ ചെയ്തിട്ടില്ല. 41നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാരസന്തതികളല്ല; ഞങ്ങൾക്ക് ഒരു പിതാവേ ഉള്ളു – ദൈവം.**

2176 അബ്രാഹമാണ് ഞങ്ങളുടെ പിതാവ് എന്ന യഹൂദരുടെ മേനിപറച്ചിലിനെക്കുറിച്ച് (8,39) പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** മത്താ 3,9; യോഹ 8,33.
2177 യേശുവിനെ കൊല്ലാൻ യഹൂദർ ആലോചിക്കുന്ന കാരണം യേശു പറയുന്നത് യോഹ 8,40ൽ? **ഉ;** ദൈവത്തിൽനിന്നു കേട്ട സത്യം യേശു അവരോടു പറഞ്ഞു.
2178 അബ്രാഹം ഇങ്ങനെ ചെയ്തിട്ടില്ല എന്ന് യേശു യഹൂദരോടു പറയുന്ന പ്രവൃത്തി യോഹ 8,40ൽ? **ഉ:** ദൈവത്തിൽനിന്നു കേട്ട സത്യം പറഞ്ഞവനെ കൊല്ലാൻ ആലോചിച്ചിട്ടില്ല.
2179 യഹൂദർ തന്നെ കൊല്ലാൻ ആലോചിക്കുന്നത് യേശു പറഞ്ഞിട്ടുള്ള വാക്യങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ? **ഉ:** 7,19; 8,37. 40.



2180 ദൈവം പിതാവ് എന്നുള്ള പഴയ നിയമ വാക്യങ്ങൾ? **ഉ:** നിയ 32,6; ഏശ 63,16; 64,8. (ഏശ 53,16 എന്നു പി.ഒ.സി ബൈബിളിലുള്ളത് തെറ്റാണ്).

**8,42 യേശു അവരോടു പറഞ്ഞു: ദൈവം ആണ് നിങ്ങളുടെ പിതാവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ ദൈവത്തിൽനിന്നാണ് വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല; അവിടന്ന് എന്നെ അയച്ചതാണ്.**

2181 ദൈവം യഹൂദരുടെ പിതാവല്ല എന്നതിന് യേശു പറയുന്ന ന്യായം യോഹ 8,42ൽ? **ഉ:** അവർ യേശുവിനെ സ്നേഹിക്കുന്നില്ല (8,42).
2182 ഞാൻ സ്വമേധയാ വന്നതല്ലഎന്ന് യേശു പറയുന്ന വാക്യങ്ങൾ? **ഉ:** യോഹ 7,28; 8,42
2183 ദൈവം എന്നെ അയച്ചതാണ് എന്ന് യേശു പറയുന്ന വാക്യങ്ങൾ? **ഉ:** യോഹ 3,34; 8,42;
2184 പിതാവ് എന്നെ അയച്ചതാണ് എന്ന് യേശു പറയുന്ന വാക്യങ്ങൾ? **ഉ:** യോഹ 5,36; 6,57; 8,16. 18

**8,43 ഞാൻ പറയുന്നത് എന്തുകൊണ്ട് നിങ്ങൾ ഗ്രഹിക്കുന്നില്ല? എന്റെ വചനം ഗ്രഹിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ.**

2185 ദൈവം അയച്ച താൻ പറയുന്നത് യഹൂദർ ഗ്രഹിക്കുന്നില്ലാത്തതിന് യേശു അവരോടു പറയുന്ന കാരണം? **ഉ:** എന്റെ വചനം ഗ്രഹിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ (8,43).

**8,44 നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവനാകട്ടെ ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്.**

2186 യേശു പിശാചിനെക്കുറിച്ച് യഹൂദരോടു പറഞ്ഞത് യോഹ 8,44ൽ? **ഉ:** യഹൂദരുടെ പിതാവ്; ആദിമുതൽ കൊലപാതകി; ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല; അവനിൽ സത്യമില്ല; കള്ളം പറയുമ്പോൾ സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്.
2187 യോഹ 8,44നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ഉത്പ 3,4; 1 യോഹ 3,8.
2188 ഒരാൾ കള്ളം പറയുമ്പോൾ എന്തനുസരിച്ചാണ് സംസാരിക്കുന്നത്? **ഉ:** സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് (യോഹ 8,44). (ആ സ്വഭാവം ആരുടേത്? **ഉ:** നുണയനും നുണയുടെ പിതാവുമായ പിശാചിന്റേത്: 8,44).

**8,45–47 45ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. 46നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? ഞാൻ സത്യമാണ് പറയുന്നതെങ്കിൽ, എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല? 47ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു.**

2189 എന്തുകൊണ്ട് യഹൂദർ തന്നിൽ വിശ്വസിക്കുന്നില്ല എന്ന് യേശു യഹൂദരോടു (8,45ൽ) പറഞ്ഞു? **ഉ:** ഞാൻ (യേശു) സത്യം പറയുന്നതുകൊണ്ട്.
2190 നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? വേദഭാഗം? **ഉ:** യോഹ 8,46.
2191 ആര് ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു? **ഉ:** ദൈവത്തിൽനിന്നുള്ളവൻ (8,47).

അബ്രാഹത്തിനുമുമ്പു ഞാനുണ്ട്

**8,48 യഹൂദർ പറഞ്ഞു: നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ?**

2192 നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും യേശുവിനോടു പറഞ്ഞത്? **ഉ:** യഹൂദർ (8,48). (8,52ലും. യേശു കൂടാരത്തിരുനാളിൽ ജറുസലേംദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ജനങ്ങൾ പറഞ്ഞു: നിനക്കു പിശാചുണ്ട്: 7,20; അവനു പിശാചുണ്ട് എന്ന് യഹൂദർ പറഞ്ഞത് 10,20ലും ഉണ്ട്).

**8,49–51 49യേശു പറഞ്ഞു: എനിക്കു പിശാചില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു. 50ഞാൻ എന്റെ മഹത്ത്വം**

**അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനു ണ്ട്. [51]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല.**

2193 താൻ ആരെ ബഹുമാനിക്കുന്നു എന്ന് യേശു പറഞ്ഞു? **ഉ:** എന്റെ പിതാവിനെ (8,49).

2194 ഞാൻ അന്വേഷിക്കുന്നില്ല എന്ന് യേശു പറഞ്ഞത്? **ഉ:** എന്റെ മഹത്ത്വം (8,50).

2195 പൂരിപ്പിക്കുക: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും എന്റെ വചനം പാലിച്ചാൽ - - - (8,51). **ഉ:** അവൻ ഒരിക്കലും മരിക്കുകയില്ല.

**8,52–53 [52]യഹൂദർ അവനോടു പറഞ്ഞു: നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. അബ്രാഹം മരിച്ചു; പ്രവാചകന്മാരും മരിച്ചു. എന്നിട്ടും, എന്റെ വചനം പാലിക്കുന്ന ഒരുവനും ഒരിക്കലും മരിക്കുകയില്ല എന്നു നീ പറയുന്നു. [53]ഞങ്ങളുടെ മരിച്ചുപോയ പിതാവായ അബ്രാഹത്തെക്കാൾ വലിയവനാണോ നീ? പ്രവാചകന്മാരും മരിച്ചുപോയി. ആരാണെന്നാണ് നീ അവകാശപ്പെടുന്നത്?**

2196 നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു എന്ന് യഹൂദർ യേശുവിനോടു പറഞ്ഞതിന് അവർ യേശുവിനോടു പറഞ്ഞ തെളിവ്? **ഉ:** അബ്രാഹം മരിച്ചു; പ്രവാചകന്മാരും മരിച്ചു. എന്നിട്ടും, എന്റെ വചനം പാലിക്കുന്ന ഒരുവനും ഒരിക്കലും മരിക്കുകയില്ല എന്നു നീ പറയുന്നു (8,52).

2197 ആരാണെന്നാണ് നീ അവകാശപ്പെടുന്നത്? എന്ന് യഹൂദർ ചോദിച്ചതിന് യേശു പറഞ്ഞ മറുപടി? **ഉ:** യോഹ 8,54–56.

**8,54–56 [54]യേശു പറഞ്ഞു: ഞാൻ എന്നെത്തന്നെ മഹത്ത്വപ്പെടുത്തിയാൽ എന്റെ മഹത്ത്വത്തിനു വിലയില്ല. [55]എന്നാൽ, നിങ്ങളുടെ ദൈവമെന്നു നിങ്ങൾ വിളിക്കുന്ന എന്റെ പിതാവാണ് എന്നെ മഹത്ത്വപ്പെടുത്തുന്നത്. എന്നാൽ, നിങ്ങൾ അവിടത്തെ അറിഞ്ഞിട്ടില്ല; ഞാനോ അവിടത്തെ അറിയുന്നു. ഞാൻ അവിടത്തെ അറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ, ഞാൻ അവിടത്തെ അറിയുകയും അവിടത്തെ വചനം പാലിക്കുകയും ചെയ്യുന്നു. [56]എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രാഹം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു.**

2198 യേശു യഹൂദരോടു പറഞ്ഞതനുസരിച്ച്, വിലയില്ലാത്ത മഹത്ത്വം? **ഉ:** ഞാൻ എന്നെത്തന്നെ മഹത്ത്വപ്പെടുത്തിയാൽ (8,54).

2199 യഹൂദരുടെ ദൈവവും യേശുവും തമ്മിലുള്ള ബന്ധം? **ഉ:** തങ്ങളുടെ ദൈവമെന്ന് യഹൂദർ വിളിക്കുന്നത് യേശുവിന്റെ പിതാവിനെയാണ് (8,55).

2200 യേശുവിനെ മഹത്ത്വപ്പെടുത്തുന്നത് ആരെന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** നിങ്ങളുടെ ദൈവമെന്നു നിങ്ങൾ വിളിക്കുന്ന എന്റെ പിതാവ് (8,55).

2201 ദൈവത്തോടുള്ള ബന്ധത്തിൽ യേശുവും യഹൂദരും തമ്മിലുള്ള വ്യത്യാസം യേശുവിന്റെ വാക്കുകളിൽ? **ഉ:** നിങ്ങൾ അവിടത്തെ അറിഞ്ഞിട്ടില്ല; ഞാനോ അവിടത്തെ അറിയുന്നു (8,55).

2202 ഞാൻ പിതാവിനെ അറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും നിങ്ങളെപ്പോലെ ആരാകുമെന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** നുണയനാകുമെന്ന് (8,55).

2203 യേശുവിന്റെ ദിവസം കാണാമെന്ന പ്രതീക്ഷയിൽ ആനന്ദിച്ചത്? **ഉ:** യഹൂദരുടെ പിതാവായ അബ്രാഹം (8,56).

2204 യേശുവിന്റെ ദിവസം കാണുകയും സന്തഷിക്കുകയും ചെയ്തത്? **ഉ:** യഹൂദരുടെ പിതാവായ അബ്രാഹം (8,56).

2205 യോഹ 8,56നു സമായമായ വേദഭാഗങ്ങൾ? **ഉ:** മത്താ 13,17; ഹെബ്രാ 11,13.

**8,57 അപ്പോൾ യഹൂദർ പറഞ്ഞു: നിനക്ക് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രാഹത്തെ കണ്ടുവെന്നോ?**

2206 യോഹ 8,57ന്റെ പാഠഭേദം? **ഉ:** അബ്രാഹം നിന്നെ കണ്ടിട്ടുണ്ടോ?

**8,58 യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.**



2207 ആര് ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട് എന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** അബ്രാഹം (8,58).

8,59 അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെയുത്തു. എന്നാൽ യേശു അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിൽനിന്നു പുറത്തു പോയി.

2208 എപ്പോൾ യഹൂദർ യേശുവിനെ എറിയാൻ കല്ലുകളെയുത്തു? **ഉ:** അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട് എന്നു പറഞ്ഞപ്പോൾ (8,59).

2209 യഹൂദർ യേശുവിനെ എറിയാൻ കല്ലുകളെയുത്തപ്പോൾ യേശു മറഞ്ഞത്? **ഉ:** അവരിൽനിന്ന് (യഹൂദരിൽനിന്ന്) (8,59).

2210 യഹൂദർ യേശുവിനെ എറിയാൻ കല്ലുകളെയുത്തപ്പോൾ യേശു പുറത്തുപോയത്? **ഉ:** ദേവാലയത്തിൽനിന്നു (8,59).

2211 യോഹ 8-ാം അധ്യായത്തിലെ അവസാനത്തെ വാക്യം? **ഉ:** അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെയുത്തു. എന്നാൽ യേശു അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിൽനിന്നു പുറത്തു പോയി (8,59).

## അധ്യായം 9 (അധ്യായം 9ൽ 41 വാക്യങ്ങൾ)

അന്ധനെ സുഖപ്പെടുത്തുന്നു

**9,1 അവൻ കടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു.**

2212 യേശു എപ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു? **ഉ:** കടന്നുപോകുമ്പോൾ (9,1).

**9,2 ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: റബ്ബീ, ഇവൻ അന്ധനായി പിറന്നത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?**

2213 ശിഷ്യന്മാർ യേശുവിനെ വിളിച്ചത്? **ഉ:** റബ്ബീ (9,2).

2214 റബ്ബീ, ഇവൻ അന്ധനായി പിറന്നത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** ശിഷ്യന്മാർ (9,2).

2215 യോഹ 9,2നു സമാനമായ വേദഭാഗങ്ങൾ? **ഉ:** ലൂക്കാ 13,2; അപ്പ 28,4; എസെ 18,20; പുറ 20,5.

**9,3 യേശു മറുപടി പറഞ്ഞു: ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്.**

2216 ജന്മനാ അന്ധനായവൻ അന്ധനായി പിറന്നത് എന്ത് ഇവനിൽ പ്രകടമാകേണ്ടതിനെന്ന് യേശു പറഞ്ഞു? **ഉ:** ദൈവത്തിന്റെ പ്രവൃത്തികൾ (9,3).

**9,4 എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.**

2217 യേശുവിനെ അയച്ചവന്റെ പ്രവൃത്തി പകലായിരിക്കുവോളം ചെയ്യേണ്ടിയിരിക്കുന്നത്? **ഉ:** നാം (9,4).

2218 യേശുവിനെ അയച്ചവന്റെ പ്രവൃത്തി നാം ചെയ്യേണ്ടിയിരിക്കുന്നത്? **ഉ:** പകലായിരിക്കുവോളം (9,4).

2219 യോഹ 8,4ൽ ശിഷ്യന്മാർക്ക് യേശു നല്കുന്ന മുന്നറിയിപ്പ്? **ഉ:** ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.

**9,5–7 [5]ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്. [6]ഇതു പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവന്റെ കണ്ണുകളിൽ പൂശിയിട്ട്, [7]അവനോടു പറഞ്ഞു: നീ പോയി സീലോഹാ – അയയ്ക്കപ്പെട്ടവൻ എന്നർഥം – കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.**

2220 യോഹ 9,5 പറയുക: **ഉ:** ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്.

2221 എപ്പോൾ യേശു ലോകത്തിന്റെ പ്രകാശമാണ്? **ഉ:** ലോകത്തിലായിരിക്കുമ്പോൾ (9,5).

2222 ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്. ഇതു പറഞ്ഞിട്ട് യേശു ചെയ്തത്? **ഉ:** അവൻ നിലത്തു തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവന്റെ (അന്ധന്റെ) കണ്ണുകളിൽ പൂശിയിട്ട്, 7അവനോടു പറഞ്ഞു: നീ പോയി സീലോഹാ കുളത്തിൽ കഴുകുക (9,6–7).

2223 സീലോഹാ അർഥം? **ഉ:** അയയ്ക്കപ്പെട്ടവൻ (9,7).

2224 യേശു തുപ്പൽകൊണ്ട് അന്ധരുടെ കണ്ണുകൾക്ക് തുപ്പൽകൊണ്ടു കാഴ്ച കൊടുത്തതായി പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** മർക്കോ 7,33; 8,23.

2225 യോഹ 9,7ൽ സീലോഹാ കുളത്തെക്കുറിച്ചു പറയുന്നു. സീലോഹായെക്കുറിച്ചു പുതിയ നിയമത്തിൽ മറ്റെവിടെ പരാമർശിക്കുന്നു? **ഉ:** ലൂക്കാ 13,4. (സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു മരിച്ച 18 പേരെക്കുറിച്ച്).

**9,8 അയല്ക്കാരും അവനെ മുമ്പു യാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു: ഇവൻതന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷ യാചിച്ചിരുന്നവൻ? എന്നാൽ അവൻ പറഞ്ഞു: ഞാൻതന്നെ**

2226 ഇവൻതന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷ യാചിച്ചിരുന്നവൻ എന്നു പറഞ്ഞത്? **ഉ:** അയല്ക്കാരും അവനെ മുമ്പു യാചകനായി കണ്ടിട്ടുള്ളവരും (9,8).

**9,9 ചിലർ പറഞ്ഞു: ഇവൻതന്നെ, മറ്റു ചിലർ പറഞ്ഞു: അല്ല, ഇവൻ ഇവനെപ്പോലെയിരിക്കുന്നു എന്നേയുള്ളു.**

2227 ഇവൻതന്നെ എന്നു പറഞ്ഞത്? **ഉ:** ചിലർ (9,9).

2228 മറ്റു ചിലർ പറഞ്ഞത്? **ഉ:** അല്ല, ഇവൻ ഇവനെപ്പോലെയിരിക്കുന്നു എന്നേയുള്ളു (9,9).

2229 എന്നാൽ അവൻ പറഞ്ഞത്? **ഉ:** ഞാൻതന്നെ (9,9).

**9,10 അപ്പോൾ അവർ അവനോടു ചോദിച്ചു: എങ്ങനെയാണു നിന്റെ കണ്ണുകൾ തുറക്കപ്പെട്ടത്?** (അവർ = അയല്ക്കാരും അവനെ മുമ്പു യാചകനായി കണ്ടിട്ടുള്ളവരും)

**9,11 അവൻ പറഞ്ഞു: യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു.**

2230 ചെളിയുണ്ടാക്കി അന്ധന്റെ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞത്? **ഉ:** യേശു എന്നു പേരുള്ള മനുഷ്യൻ (9,11).

**9,12 എന്നിട്ട് അവനെവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ എന്ന് അവൻ മറുപടി പറഞ്ഞു.**

**9,13 മുമ്പ് അന്ധനായിരുന്ന അവനെ അവർ ഫരിസേയരുടെ അടുത്തു കൊണ്ടുവന്നു.**

2231 മുമ്പ് അന്ധനായിരുന്ന അവനെ അവർ ഫരിസേയരുടെ അടുത്തു കൊണ്ടുവന്നത്? **ഉ:** അയല്ക്കാരും അവനെ മുമ്പു യാചകനായി കണ്ടിട്ടുള്ളവരും (9,8).

**9,14 യേശു ചെളിയുണ്ടാക്കി അവന്റെ കണ്ണുകൾ തുറന്നത് ഒരു സാബത്തുദിവസമാണ്.**

2232 ജന്മനാ അന്ധനായവന്റെ കണ്ണുകൾ യേശു ചെളിയുണ്ടാക്കി തുറന്ന ദിവസം? **ഉ:** ഒരു സാബത്തുദിവസം (9,14).

**9,15 വീണ്ടും ഫരിസേയർ എങ്ങനെ അവനു കാഴ്ച ലഭിച്ചു എന്നു ചോദിച്ചു. അവൻ പറഞ്ഞു: അവൻ എന്റെ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ കാണുകയും ചെയ്യുന്നു.**

2233 ഫരിസേയർ (അവനോടു) ചോദിച്ചത്? **ഉ:** എങ്ങനെ അവനു കാഴ്ച ലഭിച്ചു എന്ന് (9,15).

2234 അവൻ എന്തു പറഞ്ഞു? **ഉ:** അവൻ എന്റെ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ കാണുകയും ചെയ്യുന്നു (9,15; വാക്യം 11ലെ ഉത്തരത്തിൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).

**9,16 ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല. എന്നാൽ മറ്റുള്ളവർ പറഞ്ഞു: പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും? അങ്ങനെ അവരുടെയിടയിൽ ഭിന്നതയുണ്ടായി.**

2235 ജന്മനാ അന്ധനായിരുന്നവന്റെ കണ്ണിനു കാഴ്ച നല്കിയ യേശുവിനെക്കുറിച്ചു ഫരിസേയരിൽ ചിലർ പറഞ്ഞത്? **ഉ:** ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല (9,16).

2236 ജന്മനാ അന്ധനായിരുന്നവന്റെ കണ്ണിനു കാഴ്ച നല്കിയ യേശുവിന് ഫരിസേയരിൽ ചിലർ പറഞ്ഞ പേര്? **ഉ:** ഈ മനുഷ്യൻ (9,16).

2237 ഫരിസേയരിൽ ചിലർ യേശുവിനെക്കുറിച്ച് ഈ മനുഷ്യൻ ആരിൽനിന്നുള്ളവ



നല്ല എന്നു പറഞ്ഞു? **ഉ:** ദൈവത്തിൽനിന്നുള്ളവനല്ല (9,16).

2238 ജന്മനാ അന്ധനായിരുന്നവന്റെ കണ്ണിനു കാഴ്ച നല്കിയ യേശുവിനെക്കുറിച്ച് ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല എന്ന് ഫരിസേയരിൽ ചിലർ പറഞ്ഞതിനു അവർ പറഞ്ഞ കാരണം? **ഉ:** എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല (9,16).

2239 യേശു സാബത്ത് ആചരിക്കുന്നില്ലെന്ന് യോഹ 7,16ലെപ്പോലെ ഫരിസേയർ കുറ്റപ്പെടുത്തുന്നത് സുവിശേഷങ്ങളിൽ മറ്റെവിടെ? **ഉ:** മത്താ 12,2; യോഹ 5,9.

2240 എന്നാൽ പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും എന്നു പറഞ്ഞത്? **ഉ:** മറ്റുള്ളവർ (9,16).

2241 ജന്മനാ അന്ധനായിരുന്നവന്റെ കണ്ണിനു കാഴ്ച നല്കിയ യേശുവിനെക്കുറിച്ച് ഭിന്നതയുണ്ടായത്? **ഉ:** ഫരിസേയരിൽ ചിലരും മറ്റുള്ളവരും തമ്മിൽ (9,16).

2242 യേശുവിനെപ്രതി യഹൂദജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായെന്ന് യോഹ 9,16ലെപ്പോലെ മറ്റെവിടെ? **ഉ:** യോഹ 7,43; 10,19.

**9,17 അപ്പോൾ ആ അന്ധനോടു വീണ്ടും അവർ ചോദിച്ചു: അവൻ നിന്റെ കണ്ണുകൾ തുറന്നല്ലോ; അവനെപ്പറ്റി നീ എന്തു പറയുന്നു? അവൻ പറഞ്ഞു: അവൻ ഒരു പ്രവാചകനാണ്.**

2243 അവൻ ഒരു പ്രവാചകനാണ് ആ അന്ധൻ പറഞ്ഞത്? **ഉ:** ഫരിസേയരിൽ ചിലരോട് (9,16–17).

**9,18 അവൻ അന്ധനായിരുന്നെന്നും കാഴ്ചപ്രാപിച്ചെന്നും കാഴ്ച ലഭിച്ചവന്റെ മാതാപിതാക്കന്മാരെ വിളിച്ചു ചോദിക്കുവോളം, യഹൂദർ വിശ്വസിച്ചില്ല.**

2244 അവൻ അന്ധനായിരുന്നെന്നും കാഴ്ചപ്രാപിച്ചെന്നും കാഴ്ച ലഭിച്ചവന്റെ മാതാപിതാക്കന്മാരെ വിളിച്ചു ചോദിക്കുവോളം, ആര് വിശ്വസിച്ചില്ല? **ഉ:** യഹൂദർ (9,18).

**9,19 അവർ ചോദിച്ചു: അന്ധനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവനാണോ? ആണെങ്കിൽ എങ്ങനെയാണ് അവനിപ്പോൾ കാണുന്നത്?**

**9,20–21 [20]അവന്റെ മാതാപിതാക്കന്മാർ പറഞ്ഞു: അവൻ ഞങ്ങളുടെ മകനാണെന്നും**
**അന്ധനായി ജനിച്ചു എന്നും ഞങ്ങൾക്കറിയാം. [21]എന്നാൽ, ഇപ്പോൾ അവൻ**
**എങ്ങനെ കാണുന്നു എന്നും അവന്റെ കണ്ണുകൾ ആരു തുറന്നു എന്നും**
**ഞങ്ങൾക്കറിഞ്ഞുകൂടാ. അത് അവനോടുതന്നെ ചോദിക്കുവിൻ. അവനു പ്രായ**
**മായല്ലോ. തന്നെക്കുറിച്ച് അവൻതന്നെ പറയും.**

**9,22–23 [22]അവന്റെ മാതാപിതാക്കന്മാർ ഇങ്ങനെ പറഞ്ഞത് യഹൂദരെ ഭയന്നിട്ടാണ്.**
**കാരണം, യേശുവിനെ ക്രിസ്തു എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ**
**അവനെ സിനഗോഗിൽനിന്നു പുറത്തക്കണമെന്ന് യഹൂദർ തീരുമാനിച്ചിരുന്നു.**
**[23]അതുകൊണ്ടാണ്, അവന്റെ മാതാപിതാക്കന്മാർ അവനു പ്രായമായല്ലോ; അവ**
**നോടുതന്നെ ചോദിക്കുവിൻ എന്നു പറഞ്ഞത്.**

2245 അത് അവനോടുതന്നെ ചോദിക്കുവിൻ. അവനു പ്രായമായല്ലോ. തന്നെക്കുറിച്ച് അവൻതന്നെ പറയും എന്ന് അന്ധന്റെ മാതാപിതാക്കന്മാർ പറഞ്ഞത് ആരെ ഭയന്നിട്ടാണ്? **ഉ:** യഹൂദരെ (9,22).

2246 യേശുവിനെ ആര് എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവനെ സിനഗോഗിൽനിന്നു പുറത്തക്കണമെന്ന് യഹൂദർ തീരുമാനിച്ചിരുന്നു? **ഉ:** ക്രിസ്തു എന്ന് (9,22).

2247 യേശുവിനെ ക്രിസ്തു എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവനെ സിനഗോഗിൽനിന്നു പുറത്തക്കണമെന്ന് ആര് തീരുമാനിച്ചിരുന്നു? **ഉ:** യഹൂദർ (9,22).

2248 യോഹ 9,22ലെപ്പോലെ സിനഗോഗിൽനിന്നു പുറത്തക്കപ്പെടുന്നതിനെക്കുറിച്ചു മറ്റു പുതിയ നിയമഭാഗങ്ങൾ? **ഉ:** യോഹ 7,13; 12,42; ലൂക്കാ 6,22.

9,24 അന്ധനായിരുന്ന അവനെ യഹൂദർ വീണ്ടും വിളിച്ച് അവനോട് പറഞ്ഞു: ദൈവത്തെ മഹത്ത്വപ്പെടുത്തുക. ആ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം.

2249 ഞങ്ങൾക്കറിയാം എന്ന് യഹൂദർ യേശുവിനെക്കുറിച്ച് അന്ധനായിരുന്നവനോടു പറഞ്ഞത്? **ഉ:** ആ മനുഷ്യൻ പാപിയാണെന്നു (9,24).

2250 യേശുവിനെക്കുറിച്ച് ആ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം എന്ന് അന്ധനായിരുന്നവനോടു പറഞ്ഞത്? **ഉ:** യഹൂദർ (9,24).

**9,25 അവൻ പറഞ്ഞു: അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു.**

2251 എനിക്കറിഞ്ഞുകൂടാ എന്ന് അന്ധനായിരുന്നവൻ യഹൂദരോടു പറഞ്ഞത്? **ഉ:** അവൻ (യേശു) പാപിയാണോ എന്ന് (9,25).

2252 ഒരു കാര്യം എനിക്കറിയാം എന്ന് അന്ധനായിരുന്നവൻ യഹൂദരോടു പറഞ്ഞത്? **ഉ:** ഞാൻ അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു (9,25).

**9,26 അവർ ചോദിച്ചു: അവൻ നിനക്കുവേണ്ടി എന്തു ചെയ്തു? എങ്ങനെയാണ് അവൻ നിന്റെ കണ്ണുകൾ തുറന്നത്?**

2253 അവൻ നിനക്കുവേണ്ടി എന്തു ചെയ്തു? എങ്ങനെയാണ് അവൻ നിന്റെ കണ്ണുകൾ തുറന്നത് എന്ന് അന്ധനായിരുന്നവനോടു ചോദിച്ചത്? **ഉ:** യഹൂദർ

**9,27 അവൻ മറുപടി പറഞ്ഞു: നിങ്ങളോടു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. അപ്പോൾ നിങ്ങൾ കേട്ടില്ല. എന്തുകൊണ്ടാണ് വീണ്ടും കേൾക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങളും അവന്റെ ശിഷ്യരാകുവാൻ ഇച്ഛിക്കുന്നുവോ?**

**9,28–29 [28]അവർ അവനെ ശകാരിച്ചുകൊണ്ടു പറഞ്ഞു: നീയാണ് അവന്റെ ശിഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യന്മാരാണ്. [29]ദൈവം മോശയോടു സംസാരിച്ചുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ മനുഷ്യൻ എവിടെനിന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.**

2254 ഞങ്ങൾക്കറിഞ്ഞുകൂടാ എന്ന് യഹൂദർ യേശുവിനെക്കുറിച്ച് അന്ധനായിരുന്നവനോടു പറഞ്ഞത്? **ഉ:** ഈ മനുഷ്യൻ എവിടെനിന്നാണെന്നു (9,29).

**9,30–33 [30]അവൻ മറുപടി പറഞ്ഞു: ഇതു വിചിത്രമായിരിക്കുന്നു! അവൻ എവിടെനിന്നാണെന്നു നിങ്ങൾ അറിയുന്നില്ല. എന്നാൽ, അവൻ എന്റെ കണ്ണുകൾ തുറന്നു. [31]ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തെ ആരാധിക്കുകയും അവന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ പ്രാർഥന ദൈവം ശ്രവിക്കുന്നു. [32]അന്ധനായിപ്പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല. [33]ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ലെങ്കിൽ ഒന്നും ചെയ്യുവാൻ അവനു കഴിയുമായിരുന്നില്ല.**

2255 ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം എന്ന് അന്ധനായിരുന്നവൻ പറഞ്ഞത് ആരോട്? **ഉ:** യഹൂദരോട് (9,31).

2256 ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല എന്ന് അന്ധനായിരുന്നവൻ യഹൂദരോടു പറഞ്ഞത്? **ഉ:** അന്ധനായിപ്പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും തുറന്നതായി (9,31).

2257 ഈ മനുഷ്യൻ ആരല്ലെങ്കിൽ ഒന്നും ചെയ്യുവാൻ അവനു കഴിയുമായിരുന്നില്ല എന്ന് യഹൂദരോട് അന്ധനായിരുന്നവൻ പറഞ്ഞു? **ഉ:** ദൈവത്തിൽനിന്നുള്ളവനല്ലെങ്കിൽ (9,33).

**9,34 അപ്പോൾ അവർ പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി.**

2258 യേശു കാഴ്ച നല്കിയ അന്ധനായിരുന്നവനോട് യഹൂദർ അവസാനം പറഞ്ഞത്? **ഉ:** തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? (9,34).

2259 തികച്ചും പാപത്തിൽ പിറന്ന എന്ന അന്ധനായിരുന്നവനെ വിശേഷിപ്പിച്ചത്? **ഉ:** യഹൂദർ

2260 അവനോട് അവസാനം അവർ ചെയ്തത്? ഉ: അവർ അവനെ പുറത്താക്കി (9,34).

ആത്മീയാന്ധത

**9,35 അവർ അവനെ പുറത്താക്കി എന്ന് യേശു കേട്ടു. അവനെക്കണ്ടപ്പോൾ യേശു ചോദിച്ചു: മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?**

2261 അവനെക്കണ്ടപ്പോൾ യേശു അവനോട് ആരിൽ നീ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു? **ഉ:** മനുഷ്യപുത്രനിൽ (9,35).

2262 9,35ൽ മനുഷ്യപുത്രൻ എന്നതിനു പകരം ചില കൈയെഴുത്തുപ്രതികളിൽ കാണുന്നത്? **ഉ:** ദൈവപുത്രൻ എന്ന്.

**9,36 അവൻ ചോദിച്ചു: കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?** (= കർത്താവേ, മനുഷ്യപുത്രൻ ആരാണ്?)



2263 നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ എന്ന് യേശു അന്ധനായിരുന്നവനോടു ചോദിച്ചപ്പോൾ അവൻ യേശുവിനെ വിളിച്ചത്? **ഉ:** കർത്താവേ (9,36).

**9,37 യേശു പറഞ്ഞു: നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അവൻ.**

2264 യേശു കാഴ്ച നല്കിയ അന്ധനായിരുന്നവൻ അവസാനം യേശുവിനെ കണ്ടത് ആരെന്ന്? **ഉ:** മനുഷ്യപുത്രൻ (9,36–37).

**9,38 കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു.**

2265 അന്ധനായിരുന്നവന്റെ കാഴ്ച പൂർണമായത് എപ്പോൾ? **ഉ:** കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു (9,38).

**9,39 യേശു പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിക്കായിട്ടാണ് ഞാൻ ഈ ലോകത്തിലേക്കു വന്നത്.**

2266 യേശു ന്യായവിധിക്കായിട്ട് ഈ ലോകത്തിലേക്കു വന്നത് എന്തിന്? **ഉ:** കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് (9,39).

2267 യോഹ 9,39നെ അനുസ്മരിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ? **ഉ:** യോഹ 3,17; 5,27; 8,15. 16.

**9,40 അവന്റെ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർ ഇതു കേട്ട് അവനോടു ചോദിച്ചു: അപ്പോൾ ഞങ്ങളും അന്ധരാണോ?**

2268 അപ്പോൾ ഞങ്ങളും അന്ധരാണോ എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** അവന്റെ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർ (9,40).

**9,41 യേശു അവരോടു പറഞ്ഞു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു നിങ്ങളിൽ പാപം നിലനില്ക്കുന്നു.**

2269 യേശുവിന്റെ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർക്കു പാപം ഉണ്ടാകുമായിരുന്നില്ലാത്തത് അവർ എങ്ങനെയായിരുന്നെങ്കിൽ? **ഉ:** അന്ധരായിരുന്നെങ്കിൽ (9,11).

2270 യേശുവിന്റെ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയരിൽ എന്തുകൊണ്ടു പാപം നിലനില്ക്കുന്നു എന്ന് യേശു പറഞ്ഞു? **ഉ:** ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു (9,41).

2271 കാഴ്ച പ്രാപിച്ചതിനെക്കുറിച്ച് അന്ധനായിരുന്നവൻ യഹൂദരോടു പറഞ്ഞത്? **ഉ:** (1) ഞാൻ അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു (വാക്യം 25), അവൻ എന്റെ കണ്ണുകൾ തുറന്നു (വാക്യം 30).

2272 യേശുവിനെപ്പറ്റി അന്ധൻ പറഞ്ഞവ: യേശു എന്നു പേരുള്ള മനുഷ്യൻ (വാക്യം 11), ഒരു പ്രവാചകൻ (വാക്യം 17), അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ (വാക്യം 25), പാപിയല്ല, ദൈവത്തെ ആരാധിക്കുകയും അവന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവൻ (വാക്യം 31), ദൈവത്തിൽനിന്നുള്ളവൻ (വാക്യം 33), കർത്താവ് (വാക്യം 36),

2273 യേശുവിനെപ്പറ്റി ഫരിസേയരും യഹൂദരും പറഞ്ഞവ: ഫരിസേയർ: ദൈവത്തിൽനിന്നുള്ളവനല്ല (വാക്യം 16); യഹൂദർ: അവൻ പാപിയാണ് (വാക്യം24).

## അധ്യായം 10 (അധ്യായം 10ൽ 42 വാക്യങ്ങൾ)

ആട്ടിൻകൂട്ടത്തിന്റെ ഉപമ

**10,1 സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്.**

2274 കള്ളനും കവർച്ചക്കാരനുമായവന്റെ ലക്ഷണം? **ഉ:** ആട്ടിൻതൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു കടക്കുന്നവൻ (10,1).

**10,2–4 2എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്. [3]കാവല്ക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു. [4]തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട് അവൻ**

**അവയ്ക്കുമുമ്പേ നടക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു.** (ആടുകളുടെ ഇടയന്റെ ലക്ഷണങ്ങൾ ഏവ? വാക്യ 2-4ൽ ഉള്ളത്. അവ അതുപോലെ പഠിക്കണം).

2275 വാതിലിലൂടെ പ്രവേശിക്കുന്നത്? **ഉ:** ആടുകളുടെ ഇടയന്റെ ലക്ഷണം (9,2).

2276 യോഹ 10,2ലെപ്പോലെ ആടുകളെയും ഇടയനെയും ഓർപ്പിക്കുന്ന വിവരണം മറ്റേതു സുവിശേഷത്തിൽ? **ഉ:** മർക്കോ 6,34.

2277 കാവൽക്കാരൻ വാതിൽ തുറന്നുകൊടുക്കുന്നത്? **ഉ:** ആടുകളുടെ ഇടയന് (9,3).

2278 ആടുകളെ പുറത്തിറക്കിയിട്ട് ഇടയൻ നടക്കുന്നത്? **ഉ:** ആടുകൾക്കുമുമ്പേ (9,4).

2279 എന്തുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു? **ഉ:** അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് (9,4).

2280 ആടുകൾ സ്വരം ശ്രവിക്കുന്നതിനെക്കുറിച്ച് യോഹ 8ൽ മറ്റെവിടെ? **ഉ:** വാക്യം 27ൽ

**10,5 അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും.**

2281 ആടുകൾ അനുഗമിക്കുകയില്ലാത്തത്? **ഉ:** അപരിചിതനെ (9,5).

2282 ആടുകൾ അന്യരിൽനിന്ന് ഓടിയകലും. കാരണം? **ഉ:** അന്യരുടെ സ്വരം അറിയാത്തതിനാൽ (9,5).

**9,6 യേശു അവരോട് ഈ ഉപമ പറഞ്ഞു. എന്നാൽ അവൻ തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ മനസ്സിലാക്കിയില്ല.**

2283 യേശു ആട്ടിൻകൂട്ടത്തിന്റെ ഉപമയിൽ തങ്ങളോടു പറഞ്ഞത് എന്തെന്ന് മനസ്സിലാക്കിയില്ലാത്തത് ആര്? **ഉ:** ഫരിസേയർ (9,40 കാണുക; ഫരിസേയരോടു പറഞ്ഞതെങ്കിലും യഹൂദർ കേൾക്കെയാണ് - 10,19 കാണുക).

നല്ല ഇടയൻ

**10,7-8 [7]അതുകൊണ്ട് യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ. [8]എനിക്കുമുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരും ആയിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല.**

2284 എന്തുകൊണ്ട് യേശു വീണ്ടും ആടുകളുടെ വാതിലിന്റെയും നല്ല ഇടയന്റെയും ഉപമ പറഞ്ഞു? **ഉ:** ആട്ടിൻകൂട്ടത്തിന്റെ ഉപമയിൽ തങ്ങളോടു പറഞ്ഞത് എന്തെന്ന് ഫരിസേയർ മനസ്സിലാക്കിയില്ലാത്തതിനാൽ (10,6).

2285 ആടുകൾ ആരെ ശ്രവിച്ചില്ല? **ഉ:** യേശുവിനുമുമ്പേ വന്ന കള്ളന്മാരും കവർച്ചക്കാരും ആയിരുന്നവരെ (10,8).

2286 യോഹ 10,8ലെ വാക്കുകൾക്കു സമാനമായ പഴയ നിയമ ഭാഗങ്ങൾ? **ഉ:** ജറെ 23,1; എസെ 34,2.

**10,9 ഞാനാണ് വാതിൽ. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോകുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും.**

2287 ഞാനാണ് വാതിൽ. അധ്യായ, വാക്യം? **ഉ:** യോഹ 10,9.

2288 യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുന്നവൻ എന്തു പ്രാപിക്കും? **ഉ:** രക്ഷ (10,9).

2289 യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുന്നവൻ അകത്തു വരുകയും പുറത്തു പോകുകയും എന്തു കണ്ടെത്തുകയും ചെയ്യും? **ഉ:** മേച്ചിൽസ്ഥലം (10,9).

2290 യോഹ 10,9ലെ വാക്കുകൾക്കു സമാനമായ പഴയ നിയമ ഭാഗം? **ഉ:** സങ്കീ 118,20.

**10,10 മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ് കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്.**

2291 കള്ളൻ വരുന്നത്? **ഉ:** മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും (10,10).

2292 യേശു വന്നിരിക്കുന്നത്? **ഉ:** അവർക്കു (ആടുകൾക്കു) ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും (10,10).

**10,11 ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.**

2293 നല്ല ഇടയൻ ആടുകൾക്കുവേണ്ടി അർപ്പിക്കുന്നത്? **ഉ:** ജീവൻ (10,11).

2294 നല്ല ഇടയനെപ്പറ്റി യോഹ 8,11ലുള്ള വാക്കുകൾ മറ്റ് ഏതു വേദഭാഗങ്ങളെ ഓർമിപ്പിക്കുന്നു? **ഉ:** സങ്കീ 23,1; ഏശ 40,11; എസെ 34,15; ഹെബ്രാ 13,20; വെളി 7,17; 1 പത്രോ 5,4; 1 യോഹ 3,16; യോഹ 15,13 (8 വേദഭാഗങ്ങൾ; ഇവയെല്ലാം വായിച്ചു



നോക്കുക).

**10,12-13 [12]ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. [13]അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടുമാണ്.**

2295 ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നത്? **ഉ:** ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ (10,12).

2296 വന്ന് ആടുകളെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നത്? **ഉ:** ചെന്നായ് (10,12).

2297 കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നത് എന്തുകൊണ്ട്? **ഉ:** കൂലിക്കാരനായതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടും (10,13).

**10,14-15 ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.**

2298 ഞാൻ നല്ല ഇടയനാണ് എന്ന് യേശു എത്ര പ്രാവശ്യം പറയുന്നു? **ഉ:** രണ്ട് (വാക്യ 11. 14(-15).

2299 യേശു തനിക്കുള്ളവയെയും അവ യേശുവിനെയും ഏതുപോലെ അറിയുന്നു? **ഉ:** പിതാവ് യേശുവിനെയും യേശു പിതാവിനെയും അറിയുന്നതുപോലെ (10,14-15).

2300 പിതാവും പുത്രനും തമ്മിലുള്ള അറിവിനെക്കുറിച്ചു മറ്റേതു സുവിശേഷത്തിൽ എവിടെ? **ഉ:** മത്താ 11,27.

2301 ആടുകൾക്കുവേണ്ടി (ഞാൻ) ജീവൻ അർപ്പിക്കുന്നു എന്ന് യേശു എത്ര പ്രാവശ്യം പറയുന്നു? **ഉ:** രണ്ട് (വാക്യ 11. 15 (14-15).

2302 യേശു ജീവനർപ്പിക്കുന്നതിനെക്കുറിച്ചു യോഹ 10,15ലേതിനു സമാനമായി യോഹന്നാന്റെ പുസ്തകങ്ങളിൽ വേറെ? **ഉ:** യോഹ 15,13; 1 യോഹ 3,16.

**10,16 ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം കേൾക്കും അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും.**

2303 ഒരാട്ടിൻപറ്റവും ഒരിടയനുമാകാൻ മറ്റാടുകൾ എന്തു ചെയ്യണം? **ഉ:** നല്ല ഇടയനായ യേശുവിന്റെ സ്വരം കേൾക്കണം (10,16).

2304 യോഹ 10,16നു സമാനമായ മറ്റു വേദഭാഗങ്ങൾ? **ഉ:** ഏശ 56,8; യോഹ 11,52; 1 പത്രോ 2,25; എസെ 34,23; 37,24.

**10,17-18 [17]തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. [18]ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല; ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കല്പന എന്റെ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്.**

2305 പിതാവ് യേശുവിനെ സ്നേഹിക്കുന്നതിന് യോഹ 10,17ൽ യേശു പറയുന്ന കാരണം? **ഉ:** തിരിച്ചെടുക്കുന്നതിനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനാൽ.

2306 യേശുവിൽനിന്ന് ആരും പിടിച്ചെടുക്കുകയല്ലാത്തത്? **ഉ:** ജീവൻ (10,17).

2307 എനിക്കധികാരമുണ്ടെന്ന് നല്ലഇടയനെക്കുറിച്ചുള്ള പ്രഭാഷണത്തിൽ യേശു പറയുന്നത്? **ഉ:** ജീവൻ സമർപ്പിക്കാനും തിരികെ എടുക്കാനും (10,18).

2308 ഈ കല്പന എന്റെ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്. ഏതു കല്പന? **ഉ:** ജീവൻ സമർപ്പിക്കാനും തിരികെ എടുക്കാനുമുള്ള അധികാരത്തിന്റെ (10,18).

**10,19-20 [19]ഈ വാക്കുകൾമൂലം യഹൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി. [20]അവനു പിശാചുണ്ട്; അവനു ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ അവരിൽ വളരെപ്പേർ പറഞ്ഞു.**

2309 നല്ല ഇടയനെക്കുറിച്ച് യേശു പറഞ്ഞ വാക്കുകൾമൂലം യഹൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി. അവരിൽ വളരെപ്പേർ പറഞ്ഞത്? **ഉ:** അവനു പിശാചുണ്ട്; അവനു ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ (10,20).

2310 അവന്/ നിനക്ക് പിശാചുണ്ട് എന്ന് യേശുവിനെപ്പറ്റി യഹൂദർ പറയുന്നത് യോഹ

10,20 കൂടാതെ മറ്റെവിടെ? **ഉ:** യോഹ 7,20; 8,48; മത്താ 11,18ൽ (സ്നാപക)യോഹന്നാനെക്കുറിച്ച്.

**10,21 എന്നാൽ, മറ്റുള്ളവർ പറഞ്ഞു: ഈ വാക്കുകൾ പിശാചുബാധിതന്റേതല്ല; പിശാചിന് അന്ധരുടെ കണ്ണുകൾ തുറക്കാൻ കഴിയുമോ?**

2311 ഈ വാക്കുകൾ പിശാചുബാധിതന്റേതല്ല; പിശാചിന് അന്ധരുടെ കണ്ണുകൾ തുറക്കാൻ കഴിയുമോ? എന്ന് യേശുവിനെപ്പറ്റി പറഞ്ഞത്? **ഉ:** മറ്റുള്ളവർ (10,21).

യേശു ദൈവപുത്രൻ

**10,22 ജറുസലേമിൽ പ്രതിഷ്ഠയുടെ തിരുനാളായിരുന്നു. അത് ശീതകാലമായിരുന്നു.**

**10,23–24 23യേശു ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടക്കുമ്പോൾ 24യഹൂദർ അവന്റെ ചുറ്റുംകൂടി ചോദിച്ചു: നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്ദിഗ്ധാവസ്ഥയിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക.**

2312 യേശു ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടന്നത് ഏതു തിരുനാളിൽ? **ഉ:** പ്രതിഷ്ഠയുടെ (10,22).

2313 യേശു ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടന്ന പ്രതിഷ്ഠയുടെ തിരുനാൾ ഏതു കാലത്ത്? **ഉ:** ശീതകാലത്ത് (10,22).

2314 യേശു എന്തു ചെയ്യുമ്പോൾ യഹൂദർ അവന്റെ ചുറ്റുംകൂടി ചോദിച്ചു? **ഉ:** ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടക്കുമ്പോൾ (10,23).

2315 യേശു ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടക്കുമ്പോൾ അവന്റെ ചുറ്റുംകൂടി ചോദിച്ചത് ആര്? **ഉ:** യഹൂദർ (10,23).

2316 വ്യക്തമായി ഞങ്ങളോടു പറയുക എന്ന് യഹൂദർ യേശുവിനോട് പറഞ്ഞത്? **ഉ:** നീ ക്രിസ്തുവാണെങ്കിൽ (10,24).

**10,25 [25]യേശു പ്രതിവചിച്ചു: ഞാൻ നിങ്ങളോടു പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നല്കുന്നു. [26]എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; കാരണം, നിങ്ങൾ എന്റെ ആടുകളിൽപ്പെടുന്നവരല്ല.**

2316 ഞാൻ നിങ്ങളോടു പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല എന്ന് പ്രതിഷ്ഠയുടെ തിരുനാളിൽ യേശു യഹൂദരോടു പറഞ്ഞ കാര്യം? **ഉ:** താൻ ക്രിസ്തുവാണെന്ന് (10,24).

2317 താൻ ക്രിസ്തുവാണെന്നതിന് എനിക്കു എന്ത് സാക്ഷ്യം നല്കുന്നു എന്ന് യേശു പറഞ്ഞു? **ഉ:** എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ (10,25).

2318 എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നല്കുന്നു എന്ന് യേശു യഹൂദരോടു പറഞ്ഞത് എന്ന് എവിടെവച്ച്? **ഉ:** പ്രതിഷ്ഠയുടെ തിരുനാളിൽ, ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽവച്ച് (10,22.25).

2319 പൂരിപ്പിക്കുക: എന്റെ പിതാവിന്റെ നാമത്തിൽ ..... എനിക്കു സാക്ഷ്യം നല്കുന്നു (10,25) **ഉ:** ഞാൻ ചെയ്യുന്ന പ്രവൃത്തികൾ.

2320 യോഹ 10,25നു സമാനമായ വാക്യങ്ങൾ? **ഉ:** യോഹ 5,26; 10,38.

2321 യേശു തന്റെ പിതാവിന്റെ നാമത്തിൽ ചെയ്യുന്ന പ്രവൃത്തികൾ യഹൂദർ വിശ്വസിക്കാത്തതിന് യേശു പറഞ്ഞ കാരണം? **ഉ:** നിങ്ങൾ എന്റെ ആടുകളിൽപ്പെടുന്നവരല്ല (10,26).

**10,27–30 [27]എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. [28]ഞാൻ അവയ്ക്കു നിത്യജീവൻ നല്കുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല. [29]അവയെ എനിക്കു നല്കിയ എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിന്റെ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല. [30]ഞാനും പിതാവും ഒന്നാണ്.**

2322 നല്ല ഇടയനായ യേശുവിന്റെ ആടുകളുടെ സവിശേഷതകൾ? **ഉ:** (i) യേശുവിന്റെ സ്വരം ശ്രവിക്കുന്നു (10,3.27). (ii) അവയ്ക്ക് ഇടയനെ അറിയാം (10,5); യേശുവിന് അവയെ അറിയാം (10,27). (iii) അവ അവനെ അനുഗമിക്കുന്നു (10,4. 27). (iv) അവൻ അവയ്ക്കു നിത്യജീവൻ നല്കുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ അവന്റെ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല (10,28). (V)അവയെ അവനു നല്കിയത് എല്ലാവരെയുംകാൾ വലിയവനായ അവന്റെ പിതാവാണ്. പിതാവിന്റെ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല (10,28–29).



2323 യേശു പറഞ്ഞു: ഞാനും പിതാവും ഒന്നാണ് (10,30). ഇതിനു സമാനമായ യേശുവിന്റെ വാക്കുകൾ എവിടെ? **ഉ:** യോഹ 17,21. 22.

**10,31 യഹൂദർ അവനെ എറിയാൻ വീണ്ടും കല്ലെടുത്തു.**

2324 യഹൂദർ യേശുവിനെ എറിയാൻ കല്ലെടുത്ത കാര്യം മുമ്പ് എവിടെ? **ഉ:** യോഹ 8,59.

**10,32 യേശു അവരോടു ചോദിച്ചു: പിതാവിൽനിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു. ഇവയിൽ ഏതു പ്രവൃത്തിമൂലമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?**

2325 യേശു യഹൂദരെ കാണിച്ച പ്രവൃത്തികൾ? **ഉ:** പിതാവിൽനിന്നുള്ള അനേകം നല്ല പ്രവൃത്തികൾ (10,32).

**10,33 യഹൂദർ പറഞ്ഞു: ഏതെങ്കിലും നല്ല പ്രവൃത്തികൾമൂലമല്ല, ദൈവദൂഷണംമൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്; കാരണം, മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു.**

2326 യേശുവിനെ കല്ലെറിയുന്നതിന് യഹൂദർ പറഞ്ഞ മൂലം? **ഉ:** ദൈവദൂഷണം (10,33).

2327 യേശു പറഞ്ഞെന്ന് യഹൂദർ ആരോപിച്ച ദൈവദൂഷണം? **ഉ:** മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു (10,33).

2328 ദൈവദൂഷണം പറയുന്നവനെ കല്ലെറിഞ്ഞു കൊല്ലണമെന്ന് നിയമത്തിൽ എവിടെ എഴുതപ്പെട്ടിരിക്കുന്നു? **ഉ:** ലേവ്യർ 24,16. പു. നി. മർക്കോ 14,64; മത്താ 26,65.

**10,34 യേശു അവരോടു ചോദിച്ചു: നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ?**

2329 യേശു ഉദ്ധരിക്കുന്ന യഹൂദരുടെ നിയമ(വേദ)ഭാഗം? / നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു എന്നെഴുതപ്പെട്ടിരിക്കുന്ന യഹൂദരുടെ നിയമ(വേദ)ഭാഗം? **ഉ:** സങ്കീ 82,6.

**10,35 വിശുദ്ധ ലിഖിതം നിറവേറാതിരിക്കുകയില്ലല്ലോ. ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ അവരെ ദൈവങ്ങൾ എന്ന് അവൻ വിളിച്ചു.**

2330 ദൈവങ്ങൾ എന്ന് അവൻ വിളിച്ചത് ആരെ? **ഉ:** ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ അവരെ (യോഹ 10,35).

**10,36 അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?**

**10,37–38 [37]ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ. [38]എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നിങ്ങൾ നിലനില്ക്കുകയും ചെയ്യും.**

2331 ഞാൻ എന്തു ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ എന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** എന്റെ പിതാവിന്റെ പ്രവൃത്തികൾ (10,37).

2332 നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും എന്തിൽ വിശ്വസിക്കുവിൻ എന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** ആ പ്രവൃത്തികളിൽ (യേശു ചെയ്യുന്ന തന്റെ പിതാവിന്റെ പ്രവൃത്തികളിൽ) (10,38).

2333 യേശു ചെയ്യുന്ന തന്റെ പിതാവിന്റെ പ്രവൃത്തികളിൽ വിശ്വസിക്കുമ്പോൾ, എന്ത് നിങ്ങൾ അറിയുകയും ആ അറിവിൽ നിങ്ങൾ നിലനില്ക്കുകയും ചെയ്യും എന്ന് യേശു യഹൂദരോടു പറഞ്ഞു? **ഉ:** പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു (10,38).

**10,39 വീണ്ടും അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു; എന്നാൽ അവൻ അവരുടെ കൈകളിൽനിന്നു രക്ഷപെട്ടു.**

2334 വീണ്ടും അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു (10,39). ഇതിനുമുമ്പ് യേശുവിനെ ബന്ധിക്കാൻ യഹൂദർ ശ്രമിച്ചിട്ടുള്ളത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** 7,30. (32: ഫരിസേയർ) 44. (10,39 കഴിഞ്ഞ് 11,37ൽ).

**10,40 ജോർദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നല്കിയിരുന്ന സ്ഥലത്തേക്ക് അവൻ വീണ്ടും പോയി അവിടെ താമസിച്ചു.**

2335 ജോർദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നല്കിയിരുന്ന സ്ഥലത്തേക്ക് യേശു വീണ്ടും പോയി അവിടെ താമസിച്ചത് എവിടെനിന്ന്? **ഉ:** ജറുസലേംദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽനിന്ന് (10,22).

2336 ജോർദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നല്കിയിരുന്ന സ്ഥലം? **ഉ:** ബഥാനിയാ (യോഹ 1,28).

10,41–42 [41]വളരെപ്പേർ അവന്റെ അടുത്തു വന്നു. അവർ പറഞ്ഞു: യോഹന്നാൻ ഒരട
യാളവും പ്രവർത്തിച്ചില്ല. എന്നാൽ, ഈ മനുഷ്യനെപ്പറ്റി യോഹന്നാൻ പറഞ്ഞി
രുന്നതെല്ലാം സത്യമാണ്. [42]അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വസിച്ചു.

2337 വളരെപ്പേർ അവന്റെ അടുത്തു വന്നു. അധ്യായ, വാക്യം? **ഉ:** യോഹ 10,41.

2338 എവിടെ വളരെപ്പേർ അവന്റെ (യേശുവിന്റെ) അടുത്തു വന്നു? **ഉ:** ജോർദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നല്കിയിരുന്ന സ്ഥലത്തേക്ക് (ബഥാനിയായിൽ) (10,40–41).

2339 ആര് പറഞ്ഞു: യോഹന്നാൻ ഒരടയാളവും പ്രവർത്തിച്ചില്ല. എന്നാൽ, ഈ മനുഷ്യനെപ്പറ്റി യോഹന്നാൻ പറഞ്ഞിരുന്നതെല്ലാം സത്യമാണ്? **ഉ:** ജോർദാന്റെ മറുകരയിൽ ... (ബഥാനിയായിൽ) യേശുവിന്റെ അടുത്തു വന്ന വളരെപ്പേർ (10,40–41).

2340 അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വസിച്ചു (യോഹ 10,42). എവിടെവച്ച്? **ഉ:** ജോർദാന്റെ മറുകരയിൽ ... (ബഥാനിയായിൽ) യേശുവിന്റെ അടുത്തു വന്ന വളരെപ്പേർ (10,40–41).

## അധ്യായം 11 (അധ്യായം 11ൽ 57 വാക്യങ്ങൾ)

### ലാസറിന്റെ മരണം

**11,1 ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി. ഇവൻ മറിയത്തിന്റെയും അവളുടെ സഹോദരിയായ മർത്തായുടെയും ഗ്രാമമായ ബഥാനിയായിൽനിന്നുള്ളവനായിരുന്നു.**

2341 രോഗബാധിതനായ ലാസറിന്റെ സഹോദരിമാർ? **ഉ:** മറിയവും മർത്തായും (11,1).

2342 ലാസറിന്റെ ഗ്രാമം? **ഉ:** ബഥാനിയാ (11,1).

**11,2 ഈ മറിയമാണു സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്. ഇവളുടെ സഹോദരൻ ലാസറാണ് രോഗബാധിതനായത്.**

2343 സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്ത മറിയത്തിന്റെ സഹോദരൻ? **ഉ:** ലാസർ.

2344 ലാസറിന്റെ സഹോദരി മറിയം സുഗന്ധതൈലംകൊണ്ടു പൂശിയത് ആരെ? **ഉ:** കർത്താവിനെ (11,2).

2345 ലാസറിന്റെ സഹോദരി മറിയം സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശിയ സംഭവം യോഹന്നാൻ വിവരിക്കുന്നത്? **ഉ:** യോഹ 12,1–8.

2346 യേശുവിനെ സുഗന്ധതൈലംകൊണ്ട് പൂശിയ സംഭവം മറ്റു സുവിശേഷങ്ങളിൽ? **ഉ:** ലൂക്കാ 7,38; മർക്കോ 14,3.

**11,3 കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ അവന്റെ അടുക്കലേക്ക് ആളയച്ചു.**

2347 ആര് രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ അവന്റെ (യേശുവിന്റെ) അടുക്കലേക്ക് ആളയച്ചു? **ഉ:** കർത്താവേ, അങ്ങു സ്നേഹിക്കുന്നവൻ (11,3). (= കർത്താവ് സ്നേഹിക്കുന്നവൻ).

**11,4 അതു കേട്ടപ്പോൾ യേശു പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനു**



**ള്ളതല്ല; പ്രത്യുത, ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.**

2348 കർത്താവേ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു കേട്ടപ്പോൾ ആര് പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത, ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്? **ഉ:** യേശു (11,4). (വാക്യം 4ൽ യേശു എന്ന്).

2349 ലാസറിന്റെ രോഗം എന്തിനുള്ളതല്ല എന്ന് യേശു പറഞ്ഞു? **ഉ:** മരണത്തിൽ അവസാനിക്കാനുള്ളതല്ല (11,4).

2350 ലാസറിന്റെ രോഗം എന്തിനുള്ളതാണ് എന്ന് യേശു പറഞ്ഞു? **ഉ:** ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടി(11,4).

2351 ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്ന വഴി? **ഉ:** ദൈവത്തിന്റെ മഹത്ത്വംവഴി (11,4).

2352 യോഹ 11,4ലെ വാക്കുകൾക്കു സമാനമായ യേശുവിന്റെ വാക്കുകൾ യോഹന്നാന്റെ സുവിശേഷത്തിൽ മറ്റെവിടെ? **ഉ:** യോഹ 9,3.

**11,5 യേശു മർത്തായെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു.**

2353 യേശു സ്നേഹിച്ചിരുന്നത്? **ഉ:** മർത്തായെയും അവളുടെ സഹോദരിയെയും ലാസറിനെയും (11,5).

**11,6 എങ്കിലും, അവൻ രോഗിയായി എന്നു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസംകൂടി ചെലവഴിച്ചു.**

2354 എന്തു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസംകൂടി ചെലവഴിച്ചു? **ഉ:** അവൻ (ലാസർ) രോഗിയായി എന്നു (11,6).

2355 യേശു എവിടെ താമസിച്ചിരുന്നപ്പോഴാണ് ലാസർ രോഗിയായി എന്നു കേട്ടത്? **ഉ:** യോർദാന്റെ മറുകരയിൽ (ബഥാനിയായിൽ) (10,40).

**11,7–8 [7]അനന്തരം, അവൻ ശിഷ്യന്മാരോടു പറഞ്ഞു: നമുക്കു വീണ്ടും യൂദയായിലേക്കു
പോകാം. [8]ശിഷ്യന്മാർ ചോദിച്ചു: ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെ
റിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ട് പോവുകയാണോ?**

2356 ലാസർ രോഗിയായി എന്നു കേട്ടപ്പോൾ യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസംകൂടി ചെലവഴിച്ചു. അനന്തരം, അവൻ ശിഷ്യന്മാരോട്, നമുക്കു വീണ്ടും എവിടേക്കു പോകാം എന്നു പറഞ്ഞു? **ഉ:** യൂദയായിലേക്ക് (11,7).

2357 നമുക്കു വീണ്ടും യൂദയായിലേക്കു പോകാം എന്ന് യേശു പറഞ്ഞപ്പോൾ ശിഷ്യന്മാർ ചോദിച്ചത്? **ഉ:** ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ട് പോവുകയാണോ? (11,8).

2358 യഹൂദർ യേശുവിനെ എറിയാൻ കല്ലെടുത്തതിനെക്കുറിച്ച് മുമ്പ്? **ഉ:** യോഹ 8,59; 10,31.

**11,9–10 [9] യേശു പ്രതിവചിച്ചു: പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ
കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. [10]രാത്രി നട
ക്കുന്നവൻ തട്ടിവീഴുന്നു. കാരണം അവനു പ്രകാശമില്ല.**

2359 പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. 10രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം അവനു പ്രകാശമില്ല. അധ്യായ, വാക്യങ്ങൾ? **ഉ:** യോഹ 11,9–10.

2360 കാൽതട്ടി വീഴുന്നില്ലാത്തത്? **ഉ:** പകൽ നടക്കുന്നവൻ (11,9).

2361 പകൽ നടക്കുന്നവൻ കാണുന്ന പ്രകാശം? **ഉ:** ഈ ലോകത്തിന്റെ (11,9).

2362 തട്ടിവീഴുന്നത്? **ഉ:** രാത്രി നടക്കുന്നവൻ (11,10).

2363 രാത്രി നടക്കുന്നവന് ഇല്ലാത്തത്? **ഉ:** പ്രകാശം (11,10).

**11,11 അവൻ തുടർന്നു: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു.**

2364 മരണത്തെ ഉറക്കം എന്ന് പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** മത്താ 9,24; 27,52; മർക്കോ 5,39; ലൂക്കാ 8,52; അപ്പ 7,60.

**11,12 ശിഷ്യന്മാർ പറഞ്ഞു: കർത്താവേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും.**

**11,13 യേശു അവന്റെ മരണത്തെക്കുറിച്ചാണ് സംസാരിച്ചത്. എന്നാൽ, നിദ്രയുടെ**

**വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അവർ വിചാരിച്ചു.**

2365 നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു എന്ന് യേശു തുടർന്നപ്പോൾ ശിഷ്യന്മാർ വിചാരിച്ചത്? **ഉ:** നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് (11,13).

**11,14–15 [14]അപ്പോൾ യേശു വ്യക്തമായി അവരോടു പറഞ്ഞു: ലാസർ മരിച്ചുപോയി. [15]നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവന്റെ അടുത്തേക്കു പോകാം.**

2366 ലാസർ മരിച്ചുപോയി. ഞാൻ അവിടെ ഇല്ലാഞ്ഞതിൽ ആരെപ്രതി ഞാൻ സന്തോഷിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു വ്യക്തമായി പറഞ്ഞു? **ഉ:** നിങ്ങളെപ്രതി (11,15)

2367 ലാസർ മരിച്ചുപോയപ്പോൾ ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു വ്യക്തമായി പറഞ്ഞതെന്തിന്? **ഉ:** നിങ്ങൾ (ശിഷ്യന്മാർ) വിശ്വസിക്കേണ്ടതിന് (11,15).

**11,16 ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യന്മാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.**

2368 നമുക്ക് അവന്റെ (ലാസറിന്റെ) അടുത്തേക്കു പോകാം എന്ന് യേശു പറഞ്ഞപ്പോൾ അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്നു മറ്റു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** ദീദിമോസ് എന്ന തോമസ് (11,16).

2369 യേശുവിന്റെ അപ്പോസ്തലനായ തോമസിനെപ്പറ്റി യോഹന്നാന്റെ സുവിശേഷത്തിൽ എവിടൊക്കെ പരാമർശിക്കുന്നു? **ഉ:** 11,16; 14,5; 20,24. 27.28; 21,2. മറ്റു സുവിശേഷങ്ങളിൽ: മത്താ 10,3; മർക്കോ 3,18; ലൂക്കാ 6,15. കൂടാതെ, അപ്പ 1,13.

### യേശു പുനരുഥാനവും ജീവനും

**11,17 ലാസർ സംസ്കരിക്കപ്പെട്ടിട്ടു നാലു ദിവസമായെന്ന് യേശു അവിടെയെത്തിയപ്പോൾ അറിഞ്ഞു.**

2370 യേശു അവിടെയെത്തിയപ്പോൾ (ബഥാനിയായിൽ എത്തിയപ്പോൾ) അറിഞ്ഞത്? **ഉ:** ലാസർ സംസ്കരിക്കപ്പെട്ടിട്ടു നാലു ദിവസമായെന്ന് **(11,17).**

**11,18 ബഥാനിയാ ജറുസലേമിന് അടുത്ത് ഏകദേശം പതിനഞ്ചു സ്താദിയോൺ ദൂരത്തായിരുന്നു.**

2371 ബഥാനിയായും ജറുസലേമും തമ്മിലുള്ള ദൂരം? **ഉ:** ഏകദേശം പതിനഞ്ചു സ്താദിയോൺ (= ഏകദേശം മൂന്നു കിലോമീറ്റർ).

**11,19 അനേകം യഹൂദർ മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു.**

2372 മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നത്? **ഉ:** അനേകം യഹൂദർ (11,19).

**11,20 യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ മർത്താ ചെന്ന് അവനെ സ്വീകരിച്ചു. എന്നാൽ, മറിയം വീട്ടിൽത്തന്നെ ഇരുന്നു.**

2373 യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ ആര് ചെന്ന് അവനെ സ്വീകരിച്ചു? **ഉ:** മർത്താ (11,20)

2374 യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ മറിയം ചെയ്തത്? **ഉ:** വീട്ടിൽത്തന്നെ ഇരുന്നു (11,20).

**11,21–22 [21]മർത്താ യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു. [22]എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം.**

2375 മർത്താ യേശുവിനെ സംബോധന ചെയ്തത്? **ഉ:** കർത്താവേ (11,21).

2376 എനിക്കറിയാം എന്ന് മർത്താ കർത്താവിനോടു പറഞ്ഞത് എന്ത്? **ഉ:** നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് (11,21).

**11,23 യേശു പറഞ്ഞു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും.**

2377 നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്ന് യേശു പറഞ്ഞത് ആരോട്? **ഉ:** മർത്തായോട് (11,22–23).

**11,24 മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് എനിക്കറിയാം.**



2378 തന്റെ സഹോദരൻ എപ്പോൾ ഉയിർത്തെഴുന്നേല്ക്കുമെന്ന് തനിക്കറിയാം എന്ന് മർത്താ യേശുവിനോടു പറഞ്ഞു? **ഉ:** അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ (11,24).

2379 തന്റെ സഹോദരൻ അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേല്ക്കുമെന്ന് മർത്താ എങ്ങനെ അറിഞ്ഞു? **ഉ:** ദാനിയേൽ 12,2 വായിച്ച് (ദാനി 17,2 എന്ന് പി.ഒ.സി. ബൈബിളിൽ കൊടുത്തിരിക്കുന്നത് തെറ്റാണ്).

2380 യോഹ 11,24നു സമാനമായ മറ്റു പുതിയ നിയമ വാക്യങ്ങൾ? **ഉ:** യോഹ 5,28; അപ്പ 24,15.

**11,25–26 [25]യേശു അവളോടു പറഞ്ഞു: ഞാൻതന്നെ പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. [26]അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?**

2381 ഇതു നീ വിശ്വസിക്കുന്നുവോ? ഏത്? **ഉ:** ഞാൻതന്നെ പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. 26അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല (11,25–26).

2382 ഒരിക്കലും മരിക്കുകയില്ലാത്തത് ആരെന്ന് യേശു മർത്തായോടു പറഞ്ഞു? **ഉ:** യേശുവിൽ വിശ്വസിച്ച് മരിച്ചാലും ജീവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ (11,25–26).

2383 ഞാനാണ് പുനരുഥാനവും ജീവനും എന്ന് യോഹ 11,25ലുള്ളതിനു സമാനമായി യോഹന്നാന്റെ പുസ്തകങ്ങളിൽ മറ്റെവിടെ? **ഉ:** യോഹ 1,4; 5,26; വെളി 1,18.

**11,27 അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു.**

2384 മർത്താ യേശുവിനോട് ഏറ്റുപറഞ്ഞ വിശ്വാസം? **ഉ:** യേശു – കർത്താവ്, ലോകത്തിലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തു (11,27).

2385 ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു എന്നു യേശുവിനോടു പറഞ്ഞത്? **ഉ:** മർത്താ.

2386 നീ ദൈവപുത്രനായ ക്രിസ്തു ആകുന്നു എന്ന വിശ്വാസം യേശുവിനോട് ഏറ്റുപറയുന്നത് പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** മത്താ 16,16 (പത്രോസ് പറഞ്ഞു).

### യേശു കരയുന്നു

**11,28–29 [28]ഇതു പറഞ്ഞിട്ട് അവൾ പോയി തന്റെ സഹോദരിയായ മറിയത്തെ വിളിച്ച്, ഇതാ, ഗുരു ഇവിടെയുണ്ട്; നിന്നെ വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു. [29]ഇതു കേട്ടയുടനെ അവൾ എഴുന്നേറ്റ് അവന്റെ അടുത്തേക്കു ചെന്നു.**

2387 മർത്താ പോയി തന്റെ സഹോദരിയായ മറിയത്തെ വിളിച്ച്, ആര് ഇവിടെയുണ്ട് എന്നു സ്വകാര്യമായിപ്പറഞ്ഞു? **ഉ:** ഇതാ, ഗുരു (11,28).

**11,29–30 [29]ഇതു കേട്ടയുടനെ അവൾ എഴുന്നേറ്റ് അവന്റെ അടുത്തേക്കു ചെന്നു. [30]യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തുതന്നെ അവൻ നില്ക്കുകയായിരുന്നു.**

2388 മറിയം എഴുന്നേറ്റ് യേശുവിന്റെ അടുത്തേക്കു ചെന്നപ്പോഴും യേശു എവിടെ നില്ക്കുകയായിരുന്നു? **ഉ:** മർത്താ കണ്ട സ്ഥലത്തുതന്നെ (11,30).

**11,31 മറിയം തിടുക്കത്തിൽ എഴുന്നേറ്റ് പുറത്തേക്കു പോകുന്നതു കണ്ട്, വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ അവളെ അനുഗമിച്ചു. അവൾ ശവകുടീരത്തിൽ കരയാൻ പോവുകയാണെന്ന് അവർ വിചാരിച്ചു.**

2389 മറിയം തിടുക്കത്തിൽ എഴുന്നേറ്റ് പുറത്തേക്കു പോകുന്നതു കണ്ട്, അവളെ അനുഗമിച്ചത്? **ഉ:** വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ (11,31).

**11,32 മറിയം യേശു നിന്നിരുന്നിടത്തു വന്ന്, അവനെക്കണ്ടപ്പോൾ കാല്ക്കൽ വീണു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല.**

2390 മറിയം യേശുവിനെക്കണ്ടപ്പോൾ ചെയ്തത്? **ഉ:** കാല്ക്കൽ വീണു (11,32).

2391 മറിയം യേശുവിനെക്കണ്ടപ്പോൾ കാല്ക്കൽ വീണു വിളിച്ചത്? **ഉ:** കർത്താവേ (11,32).

**11,33–34 [33]അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു: [34]അവനെ അട**

**ക്കിയിരിക്കുന്നത് എവിടെയാണ്? അവർ അവനോടു പറഞ്ഞു: കർത്താവ്, വന്നു കാണുക.**

2392 ആര് കരയുന്നതു കണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു: അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? **ഉ:** മറിയവും അവളോടുകൂടെ വന്ന യഹൂദരും (11,33).

2393 കർത്താവേ, വന്നു കാണുക എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** മറിയവും അവളോടുകൂടെ വന്ന യഹൂദരും (11,33).

**11,35 യേശു കണ്ണീർ പൊഴിച്ചു.**

2393 യേശു കണ്ണീർ പൊഴിച്ചത് എപ്പോൾ? **ഉ:** അവനെ (ലാസറിനെ) അടക്കിയിരിക്കുന്നത് എവിടെയാണ് എന്ന് യേശു ചോദിച്ചതിന് കർത്താവേ, വന്നു കാണുക എന്ന് മറിയവും അവളോടുകൂടെ വന്ന യഹൂദരും യേശുവിനോടു പറഞ്ഞപ്പോൾ (ലാസറിന്റെ കല്ലറയിങ്കലല്ല).

2394 യേശു കണ്ണീർ പൊഴിച്ചു (യോഹ 11,35) എന്നതിനു സമാനമായി ഏതു സുവിശേഷത്തിലെ ഏതു വാക്യം? **ഉ:** ലൂക്കാ 19,41. (യേശു ...വിലപിച്ചു...).

11,36 അപ്പോൾ യഹൂദർ പറഞ്ഞു: നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു!

2395 നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു! ആര് ആരെ സ്നേഹിച്ചിരുന്നു? **ഉ:** യേശു ലാസറിനെ.

2396 നോക്കൂ, അവൻ എത്രമാത്രം അവനെ സ്നേഹിച്ചിരുന്നു! പറഞ്ഞതാര്? **ഉ:** യഹൂദർ (11,36).

**11,37 എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധന്റെ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?**

2397 അന്ധന്റെ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ? പറഞ്ഞതാര്? **ഉ:** യഹൂദരിൽ ചിലർ (11,37).

2398 യേശു എന്ന (ഈ) മനുഷ്യൻ അന്ധന്റെ കണ്ണു തുറന്ന കാര്യം യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ വിവരിക്കുന്നു? **ഉ:** 9,6.7.

ലാസറിനെ ഉയിർപ്പിക്കുന്നു

**11,38 യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു. അതിന്മേൽ ഒരു കല്ലും വച്ചിരുന്നു.**

2399 യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു (11,38). ഇതിനു മുമ്പ് യേശു നെടുവീർപ്പിട്ട കാര്യം എവിടെ? **ഉ:** യോഹ 11,33.

2400 അതിന്മേൽ ഒരു കല്ലും വച്ചിരുന്നു (11,38). കല്ലറയ്ക്കൽ കല്ലു വച്ച കാര്യം സുവിശേഷങ്ങളിൽ മറ്റെവിടെ? **ഉ:** മത്താ 27,60; മർക്കോ 15,46; ലൂക്കാ 24,2; യോഹ 20,1.

**11,39 യേശു പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. മരിച്ചയാളുടെ സഹോദരിയായ മർത്ത പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്.**

2401 കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്. ഇതു പറഞ്ഞത്? **ഉ:** മരിച്ചയാളുടെ സഹോദരിയായ മർത്ത (11,39).

**11,40 യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ?**

2402 വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ എന്ന് യേശു ചോദിച്ചത്? **ഉ:** മരിച്ചയാളുടെ സഹോദരിയായ മർത്തയോട് (11,40).

**11,41–43 [41]അവർ കല്ലെടുത്തു മാറ്റി. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എന്റെ പ്രാർഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു. [42]അങ്ങ് എന്റെ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചത് അവിടന്നാണെന്ന് ചുറ്റും നില്ക്കുന്ന ജനം വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാനിതു പറയുന്നത്. [43]ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു: ലാസറേ, പുറത്തു വരുക.**

2403 യേശു ലാസറിന്റെ ശവകുടീരത്തിങ്കൽ നിന്നു പ്രാർഥിച്ചപ്പോൾ പിതാവിനു നന്ദി പറഞ്ഞത് എന്തിന്? **ഉ:** അങ്ങ് എന്റെ പ്രാർഥന ശ്രവിച്ചതിനാൽ (11,41).



2404 യേശു ലാസറിന്റെ ശവകുടീരത്തിങ്കൽ നിന്നു പ്രാർഥിച്ചപ്പോൾ എനിക്കറിയാം എന്നു പറഞ്ഞത് എന്ത്? **ഉ:** അങ്ങ് എന്റെ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്നും (11,42).

2405 ലാസറേ, പുറത്തു വരുക എന്ന് യേശു ഉച്ചത്തിൽ പറഞ്ഞത് എന്ത് ആര് വിശ്വസിക്കുന്നതിനുവേണ്ടി? **ഉ:** തന്നെ അയച്ചത് പിതാവാണെന്ന് ചുറ്റും നില്ക്കുന്ന ജനം വിശ്വസിക്കുന്നതിനുവേണ്ടി (11,42).

2406 തന്നെ അയച്ചത് പിതാവാണെന്ന് ചുറ്റും നില്ക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടി യേശു ഉച്ചത്തിൽ പറഞ്ഞത്? **ഉ:** ലാസറേ, പുറത്തു വരുക (11,43).

**11,44 അപ്പോൾ മരിച്ചവൻ പുറത്തുവന്നു. അവന്റെ കൈകാലുകൾ നാടകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു അവരോടു പറഞ്ഞു: അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.**

2407 ലാസറേ, പുറത്തു വരുക എന്ന് യേശു ഉച്ചത്തിൽ പറഞ്ഞപ്പോൾ സംഭവിച്ചത്? **ഉ:** അപ്പോൾ മരിച്ചവൻ പുറത്തുവന്നു (11,44).

2408 അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ. ഇത് യേശു പറഞ്ഞത് എപ്പോൾ? **ഉ:** മരിച്ചവൻ പുറത്തുവന്നപ്പോൾ (11,44).

യേശുവിനെ വധിക്കാൻ ആലോചന (മത്താ 26,1–5; മർക്കോ 14,1–2; ലൂക്കാ 22,1–2)

**11,45 മറിയത്തിന്റെ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ അവൻ പ്രവർത്തിച്ചതു കണ്ട് അവനിൽ വിശ്വസിച്ചു.**

2409 മറിയത്തിന്റെ അടുക്കൽ വന്നിരുന്ന ആര് അവൻ പ്രവർത്തിച്ചതു കണ്ട് അവനിൽ വിശ്വസിച്ചു? **ഉ:** യഹൂദരിൽ വളരെപ്പേർ (11,45).

2410 മറിയത്തിന്റെ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ എന്തു കണ്ട് അവനിൽ വിശ്വസിച്ചു? **ഉ:** അവൻ പ്രവർത്തിച്ചതു കണ്ട് (11,45).

**11,46 എന്നാൽ, അവരിൽ ചിലർ ചെന്ന് യേശു പ്രവർത്തിച്ച കാര്യങ്ങൾ ഫരിസേയരോടു പറഞ്ഞു.**

2411 യേശു പ്രവർത്തിച്ച കാര്യങ്ങൾ ഫരിസേയരോടു പറഞ്ഞത്? **ഉ:** അവൻ പ്രവർത്തിച്ചതു കണ്ട യഹൂദരിൽ ചിലർ (11,46).

2412 ലാസറിന്റെ കല്ലറയിങ്കൽ യേശു പ്രവർത്തിച്ചതു കണ്ട യഹൂദരിൽ ചിലർ ചെന്ന് ഫരിസേയരോടു പറഞ്ഞത്? **ഉ:** അവൻ പ്രവർത്തിച്ച കാര്യങ്ങൾ (11,46).

**11,47–48 [47]അപ്പോൾ പുരോഹിതപ്രമുഖന്മാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ. [48]അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും.**

2413 ലാസറിന്റെ കല്ലറയിങ്കൽ യേശു പ്രവർത്തിച്ചതു കണ്ട യഹൂദരിൽ ചിലർ ചെന്ന് അവൻ പ്രവർത്തിച്ച കാര്യങ്ങൾ ഫരിസേയരോടു പറഞ്ഞപ്പോൾ ആലോചനാസംഘം വിളിച്ചുകൂട്ടിയത്? **ഉ:** പുരോഹിതപ്രമുഖന്മാരും ഫരിസേയരും (11,47).

2414 പുരോഹിതപ്രമുഖന്മാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി ഈ മനുഷ്യൻ എന്തു പ്രവർത്തിക്കുന്നല്ലോ എന്നു പറഞ്ഞു? **ഉ:** വളരെയധികം അടയാളങ്ങൾ (11,47).

2415 പൂരിപ്പിക്കുക: അവനെ നാം ഇങ്ങനെ വിട്ടാൽ .... അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും (യോഹ 11,48). **ഉ:** എല്ലാവരും അവനിൽ വിശ്വസിക്കും.

11,49–50 [49]അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ. [50]ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു യുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല.

2416 കയ്യാഫാസ് ആരായിരുന്നു? **ഉ:** ആലോചനാസംഘത്തിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനും (11,49).

2417 ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ആര് മരിക്കുന്നതു യുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല എന്നു കയ്യാഫാസ് പറഞ്ഞു? **ഉ:** ഒരുവൻ (11,50).

**11,51–52 [51]അവൻ ഇതു സ്വമേധയാ പറഞ്ഞതല്ല; പ്രത്യുത, ആ വർഷത്തെ പ്രധാന പുരോഹിതൻ എന്ന നിലയിൽ, ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുകയായിരുന്നു. [52]ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും.**

2418 പ്രധാന പുരോഹിതൻ എന്ന നിലയിൽ, ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുകയായിരുന്നവൻ? **ഉ:** കയ്യാഫാസ് (11,49).

2419 ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും യേശു മരിക്കേണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുന്നവൻ? **ഉ:** യോഹന്നാൻസുവിശേഷകൻ (11,52).

2420 യേശു മരണത്താൽ ഒരുമിച്ചുകൂട്ടുന്നത്? **ഉ:** ചിതറിക്കിടക്കുന്ന ദൈവമക്കളെ (11,52).

2421 യോഹ 11,52നു സമാനമായ വാക്യങ്ങൾ? **ഉ:** യോഹ 10,16; 17,21.

**11,53 അന്നുമുതൽ അവനെ വധിക്കാൻ അവർ ആലോചിച്ചുകൊണ്ടിരുന്നു.**

2422 ലാസറിനെ കല്ലറയിൽനിന്നു പുറത്തു വരുത്തിയ അന്നുമുതൽ യേശുവിനെ വധിക്കാൻ ആലോചിച്ചുകൊണ്ടിരുന്നത്? **ഉ:** ആലോചനാസംഘം (11,53).

**11,54 അതുകൊണ്ട് യേശു പിന്നീടൊരിക്കലും യഹൂദരുടെയിടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അവൻ പോയി, മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ ശിഷ്യരോടൊത്തു വസിച്ചു.**

2423 ഏതുകൊണ്ട് യേശു പിന്നീടൊരിക്കലും യഹൂദരുടെയിടയിൽ പരസ്യമായി സഞ്ചരിച്ചില്ല? **ഉ:** അവനെ വധിക്കാൻ ആലോചനാസംഘം ആലോചിച്ചുകൊണ്ടിരുന്നതുകൊണ്ട് (11,53).

2424 ലാസറിനെ കല്ലറയിൽനിന്നു പുറത്തു വരുത്തിയതിനുശേഷം യേശു പോയി വസിച്ചത് എവിടെ? **ഉ:** മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ (11,54).

2425 യേശു പോയി മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ ആരോടൊത്തു വസിച്ചു? **ഉ:** ശിഷ്യരോടൊത്ത് (11,54).

**11,55–56 55യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽനിന്നു വളരെപ്പേർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലേമിലേക്കു പോയി. [56]അവർ യേശുവിനെ അന്വേഷിച്ചുകൊണ്ട് ദേവാലയത്തിൽവച്ചു പരസ്പരം ചോദിച്ചു: നിങ്ങൾ എന്തു വിചാരിക്കുന്നു? അവൻ തിരുനാളിനു വരികയില്ലെന്നോ?**

2426 ലാസറിനെ കല്ലറയിൽനിന്നു പുറത്തു വരുത്തിയതിനുശേഷം യേശു പോയി മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ ശിഷ്യരോടൊത്തു വസിക്കവെ അടുത്തിരുന്ന തിരുനാൾ? **ഉ:** യഹൂദരുടെ പെസഹാത്തിരുനാൾ (11,55).

2427 പെസഹാത്തിരുനാൾ അടുത്തിരുന്നതിനെക്കുറിച്ചും അപ്പോൾ പ്രധാനപുരോഹിതന്മാരും മറ്റു ജനപ്രമാണികളുമൊക്കെ യേശുവിനെ പിടിക്കുന്നതിന് ആലോചിക്കുന്നതിനെക്കുറിച്ചും - മത്താ 26,2; മർക്കോ 14,1; ലൂക്കാ 22,1. ഇവയ്ക്കു സമാന്തരമായി യോഹ 13,1: ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു.

പെസഹായ്ക്കു മുമ്പേ തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിന് ജറുസലേമിലേക്കു പോകുന്നതിനെക്കുറിച്ച്: 2 ദിന 30,17.

യോഹ 2,13: യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു ജറുസലേമിലേക്കു പോയി; ദേവാലയം ശുദ്ധീകരിച്ചു.

യോഹ 6,4: യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നപ്പോൾ യേശു അഞ്ചു ബാർലിയപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് ...

2428 യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽനിന്നു വളരെപ്പേർ എന്തിനു പെസഹായ്ക്കുമുമ്പേ ജറുസലേമിലേക്കു പോയി? **ഉ:** തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി (11,55).

2429 തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലേമിലേക്കു പോയവർ എന്തുകൊണ്ട് ദേവാലയത്തിൽവച്ചു പരസ്പരം ചോദിച്ചു: നിങ്ങൾ എന്തു വിചാരിക്കുന്നു? അവൻ (യേശു) തിരുനാളിനു വരികയില്ലെന്നോ?



**ഉ:** യേശുവിനെ അന്വേഷിച്ചുകൊണ്ട് (11,56).

2430 തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലേമിലേക്കു പോയവർ യേശുവിനെ അന്വേഷിച്ചുകൊണ്ട് പരസ്പരം ചോദിച്ചിരുന്നപ്പോൾ യേശു എവിടെയായിരുന്നു? **ഉ:** മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ ശിഷ്യരോടൊത്ത് (11,54).

**11,57 അവൻ എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്നു പുരോഹിതപ്രമുഖന്മാരും ഫരിസേയരും കല്പന കൊടുത്തിരുന്നു.**

2431 അവൻ (യേശു) എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്നു ആര് കല്പന കൊടുത്തിരുന്നു? **ഉ:** പുരോഹിതപ്രമുഖന്മാരും ഫരിസേയരും

2432 അവൻ (യേശു) എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, എന്തിന് തങ്ങളെ അറിയിക്കണമെന്നു പുരോഹിതപ്രമുഖന്മാരും ഫരിസേയരും കല്പന കൊടുത്തിരുന്നു? **ഉ:** അവനെ ബന്ധിക്കേണ്ടതിന് (11,57).

## അധ്യായം 12 (അധ്യായം 12ൽ 50 വാക്യങ്ങൾ)

തൈലാഭിഷേകം

**12,1 മരിച്ചവരിൽനിന്നു താൻ ഉയിപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് യേശു വന്നു.**

2433 യേശു തന്റെ അവസാന പെസഹായ്ക്ക് ആറു ദിവസം മുമ്പ് വന്നത് എവിടേക്ക്? **ഉ:** മരിച്ചവരിൽനിന്നു താൻ ഉയിപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു (12,1). (ലാസർ താമസിച്ചിരുന്ന വീട്ടിലേക്ക് എന്നല്ല)

2434 മരിച്ചവരിൽനിന്നു താൻ ഉയിപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് യേശു വന്നത് ആരുടെ അടുത്തുനിന്ന്? **ഉ:** ശിഷ്യന്മാരുടെ (11,54).

2435 മരിച്ചവരിൽനിന്നു താൻ ഉയിപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് യേശു വന്നത് എവിടെനിന്ന്? **ഉ:** മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽനിന്ന് (11,54).

**12,2 അവർ അവന് അത്താഴം ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു.**

2436 ബഥാനിയായിലെ അത്താഴത്തിൽ പരിചരിച്ചത്? **ഉ:** മർത്താ (12,2).

**12,3 മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളംകൊണ്ടു വീടു നിറഞ്ഞു.**

2437 ബഥാനിയായിൽ മറിയം യേശുവിന്റെ പാദങ്ങളിൽ പൂശിയ തൈലം? **ഉ:** വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലം (12,3).

2438 മറിയം യേശുവിന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയത് എന്ന്? **ഉ:** പെസഹായ്ക്ക് ആറു ദിവസം മുമ്പ് (12,1).

**12,4–5 [4]അവന്റെ ശിഷ്യന്മാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ പറഞ്ഞു: [5]എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദേനാറയ്ക്കു വിറ്റു ദരിത്രർക്കു കൊടുത്തില്ല?**

2439 എന്തുകൊണ്ട് ഈ തൈലം എത്ര ദേനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല എന്നു യൂദാസ് സ്കറിയോത്താ പറഞ്ഞു? **ഉ:** മുന്നൂറു ദേനാറയ്ക്കു (12,5).

2440 ഒരു ദേനാറ ഒരു ദിവസത്തെ ജോലിക്കൂലി. മുന്നൂറു ദേനാറ മുന്നൂറു ദിവസത്തെ ജോലിക്കൂലി.

**12,6 അവൻ ഇതു പറഞ്ഞത് അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതുകൊണ്ടുമാണ്.**

2441 എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദേനാറയ്ക്കു ദേനാറയ്ക്കു വിറ്റു ദരിദ്രർക്കു

കൊടുത്തില്ല എന്നു യൂദാസ് സ്കറിയോത്താ പറഞ്ഞത് എന്തുകൊണ്ടല്ല?
**ഉ:** അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല (12,6).

2442 എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദേനാറയ്ക്കു ദേനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല എന്നു യൂദാസ് സ്കറിയോത്താ പറഞ്ഞത് എന്തുകൊണ്ട്? **ഉ:** അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയിലായിരുന്നതു കൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതുകൊണ്ടുമാണ് (12,6).

**12,7–8 [7]യേശു പറഞ്ഞു: അവളെ തടയേണ്ടാ. എന്റെ ശവസംസ്കാരത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ. [8]ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെ യുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല.**

2443 മറിയം യേശുവിന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയത് എന്തിനായി അവൾ കരുതിക്കൊള്ളട്ടെ എന്ന് യേശു പറഞ്ഞു? **ഉ:** എന്റെ ശവസംസ്കാരത്തിനായി (12,7). (മറിയം സ്വയമായി അങ്ങനെ കരുതി എന്നല്ല).

2444 ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട് എന്ന് യേശു പറഞ്ഞതിന് ആധാര മായ വേദഭാഗം? **ഉ:** നിയ 15,11.

2445 ആര് എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല എന്ന് യേശു പറഞ്ഞു? **ഉ:** ഞാൻ (യേശു) (12,8).

**12,9 അവൻ അവിടെയുണ്ടെന്നറിഞ്ഞ് വലിയ ഒരു ഗണം യഹൂദർ അവിടേക്കു വന്നു. അവർ വന്നത് യേശുവിനെ ഉദ്ദേശിച്ചുമാത്രമല്ല; അവൻ മരിച്ചവരിൽനിന്നുയിർപ്പിച്ച ലാസറിനെ കാണാൻകൂടിയാണ്.**

2446 യേശു ബഥാനിയായിലുണ്ടെന്നറിഞ്ഞ് അവിടേക്കു വന്നത്? **ഉ:** വലിയ ഒരു ഗണം യഹൂദർ (12,9).

2447 അവർ വന്നത് എന്തിന്? **ഉ:** യേശുവിനെ ഉദ്ദേശിച്ചുമാത്രമല്ല; അവൻ മരിച്ചവ രിൽനിന്നുയിർപ്പിച്ച ലാസറിനെ കാണാൻകൂടിയാണ് (12,9).

**12,10–11 [10]ലാസറിനെക്കൂടി കൊല്ലാൻ പുരോഹിതപ്രമുഖന്മാർ ആലോചിച്ചു. [11]എന്തെ ന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു യേശുവിൽ വിശ്വ സിച്ചിരുന്നു.**

2448 ലാസറിനെക്കൂടി കൊല്ലാൻ ആലോചിച്ചത്? **ഉ:** പുരോഹിതപ്രമുഖന്മാർ (12,10).

2449 ലാസറിനെക്കൂടി കൊല്ലാൻ പുരോഹിതപ്രമുഖന്മാർ ആലോചിച്ചു. കാരണം? **ഉ:** എന്തെന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു യേശു വിൽ വിശ്വസിച്ചിരുന്നു.

2450 ലാസർ നിമിത്തം യഹൂദരിൽ വളരെപ്പേർ ആരെ വിട്ടു യേശുവിൽ വിശ്വസിച്ചിരു ന്നു? **ഉ:** പുരോഹിതപ്രമുഖന്മാരെ (12,11).

രാജകീയപ്രവേശനം (മത്താ 21,1–11; മർക്കോ 11,1–11; ലൂക്കാ 19,28–40)

**12,12–13 [12]അടുത്ത ദിവസം, തിരുനാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം യേശു ജറു സലേമിലേക്കു വരുന്നെന്നു കേട്ട്, [13]ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേല്ക്കാൻ പുറപ്പെട്ടു. അവർ വിളിച്ചുപറഞ്ഞു: ഹോസാനാ! കർത്താവിന്റെ നാമ ത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ.**

2451 അടുത്ത ദിവസം എന്നത് പെസഹായ്ക്ക് എത്ര ദിവസം മുമ്പ്? **ഉ:** അഞ്ച്

2452 അടുത്ത ദിവസം, യേശു ജറുസലേമിലേക്കു വരുന്നെന്നു കേട്ടത് ആര്? **ഉ:** തിരു നാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം (12,12).

2453 അടുത്ത ദിവസം, തിരുനാളിനു വന്നുകൂടിയ ഒരു വലിയ ജനക്കൂട്ടം യേശു ജറു സലേമിലേക്കു വരുന്നെന്നു കേട്ട്, എന്ത് എടുത്തുകൊണ്ട് അവനെ എതിരേല്ക്കാൻ പുറപ്പെട്ടു? **ഉ:** 3ഈന്തപ്പനയുടെ കൈകൾ (12,13).

2454 അവർ വിളിച്ചുപറഞ്ഞത്? **ഉ:** ഹോസാനാ! കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ (12,13).

2455 ഈന്തപ്പനയുടെ കൈകൾ എടുത്തകൊണ്ട് കർത്താവിന്റെ നാമത്തിൽ വരുന്ന വൻ വാഴ്ത്തപ്പെട്ടവൻ എന്നു വിളിച്ചുപറഞ്ഞത് ഏതു പഴയ നിയമ വചനമനുസ രിച്ച്? **ഉ:** സങ്കീ 118,26.27.

**12,14 യേശു ഒരു കഴുതക്കുട്ടിയെ കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു.**



2456 യേശു കയറിയിരുന്നത്? **ഉ:** ഒരു കഴുതക്കുട്ടിയുടെ പുറത്ത് (12,14).

**12,15 സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു.**

2457 സീയോൻപുത്രീ, ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്ന പഴയ നിയമഭാഗം? **ഉ:** സഖറിയാ 9,9.

**12,16 അവന്റെ ശിഷ്യന്മാർക്ക് ആദ്യം ഇതു മനസ്സിലായില്ല. എന്നാൽ, യേശു മഹത്ത്വം പ്രാപിച്ചപ്പോൾ അവനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവയെല്ലാം ചെയ്തുവെന്നും അവർ അനുസ്മരിച്ചു.**

2458 അവന്റെ ശിഷ്യന്മാർക്ക് ആദ്യം ഇതു മനസ്സിലായില്ല (12,16). ഏതു മനസ്സിലായില്ല? **ഉ:** യേശുവിനെപ്പറ്റി സീയോൻപുത്രീ, ഇതാ, നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നത് (സഖറിയാ 9,9).

2459 യേശുവിനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവ യെല്ലാം ചെയ്തുവെന്നും ശിഷ്യന്മാർ അനുസ്മരിച്ചത് എപ്പോൾ? **ഉ:** യേശു മഹത്ത്വം പ്രാപിച്ചപ്പോൾ (12,16).

**12,17 ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായി രുന്ന ജനക്കൂട്ടം അവനു സാക്ഷ്യം നല്കിയിരുന്നു.**

2460 യേശുവിനു സാക്ഷ്യം നല്കിയിരുന്നത്? **ഉ:** ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം (12,17).

**12,18 അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കാൻ വന്നത്.**

2461 അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കാൻ വന്നത് (12,18). ഏത് അടയാളം? **ഉ:** ലാസറിനെ മരിച്ചവ രിൽനിന്ന് ഉയിർപ്പിച്ചത് (12,17).

2462 യേശു ജറുസലേമിലേക്കു വരുന്നെന്നു കേട്ട് ജനക്കൂട്ടം അവനെ സ്വീകരിക്കാൻ വന്നത് എന്ത് കേട്ടതുകൊണ്ടുകൂടിയാണ്? **ഉ:** അവൻ ഈ അടയാളം പ്രവർത്തി ച്ചെന്നു (12,18).

**12,19 അപ്പോൾ ഫരിസേയർ പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ സാധിക്കു ന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു.**

2463 ജനക്കൂട്ടം യേശുവിനെ സ്വീകരിക്കാൻ വന്നപ്പോൾ, നമുക്ക് ഒന്നും ചെയ്യാൻ സാധി ക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം അവന്റെ പിന്നാലെ പോയിക്കഴി ഞ്ഞു എന്നു പരസ്പരം പറഞ്ഞത്? **ഉ:** ഫരിസേയർ (12,19).

ഗ്രീക്കുകാർ യേശുവിനെ തേടുന്നു

**12,20 തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും ഗ്രീക്കുകാരുമുണ്ടായിരുന്നു.**

2464 എന്തിനു വന്നവരിൽ ഏതാനും ഗ്രീക്കുകാരുമുണ്ടായിരുന്നു? **ഉ:** തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ (12,20). (ഗ്രീക്കുകാർ തിരുനാളിൽ വന്നത് - ആരാധി ക്കാൻ)

**12,21 ഇവർ ഗലീലിയിലെ ബേത്സയ്ദായിൽനിന്നുള്ള പീലിപ്പോസിന്റെ അടുക്കൽ ചെന്നു പറഞ്ഞു: പ്രഭോ, ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു.**

2464 തിരുനാളിൽ യേശുവിനെ കാണാൻ ആഗ്രഹിച്ചു പീലിപ്പോസിന്റെ അടുക്കൽ ചെന്നത്? **ഉ:** ഏതാനും ഗ്രീക്കുകാർ (12,21).

2465 പീലിപ്പോസ് എവിടെനിന്നുള്ളവൻ? **ഉ:** ഗലീലിയിലെ ബേത്സയ്ദായിൽനി ന്നുള്ളവൻ (12,21).

2466 ഏതാനും ഗ്രീക്കുകാർ ബേത്സയ്ദായിൽനിന്നുള്ള പീലിപ്പോസിന്റെ അടുക്കൽ ചെന്നു പറഞ്ഞത്? **ഉ:** പ്രഭോ, ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു (12,21).

**12,22 പീലിപ്പോസ് പോയി അന്ത്രയോസിനോടു പറഞ്ഞു. അന്ത്രയോസും പീലിപ്പോ സുംകൂടി യേശുവിനെ വിവരമറിയിച്ചു.**

2467 അന്ത്രയോസും പീലിപ്പോസുംകൂടി യേശുവിനെ അറിയിച്ച വിവരം? **ഉ:** ഏതാനും ഗ്രീക്കുകാർ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു (12,21).

**12,23 –26 [23]യേശു പറഞ്ഞു: മനുഷ്യപുത്രൻ മഹത്ത്വപ്പെടാനുള്ള സമയമായിരിക്കുന്നു.**

**24സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും. 25തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും. 26എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും.** (23-26 വാക്യങ്ങളിലുള്ളത് യേശു അന്ത്രയോസിനോടും പീലിപ്പോസിനോടും പറഞ്ഞതാണ്)

2468 അന്ത്രയോസും പീലിപ്പോസുംകൂടി യേശുവിനെ ഏതാനും ഗ്രീക്കുകാർ കാണാൻ ആഗ്രഹിക്കുന്ന വിവരം അറിയിച്ചപ്പോൾ യേശു എന്തിനുള്ള സമയമായിരിക്കുന്നു എന്നു പറഞ്ഞു? **ഉ:** മനുഷ്യപുത്രൻ മഹത്ത്വപ്പെടാനുള്ള (12,23).

2469 മനുഷ്യപുത്രൻ മഹത്ത്വപ്പെടുന്നതിനെക്കുറിച്ച് യേശു അന്ത്രയോസിനോടും പീലിപ്പോസിനോടും പറഞ്ഞ ഉപമ? **ഉ:** ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും (12,24).

2470 യോഹ 12,24ലെപ്പോലുള്ള ഉപമ പുതിയ നിയമത്തിൽ മറ്റെവിടെ? ഉ: 1 കോറി 15,36.

2471 തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നത്? **ഉ:** തന്റെ ജീവനെ സ്നേഹിക്കുന്നവൻ (12,25).

2472 ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ അതിനെ എന്തിലേക്കു കാത്തുസൂക്ഷിക്കും? **ഉ:** നിത്യജീവനിലേക്ക് (12,25).

2473 യോഹ 12,25ലേതിനു സമാനമായ യേശുവചനങ്ങൾ മറ്റെവിടെ? **ഉ:** മത്താ 10,39; മർക്കോ 8,35; ലൂക്കാ 9,24; 14,26; 17,33.

2474 യേശുവിനെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ ചെയ്യേണ്ടത്? **ഉ:** യേശുവിനെ അനുഗമിക്കട്ടെ (12,26).

2475 യേശുവിനെ അനുഗമിക്കുമ്പോൾ അവന്റെ ശുശ്രൂഷകനും എവിടെ ആയിരിക്കും? **ഉ:** യേശു ആയിരിക്കുന്നിടത്ത് (12,26).

2476 യേശുവിനെ (എന്നെ) ശുശ്രൂഷിക്കുന്നവനെ ആര് ബഹുമാനിക്കും? **ഉ:** പിതാവു (12,26).

മനുഷ്യപുത്രൻ ഉയർത്തപ്പെടണം

**12,27–28 27ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു. പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്. 28പിതാവേ, അങ്ങയുടെ നാമത്തെ മഹത്ത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി. ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തും.**

2477 പൂരിപ്പിക്കുക: പിതാവേ, ഈ ... എന്നെ രക്ഷിക്കണമേ! (യോഹ 12,27). **ഉ:** മണിക്കൂറിൽനിന്ന്.

2478 പൂരിപ്പിക്കുക: അല്ല, ഇതിനുവേണ്ടിയാണല്ലോ ... ഞാൻ വന്നത് (യോഹ 12,27). **ഉ:** ഈ മണിക്കൂറിലേക്കു

2479 അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി. ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തും. ഈ രണ്ടു വാചകങ്ങൾക്കു തൊട്ടുമുമ്പത്തെ വാചകമേത്? **ഉ:** പിതാവേ, അങ്ങയുടെ നാമത്തെ മഹത്ത്വപ്പെടുത്തണമേ! (12,28).

2480 യോഹ 12,28ലേതിനു സമാനമായി സ്വർഗത്തിൽ/മേഘത്തിൽനിന്നു സ്വരമുണ്ടായതായി പുതിയ നിയമത്തിൽ മറ്റെവിടെ? **ഉ:** മർക്കോ 1,11; 9,7.

**12,29 അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു ദൂതൻ അവരോടു സംസാരിച്ചു എന്നു പറഞ്ഞു.**

2481 സ്വർഗത്തിൽനിന്നുണ്ടായ, ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തും എന്ന സ്വരം കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞത്? **ഉ:** ജനക്കൂട്ടം (12,9). ... ഒരു ദൂതൻ അവരോടു സംസാരിച്ചു എന്നു പറഞ്ഞത്? **ഉ:** ചിലർ (12,29).

**12,30–32 30യേശു പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്. 31ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. 32ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും.**



2482 യേശു പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്. ഏതു സ്വരം? **ഉ:** ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്ത്വപ്പെടുത്തും.

2483 ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ആര് പുറന്തള്ളപ്പെടും? **ഉ:** ഈ ലോകത്തിന്റെ അധികാരി (12,31).

2484 പൂരിപ്പിക്കുക: ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ ... എന്നിലേക്ക് ആകർഷിക്കും (12,32). **ഉ:** എല്ലാ മനുഷ്യരെയും

2485 താൻ ഉയർത്തപ്പെടുന്നതിനെക്കുറിച്ച് യേശു പറഞ്ഞത് 12,32നു സമാനമായി മറ്റെവിടെ? **ഉ:** യോഹ 3,14; 8,28.

**12,33 അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്.**

2486 ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും എന്ന് യേശു പറഞ്ഞത് എന്തു സൂചിപ്പിക്കാനാണ്? **ഉ:** താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്നു (12,33).

**12,34 അപ്പോൾ ജനക്കൂട്ടം അവനോടു ചോദിച്ചു: ക്രിസ്തു എന്നേക്കും നിലനില്ക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നു നീ പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ?**

2487 ക്രിസ്തു എന്നേക്കും നിലനില്ക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത് എന്നു യേശുവിനോടു പറഞ്ഞത് ആര്? **ഉ:** ജനക്കൂട്ടം (12,34)

2488 ആര് എന്നേക്കും നിലനില്ക്കുന്നു എന്നാണ് നിയമത്തിൽ ജനക്കൂട്ടം കേട്ടിട്ടുള്ളത്? **ഉ:** ക്രിസ്തു (12,34).

2489 യോഹ 12-ാം അധ്യായത്തിൽ യേശു ഉയർത്തപ്പെടുന്നതിനെപ്പറ്റി പറയുമ്പോൾ യേശുവിനെ ക്രിസ്തു എന്നും മനുഷ്യപുത്രൻ എന്നും പറയുന്നത് ആര്? **ഉ:** ജനക്കൂട്ടം (12,34).

2490 ക്രിസ്തു എന്നേക്കും നിലനില്ക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത് എന്ന് ജനക്കൂട്ടം പറയുന്നതിന് ആധാരം? **ഉ:** സങ്കീ 110,4; ഏശ 9,7; എസെ 37,25; ദാനി 7,14.

**12,35–36 35യേശു അവരോടു പറഞ്ഞു: അല്പസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെയിടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. 36നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.**

2490 അല്പസമയത്തേക്കുകൂടി ആര് നിങ്ങളുടെയിടയിലുണ്ട് എന്ന് യേശു ജനക്കൂട്ടത്തോടു പറഞ്ഞു? **ഉ:** പ്രകാശം (12,35).

2491 പൂരിപ്പിക്കുക: നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ ... (12,36). **ഉ:** വിശ്വസിക്കുവിൻ.

യഹൂദരുടെ അവിശ്വാസം

**ഇതു പറഞ്ഞതിനുശേഷം യേശു അവരിൽനിന്നു പോയി രഹസ്യമായി പാർത്തു.** (ഇത് വാക്യം 36ന്റെ ഭാഗമാണ്).

2492 നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ എന്നു ജനക്കൂട്ടത്തോടു പറഞ്ഞതിനുശേഷം യേശു ചെയ്തത്? **ഉ:** അവരിൽനിന്നു പോയി രഹസ്യമായി പാർത്തു (12,36).

**12,37 അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല.**

**12,38–41 38ഏശയ്യാപ്രവാചകൻ പറഞ്ഞ വചനം പൂർത്തിയാകേണ്ടതിനാണ് ഇത്. കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു? കർത്താവിന്റെ ഭുജം ആർക്കാണു വെളിപ്പെട്ടത്? 39അതുകൊണ്ട് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏശയ്യാ**

**വീണ്ടും പറഞ്ഞിരിക്കുന്നു: [40]അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു കാണുകയും ഹൃദയംകൊണ്ടു ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്കു തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യാതിരിക്കേണ്ടതിന് അവിടന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു. [41]അവന്റെ മഹത്ത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ടാണ് ഏശയ്യാ ഇങ്ങനെ പ്രസ്താവിച്ചത്.**

2493 അവൻ (യേശു) വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. എന്തിന്? **ഉ:** ഏശയ്യാപ്രവാചകൻ പറഞ്ഞ വചനം പൂർത്തിയാകേണ്ടതിന് (12,38).

2494 അവൻ (യേശു) വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. ഇത് പൂർത്തിയാകാൻ ഏശയ്യാപ്രവാചകൻ പറഞ്ഞ വചനം എഴുതപ്പെട്ടിരിക്കുന്നത്? **ഉ:** ഏശ 53,1 (യോഹ 12,38; റോമ 10,16) & വീണ്ടും ഏശ; 6,10 (യോഹ 12,40; മത്താ 13,14).

2495 ഏശയ്യാ വീണ്ടും പറഞ്ഞിരിക്കുന്നത് എന്ത്? **ഉത്തരമായി യോഹ 12,40 എഴുതുക.**

2496 എന്തുകൊണ്ടാണ് ഏശയ്യാ ഇങ്ങനെ പ്രസ്താവിച്ചത്? **ഉ:** അവന്റെ (കർത്താവിന്റെ) മഹത്ത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ടാണ് (യോഹ 12,41).

2497 അവന്റെ (കർത്താവിന്റെ) മഹത്ത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ട് ഏശയ്യാ പ്രസ്താവിച്ചത് എന്ത്? **ഉത്തരമായി യോഹ 12,40 എഴുതുക.**

2498 അവന്റെ (കർത്താവിന്റെ) മഹത്ത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തത് ആര്? **ഉ:** ഏശയ്യാ (12,41).

**12,42–43 [42]എന്നിട്ടും അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു. എന്നാൽ, സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അത് ഏറ്റുപറഞ്ഞില്ല. [43]ദൈവത്തിൽനിന്നുള്ള മഹത്ത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു.**

2499 എന്നിട്ടും ആരിൽനിന്നുപോലും അനേകർ അവനിൽ വിശ്വസിച്ചു? **ഉ:** അധികാരികളിൽപ്പോലും (12,42).

2500 യേശുവിൽ വിശ്വസിച്ചത് സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് ആര് ഏറ്റുപറഞ്ഞില്ല? **ഉ:** അധികാരികളിൽനിന്നു വിശ്വസിച്ചവർപോലും (12,42).

2501 യേശുവിൽ വിശ്വസിച്ചത് ഏറ്റുപറയാതിരുന്നവർ അഭിലഷിച്ചത്? **ഉ:** ദൈവത്തിൽനിന്നുള്ള മഹത്ത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ (12,43).

**12,44–46 [45]യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്. [45]എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. 46എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു.**

2502 എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, ആരിലാണ് വിശ്വസിക്കുന്നത് എന്ന് യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു? **ഉ:** എന്നെ അയച്ചവനിൽ (12,44).

2503 എന്നെ കാണുന്നവൻ ആരെ കാണുന്നു് എന്ന് യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു? **ഉ:** എന്നെ അയച്ചവനെ (12,45).

2504 ആര് അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു എന്ന് യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു? **ഉ:** എന്നിൽ വിശ്വസിക്കുന്നവരാരും (12,46).

2505 തന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് താൻ എന്തായി ലോകത്തിൽ വന്നിരിക്കുന്നു എന്ന് യേശു വിളിച്ചുപറഞ്ഞു? **ഉ:** വെളിച്ചമായി (12,46). **(12,44–50 ഒരു ഖണ്ഡമാണ് – യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് – അത് ഒരുമിച്ചു മനഃപാഠമാക്കണം)**

**12,47–50 [47]എന്റെ വാക്കു കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്. [48]എന്നാൽ, എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞ വചനംതന്നെ അവനെ വിധിക്കും. [49]എന്തെന്നാൽ, ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തു പറയണം, എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവുതന്നെ എനിക്കു കല്പന നല്കിയിരിക്കുന്നു. [50]അവിടത്തെ കല്പന നിത്യജീവനാണെന്നു ഞാൻ അറിയുന്നു. അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കല്പിച്ചതുപോലെതന്നെയാണ്.**



2506 യേശു വിളിച്ചുപറഞ്ഞു: എന്റെ വാക്കു കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം? **ഉ:** ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് (12,47).

2507 എന്നാൽ, യേശുവിനെ നിരസിക്കുകയും അവന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. അതാര്? **ഉ:** ഞാൻ (യേശു) പറഞ്ഞ വചനംതന്നെ (12,48).

2508 യേശു എന്തു പറയണം, എന്തു പഠിപ്പിക്കണം എന്ന് യേശുവിനു കല്പന മല്കിയിരിക്കുന്നത്? **ഉ:** എന്നെ (അവനെ) അയച്ച പിതാവുതന്നെ (12,49).

2509 (യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു) ഞാൻ അറിയുന്നു (യോഹ 12,50). എന്ത്? **ഉ:** അവിടത്തെ (പിതാവിന്റെ) കല്പന നിത്യജീവനാണെന്നു.

2510 അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കല്പിച്ചതുപോലെതന്നെയാണ് (യോഹ 12,50). ഏതിനാൽ? **ഉ:** അവിടത്തെ കല്പന നിത്യജീവനാണെന്നു ഞാൻ അറിയുന്നു. അതിനാൽ.

---

2511 യോഹ 1–12 അധ്യായങ്ങളിൽ യേശുവിന് റബ്ബി എന്ന അഭിധാനം (പേര്) എത്ര പ്രാവശ്യം? **ഉ: 8** (1,38. 49; 3,2. 26; 4,31; 6,25; 9,2; 11,8).

2512 യേശുവിനു പിശാചുണ്ട് എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ: 7,20 (ജനങ്ങൾ); 8,48. 52; 10,20 (യഹൂദർ).

2513 മരിക്കുകയില്ല എന്ന് യേശു പറഞ്ഞിട്ടുള്ളവർ യോഹന്നാന്റെ സുവിശേഷത്തിൽ? ഉ: സ്വർഗത്തിൽനിന്നിറങ്ങിയ അപ്പം ഭക്ഷിക്കുന്നവൻ (6,50); എന്റെ വചനം പാലിക്കുന്നവൻ (8,51); എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ (11,26)

2514 എന്റെ സമയം ... ആയിട്ടില്ല എന്ന് യേശു പറയുന്നത് യോഹന്നാന്റെ സുവിശേഷം 1–12അധ്യായങ്ങളിൽ? **ഉ:** 2,4; 7,6. 8 (സമയം പൂർത്തിയായിട്ടില്ല); 7,30: അവന്റെ സമയം ഇനിയും വന്നിരുന്നില്ല; 8,20: അവന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു.

2515 യേശു ജറുസലേമിലേക്കു പോയി / വരുന്നു എന്ന പരാമർശങ്ങൾ യോഹന്നാന്റെ സുവിശേഷം 1–12 അധ്യായങ്ങളിൽ: 2,13; 5,1; 7,10–14ൽ യേശു ജറുസലേമിലേക്കു പോയി എന്നു വ്യക്തമായി പറയുന്നില്ലെങ്കിലും യേശു ജറുസലേംദേവാലയത്തിൽ ചെന്നു പഠിപ്പിച്ചു (7,14 കാണുക); 12,12. (ആകെ 5 പ്രാവശ്യം).

2516 യേശുവും നിക്കൊദേമോസും തമ്മിലുള്ള സംഭാഷണം – ജറുസലേമിൽവച്ച് (3,1–21).

2517 യേശു ശിഷ്യന്മാരോടൊത്തു താമസിച്ചു സ്നാനം നല്കിയത് – യൂദയാദേശത്ത് (3,22).

2518 യേശുവിനോടു ബന്ധപ്പെടുത്തി അടയാളം/ങ്ങൾ എന്ന പദം യോഹ 1–12ൽ എത്ര പ്രാവശ്യം **ഉ:** 2,11. 18. 23 (അധ്യായം 2ൽ 3 പ്രാവശ്യം); 3,2; 4,48; 6,2. 13. 26. 30 (അധ്യായം 6ൽ നാല് പ്രാവശ്യം); 7,31 . 9,16; 10,41; 11,47; 12,18. 37. (ആകെ 16 പ്രാവശ്യം).

2519 രക്ഷകൻ എന്ന നാമം യേശുവിന് യോഹന്നാന്റെ സുവിശേഷത്തിൽ: 4,42 (മാത്രം).

2520 യേശുവിനെ പ്രവാചകൻ എന്ന് യോഹന്നാന്റെ 1–9 അധ്യായങ്ങളിൽ? 4,19 (സമരിയാക്കാരി); 6,14. 45 (ബാർലിയപ്പംകൊണ്ട് യേശു പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ); 7,40; 9,17 (ജന്മാന്ധൻ) – ആകെ 4 പ്രാവശ്യം.

2521 സത്യം സത്യമായി ഞാൻ **നിങ്ങളോടു** (ബഹുവചനം) പറയുന്നു എന്ന് യോഹന്നാന്റെ സുവിശേഷം 1–12 അധ്യായങ്ങളിൽ: **1**,51; **5**,19. 24. 25; **6**,26. 32. 47. 53; **8**,34. 51. 58; **10**,1. 7; **12**,24. (15 പ്രാവശ്യം) + സത്യം സത്യമായി ഞാൻ **നിന്നോടു**

(ഏകവചനം) പറയുന്നു: 3,3. 5, 11 (3 പ്രാവശ്യം) = ആകെ 18 പ്രാവശ്യം.

## യൂദാസ് എഴുതിയ ലേഖനം (ഇതിൽ 25 വാക്യങ്ങൾ)

### അഭിവാദനം

**1–2 യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാസ്, പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തുവിനുവേണ്ടി കാത്തുസൂക്ഷിക്കപ്പെടുന്നവരുമായ വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്: നിങ്ങളിൽ കരുണയും സമാധാനവും സ്നേഹവും സമൃദ്ധമായുണ്ടാകട്ടെ!**

2522 ലേഖനകർത്താവായ യൂദാസ് ആര്? **ഉ:** യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനും (വാക്യം 1).

2523 യാക്കോബിന്റെ സഹോദരനായ യൂദാസിനെ പുതിയ നിയമത്തിൽ മറ്റെവിടെ പരാമർശിക്കുന്നു? **ഉ:** മത്താ 13,55.

2524 യൂദാസ്, ആർക്ക് എഴുതുന്നത്? **ഉ:** പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തുവിനുവേണ്ടി കാത്തുസൂക്ഷിക്കപ്പെടുന്നവരുമായ വിളിക്കപ്പെട്ടവർക്ക് (വാക്യം 1).

2525 യൂദാസ് എന്ത് ആശംസിക്കുന്നു? **ഉ:** നിങ്ങളിൽ കരുണയും സമാധാനവും സ്നേഹവും സമൃദ്ധമായുണ്ടാകട്ടെ! (2).

### വ്യാജോപദേഷ്ടാക്കൾ (2 പത്രോ 2,1–17)

**3 പ്രിയപ്പെട്ടവരേ, നമുക്കു പൊതുവായി ലഭിച്ചിരിക്കുന്ന രക്ഷയെക്കുറിച്ചു നിങ്ങൾക്ക് എഴുതുവാൻ ഞാൻ അതിയായി ആഗ്രഹിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ്, വിശുദ്ധർക്ക് എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണമെന്ന് ഉപദേശിച്ചുകൊണ്ടു നിങ്ങൾക്ക് എഴുതേണ്ടിവന്നിരിക്കുന്നത്.**

2525 യൂദാസ് എന്ത് എഴുതുവാൻ അതിയായി ആഗ്രഹിച്ചിരിക്കുകയായിരുന്നു? **ഉ:** നമുക്കു പൊതുവായി ലഭിച്ചിരിക്കുന്ന രക്ഷയെക്കുറിച്ചു (3).

2526 എന്ത് ഉപദേശിച്ചുകൊണ്ടു എഴുതേണ്ടിവന്നിരിക്കുന്നത്? **ഉ:** വിശുദ്ധർക്ക് എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണമെന്ന് (3).

2527 ആർക്ക് എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണമെന്ന്? **ഉ:** വിശുദ്ധർക്ക് (3).

2528 വിശുദ്ധർക്ക് എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്നത്? **ഉ:** വിശ്വാസം (3).

2529 വിശ്വാസം എന്നന്നേക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്നത്? **ഉ:** വിശുദ്ധർക്ക് (3).

**4 പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യർ നിങ്ങളുടെയിടയിൽ കയറിക്കൂടിയിട്ടുണ്ട്. അവർ നമ്മുടെ ദൈവത്തിന്റെ കൃപയെ തങ്ങളുടെ അശുദ്ധജീവിതത്തിനായി ദുർവിനിയോഗിക്കുകയും നമ്മുടെ ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ തള്ളിപ്പറയുകയും ചെയ്യുന്നു.**

2530 പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്നവർ? **ഉ:** ചില ദുഷ്ടമനുഷ്യർ (4).

2531 പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യർ ആരെ തള്ളിപ്പറയുന്നു? **ഉ:** നമ്മുടെ ഏകനാഥനും കർത്താവുമായ യേശുക്രിസ്തുവിനെ (4).

**5 നിങ്ങൾക്ക് എല്ലാകാര്യങ്ങളും നല്ലപോലെ അറിയാമെങ്കിലും, ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തണമെന്നു ഞാനാഗ്രഹിക്കുന്നു. ഈജിപ്തുദേശത്തുനിന്ന് ഇസ്രായേൽജനത്തെ രക്ഷിച്ച കർത്താവ്, വിശ്വസിക്കാതിരുന്നവരെ പിന്നീടു നശിപ്പിച്ചു.**

2532 ഈജിപ്തുദേശത്തുനിന്ന് ഇസ്രായേൽജനത്തെ രക്ഷിച്ച കർത്താവ്, പിന്നീടു നശിപ്പിച്ചത്? **ഉ:** വിശ്വസിക്കാതിരുന്നവരെ (5).

2533 കർത്താവ് ഈജിപ്തുദേശത്തുനിന്ന് ഇസ്രായേൽജനത്തെ രക്ഷിച്ചത് ചുരുക്കിപ്പറയുന്ന വേദഭാഗങ്ങൾ? **ഉ:** പുറ 12,51; സംഖ്യാ 14,29–30.

**6 സ്വന്തം നില മറന്നു തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതന്മാരെ, മഹാദിനത്തിലെ വിധിവരെ അവിടന്ന് അന്ധകാരത്തിൽ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്ന് ഓർക്കുക.**

2534 തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതന്മാർ മറന്നത്? **ഉ:** സ്വന്തം നില (6).



2535 സ്വന്തം നില മറന്നു തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതന്മാരെ, എന്നുവരെ അവിടന്ന് (കർത്താവ്) അന്ധകാരത്തിൽ നിത്യബന്ധനത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്ന് ഓർക്കുക? **ഉ:** മഹാദിനത്തിലെ വിധിവരെ (6).

2536 സ്വന്തം നില മറന്നു തങ്ങളുടേതായ വാസസ്ഥാനം ഉപേക്ഷിച്ചുകളഞ്ഞ ദൂതന്മാരെ, മഹാദിനത്തിലെ വിധിവരെ അവിടന്ന് (കർത്താവ്) എന്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്ന് ഓർക്കുക? **ഉ:** അന്ധകാരത്തിൽ നിത്യബന്ധനത്തിൽ (6).

**7 അതുപോലെതന്നെ, സോദോമിനെയും ഗൊമോറായെയും അവയെ അനുകരിച്ചു ഭോഗാസക്തിയിലും വ്യഭിചാരത്തിലും മുഴുകിയ ചുറ്റുമുള്ള പട്ടണങ്ങളെയും നിത്യാഗ്നിയുടെ ശിക്ഷയ്ക്കു വിധേയമാക്കി അവിടന്ന് എല്ലാവർക്കും ദൃഷ്ടാന്തം നല്കിയിരിക്കുന്നു.**

2537 സോദോമിനെയും ഗൊമോറായെയും അവയുടെ ചുറ്റുമുള്ള പട്ടണങ്ങൾ അനുകരിച്ചത് എന്തിൽ? **ഉ:** ഭോഗാസക്തിയിലും വ്യഭിചാരത്തിലും (7).

2538 സോദോമിനെയും ഗൊമോറായെയും അവയെ അനുകരിച്ചു ഭോഗാസക്തിയിലും വ്യഭിചാരത്തിലും മുഴുകിയ ചുറ്റുമുള്ള പട്ടണങ്ങളെയും കർത്താവ് എന്തിനു വിധേയമാക്കി? **ഉ:** നിത്യാഗ്നിയുടെ ശിക്ഷയ്ക്കു (7).

2539 സോദോമിനെയും ഗൊമോറായെയും അവയെ അനുകരിച്ചു ഭോഗാസക്തിയിലും വ്യഭിചാരത്തിലും മുഴുകിയ ചുറ്റുമുള്ള പട്ടണങ്ങളെയും നിത്യാഗ്നിയുടെ ശിക്ഷയ്ക്കു വിധേയമാക്കി അവിടന്ന് ആർക്ക് ദൃഷ്ടാന്തം നല്കിയിരിക്കുന്നു? **ഉ:** എല്ലാവർക്കും (7).

2540 സോദോമിനെയും ഗൊമോറായെയും അവയെ അനുകരിച്ചു ഭോഗാസക്തിയിലും വ്യഭിചാരത്തിലും മുഴുകിയ ചുറ്റുമുള്ള പട്ടണങ്ങളെയും കർത്താവ് നിത്യാഗ്നിയുടെ ശിക്ഷയ്ക്കു വിധേയമാക്കിയത് വിവരിച്ചിട്ടുള്ള വേദഭാഗം? **ഉ:** ഉത്പ 19,1–24.

**8 സ്വപ്നങ്ങളിൽ നിമഗ്നരായിരിക്കുന്ന ഈ മനുഷ്യർ ശരീരത്തെ അശുദ്ധമാക്കുകയും അധികാരത്തെ തള്ളിപ്പറയുകയും മഹിമയണിഞ്ഞവരെ നിന്ദിക്കുകയും ചെയ്യുന്നു.**

2541 സ്വപ്നങ്ങളിൽ നിമഗ്നരായിരിക്കുന്ന ഈ മനുഷ്യർ ആര്? **ഉ:** പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യർ (4).

2542 സ്വപ്നങ്ങളിൽ നിമഗ്നരായിരിക്കുന്ന ഈ മനുഷ്യർ അശുദ്ധമാക്കുന്നത്? **ഉ:** ശരീരത്തെ (8).

2543 സ്വപ്നങ്ങളിൽ നിമഗ്നരായിരിക്കുന്ന ഈ മനുഷ്യർ തള്ളിപ്പറയുന്നത്? **ഉ:** അധികാരത്തെ (8).

2544 സ്വപ്നങ്ങളിൽ നിമഗ്നരായിരിക്കുന്ന ഈ മനുഷ്യർ നന്ദിക്കുന്നത്? **ഉ:** മഹിമയണിഞ്ഞവരെ (8).

**9 പ്രധാനദൂതനായ മിഖായേൽ മോശയുടെ ശരീരത്തെച്ചൊല്ലി, പിശാചിനോടു തർക്കിച്ചപ്പോൾ അവനെ കുറ്റപ്പെടുത്തി ഒരു നിന്ദാവചനംപോലും ഉച്ചരിക്കാൻ തുനിഞ്ഞില്ല; പിന്നെയോ, കർത്താവ് നിന്നെ ശാസിക്കട്ടെ എന്നുമാത്രം പറഞ്ഞു.**

2545 മോശയുടെ ശരീരത്തെച്ചൊല്ലി, പിശാചിനോടു തർക്കിച്ചത്? **ഉ:** പ്രധാനദൂതനായ മിഖായേൽ (9).

2546 മോശ മരിച്ചടക്കപ്പെട്ടതു വിവരിക്കുന്ന വേദഭാഗം? **ഉ:** നിയമ 34,6.

2447 കർത്താവ് നിന്നെ ശാസിക്കട്ടെ എന്നുമാത്രം പ്രധാനദൂതനായ മിഖായേൽ പിശാചിനോടു പറഞ്ഞതിനു സമാനമായ വേദഭാഗം? **ഉ:** സഖ 3,2.

**10 ഈ മനുഷ്യരാകട്ടെ തങ്ങൾക്കു മനസ്സിലാകാത്ത എല്ലാ കാര്യങ്ങളെയും ദുഷിക്കുന്നു. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ, തങ്ങളുടെ ജന്മവാസനകൊണ്ടു മനസ്സിലാക്കുന്ന കാര്യങ്ങൾവഴി അവർ മലിനരാവുകയും ചെയ്യുന്നു.**

2448 ഈ മനുഷ്യർ ഏതു കാര്യങ്ങളെ ദുഷിക്കുന്നു? **ഉ:** തങ്ങൾക്കു മനസ്സിലാകാത്ത എല്ലാ കാര്യങ്ങളെയും (10).

2449 അവർ ആരെപ്പോലെ, തങ്ങളുടെ ജന്മവാസനകൊണ്ടു മനസ്സിലാക്കുന്ന കാര്യങ്ങൾവഴി മലിനരാവുകയും ചെയ്യുന്നു.? **ഉ:** വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ (10).

**11 അവർക്കു ദുരിതം! എന്തുകൊണ്ടെന്നാൽ, അവർ കായേന്റെ മാർഗത്തിലൂടെ നടക്കുകയും ലാഭേച്ഛകൊണ്ട് ബാലാമിന്റെ തെറ്റിൽ ചെന്നു വീഴുകയും കൊറായുടെ പ്രക്ഷോഭത്തിൽ നശിക്കുകയും ചെയ്യുന്നു.**

2450 ഈ മനുഷ്യർക്കു (പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യർക്കു) ദുരിതം! എന്തുകൊണ്ട്? **ഉ:** അവർ കായേന്റെ മാർഗത്തിലൂടെ നടക്കുകയും ലാഭേച്ഛകൊണ്ട് ബാലാമിന്റെ തെറ്റിൽ ചെന്നു വീഴുകയും കൊറായുടെ പ്രക്ഷോഭത്തിൽ നശിക്കുകയും ചെയ്യുന്നു (11).

2451 അവർ നടക്കുന്നത്? **ഉ:** കായേന്റെ മാർഗത്തിലൂടെ (11; = ഉത്പ 4,3–8).

2452 അവർ ലാഭേച്ഛകൊണ്ട് ആരുടെ തെറ്റിൽ ചെന്നു വീഴുന്നു? **ഉ:** ബാലാമിന്റെ (11; = നിയ 23,4–5; ജോഷ്വ 13,22; 24,9–10; നെഹെ 13,2; മിക്കാ 6,5; 2 പത്രോ 2,15; വെളി 2,14).

2453 അവർ എന്തിൽ നശിക്കുന്നു? **ഉ:** കൊറായുടെ പ്രക്ഷോഭത്തിൽ (11; = സംഖ്യ 16,1–35).

**12–13 [12]തങ്ങളുടെ കാര്യംമാത്രം നോക്കി നിർഭയം തിന്നുകുടിച്ചു മദിക്കുന്ന അവർ
നിങ്ങളുടെ സ്നേഹവിരുന്നുകൾക്കു കളങ്കമാണ്; അവർ കാറ്റിനാൽ തുരത്തപ്പെ
ടുന്ന ജലശൂന്യമായ മേഘങ്ങളാണ്; ഉണങ്ങി കടപുഴകിയ ഫലശൂന്യമായ ശര
ത്കാലവൃക്ഷംപോലെയാണ്. [13]അവർ തങ്ങളുടെതന്നെ ലജ്ജയുടെ നുരയു
യർത്തുന്ന ഉന്മത്തതരംഗങ്ങളാണ്: വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങളാണ്. അവർക്കു
വേണ്ടി അന്ധകാരഗർത്തങ്ങൾ എന്നേക്കും തയ്യാറാക്കപ്പെട്ടിരിക്കുന്നു.**

2454 തങ്ങളുടെ കാര്യംമാത്രം നോക്കി നിർഭയം തിന്നുകുടിച്ചു മദിക്കുന്ന അവർ എന്തിനു കളങ്കമാണ്? **ഉ:** നിങ്ങളുടെ സ്നേഹവിരുന്നുകൾക്കു (12).

2455 യൂദാസ് 12–13 വാക്യങ്ങളിൽ പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യരെ ഏവയോട് ഉപമിക്കുന്നു? **ഉ:** അവർ കാറ്റിനാൽ തുരത്തപ്പെടുന്ന ജലശൂന്യമായ മേഘങ്ങളാണ്; ഉണങ്ങി കടപുഴകിയ ഫലശൂന്യമായ ശരത്കാല വൃക്ഷംപോലെയാണ്. തങ്ങളുടെതന്നെ ലജ്ജയുടെ നുരയുയർത്തുന്ന ഉന്മത്തതരംഗങ്ങളാണ്: വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങളാണ്. (നാലെണ്ണം)

2456 പണ്ടുതന്നെ ശിക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചില ദുഷ്ടമനുഷ്യക്കുവേണ്ടി എന്ത് എന്നേക്കും തയ്യാറാക്കപ്പെട്ടിരിക്കുന്നു? **ഉ:** അന്ധകാരഗർത്തങ്ങൾ (13).

**14–16 [14]ആദത്തിൽനിന്ന് ഏഴാംതലമുറക്കാരനായ ഹെനോക്ക് പ്രവചിച്ചത് ഇവരെക്കു
റിച്ചാണ്: കണ്ടാലും, കർത്താവ് തന്റെ വിശുദ്ധരുടെ പതിനായിരങ്ങളോടുകൂടെ
ആഗതനായിരിക്കുന്നു. [15]എല്ലാവരുടെയുംമേൽ വിധി നടത്താനും, സകല ദുഷ്ട
രേയും, അവർ ചെയ്ത സകല ദുഷ്കർമങ്ങളുടെ പേരിലും തനിക്ക് എതിരായി
പറഞ്ഞ എല്ലാ ക്രൂരവാക്കുകളുടെ പേരിലും, കുറ്റംവിധിക്കാനും അവിടന്നു വന്നു.
[16]അവർ പിറുപിറുക്കുന്നവരും അസംതൃപ്തരും തങ്ങളുടെ ദുരാശകൾക്കൊത്ത
വിധം നടക്കുന്നവരും വമ്പുപറയുന്നവരും കാര്യസാധ്യത്തിനുവേണ്ടി മുഖസ്തുതി
പറയുന്നവരും ആണ്.**

2457 ആദത്തിൽനിന്ന് എത്രാം തലമുറക്കാരനാണ് ഹെനോക്ക്? **ഉ:** ഏഴാം (14). (ഉത്പ 5,18. 21–24).

2458 ഹെനോക്ക് പ്രവചിച്ചവർ എങ്ങനെയുള്ളവരാണ്? **ഉ:** പിറുപിറുക്കുന്നവരും അസംതൃപ്തരും തങ്ങളുടെ ദുരാശകൾക്കൊത്തവിധം നടക്കുന്നവരും വമ്പുപറയുന്നവരും കാര്യസാധ്യത്തിനുവേണ്ടി മുഖസ്തുതി പറയുന്നവരും (5 കുറ്റങ്ങൾ; വാക്യം 16)

താക്കീതും ഉപദേശവും

**17 എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരാൽ മുൻകൂട്ടി പറയപ്പെട്ട വചനങ്ങൾ ഓർക്കുവിൻ.**

2459 ആരാൽ മുൻകൂട്ടി പറയപ്പെട്ട വചനങ്ങൾ ഓർക്കുവിൻ എന്ന് യൂദാസ് തന്റെ പ്രിയപ്പെട്ടവരെ ഉപദേശിക്കുന്നു? **ഉ:** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരാൽ (17).

**18 അവർ നിങ്ങളോടു പറഞ്ഞിട്ടുണ്ട്: തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന പരദൂഷകർ അവസാനനാളുകളിൽ വരും.**



2460 തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന ആര് അവസാനനാളുകളിൽ വരും എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാർ പറഞ്ഞിട്ടുണ്ട്? **ഉ:** പരദൂഷകർ (18).

2461 തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന പരദൂഷകർ അവസാനനാളുകളിൽ വരും എന്ന് ആര് പറഞ്ഞിട്ടുണ്ട്? **ഉ:** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാർ (18).

2462 അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്നവരെക്കുറിച്ച് 2 പത്രോ 3,3ലും.

**19 പരിശുദ്ധാത്മാവില്ലാത്തവരും കേവലം ലൗകികരുമായ ഇവരാണു ഭിന്നിപ്പുണ്ടാക്കുന്നത്.**

2463 അവസാനനാളുകളിൽ വരുമെന്ന് മ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാർ പറഞ്ഞിട്ടുള്ള പരദൂഷകരുടെ ദൂഷ്യങ്ങൾ? **ഉ:** തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്നവർ, പരിശുദ്ധാത്മാവില്ലാത്തവർ, കേവലം ലൗകികർ, ഭിന്നിപ്പുണ്ടാക്കുന്നവർ (18–19).

**20–23 [20]എന്നാൽ, പ്രിയപ്പെട്ടവരേ, നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുകൊണ്ട്,
നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ. [21]നിത്യജീ
വിതത്തിനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യത്തെ ഉറ്റു
നോക്കികൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊള്ളുവിൻ.
[22]ചഞ്ചലചിത്തരോട് അനുകമ്പ കാണിക്കുവിൻ. [23]അഗ്നിയിൽ അകപ്പെട്ടവരെ പിടി
ച്ചുകയറ്റുവിൻ. മാംസദാഹത്താൽ കളങ്കിതരായവരുടെ വസ്ത്രത്തെപ്പോലും വെറു
ത്തുകൊണ്ട് ഭയത്തോടെ അവരോട് കരുണ കാണിക്കുവിൻ.**

2464 നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുകൊണ്ട്, അഭിവൃദ്ധി പ്രാപിക്കുവിൻ എന്ന് യൂദാസ് പ്രിയപ്പെട്ടവരെ ഉപദേശിക്കുന്നു? **ഉ:** നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ (20)

2465 നിത്യജീവിതത്തിനായി എന്ത് ഉറ്റുനോക്കികൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊള്ളുവിൻ? **ഉ:** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യത്തെ (21).

2466 ആരോട് അനുകമ്പ കാണിക്കുവിൻ? **ഉ:** ചഞ്ചലചിത്തരോട് (2).

2467 ആരെ പിടിച്ചുകയറ്റുവിൻ? **ഉ:** അഗ്നിയിൽ അകപ്പെട്ടവരെ (23).

2468 ആരുടെ വസ്ത്രത്തെപ്പോലും വെറുത്തുകൊണ്ട് ഭയത്തോടെ അവരോട് കരുണ കാണിക്കുവിൻ? **ഉ:** മാംസദാഹത്താൽ കളങ്കിതരായവരുടെ (23).

**24–25 [24]വീഴാതെ നിങ്ങളെ കാത്തുകൊള്ളാനും തന്റെ മഹത്ത്വത്തിന്റെ സന്നിധിയിൽ
നിങ്ങളെ കളങ്കരഹിതരായി സന്തോഷത്തോടെ നിറുത്താനും കഴിവുള്ള [25]നമ്മുടെ
കർത്താവായ യേശുക്രിസ്തുവഴി നമ്മുടെ രക്ഷകനായ ഏകദൈവത്തിനു
സ്തുതിയും മഹത്ത്വവും ശക്തിയും ആധിപത്യവും സർവകാലത്തിനുമുമ്പും
ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ.**

2469 വീഴാതെ നിങ്ങളെ കാത്തുകൊള്ളാനും തന്റെ മഹത്ത്വത്തിന്റെ സന്നിധിയിൽ നിങ്ങളെ കളങ്കരഹിതരായി സന്തോഷത്തോടെ നിറുത്താനും കഴിവുള്ളവൻ? **ഉ:** നമ്മുടെ കർത്താവായ യേശുക്രിസ്തു (25).

2470 വീഴാതെ നിങ്ങളെ കാത്തുകൊള്ളാനും തന്റെ മഹത്ത്വത്തിന്റെ സന്നിധിയിൽ നിങ്ങളെ കളങ്കരഹിതരായി സന്തോഷത്തോടെ നിറുത്താനും കഴിവുള്ള 25നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ആർക്കു സ്തുതിയും മഹത്ത്വവും ശക്തിയും ആധിപത്യവും സർവകാലത്തിനുമുമ്പും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ? **ഉ:** നമ്മുടെ രക്ഷകനായ ഏകദൈവത്തിനു (25).